Reference
Not to be taken Out
CANCELLED

പ്രബോധിനീ

അതായത

ധാതു യോഗാൎത്ഥാദി സഹിതമായ

ടീകാമരസംഗ്രഹം

സുബോധിനീ ലിംഗാഭട്ടീയ ടീകാസൎവ്വസ്വ ഗുരുബാലപ്രബോധികാദി
വ്യാഖ്യാനങ്ങളെ കൂട്ടിനൊക്കി

പി. കെ. തൊമ്മൻ; പി. ജെ. കുരിയൻ

ഇവരാൽ ചമയ്ക്കപ്പെട്ടതു.

PRABODHINI,

OR

SELECTIONS FROM AMERAKOSHA,

WITH ROOTS, MEANINGS DERIVATIVE AND CONVENTIONAL,
CLASSICAL NOTES, AND A GLOSSARY OF PRONOMINALS.

BASED UPON

SUBODHINI, LINGABHATTIYA, TEKASARWASWA,
GURUBALAPRABODHIKA, AND OTHER COMMENTARIES.

BY

P. K. Chomen

HEAD ASSISTANT GRANT-IN-AID SCHOOL,
AND CURATOR OF GOVERNMENT BOOKS, COCHIN.

AND

P. J. Kuryan.

Copy-right Reserved.

COCHIN:
PRINTED AT THE WESTERN STAR OFFICE BY B. FERNANDEZ
1870.

" അനെകശാസ്ത്രം ബഹുവെദിതവ്യം അല്പശ്ച കാലൊ ബഹവശ്ച വിഘ്നാഃ "
" യത്സാരഭൂതം തദുപാസിതവ്യം ഹംസൊയഥാ ക്ഷീരമിവാംബുമധ്യെ "

അറിയത്തക്ക ശാസ്ത്രങ്ങൾ ബഹുത്വവും, മനുഷ്യന്നുകാലം അല്പവും വിഘ്നങ്ങൾ വളരെയും ആകകൊണ്ടു ഹംസം അംബു മദ്ധ്യത്തിങ്കൽ നിന്നു പാൽ എങ്ങിനെ സ്വീകരിക്കുന്നുവൊ അ പ്രകാരം സാരാംശമായതു മാത്രം സ്വീകരിക്കെണ്ടതു.

PREFACE.

THE unrivalled Amerakosha is unanimously admitted by the learned to be the best Thesaurus of Sanscrit nouns. The work is in metre, and it requires a good knowledge of Sanscrit to distinguish the words of the text from the explanations incorporated with it, and to separate them from contiguous terms which affect their initials and finals.

It is generally adopted as a school book; but, either from ignorance or negligence, teachers do no more than oblige their pupils to commit it to memory, without giving any explanations whatever to remove the difficulties abovementioned; consequently the students, instead of reaping from it some advantage adequate to the time and labor spent on it, often recite the stanzas so incorrectly as to pain the ears of Sancrit scholars;—and the few who learn it properly lose a great deal of time in wading through the first part of the book (which contains but few words in ordinary use), and generally are obliged by circumstances to abandon the attempt of mastering the rest,—the useful portion.

We have, therefore, in the work now submitted to the public, endeavoured to adapt the book to the use of even ordinary students.

1. By selecting such categories of Sanscrit words as are to be met with in the Ramayanam, the Mahabharatam, the Panchatantram, the Nalacharitam, the Chanakyasutram &c;—

2. By making divisions between the words, and, where this is impracticable, by denoting separation by placing signs at the side of the letter

which combines any two words, so as to render the reading correct ;—

3. By giving Malayalam equivalents where necessary, and English interpretations for all the sets of words ;—

4. By re-writing the words in each category, with Sanscrit and Malayalam terminations;—

5. By introducing (to increase the utility of the work) the Etymology of all the words, and the different shades of meaning of which some of them are susceptible;—

6. By giving a second derivation, where commentators differ:—

7. By adding a glossary of prefixes and Sanscrit roots, which will, if studied with this book, be a great help in tracing the derivation of any Sanscrit word;—

8. By giving, at the end, notes from classics relative to the Derivation of certain words.

As this compendium contains almost all the useful Sanscrit words (the verbs being generally formed from nouns), which occur in Malayalam literature, students in general, and candidates for examinations in particular, will, we hope, find it to be a valuable help.

In the prosecution of this design, every effort has been made to render the work as free from error as possible, and Dr. Colebrook's Amerakosha with English interpretations, Subodhini, Gurubala —Prabhodika, and other valuable commentaries on Amerakosha have been consulted ; we are also indebted for much assistance to Wasu Nambiar and Venkidaramana Charriar, two able Sanscrit scholars.

P. K. Thomen.
P. J. Kuryan.

മുഖവുര.

സംസ്കൃതപൎയ്യായങ്ങൾ അടങ്ങിയിരിക്കുന്നതായ ഗ്രന്ഥങ്ങളിൽ എല്ലാററിലുംവെച്ചു അമരകോശം കല്പകവൃക്ഷംതന്നെ എന്നു എവരാലും സമ്മതിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈ തന്ത്രം ശ്ലോകമായിട്ടാകയാൽ സാക്ഷാൽ പദങ്ങളെയും വിശേഷ വിധികളെയും മററും തിരിച്ചറിയുന്നതിനു അധിക വ്യുല്പത്തി വെണ്ടിയിരിക്കുന്നു.

ഈ പുസ്തകം സാമാന്യമായി എല്ലാ പള്ളിക്കൂടങ്ങളിലും ഉപകരിച്ചുവരുന്നു എങ്കിലും ഗുരുക്കന്മാർ വ്യുല്പത്തിക്കുറവുകൊണ്ടൊ ഉദാരതകൊണ്ടൊ ഇതു കുട്ടികളെ കാണാപ്പാഠം പഠിപ്പിക്കുന്നതല്ലാതെ മെല്പറഞ്ഞ പ്രയാസപരിഹാരത്തിന്നായി യാതൊരു താല്പൎയ്യവും ചെയ്യുന്നില്ല. ആകയാൽ ഈ വായനകൊണ്ടു കുട്ടികൾക്കു തങ്ങളുടെ പ്രയാസത്തിനും സമയത്തിനും തക്കതായ ഒരു പ്രതിഫലം ലഭിക്കുന്നില്ലെന്നു മാത്രമല്ല അവർ ശ്ലോകങ്ങൾ അബദ്ധമായി ചൊല്ലി വിദ്വാന്മാരുടെ ശ്രോത്രേന്ദ്രിയത്തെ വെദനപ്പെടുത്തുകകൂടെ ചെയ്യുന്നു. വെണ്ടുംവണ്ണം പഠിക്കുന്ന കുറഞ്ഞൊരാളുകളും അത്യാവശ്യമായ പദങ്ങൾ അധികമില്ലാത്തതായ ഒന്നാം കാണ്ഡം വായിക്കുന്നതിൽ പ്രയാസപ്പെട്ടു വളരെ സമയം പോക്കുന്നതിനാൽ ഉപകാരസിദ്ധമായ രണ്ടും മൂന്നും കാണ്ഡങ്ങൾ പഠിക്കുന്നതിനു ഓരൊരൊ സംഗതിവശാൽ ഇടയാകാതെ പൊകുന്നു.

മെല്പറഞ്ഞ ദൊഷനിവാരണത്തിന്നായി ഈ പുസ്തകം താഴെ കാണിച്ചിരിക്കുന്ന പ്രകാരം ഉപകാരാൎത്ഥമാക്കിയിരിക്കുന്നു.

൧-ാമത. രാമായണം. മഹാഭാരതം. പഞ്ചതന്ത്രം. നളചരിതം. ചാണക്യസൂത്രം. മുതലായ ഗ്രന്ഥങ്ങളിൽ ഉപകരിച്ചിരിക്കുന്നതായ സംസ്കൃതപദങ്ങളുടെ പൎയ്യായങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു.

൨-ാമത. വായനയിൽ തെറവുവരാതിരിപ്പാനായി ശ്ലോകത്തിലെ പദങ്ങൾ വെവ്വെറായി കാണിക്കുന്നതിനു ചിലെടത്തു ഇടയിട്ടിരിക്കയും, സന്ധിപ്രയോഗങ്ങൾ ഉള്ളെടത്തു ചില അടയാളങ്ങൾ ഉപകരിക്കയും ചെയ്തിരിക്കുന്നു.

൩-ാമത, പൎയ്യായങ്ങളുടെ അൎത്ഥം വ്യക്തമല്ലാത്തെടത്തു അതിനെ തെളിയിക്കുന്നതിനു മലയാഴ്മയും, വിശേഷാൽ എല്ലാപൎയ്യായങ്ങൾക്കും ഇംഗ്ലീഷൎത്ഥവും ചേൎത്തിരിക്കുന്നു.

൪-ാമത. ശ്ലോകത്തിലുള്ള എല്ലാപൎയ്യായങ്ങളുടെയും സംസ്കൃതമലയാള അന്തങ്ങൾ കാണിച്ചിരിക്കുന്നു.

൫-ാമത. ഈ പുസ്തകം അധിക ഉപകാരമുള്ളതായി തീരുന്നതിനു എല്ലാപദങ്ങളുടെയും ധാതുവും ധാത്വൎത്ഥവും യോഗാൎത്ഥവും നാനാൎത്ഥങ്ങളുള്ളവയുടെ നാനാൎത്ഥങ്ങളും പറഞ്ഞിരിക്കുന്നു. എന്നാൽ ധാത്വൎത്ഥംകൊണ്ടു തന്നെ പദാൎത്ഥം ജനിക്കുന്നെടത്തു യോഗാൎത്ഥം പറഞ്ഞിട്ടില്ല.

൬-ാമത. വ്യാഖ്യാനങ്ങൾ ഐകീഭവിക്കാത്തെടത്തു പാഠാന്തരവും കാണിച്ചിരിക്കുന്നു.

൭-ാമത. ഈ പുസ്തകത്തോടുകൂടെ ധാതുമഞ്ജരിയും ഉപസൎഗ്ഗമാലയും പഠിച്ചാൽ സംസ്കൃതപദങ്ങളുടെ എല്ലാററിന്റെയും ധാതുക്കൾ കേവലം നിൎണ്ണയിക്കാവുന്നതാകയാൽ അവയുംകൂടെ ചേൎത്തിരിക്കുന്നു.

൮-ാമത. ചില നാമങ്ങളുടെ യോഗാൎത്ഥം തെളിയിപ്പാനായി പുരാണങ്ങളിൽനിന്നു ചരിത്രസംക്ഷേപങ്ങളും ചേൎത്തിരിക്കുന്നു.

ഈ പുസ്തകത്തിൽ സാമാന്യം ഉപയോഗമുള്ള സംസ്കൃതപദങ്ങൾ മിക്കവാറും അടങ്ങിയിരിക്കകൊണ്ടു എല്ലാവൎക്കും പ്രത്യേകം പരീക്ഷകൾക്കു ഒരുങ്ങുന്നവൎക്കും ഇതു ഒരു വലിയ സഹായമായി തീരുമെന്നു ഇച്ഛിക്കുന്നു.

ഈ പുസ്തകം സുബോധിനി ഗുരുബാലപ്രബോധികാ ലിംഗഭട്ടീയം ടീകാസൎവ്വസ്വം എന്നീ വ്യാഖ്യാനങ്ങളും ഡാക്തർ കൊൽബ്രൂക്കു സായ്പു ഇംഗ്ലീഷു പരിഭാഷയോടുകൂടെ അച്ചടിപ്പിച്ചിട്ടുള്ള അമരകോശവും മററും കൂട്ടിനോക്കി അത്രെ ചമച്ചിരിക്കുന്നതു. ഈ വേലയിൽ അച്ചുകണ്ടത്തു വാസുനമ്പിയാരുടെയും പെരിയാപട്ടണത്തുകാരൻ വെങ്കിടരമണാചാൎയ്യരുടെയും സഹായവും ഉണ്ടായിട്ടുണ്ടു എന്നു നന്ദിയോടെ പറയേണ്ടിയിരിക്കുന്നു.

അമരകോശസങ്കേത സൂചികാ.

സമാഹൃത്യാന്യതന്ത്രാണി സംക്ഷിപ്തൈഃ പ്രതിസംസ്കൃതൈഃ
സമ്പൂൎണ്ണമുച്യതേ വൎഗ്ഗൈൎന്നാമലിംഗാനുശാസനം

അന്യതന്ത്രാണി (വരരുചിവാഗ്ഗുരിചന്ദ്രഗോമിവാമനാദികൾ ഉണ്ടാക്കീട്ടുള്ള ത്രികാണ്ഡി ഉല്പലിനി മുതലായ ഗ്രന്ഥങ്ങളെ) സമാഹൃത്യാ (സംക്ഷേപിച്ചു്) പ്രതിസംസ്കൃതൈഃ (പൎയ്യായപദങ്ങളാലും ലിംഗനിൎണ്ണയാദികളാലും ശോഭിക്കപ്പെട്ട) വൎഗ്ഗൈഃ (തമ്മിൽ സംബന്ധമുള്ള പൎയ്യായങ്ങളുടെ സമൂഹത്തിനാൽ) സംപൂൎണ്ണം (നിറഞ്ഞിരിക്കുന്ന അതായത കൂടിയിരിക്കുന്ന) നാമലിംഗാനുശാസനം (നാമലിംഗാനുശാസനം എന്ന ഗ്രന്ഥം) ഉച്യതേ (പറയപ്പെടുന്നു)

പ്രതിപദങ്ങൾക്കു ലിംഗനിൎണ്ണയങ്ങൾ പറകെന്നു വന്നാൽ ഗ്രന്ഥം സംക്ഷേപമായി വരാത്തതുകൊണ്ടും അങ്ങിനെ ചെയ്യാഞ്ഞാൽ ഗ്രന്ഥം സംപൂൎണ്ണമാകയില്ലല്ലൊ എന്നുള്ള ശങ്കകൊണ്ടും താഴെപറയുന്ന മൂന്നു ശ്ലോകങ്ങളിലെ സംജ്ഞാരൂപങ്ങൾകൊണ്ടു അതിനു പരിഹാരം ചെയ്തിരിക്കുന്നു.

പ്രായശോരൂപഭേദേന സാഹചൎയ്യാച്ച കുത്രചിൽ
സ്ത്രീപുംനപുംസകംജ്ഞേയം തദ്വിശേഷവിധേഃ ക്വചിൽ

പ്രായശഃ (മിക്കവാറും) രൂപഭേദേന (ശബ്ദങ്ങളുടെ സ്ത്രീപ്രത്യയാദികൾ മുതലായ രൂപഭേദങ്ങൾകൊണ്ടു) സ്ത്രീപുംനപുംസകം (സ്ത്രീലിംഗപുല്ലിംഗനപുംസകലിംഗങ്ങൾ) ജ്ഞേയം (അറികവേണ്ടു.) കുത്രചിൽ (ചിലെടത്തു) സാഹചൎയ്യാൽ (അറിയപ്പെട്ട ലിംഗമുള്ള പദത്തിന്റെ സാന്നിദ്ധ്യംകൊണ്ടു ലിംഗം അറിഞ്ഞുകൊള്ളേണ്ടതു) ക്വചിൽ (എവിടെ രൂപഭേദ സാഹചൎയ്യങ്ങൾകൊണ്ടു അറിവാൻ പാടില്ലയൊ) തൽ (അവിടെ) വിശേഷവിധേഃ (മൂന്നു ലിംഗങ്ങളുടെ വിശേഷവിധികൾകൊണ്ടും അറികവേണ്ടതു).

രൂപഭേദങ്ങൾ മൂന്നുവിധം.

൧. നാമരൂപഭേദം — ദൃഷ്ടാന്തം — "കൌമോദകീ ഗദാഖഡ്ഗോ നന്ദകഃ" എന്ന സ്ഥലത്തു ആ നാമങ്ങൾക്കു ആ രൂപഭേദങ്ങൾകൊണ്ടു ലിംഗം അറിയപ്പെടുന്നു.

൨. നാമവിശെഷണരൂപഭെദം, ഉ-ം "ഗണ്ഡകപൊലൌ തല്പരാഹനുഃ" എന്ന സ്ഥലത്തു ഹനുശ്ശബ്ദത്തിനു വിശെഷണമായ "തല്പരാ" എന്ന ശബ്ദത്തിന്റെ സ്ത്രീലിംഗരൂപംകൊണ്ടു ഹനുശ്ശബ്ദം സ്ത്രീലിംഗമെന്നു അറിയപ്പെടുന്നു.

൩, നാമപരാമൎശിസൎവ്വനാമരൂപഭെദം, ഉ-ം "കുതൂഃ കൃത്തിസ്നെഹപാത്രം സൈവാല്പാ കുതപഃ പുമാൻ" എന്ന സ്ഥലത്തു "സൈവ" എന്ന നാമപരാമൎശിസൎവ്വനാമശബ്ദംകൊണ്ടു "കുതൂഃ" എന്ന ശബ്ദം സ്ത്രീലിംഗമെന്നു അറിയപ്പെടുന്നു.

സാഹചൎയ്യംകൊണ്ടു എങ്ങിനെ അറിയണമെന്നാൽ "അശനിൎഗ്ഗശനിനീ" "ഭാനുഃ കരഃ" "വിയദ്വിഷ്ണുപദം" ഇവിടെ അശനിഭാനുവിയച്ഛബ്ദങ്ങൾ മൂന്നുലിംഗങ്ങളിലും ഒരു വിധമായി ഇരിക്കുന്നതുകൊണ്ടു രൂപഭെദംകൊണ്ടു അറികയില്ല. എന്നാൽ അശനീ കരഃ വിഷ്ണുപദ ശബ്ദങ്ങളുടെ സാഹചൎയ്യംകൊണ്ടു അവ ഇന്നിന്ന ലിംഗമെന്നു അറിയപ്പെടെണ്ടതു.

വിശെഷ വിധികൾ നാലു.

൧. രൂപംകൊണ്ടുലിംഗം അറിയാത്തസ്ഥലത്തു പറയുന്നതും
൨. സാഹചൎയ്യംകൊണ്ടു അറിയാത്തസ്ഥലത്തു പറയുന്നതും
൩. സാഹചൎയ്യലിംഗാപവാദകം എന്നുള്ളതും
൪. അനെകലിംഗവിധായകം എന്നുള്ളതും അത്രെ.

൧. ഉ-ം "വല്ലരീമഞ്ജരീസ്ത്രിയൌ" എന്ന സ്ഥലത്തു-വല്ലരീ-മഞ്ജരീ-ശബ്ദങ്ങൾ നകാരാന്തം എന്നു സംശയം ജനിക്കാതിരിപ്പാൻവെണ്ടി "സ്ത്രിയൌ" എന്ന വിശെഷവിധികൊണ്ടു അതിന്റെ രൂപം തെളിയിച്ചിരിക്കുന്നു.

൨. ഉ-ം "സ്ത്രിയസ്സുമനസഃപുഷ്പം" ഇവിടെ സുമനശ്ശബ്ദത്തിനു പുഷ്പപദസാഹചൎയ്യംകൊണ്ടു ലിംഗം അറിവാൻ പാടില്ല അതുകൊണ്ടു "സ്ത്രിയഃ" എന്ന വിശെഷവിധിയെ കാണിച്ചിരിക്കുന്നു,

൩. ഉ-ം "ഖനിഃ സ്ത്രിയാമാകരസ്സ്യാൽ" ഇവിടെ ആകരശബ്ദസാഹചൎയ്യംകൊണ്ടു ഖനിശബ്ദം പുല്ലിംഗമെന്നു തൊന്നാതിരിപ്പാൻവെണ്ടി "സ്ത്രിയാം" എന്ന വിശെഷവിധി പറഞ്ഞിരിക്കുന്നു.

൪. ഉ-ം "വിടങ്കം പുന്നപുംസകം" ഇവിടെ വിടങ്കശബ്ദത്തിന്നു പുന്നപുംസകം എന്നു അനേകലിംഗവിധി ചെയ്തിരിക്കുന്നു.

ഭേദാഖ്യാനായനദ്വന്ദ്വോ നൈകശേഷോനസങ്കരഃ
കൃതോത്രഭിന്നലിംഗാനാമനുക്താനാം ക്രമാദൃതെ

അത്ര (ഈ ഗ്രന്ഥത്തിൽ) ഭിന്നലിംഗാനാം (തമ്മിൽ ഭിന്നലിംഗങ്ങളായ ശബ്ദങ്ങളുടെ) ഭേദാഖ്യാനായ (ലിംഗഭേദങ്ങളെ പറവാനായിട്ടു) ദ്വന്ദ്വഃ (ദ്വന്ദ്വസമാസവും) ഏകശേഷശ്ച (ഏകശേഷസമാസവും) നകൃതഃ (ചെയ്യപ്പെട്ടില്ല = പറയപ്പെട്ടില്ല)

എന്നാൽ അഭിന്നലിംഗങ്ങൾക്കു ദ്വന്ദ്വൈകശേഷങ്ങൾ ചെയ്യപ്പെട്ടിരിക്കുന്നു. ഉ-ം "വിദ്യാധരാപ്സരോയക്ഷരക്ഷോഗന്ധർവ്വകിന്നരാഃ" ഇങ്ങിനെ ദ്വന്ദ്വസമാസം. "ശ്വശ്രൂശ്വശുരൌ ശ്വശുരൌ" ഇങ്ങിനെ ഏകശേഷം. ഇവയ്ക്കു പരിഹാരമായിട്ടു അനുക്താനാം (സ്ഥലാന്തരത്തിങ്കൽ ലിംഗഭേദങ്ങൾ പറയപ്പെട്ടിട്ടില്ലാത്ത ശബ്ദങ്ങൾക്കുമാത്രം ദ്വന്ദ്വൈകശേഷം പറയപ്പെട്ടിരിക്കുന്നു) എന്നു വിശേഷണമായി പറയപ്പെട്ടിരിക്കുന്നു. "സ്ത്രിയാം ബഹുഷ്വപ്സരസഃ" "യക്ഷൈകപിംഗൈലബിലശ്രീദപുണ്യജനേശ്വരാഃ" മുതലായ സ്ഥലങ്ങളിൽ ലിംഗം പറയപ്പെട്ടിരിക്കുന്നു. ആകയാൽ യക്ഷാദിശബ്ദങ്ങൾക്കും ശ്വശ്രൂശ്വശുരൌ-ഇത്യാദിശബ്ദങ്ങൾക്കും ദ്വന്ദ്വൈകശേഷം പറഞ്ഞതുകൊണ്ടു ദോഷമില്ല.

ക്രമാദൃതെ (ക്രമം കൂടാതെ) സങ്കരം (മൂന്നുലിംഗങ്ങളിലുമുള്ള ശബ്ദങ്ങൾ കൂടിയ സമാസം) നകൃതഃ (ചെയ്യപ്പെട്ടിട്ടില്ല) എന്നാൽ കാലോചിതമായിരുന്നാൽ സങ്കരസമാസം ചെയ്യപ്പെട്ടിട്ടുണ്ടു.
"മുൽപ്രീതിഃ പ്രമദോഹർഷഃ പ്രമോദാമോദസമ്മദാഃ। സ്യാദാനന്ദഥുരാനന്ദശ്ശർമ്മശാതസുഖാനി ച॥" മുതലായസ്ഥലങ്ങളിൽ യഥാസംഭവമായ അതാതസ്ഥലത്തു സങ്കരം കൂടാതെ ത്രിലിംഗങ്ങൾ പറയപ്പെട്ടിരിക്കുന്നു. ഇവിടെ പ്രീതിശബ്ദം സ്ത്രീലിംഗമാകകൊണ്ടു മുൽശബ്ദവും സ്ത്രീലിംഗം എന്നു അറിഞ്ഞുകൊള്ളേണം. ഹർഷശബ്ദം പുല്ലിംഗമാകകൊണ്ടു പ്രമോദശബ്ദവും പുല്ലിംഗമെന്നറിയണം. സുഖം എന്നതു നപുംസകം എന്നു സ്പഷ്ടമാകയാൽ ശർമ്മം സാതം എന്നതും നപുംസകം എന്നു അറിഞ്ഞുകൊള്ളേണം.

ത്രിലിംഗ്യാം ത്രിഷ്വിതിപദം മിഥുനേ ച ദ്വയോരിതി

നിഷിദ്ധലിംഗം ശെഷാൎത്ഥം ത്വന്താഥാദിന പൂൎവ്വഭാൿ

ത്രിലിംഗ്യാം ത്രിഷ്വിതിപദം (മൂന്നു ലിംഗങ്ങളിലും എന്നു പറയെണ്ടിയ ഇടങ്ങളിൽ ത്രിഷു എന്ന പദം വരും) ഉ-ം "തട ത്രിഷു" മിഥുനെച (സ്ത്രീലിംഗപുല്ലിംഗങ്ങളിൽ) ദ്വയൊരിതി (ദ്വയൊഃ എന്നു വരും) ഉ-ം "അശനിൎദ്വയൊഃ" നിഷിദ്ധലിംഗം (നിഷെധിക്കപ്പെട്ട ലിംഗപദം) ശെഷാൎത്ഥം (നിഷെധിക്കപ്പെടാത്ത ലിംഗങ്ങളിൽ വരും) "ഉ-ം ദീപൊസ്ത്രീയാമന്തരീപം" ഇവിടെ അസ്ത്രീയാം എന്ന സ്ത്രീലിംഗത്തെ മാത്രം നിഷെധിച്ചതുകൊണ്ടു പുന്നപുംസകങ്ങളിൽ വരുമെന്നറിഞ്ഞു കൊള്ളണം.

തു അന്ത അഥ ആദി ന പൂൎവ്വഭാൿ

"തു" പദാന്ത്യത്തിങ്കലും "അഥ" പദാരംഭത്തിങ്കലും വന്നാൽ അൎത്ഥാന്തരം ആകും; പൂൎവ്വാൎത്ഥം ജനിക്കയില്ല.

പൂൎവ്വപദം മൂന്നുവിധം.

൧. നാമപദം. ൨. ലിംഗപദം. ൩. അൎത്ഥപദം.

൧. ഉ-ം "ശൊഭാകാന്തിൎദ്യുതിഛവിഃ" അവശ്യായസ്തുനീഹാരഃ ഇവിടെ "തു" ശബ്ദം അന്തമായിരിക്കുന്ന അവശ്യായശബ്ദം ശൊഭാദിപദങ്ങളൊടു സംബന്ധിക്കയില്ല.

൨. ഉ-ം "അന്തൎദ്ധാവ്യവധാപുംസിത്വന്തൎദ്ധിഃ" ഇവിടെ പുംസിതു എന്ന ത്വന്തമായപദം അന്തൎദ്ധാവ്യവധാ എന്ന പദങ്ങളൊടല്ല അന്തൎദ്ധി എന്നതിനൊടത്രെ സംബന്ധിക്കുന്നു എന്നു കാണിക്കുന്നു.

൩. ഉ-ം "കപൌ ച പ്ലവഗശ്ശാപെത്വഭിഷംഗഃ" ഇവിടെ ത്വന്തമായ ശാപശബ്ദം അഭിഷംഗശബ്ദത്തിനു അൎത്ഥമാകുന്നതല്ലാതെ പ്ലവഗശബ്ദത്തിനു അൎത്ഥമാകുന്നില്ല.

അഥാദിയായ പദങ്ങൾ മൂന്നുവിധം

൧— "അഥ" ആദിയായ നാമപദം എങ്ങിനെയെന്നാൽ ഉ-ം "പ്രാലെയം മിഹികാചാഥ ഹിമാനി ഹിമസംഹതിഃ" ഇവിടെ അഥാദിയായ ഹിമാനിശബ്ദം ഹിമസമൂഹത്തിനുതന്നെ പറയുന്നതല്ലാതെ പ്രാലെയംമിഹികാശബ്ദങ്ങളെ പറകയില്ല.

൮- അഥാദിയായ ലിംഗപദം. "ഉ-ം ഭാൎയ്യാജായാഥപും ഭൂമ്നിദാരാഃ" ഇവിടെ അഥാദിയായ പും ഭൂമ്നി എന്ന ലിംഗപദം ദാരശബ്ദത്തിനു പറയുന്നതല്ലാതെ ഭാൎയ്യാജായാശബ്ദങ്ങൾക്ക പറകയില്ല.

൯. അഥാദിയായ, അൎത്ഥപദം. ഉ-ം "ഏതസ്യകലികാഗന്ധഫലീസ്യാദഥകെസരെ വകുളൊവഞ്ജുളഃ" ഇവിടെ അഥാദിയായ കെസരശബ്ദം വകുളവഞ്ജുളയൊടുചെൎന്ന നില്ക്കുന്നതല്ലാതെ ഗന്ധഫലീശബ്ദത്തൊടു ചെരുകയില്ലാ.

സങ്കെതപ്രകാശികാ,

—o⁔o—

' ഈ അടയാളം അതിന്റെ പിന്നാലെ നില്ക്കുന്ന അക്ഷരത്തിന്റെ അൎദ്ധശബ്ദവും പൂൎവ്വപദത്തൊടും പിന്നത്തെതു പരപദത്തൊടും ചെൎന്നിരിക്കുന്നുവെന്നു കാണിക്കുന്നു.

ഉ-ം "വിബുധാ'സ്സുരാഃ" = വിബുധാഃ സുരാഃ

ഽ ഈ അടയാളം അതിന്റെ പിന്നാലെ നില്ക്കുന്ന പദം അകാരംകൊണ്ടു തുടങ്ങുന്നുവെന്നും ആയതു പൂൎവ്വപദത്തിൽ നിന്നു ജനിക്കുന്നുവെന്നും കാണിക്കുന്നു.

ഉ-ം "ഋഭവൊഽസപത്നാ" = ഋഭവഃ അസപത്നാഃ

' ഈ ചിഹ്നം അതിനുമുമ്പെ വരുന്ന സ്വരം പിന്തുടരുന്ന പദത്തൊടു ചെരുന്നുവെന്നു കാണിക്കുന്നു. സാധാരണെയായി പിന്തുടരുന്ന പദത്തിന്റെ സ്വരം ഈ വിഷയത്തിങ്കൽ ലൊപിച്ചുപൊകുന്നു.

ഉ-ം ബ്രഹ്മാ'ത്മഭൂഃ = ബ്രഹ്മാ ആത്മഭൂഃ

[ ] ഈ ചിഹ്നം ശ്ലൊകത്തിലെ ചില പദങ്ങളുടെ വിശെഷവിധികളെയും പാദപൂരണത്തെയും കാണിക്കുന്നു.

ഉ-ം "ദ്യൊദിവൌദെവസ്ത്രിയൌ" = ദ്യൌഃ ദ്യൌഃ [ദെവസ്ത്രിയൌ], അവിളംബിതമാശുച = അവിളംബിതം ആശു [ച]

( ) ഈ വക ചിലെടത്തു പദങ്ങളുടെ ധാത്വൎത്ഥത്തെയും ചിലെടത്തു വ്യസ്തപദാൎത്ഥത്തെയും കാണിക്കുന്നു.

ഉ-ം. ബ്രഹ്മാവു—ബൃഹ (വൎദ്ധിക്ക); വൃഷധ്വജൻ വൃഷം (കാള) + ധ്വജം (വാഹനം) ആയിട്ടുള്ളവൻ.

+ ഈ വക സമാസപദങ്ങളുടെ വ്യസ്തപദങ്ങളെ വെവ്വെറായിഎടുത്തു അൎത്ഥം പറയുന്നു എന്നു കാണിക്കുന്നു.

ഉ-ം സുരലൊകം = സുരന്മാരുടെ (ദെവകളുടെ)+ലൊകം(നാട്ടു).

= ഈ അടയാളം അതിന്റെ മുമ്പും പിമ്പും നില്ക്കുന്ന പദങ്ങൾ സമാനാൎത്ഥമായുള്ളവയെന്നു കാണിക്കുന്നു,

ആഹ്വ = ആഹ്വയം

☞ ശ്ലൊകത്തിൽ അടയാളങ്ങൾ ഉപകരിച്ചിരിക്കുന്നെടത്തൊക്കയും പദങ്ങൾ നിരത്താതെ കൂട്ടിവായിക്കെണ്ടതാകുന്നു.

പ്രബൊധിനി

പ്രഥമകാണ്ഡം

സ്വൎഗ്ഗപ്രകരണം

സ്വ‘രവ്യയം സ്വൎഗ്ഗ നാക ത്രിദിവ ത്രിദശാലയാഃ
സുരലൊകൊ ദ്യൊ ദിവൌ ദ്വെ സ്ത്രിയൌ ക്ലീബെ ത്രിവിഷ്ടപം

സ്വഃ [അവ്യയം] സ്വൎഗ്ഗഃ നാകഃ ത്രിദിവഃ ത്രിദശാലയഃ സുരലൊകഃ ദ്യൌഃ ദ്യൌഃ [ദ്വെസ്ത്രീയൌ] [ക്ലീബെ] ത്രിവിഷ്ടപം. Heaven.

൧. സ്വർ* ൨. സ്വൎഗ്ഗം—രണ്ടിനും ധാതു—സൃ (സമ്പാദിക്ക)—വിശെഷസുഖം സമ്പാദിക്കുന്നെടം. ൩. നാകം—ന (ഇല്ല)+അകം (ദുഃഖം)—ഉഷ്ണം, ശീതം, വിശപ്പ്, ക്ഷീണം എന്ന ൪ ദുഃഖങ്ങൾ ഇല്ലാത്തെടം; ആകാശം. ൪. ത്രിദിവം—ത്രി (മൂന്നു) + ദിവ (ശൊഭിക്ക)—പാതാളം തുടങ്ങി മൂന്നാമത്തെ ലൊകം ശൊഭയുള്ളതാകയാൽ ത്രിദിവം. ൫. ത്രിദശാലയം—ത്രിദശന്മാരുടെ (ദെവകളുടെ)+ആലയം (ഭവനം). ൬. സുരലൊകം—സുരന്മാരുടെ (ദെവകളുടെ)+ലൊകം (നാടു). ൭. ദ്യൌഃ (ഓകാരാന്തം). ൮. ദ്യൌഃ (വകാരാന്തം) രണ്ടിന്നും മലയാളം ദ്യാവ്—ദിവ (കളിക്ക-ശൊഭിക്ക)—ക്രീഡാസ്ഥലം; ശൊഭയുള്ളസ്ഥലം. ൯. ത്രിവിഷ്ടപം.—മൂന്നാമത്തെ വിഷ്ടപം (ലൊകം).

അമരാ നിൎജ്ജരാ ദെവാ‘സ്ത്രിദശാ വിബുധാ‘സ്സുരാഃ
സുപൎവ്വാണ‘സ്സുമനസ‘സ്ത്രിദിവെശാ ദിവൌകസഃ
ആദിതെയാ ദിവിഷദൊ ലെഖാ അദിതിനന്ദനാഃ
ആദിത്യാ ഋഭവൊ‘സ്വപ്നാ അമൎത്യാ അമൃതാന്ധസഃ
ബൎഹിൎമ്മുഖാഃ ക്രതുഭുജൊ ഗീൎവ്വാണാ ദാനവാരയഃ
വൃന്ദാരകാ ദൈവതാനി പുംസിവാ ദെവതാ സ്ത്രിയാം

അമരാഃ നിൎജ്ജരാഃ ദെവാഃ ത്രിദശാഃ വിബുധാഃ സുരാഃ സുപൎവ്വാണഃ സുമനസഃ ത്രിദിവെശാഃ ദിവൌകസഃ ആദിതെയാഃ ദിവിഷദഃ ലെഖാഃ അദിതിനന്ദനാഃ ആദിത്യാഃ ഋഭവഃ അസ്വപ്നാഃ അമൎത്യാഃ അമൃതാന്ധസഃ ബൎഹിൎമ്മുഖാഃ ക്രതുഭുജഃ ഗീൎവ്വാണാഃ ദാനവാരയഃ വൃന്ദാരകാഃ ദൈവതാനി [പുംസി-വാ] ദെവതാഃ [സ്ത്രീയാം]. Gods or deities.

൧. അമരന്മാർ—അ(നിഷെധം)+മൃ (മരിക്ക)—മരണമില്ലാത്തവർ. ൨. നിൎജ്ജ

---

* സൃ (ശബ്ദിക്ക)—ശാസ്ത്രങ്ങളിൽ പറയപ്പെടുന്നതു എന്നു ഇതി ബാലപ്രബൊധിനി.

രന്മാർ—നി (നിഷെധം) + ജ്യ (ജരിക്ക)—വൃദ്ധരാകാത്തവർ. ൩. ദെവന്മാർ—ദിവ (ശൊഭിക്ക). ൪. ത്രിദശന്മാർ—ത്രി (മൂന്ന) + ദശ (അവസ്ഥ)—വിശെഷാവയസ്സും ശൊഭയും കണ്ണടയാസ്സുയും ഠരം മൂന്ന ആവസ്ഥയുള്ളവർ. ൫. വിബുധന്മാർ—വി (വിശെഷെണ്ണ) + ബുധ (അറിയുക)—വിശെഷജ്ഞാനമുള്ളവർ. ൬. സുരന്മാർ—സു (നല്ലവണ്ണം) + രാജ (ശൊഭിക്ക)—വിശെഷ ശൊഭയുള്ളവർ. ൭. സുപൎവ്വാക്കൾ—പൎവ്വ ചരിതം ശൊഭനമായിട്ടുള്ളവർ. ൮. സുമനസ്സുകൾ—സു (നല്ല) + മന (അറിയുക)—നല്ല ചിന്തയുള്ളവർ. ൯. ത്രിദിവെശന്മാർ—ത്രിദിവത്തിന്റെ (സ്വൎഗ്ഗത്തിന്റെ) + ഈശന്മാർ (നാഥന്മാർ). ൧൦. ദിവൌകസ്സുകൾ—ദിവം (സ്വൎഗ്ഗം) + ഓകസ്സ (ഭവനം) ആയിട്ടുള്ളവർ. ൧൧. ആദിതെയന്മാർ—അദിതിയുടെ പുത്രർ. ൧൨. ദിവിഷത്തുകൾ—ദിവത്തിങ്കൽ (സ്വൎഗ്ഗത്തിങ്കൽ) + സത്തുകൾ (ഭവിച്ചവർ). ൧൩. ലെഖന്മാർ—ലിഖ (എഴുതുക). ൧൪. അദിതിനന്ദനന്മാർ—അദിതിയുടെ നന്ദനന്മാർ (പുത്രന്മാർ). ൧൫. ആദിത്യന്മാർ—അദിതിയുടെ പുത്രന്മാർ. ൧൬. ഋഭുക്കൾ—ഭൂ (ഭവിക്ക)—സ്വൎഗ്ഗത്തിങ്കൽ ഭവിച്ചവർ. ൧൭ അസ്വപ്നന്മാർ—അ + സ്വപ (ഉറങ്ങുക)—ഉറക്കമില്ലാത്തവർ. ൧൮. അമൎത്ത്യന്മാർ—അ + മൃ (മരിക്ക). ൧൯. അമൃതാന്ധസ്സുകൾ—അമൃത ഭക്ഷണസാധനമായുള്ളവർ. ൨൦. ബഹിൎമ്മുഖന്മാർ—ബൎഹിസ്സ (അഗ്നി) മുഖമായിട്ടുള്ളവർ. ൨൧. ക്രതുഭുക്കുകൾ—ക്രതു (യാഗം) + ഭുജ (ഭക്ഷിക്ക)—യാഗസാധനങ്ങൾ ഭക്ഷിക്കുന്നവർ. ൨൨. ഗീൎവ്വാണന്മാർ—ഗീര (വാക്ക) + ബാണം (അസ്ത്രം)—ഫലിക്കുന്നവാക്കുകൾ പറയുന്നവർ. ൨൩. ദാനവാരികൾ—ദാനവന്മാരുടെ (അസുരന്മാരുടെ) + അരികൾ (ശത്രുക്കൾ). ൨൪. വൃന്ദാരകന്മാർ—വിശെഷ സൌന്ദൎയ്യവും പ്രാധാന്യതയുമുള്ളവർ. ൨൫. ദൈവതങ്ങൾ. ൨൬. ദെവതകൾ രണ്ടിനും ധാതു ദിവ (കളിക്ക-ശൊഭിക്ക).

ബ്രഹ്മാത്മഭൂഃ സുരജ്യെഷ്ഠഃ പരമെഷ്ഠീ പിതാമഹഃ
ഹിരണ്യഗൎഭോ ലൊകെശഃ സ്വയംഭൂശ്ചതുരാനനഃ
ധാതാബ്ജയൊനിർദ്രുഹിണൊ വിരിഞ്ചഃ കമലാസനഃ
സ്രഷ്ടാ പ്രജാപതിൎവ്വെധാ വിധാതാ വിശ്വസൃഗ്വിധിഃ

ബ്രഹ്മാ ആത്മഭൂഃ സുരജ്യെഷ്ഠഃ പരമെഷ്ഠീ പിതാമഹഃ ഹിരണ്യഗൎഭഃ ലൊകെശഃ സ്വയംഭൂഃ ചതുരാനനഃ ധാതാ അബ്ജയൊനിഃ ദ്രുഹിണഃ വിരിഞ്ചഃ കമലാസനഃ സ്രഷ്ടാ പ്രജാപതിഃ വെധാഃ വിധാതാ വിശ്വസൃൿ വിധിഃ Brahma.

൧. ബ്രഹ്മാവ—ബൃഹ (വൎദ്ധിക്ക)—വൎദ്ധിപ്പിക്കുന്നവൻ. ൨. ആത്മഭൂവ—ആത്മാവ (സ്വയം) + ഭൂ (ഭവിക്ക)—തന്നെത്താൻ ഉണ്ടായവൻ; കാമദെവൻ; വിഷ്ണു; ശിവൻ. ൩. സുരജ്യെഷ്ഠൻ—സുരന്മാരിൽ (ദെവകളിൽ) + ജ്യെഷ്ഠൻ (അഗ്രജൻ). ൪. പരമെഷ്ഠി—ഷ്ഠാ (ഇരിക്കുക)—ഏറ്റവും ശ്രെഷ്ഠമായ ലൊകത്തിൽ ഇരിക്കുന്നവൻ; വിഷ്ണു; ശിവൻ. ൫. പിതാമഹൻ—മഹ (പൂജിക്ക)—മുത്തഛൻ. ൬. ഹിരണ്യഗൎഭൻ—ഹിരണ്യം (സ്വൎണ്ണം) + ഗൎഭം (അന്തൎഭാഗം)—ആദ്യസൃഷ്ടിയിങ്കൽ സ്വൎണ്ണമയ ബ്രഹ്മാണ്ഡത്തിൽ ഇരുന്നവൻ. ൭. ലൊകെശൻ—ലൊകത്തിന്റെ ഈശൻ (കൎത്താവ). ൮. സ്വയംഭൂവ—ആത്മഭൂവ; ബ്രഹ്മം. ൯. ചതുരാനനൻ ചതുർ (നാല) ആനനം (മുഖം) ഉള്ളവൻ. ൧൦. ധാതാവ—ധാ (സൃഷ്ടിക്ക)—ലൊക സ്രഷ്ടാവ.

൧൧. അബ്ജയോനി—അബ്ജം (താമരപ്പൂവ്)+യോനി (ഉത്ഭവസ്ഥാനം) ആയിട്ടുള്ളവൻ. ൧൨. ദ്രുഹിണൻ—ദ്രുഹ (ദ്രോഹിക്ക)—അസുരന്മാരെ ദ്രോഹിക്കുന്നവൻ. ൧൩. വിരിഞ്ചൻ—വേദത്തിൻെറ ഉത്ഭവസ്ഥാനം. ൧൪. കമലാസനൻ—കമലം (താമരപ്പൂവ്) + ആസനം (ഇരിപ്പിടം) ആയിട്ടുള്ളവൻ. ൧൫. സ്രഷ്ടാവ്—സൃജ (സൃഷ്ടിക്ക). ൧൬. പ്രജാപതി—പ്രജകളുടെ (കുടികളുടെ) പതി (രക്ഷിതാവ്); വിശ്വകൎമ്മാവ്; മകളുടെ ഭൎത്താവ്. ൧൭. വേധസ്സ്—ധാ (സൃഷ്ടിക്ക). ൧൮. വിധാതാവ്—ധാ (സൃഷ്ടിക്ക). ൧൯. വിശ്വസൃക്ക്—വിശ്വത്തിൻെറ (ലോകത്തിൻെറ) സൃക്ക് (സ്രഷ്ടാവ്). ൨൦. വിധി—ധാ (സൃഷ്ടിക്ക)—വേദകൎത്താവ്.

വിഷ്ണുൎന്നാരായണഃ കൃഷ്ണോ വൈകുണ്ഠോ വിഷ്ടരശ്രവാഃ
ദാമോദരോ ഹൃഷീകേശഃ കേശവോ മാധവഃ സ്വഭൂഃ
ദൈത്യാരിഃ പുണ്ഡരീകാക്ഷോ ഗോവിന്ദോ ഗരുഡധ്വജഃ
പീതാംബരോഽച്യുതശ്ശാൎങ്ഗീ വിഷ്വക്സേനോ ജനാൎദ്ദനഃ
ഉപേന്ദ്ര ഇന്ദ്രാവരജശ്ചക്രപാണിശ്ചതുൎഭുജഃ
പത്മനാഭോ മധുരിപുൎവ്വാസുദേവസ്ത്രിവിക്രമഃ
ദേവകീനന്ദനശ്ശൌരിഃ ശ്രീപതിഃ പുരുഷോത്തമഃ
വനമാലീ ബലിധ്വംസീ കംസാരാതിരധോക്ഷജഃ
വിശ്വംഭരഃ കൈടഭജിദ്വിധുഃ ശ്രീവത്സലാഞ്ഛനഃ

വിഷ്ണുഃ നാരായണഃ കൃഷ്ണഃ വൈകുണ്ഠഃ വിഷ്ടരശ്രവാഃ ദാമോദരഃ ഹൃഷീകേശഃ കേശവഃ മാധവഃ സ്വഭൂഃ ദൈത്യാരിഃ പുണ്ഡരീകാക്ഷഃ ഗോവിന്ദഃ ഗരുഡധ്വജഃ പീതാംബരഃ അച്യുതഃ ശാൎങ്ഗീ വിഷ്വക്സേനഃ ജനാൎദ്ദനഃ ഉപേന്ദ്രഃ ഇന്ദ്രാവരജഃ ചക്രപാണിഃ ചതുൎഭുജഃ പത്മനാഭഃ മധുരിപുഃ വാസുദേവഃ ത്രിവിക്രമഃ ദേവകീനന്ദനഃ ശൌരിഃ ശ്രീപതിഃ പുരുഷോത്തമഃ വനമാലീ ബലിധ്വംസീ കംസാരാതിഃ അധോക്ഷജഃ വിശ്വംഭരഃ കൈടഭജിൽ വിധുഃ ശ്രീവത്സലാഞ്ഛനഃ Vishnu (the pervader and preserver.)

൧. വിഷ്ണു—വിശ (വ്യാപിക്ക). ൨. നാരായണൻ—അയ (ഗമിക്ക)—നാരത്തിൽ (വെള്ളത്തിൽ) ഗമിക്കുന്നവൻ. ൩. കൃഷ്ണൻ—കൃഷ (ആകൎഷിക്ക)—സകലത്തെയും ആകൎഷിക്കുന്നവൻ; വേദവ്യാസൻ. ൪. വൈകുണ്ഠൻ—വി (നിഷേധം) കുഠ (മടിയായിരിക്ക)—മടിയില്ലാത്തവൻ; ഇന്ദ്രൻ. ൫. വിഷ്ടരശ്രവസ്സ്—വിഷ്ടരം (കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ പീഠം)+ശ്രവസ്സ് (ചെവി)—വലിയ കാതുള്ളവൻ. ൬. ദാമോദരൻ—ദാമം (കയറു) + ഉദരത്തിങ്കൽ (വയറ്റത്തു) ഉണ്ടായിരുന്നവൻ. ൭. ഹൃഷീകേശൻ—ഹൃഷീകത്തിൻെറ (ഇന്ദ്രിയത്തിൻെറ) ഈശൻ (നാഥൻ). ൮. കേശവൻ—നല്ല തലമുടിയുള്ളവൻ. ൯. മാധവൻ—മായുടെ (ശ്രീഭഗവതിയുടെ) + ധവൻ (ഭൎത്താവ്). ൧൦. സ്വഭൂ—സ്വ (തങ്കൽനിന്നു)+ഭൂ (ഭവിച്ചവൻ). ൧൧. ദൈത്യാരി—ദൈത്യന്മാരുടെ (അസുരകളുടെ)+അരി (ശത്രു). ൧൨. പുണ്ഡരീകാക്ഷൻ—പുണ്ഡരീകം (താമരപ്പൂവിതൾ) പോലെ അക്ഷി (കണ്ണു) ഉള്ളവൻ. ൧൩. ഗോവിന്ദൻ—വിദ (സമ്പാദിക്ക)—മഹാബലിയിങ്കൽനിന്നു ഗോവിനെ (ഭൂമിയെ) സമ്പാദിച്ചവ

൧൭. ഗരുഡധ്വജൻ—ഗരുഡൻ ധ്വജം(വാഹനം)ആയിട്ടുള്ളവൻ. ൧൮. പീതാംബരൻ പീത(മഞ്ഞനിറമുള്ള)+അംബരം(വസ്ത്രം)ഉടുത്തവൻ.—൧൯. അച്യുതൻ—അ(നിഷേധം)+ച്യുത(നശിക്ക)—ഒരിക്കലും നശിക്കാത്തവൻ. ൨൦. ശാൎങ്ഗീ ശാൎങ്ഗം എന്ന വില്ലുള്ളവൻ. ൨൧. വിഷ്വക്സേനൻ—വിഷ്വക്—(നാലു പുറവും)+സേന(പട്ടാളം)ഉള്ളവൻ. ൨൨. ജനാൎദ്ദനൻ—ദുഷ്ടജനങ്ങളെ അൎദ്ദനം ചെയ്യുന്നവൻ(പീഡിപ്പിക്കുന്നവൻ). ൨൩. ഉപേന്ദ്രൻ—ഇന്ദ്രന്റെ ഉപ (കൂടെയുള്ള) ഇന്ദ്രൻ. ൨൪. ഇന്ദ്രാവരജൻ—ഇന്ദ്രന്റെ അവരജൻ(അനുജൻ). ൨൫. ചക്രപാണി—ചക്രം എന്ന ആയുധം പാണിയിൽ (കയ്യിൽ) ഉള്ളവൻ. ൨൬. ചതുൎഭുജൻ—ചതുർ (നാലു)ഭുജം(കൈ)ഉള്ളവൻ. ൨൭. പത്മനാഭൻ—പത്മം (താമരപ്പൂവു) നാഭിയായിട്ടുള്ളവൻ. ൨൮. മധുരിപു—മധു എന്ന അസുരന്റെ രിപു(ശത്രു). ൨൯. വാസുദേവൻ വസുദേവരുടെ പുത്രൻ. ൩൦. ത്രിവിക്രമൻ—മൂന്നു ലോകങ്ങളിലും കാലടിവെച്ചവൻ. ൩൧. ദേവകീനന്ദനൻ—ദേവകിയുടെ നന്ദനൻ(പുത്രൻ). ൩൨. ശൌരീ—ശൂരസന്തതി. ൩൩. ശ്രീപതി—ശ്രീയുടെ(ഭഗവതിയുടെ)പതി(ഭൎത്താവു). ൩൪. പുരുഷോത്തമൻ—പുരുഷന്മാരിൽ ഉത്തമൻ. ൩൫. വനമാലീ—തളിരും പൂവും മാലയായിട്ടുള്ളവൻ. ൩൬. ബലിധ്വംസീ—മഹാബലിരാജാവിനെ ധ്വംസിച്ചവൻ(അമൎച്ചവരുത്തിയവൻ). ൩൭. കംസാരാതി—കംസൻ എന്ന രാജാവിന്റെ അരാതി(ശത്രു). ൩൮. അധോക്ഷജൻ—ഗൂഢം(നോക്കുക)—തപസ്വികളാൽ മാത്രം കാണപ്പെടാവുന്നവൻ; ശിവൻ; ഇന്ദ്രൻ. ൩൯. വിശ്വംഭരൻ—ഭൃഞ് (ഭരിക്ക)—വിശ്വത്തെ (ലോകത്തെ)ഭരിക്കുന്നവൻ. ൪൦. കൈടഭജിത്തു—ജി(ജയിക്ക)—കൈടഭൻ എന്ന അസുരനെ ജയിച്ചവൻ. ൪൧. വിധു—ധാ(സൃഷ്ടിക്ക)—ബ്രഹ്മാദികളെ സൃഷ്ടിക്കുന്നവൻ; ചന്ദ്രൻ; കൎപ്പൂരം ബ്രഹ്മാവു; രാക്ഷസൻ; പാപഹരമായ ഒരു കൎമ്മം. ൪൨. ശ്രീവത്സലാഞ്ഛനൻ—ശ്രീവത്സം എന്ന മറുകു ലാഞ്ഛനം(അടയാളം)ആയിട്ടുള്ളവൻ.

ബലഭദ്രഃ പ്രലംബഘ്നോ ബലദേവോഽച്യുതാഗ്രജഃ
രേവതീരമണോ രാമഃ കാമപാലോ ഹലായുധഃ
നീലാംബരോ രൗഹിണേയസ്താലാങ്കോ മുസലീ ഹലീ
സങ്കൎഷണസ്സീരപാണിഃ കാളിന്ദീഭേദനോ ബലഃ

ബലഭദ്രഃ പ്രലംബഘ്നഃ ബലദേവഃ അച്യുതാഗ്രജഃ രേവതീരമണഃ രാമഃ കാമപാലഃ ഹലായുധഃ നീലാംബരഃ രൗഹിണേയഃ താലാങ്കഃ മുസലീ ഹലീ സങ്കൎഷണഃ സീരപാണിഃ കാളിന്ദീഭേദനഃ ബലഃ. Balarama.

൧. ബലഭദ്രൻ—നല്ല കരുത്തുള്ളവൻ. ൨. പ്രലംബഘ്നൻ—ഹന(കൊല്ലുക)—പ്രലംബൻ എന്ന അസുരനെ കൊന്നവൻ. ൩. ബലദേവൻ-ദിവ—(ക്രീഡിക്ക)—ബലാല്ക്കാരമായി ക്രീഡിക്കുന്നവൻ. ൪. അച്യുതാഗ്രജൻ—അച്യുതന്റെ(കൃഷ്ണന്റെ)അഗ്രജൻ(ജ്യേഷ്ഠൻ). ൫. രേവതീരമണൻ—രേവതിയുടെ രമണൻ(ഭൎത്താവു). ൬. രാമൻ—രമ (ക്രീഡിക്ക). ൭. കാമപാലൻ—പാല (പാലിക്ക)—കാമദേവനെ രക്ഷിച്ചവൻ. ൮. ഹലായുധൻ—ഹലം(കരി)ആയുധമായിട്ടുള്ളവൻ. ൯. നീലാംബരൻ—നീല+അംബരം(വസ്ത്രം)ഉടുത്തവൻ. ൧൦. രൗഹിണേയൻ—രോഹിണിയുടെ പുത്രൻ. ൧൧. താലാങ്കൻ—താലം(കരിമ്പന)അങ്കം (അടയാളം) ആയിട്ടുള്ളവൻ—

കരിമ്പനയുടെശോഭയുള്ളകൊടിമരമുള്ളവൻ. ൧൨. മുസലീ—മുസലം(ഇരിമ്പുലക്ക) ആയുധം ആയിട്ടുള്ളവൻ. ൧൩. ഹലീ—ഹലം (കരി) ആയുധമായിട്ടുള്ളവൻ. ൧൪. സങ്കൎഷണൻ—കൃഷ(ആകൎഷിക്ക)—ശത്രുസൈന്യത്തെ ഹലംകൊണ്ടു സമ്യക്കാകും വണ്ണം ആകൎഷിക്കുന്നവൻ. ൧൫. സീരപാണി—പാണിയിൽ (കയ്യിൽ)സീരം(കലപ്പ)ഉള്ളവൻ. ൧൬. കാളിന്ദീഭേദനൻ—ഭിദ(മാറുക)—കാളിന്ദീ നദി ഹലംകൊണ്ടുമാററിയവൻ. ൧൭. ബലൻ—ബല(ശക്തിയുണ്ടായിരിക്ക)—ശക്തിയുള്ളവൻ.

മദനോ മന്മഥോ മാരഃ പ്രദ്യുമ്നോ മീനകേതനഃ
കന്ദൎപ്പോ ദൎപ്പകോഽനംഗഃ കാമഃ പഞ്ചശരഃ സ്മരഃ
ശംബരാരിൎമ്മനസിജഃ കുസുമേഷുരനന്യജഃ
പുഷ്പധന്വാ രതിപതിൎമ്മകരധ്വജ ആത്മഭൂഃ
ശൃംഗാരയോനിഃ ശ്രീപുത്രഃ ശൂൎപ്പകാരാതിരിത്യപി

മദനഃ മന്മഥഃ മാരഃ പ്രദ്യുമ്നഃ മീനകേതനഃ കന്ദൎപ്പഃ ദൎപ്പകഃ അനംഗഃ കാമഃ പഞ്ചശരഃ സ്മരഃ ശംബരാരിഃ മനസിജഃ കുസുമേഷുഃ അനന്യജഃ പുഷ്പധന്വാ രതിപതിഃ മകരധ്വജഃ ആത്മഭൂഃ ശൃംഗാരയോനിഃ ശ്രീപുത്രഃ ശൂൎപ്പകാരാതിഃ [ഇതി അപി].

Kamadeva (Love or Cupid, son of Krishna.)

൧. മദനൻ—മദ(മദിക്കുക)—മദിപ്പിക്കുന്നവൻ. ൨. മന്മഥൻ—മഥ(ഇളക്കുക)—മനസ്സിനെഇളക്കുന്നവൻ. ൩. മാരൻ—മൃ(മരിക്ക)—കാമുകനെമരിപ്പിക്കുന്നവൻ. ൪. പ്രദ്യുമ്നൻ—പ്ര (വിശേഷേണ) + ദ്യുമ്നം(ശക്തി)ഉള്ളവൻ. ൫. മീനകേതനൻ—മീനം (മത്സ്യം)+കേതനം (കൊടി അടയാളം) ഉള്ളവൻ. ൬. കന്ദൎപ്പൻ—കം (നിന്ദിതം)+ദൎപ്പം (അഹംകാരം)—നിന്ദിക്കത്തക്ക അഹംകാരമുള്ളവൻ. ൭. ദൎപ്പകൻ—ദൃപ(അഹംകരിപ്പിക്ക)—സ്ത്രീയെ അഹംകരിപ്പിക്കുന്നവൻ. ൮. അനംഗൻ—അൻ (നിഷേധം) അംഗം(അവയവം)—ശരീരമില്ലാത്തവൻ. ൯. കാമൻ—കമ(കാമിക്ക)—അന്യോന്യംകാമിപ്പിക്കുന്നവൻ. ൧൰. പഞ്ചശരൻ—പഞ്ച(അഞ്ച)+ശരം (അസ്ത്രം)ഉള്ളവൻ. ൧൧. സ്മരൻ—സ്മൃ (സ്മരിക്ക)—കാമത്തിൽ സ്മരണ ഉണ്ടാക്കുന്നവൻ. ൧൨. ശംബരാരി—ശംബരൻ എന്നഅസുരന്റെഅരി (ശത്രു). ൧൩. മനസിജൻ—ജന(ജനിക്കുക)—മനസ്സിൽ ജനിക്കുന്നവൻ. ൧൪. കുസുമേഷു—കുസുമം(പുഷ്പം)+ഇഷു(അമ്പു)ആയിട്ടുള്ളവൻ. ൧൫. അനന്യജൻ—ജന(ജനിക്ക)—മനസ്സിൽഅല്ലാതെ മറെറാരിടത്തുംജനിക്കാത്തവൻ. ൧൬. പുഷ്പധന്വാവ—പുഷ്പം +ധനുസ്സ (വില്ലു) ആയിട്ടുള്ളവൻ. ൧൭. രതിപതി—രതിയുടെ + പതി (ഭൎത്താവു). ൧൮. മകരധ്വജൻ—മകരം (ഒരുവക മത്സ്യം) ധ്വജം (കൊടിഅടയാളം) ആയിട്ടുള്ളവൻ. ൧൯. ആത്മഭൂവു—ആത്മം(തന്നെത്താൻ) + ഭൂവു(ഭവിച്ചവൻ.) ൨൰. ശൃംഗാരയോനി—ശൃംഗാര രസമാകുന്ന യോനിയിങ്കൽ ജനിച്ചവൻ. ൨൧. ശ്രീപുത്രൻ—ശ്രീഭഗവതിയുടെ പുത്രൻ. ൨൨. ശൂൎപ്പകാരാതി—ശൂൎപ്പകൻ എന്ന അസുരന്റെ അരാതി (ശത്രു).

അരവിന്ദമശോകഞ്ച ചൂതഞ്ച നവമാലികാ
നീലോല്പലഞ്ച പഞ്ചൈതേ പഞ്ചബാണസ്യ സായകാഃ

അരവിന്ദം അശോകം [ച] ചൂതം [ച] നവമാലികാ നീലോല്പലം [ച] [പഞ്ച ഏതെ പഞ്ചബാണസ്യ സായകാഃ]—ഇവ അഞ്ചും കാമദേവന്റെ അമ്പുകൾ. The five arrows of Cupid.

൧. അരവിന്ദം—താമരപ്പൂവു. ൨. അശോകം—അശോകവൃക്ഷത്തിന്റെപ്പൂവു. ൩. ചൂതം—മാമ്പൂവു. ൪. നവമാലിക—മുല്ലപ്പൂവ. ൫. നീലോല്പലം—കരിങ്കുവളപ്പൂവു.

ലക്ഷ്മീഃ പത്മാലയാ പത്മാ കമലാ ശ്രീർഹരിപ്രിയാ
ഇന്ദിരാ ലോകമാതാ മാ രമാ മംഗലദേവതാ
ഭാർഗ്ഗവീ ലോകജനനീ ക്ഷീരസാഗരകന്യകാ

ലക്ഷ്മീഃ പത്മാലയാ—പത്മാ—കമലാ—ശ്രീഃ ഹരിപ്രിയാ—ഇന്ദിരാ ലോകമാതാ—മാ—രമാ—മംഗലദേവതാ—ഭാർഗ്ഗവീ—ലോകജനനീ ക്ഷീരസാഗരകന്യകാ—ശ്രീഭഗവതി. Lakshmi (wife of Vishnu & goddess of prosperity.

൧. ലക്ഷ്മീ—ലക്ഷ—(കാണുക)—അമൃത മഥനത്തിങ്കൽ സുരന്മാരാൽ കാണപ്പെട്ടവൾ; സമ്പത്തു; ശോഭ; മഞ്ഞൾ. ൨. പത്മാലയാ—പത്മം (താമരപ്പൂവു) ആലയം (ഭവനം) ആയിട്ടുള്ളവൾ. ൩. പത്മാ—പത്മത്തോടു (താമരപ്പൂവിനോടു) സംബന്ധമുള്ളതുകൊണ്ടു. ൪. കമലാ—കമലത്തോടു (താമരപ്പൂവിനോടു) സംബന്ധമുള്ളതുകൊണ്ടു. ൫. ശ്രീ—ശ്രി (ബഹുമാനിക്ക)—ജനങ്ങളാൽ ബഹുമാനിക്കപ്പെടുന്നവൾ സമ്പത്തു; ശോഭ; ശ്രേയസ്സ; സരസ്വതി; പാൎവ്വതി; കരയാമ്പു. ൬. ഹരിപ്രിയാ—ഹരിയുടെ (വിഷ്ണുവിന്റെ) പ്രിയാ (ഭാൎയ്യാ). ൭. ഇന്ദിരാ—ഇന്ദ (ശോഭിക്ക). ൮. ലോകമാതാവു—ലോകത്തിന്റെ മാതാവു. ൯. മാ—(ശൃദ്ധിനാമം); വെണ്ണാ; എന്നെ. ൰. രമാ—രമ (ക്രീഡിക്ക). ൰൧. മംഗലദേവതാ—മംഗലത്തിന്റെ (ശുഭത്തിന്റെ) ദേവതാ (ദേവി). ൰൨. ഭാർഗ്ഗവീ—ഭൃഗുവിന്റെ പുത്രീ. ൰൩. ലോകജനനീ—ലോകത്തിന്റെ ജനനി (മാതാവു). ൰൪. ക്ഷീരസാഗരകന്യക—ക്ഷീരസാഗരത്തിന്റെ (പാൽക്കടലിന്റെ) കന്യക (പുത്രീ).

ഗരുത്മാൻ ഗരുഡസ്താൎക്ഷ്യോ വൈനതേയഃ ഖഗേശ്വരഃ
നാഗാന്തകോ വിഷ്ണുരഥഃ സുപൎണ്ണഃ പന്നഗാശനഃ

ഗരുത്മാൻ ഗരുഡഃ താൎക്ഷ്യഃ വൈനതേയഃ ഖഗേശ്വരഃ നാഗാന്തകഃ വിഷ്ണുരഥഃ സുപൎണ്ണഃ പന്നഗാശനഃ Garuda, the vehicle of Vishnu.

൧. ഗരുത്മാൻ—ഗരുത്തു (ചിറകു) ഉള്ളവൻ. ൨. ഗരുഡൻ—ഡയ (പറക്കുക)—ഗരുത്തുകൊണ്ടുപറക്കുന്നവൻ. ൩. താൎക്ഷ്യൻ—തൃക്ഷന്റെപുത്രൻ. ൪. വൈനതേയൻ—വിനതയുടെപുത്രൻ. ൫. ഖഗേശ്വരൻ—ഖഗങ്ങളുടെ (പക്ഷികളുടെ) ഈശ്വരൻ (രാജാവു.) ൬. നാഗാന്തകൻ—നാഗങ്ങളുടെ(സൎപ്പങ്ങളുടെ)അന്തകൻ(അന്തം വരുത്തുന്നവൻ). ൭. വിഷ്ണുരഥം—വിഷ്ണുവിന്റെരഥം (വാഹനം). ൮. സുപൎണ്ണൻ—സ്വൎണ്ണനിറത്തിൽ പൎണ്ണം (ചിറകു) ഉള്ളവൻ. ൯. പന്നഗാശനൻ—പന്നഗത്തെ (പാമ്പിനെ) അശിക്കുന്നവൻ (ഭക്ഷിക്കുന്നവൻ).

ശംഭുരീശഃ പശുപതിഃ ശിവശ്ശൂലീ മഹേശ്വരഃ
ഈശ്വരശ്ശൎവ്വ ഈശാനഃ ശങ്കരശ്ചന്ദ്രശേഖരഃ
ഭൂതേശഃ ഖണ്ഡപരശുഃ ഗിരീശൊ ഗിരിശൊ മൃഡഃ
മൃത്യുഞ്ജയഃ കൃത്തിവാസാഃ പിനാകീ പ്രമഥാധിപഃ
ഉഗ്രഃ കപൎദ്ദീ ശ്രീകണ്ഠഃ ശിതികണ്ഠഃ കപാലഭൃൽ
വാമദെവൊ മഹാദെവൊ വിരൂപാക്ഷഃ ത്രിലൊചനഃ
കൃശാനുരെതാഃ സൎവ്വജ്ഞൊ ധൂൎജ്ജടിൎന്നീലലൊഹിതഃ
ഹരഃ സ്മരഹരൊ ഭൎഗ്ഗഃ ത്ര്യംബകസ്ത്രിപുരാന്തകഃ
ഗംഗാധരൊന്ധകരിപുഃ ക്രതുധ്വംസീ വൃഷധ്വജഃ
വ്യൊമകെശൊ ഭവൊ ഭീമഃ സ്ഥാണുരുദ്ര ഉമാപതിഃ

ശംഭുഃ ഈശഃ പശുപതിഃ ശിവഃ ശൂലീ മഹെശ്വരഃ ഈശ്വരഃ ശൎവ്വഃ ഈശാനഃ ശങ്കരഃ ചന്ദ്രശെഖരഃ ഭൂതെശഃ ഖണ്ഡപരശുഃ ഗിരീശഃ ഗിരിശഃ മൃഡഃ മൃത്യുഞ്ജയഃ കൃത്തിവാസാഃ പിനാകീ പ്രമഥാധിപഃ ഉഗ്രഃ കപൎദ്ദീ ശ്രീകണ്ഠഃ ശിതികണ്ഠഃ കപാലഭൃൽ വാമദെവഃ മഹാദെവഃ വിരൂപാക്ഷഃ ത്രിലൊചനഃ കൃശാനുരെതാഃ സൎവ്വജ്ഞഃ ധൂൎജ്ജടിഃ നീലലൊഹിതഃ ഹരഃ സ്മരഹരഃ ഭൎഗ്ഗഃ ത്ര്യംബകഃ ത്രിപുരാന്തകഃ ഗംഗാധരഃ അന്ധകരിപുഃ ക്രതുധ്വംസീ വൃഷധ്വജഃ വ്യൊമകെശഃ ഭവഃ ഭീമഃ സ്ഥാണുഃ രുദ്രഃ ഉമാപതിഃ— Siva (the destroyer and reproducer.)

൧. ശംഭു—ശം(സുഖം)+ഭൂ (ഭവിക്ക)—സുഖം ഭവിപ്പിക്കുന്നവൻ; ബ്രഹ്മാവു; വിഷ്ണു. ൨. ഈശൻ—ഈശ(പാലിക്ക); നാഥൻ. ൩. പശുപതി-പശുക്കളുടെ(പ്രാണികളുടെ) പതി (രക്ഷിതാവു). ൪. ശിവൻ—ശിവം (മംഗലം) കൊടുക്കുന്നവൻ. ൫. ശൂലി—ശൂലം ആയുധമായിട്ടുള്ളവൻ. ൬. മഹെശ്വരൻ മഹാ (വലിയ) ഈശ്വരൻ(ദെവൻ). ൭. ഈശ്വരൻ ഈശ(പാലിക്ക). ൮. ശൎവ്വൻ—ശൄ(നശിപ്പിക്ക)—പ്രളയത്തിങ്കൽ നശിപ്പിക്കുന്നവൻ. ൯. ഈശാനൻ—ഈശാനം എന്ന ദിക്കിൽ ഭവിച്ചവൻ. ൧൦. ശങ്കരൻ—കൃഞ (ചെയ്ക)—ശം (സുഖം) ഉണ്ടാക്കുന്നവൻ. ൧൧. ചന്ദ്രശെഖരൻ—ചന്ദ്രകല തലയിൽ ആഭരണമായുള്ളവൻ. ൧൨. ഭൂതെശൻ പഞ്ചഭൂതങ്ങളുടെ ഈശൻ. ൧൩. ഖണ്ഡപരശു—വെണ്മഴു ആയുധമായി ധരിച്ചവൻ. ൧൪. ഗിരീശൻ—ഗിരിയുടെ (കൈലാസപൎവ്വതത്തിന്റെ) ഈശൻ ൧൫. ഗിരിശൻ—ശീ(ശയിക്ക)—വിവാഹദിവസത്തിൽ ഹിമവാൻപൎവ്വതത്തിൽ ഉറങ്ങിയവൻ. ൧൬. മൃഡൻ—മൃഡ (സുഖിപ്പിക്ക). ൧൭. മൃത്യുഞ്ജയൻ—ജി (ജയിക്ക)—മൃത്യുവിനെ (കാലനെ) ജയിച്ചവൻ. ൧൮. കൃത്തിവാസസ്സ—കൃത്തി (തൊൽ)+വാസസ്സ (വസ്ത്രം) ആയിട്ടുള്ളവൻ. ൧൯. പിനാകി—പിനാകം എന്ന വില്ലുള്ളവൻ. ൨൦. പ്രമഥാധിപൻ—പ്രമഥങ്ങളുടെ (ഭൂതങ്ങളുടെ) അധിപൻ (അധികാരി). ൨൧. ഉഗ്രൻ—ഗ്രഹ(പിടിക്ക)—ഉൽക്കടെന പിടിക്കുന്നവൻ; ക്രൂരൻ; ശൂദ്രസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. ൨൨. കപൎദ്ദി—കപൎദ്ദം എന്ന ജടയുള്ളവൻ. ൨൩. ശ്രീകണ്ഠൻ—ശ്രീ (ശൊഭയുള്ള) കണ്ഠം (കഴുത്തു) ഉള്ളവൻ. ൨൪. ശിതികണ്ഠൻ—ശിതി (നീല) കണ്ഠം (കഴുത്തു) ഉള്ളവൻ. ൨൫. കപാലഭൃത്തു—ഭൃ (ഭരിക്ക)—കപാ

ലം (തലയോട്ടി) എടുത്തു ഇരന്നവൻ. ൨൬. വാമദേവൻ—വാമ (ശ്രേഷ്ഠനായ) ദേവൻ; ഒരു മഹൎഷി. ൨൭. മഹാദേവൻ—മഹാ (വലിയ) ദേവൻ (ദൈവം). ൨൮. വിരൂപാക്ഷൻ—വിരൂപ (വിശേഷ രൂപമുള്ള) അക്ഷി (കണ്ണു) ഉള്ളവൻ. ൨൯. ത്രിലോചനൻ—ത്രി (മൂന്നു) ലോചനം (കണ്ണു) ഉള്ളവൻ. ൩൦. കൃശാനുരെതസ്സ—കൃശാനുവിങ്കൽ (അഗ്നിയിങ്കൽ) രെതസ്സ (ശുക്ലം) പതിച്ചവൻ. സൎവ്വജ്ഞൻ—ജ്ഞാ (അറിയുക) സൎവ്വവും അറിയുന്നവൻ; ബുദ്ധമുനി. ൩൨. ധൂൎജ്ജടി—ജടയിൽ ഗംഗ എന്ന ധൂർ (ചുമടു) ഉള്ളവൻ. ൩൩. നീലലോഹിതൻ—നീല (കറുത്ത) ലോഹിത (ചുവന്ന)—കറുത്ത കണ്ഠവും ചുവന്ന തലമുടിയുമുള്ളവൻ. ൩൪. ഹരൻ—ഹൃഞ (നശിപ്പിക്ക)—പാപത്തെ നശിപ്പിക്കുന്നവൻ; അഗ്നി; കഴുത. ൩൫. സ്മരഹരൻ—ഹൃഞ (കൊല്ലുക) സ്മരനെ (കാമദേവനെ) കൊന്നവൻ. ൩൬. ഭൎഗ്ഗൻ—ഭ്രസ്ജ (എരിക്ക)—കാമദേവനെ ദഹിപ്പിച്ചവൻ; ബ്രഹ്മാവു; ഉപായി. ൩൭. ത്ര്യംബകൻ—ത്രി (മൂന്നു) അംബകം (കണ്ണു) ഉള്ളവൻ. ൩൮. ത്രിപുരാന്തകൻ—ത്രിപുരന്മാരുടെ (ഇരിമ്പുകൊണ്ടും വെള്ളികൊണ്ടും സ്വൎണ്ണംകൊണ്ടും മൂന്നു വീടുണ്ടായിരുന്ന അസുരന്മാരുടെ) അന്തകൻ. ൩൯. ഗംഗാധരൻ—ധൃ (ധരിക്ക) ഗംഗയെ ധരിച്ചവൻ. ൪൦. അന്ധകരിപു—അന്ധകന്റെ (കാലന്റെ) രിപു (ശത്രു). ൪൧. ക്രതുധ്വംസി—ക്രതു (യാഗം)+ധ്വംസ (നശിപ്പിക്ക)—ദക്ഷയാഗത്തെ നശിപ്പിച്ചവൻ. ൪൨. വൃഷഭധ്വജൻ—വൃഷഭം (കാള) ധ്വജം (വാഹനം) ആയിട്ടുള്ളവൻ; ഗണപതി. ൪൩. വ്യോമകേശൻ—വ്യോമത്തിൽ (ആകാശത്തിൽ) കേശം (തലമുടി) വ്യാപിച്ചിട്ടുള്ളവൻ. ൪൪. ഭവൻ—ഭൂ (ഭവിക്ക)—സകലത്തിന്റെയും ഉത്ഭവസ്ഥാനം. ൪൫. ഭീമൻ—ഭീ (ഭയപ്പെടുത്തുക)—സംഹാരദിവസത്തിൽ ഭയമുണ്ടാക്കുന്നവൻ. ൪൬. സ്ഥാണു—സ്ഥാ (നില്ക്കുക)—എന്നും നില്ക്കുന്നവൻ. ൪൭. രുദ്രൻ—രുദ (കരയുക). ൪൮. ഉമാപതി—ഉമയുടെ (പാൎവ്വതിയുടെ) പതി (ഭൎത്താവു).

ഉമാകാത്ത്യായനീ ഗൌരീ കാളീ ഹൈമവതീ’ശ്വരീ
ശിവാ ഭവാനീ രുദ്രാണീ ശൎവ്വാണീ സൎവ്വമംഗലാ
അപൎണ്ണാ പാൎവ്വതീ ദുൎഗ്ഗാ മൃഡാനീ ചണ്ഡികാ’ംബികാ

ഉമാ കാത്ത്യായനീ ഗൌരീ കാളീ ഹൈമവതീ ൟശ്വരീ ശിവാ ഭവാനീ രുദ്രാണീ ശൎവ്വാണീ സൎവ്വമംഗലാ അപൎണ്ണാ പാൎവ്വതീ ദുൎഗ്ഗാ മൃഡാനീ ചണ്ഡികാ അംബികാ. Bhavani (the wife of Siva.)

൧. ഉമാ—ഉ (എടൊ) + മാ (അരുതു)—തപസ്സിങ്കൽനിന്നു നിഷേധിക്കപ്പെട്ടവൾ; അഗസ്തിവൃക്ഷം. ൨. കാത്ത്യായനീ—കൃഞ (ഉണ്ടാക്കുക)—ബ്രഹ്മാദികളുടെ തെജസ്സുകൊണ്ടു ഉണ്ടാക്കപ്പെട്ടവൾ; മദ്ധ്യ വയസ്സുള്ള വിധവ. ൩. ഗൌരീ—ഗൌരവൎണ്ണമായുള്ളവൾ. ൪. കാളീ—ഒരു ജന്മത്തു കറുത്തവൾ; അമരി; ഒരു പിശാചപ്പെണ്ണു. ൫. ഹൈമവതീ—ഹിമവാന്റെ പുത്രി; കടുക്കാ; വെളുത്ത വയമ്പു; ഗംഗാനദി. ൬. ൟശ്വരീ—ൟശ (രക്ഷിക്ക) ലോകത്തെ രക്ഷിക്കുന്നവൾ; അണലിവെഗം. ൭. ശിവാ—ശിവം (മംഗലം) ഉള്ളവൾ; കുറുക്കൻ; കടുക്കാ; നെല്ലിക്കാ. ൮. ഭവാനീ—ഭൂ (ഭവിക്ക). ൯. രുദ്രാണീ—രുദ്രന്റെ (ശിവന്റെ) ഭാൎയ്യ. ൧൦. ശൎവ്വാണീ—ശൎവ്വന്റെ (ശിവന്റെ) ഭാൎയ്യ. ൧൧. സൎവ്വമംഗലാ—എല്ലായ്പൊഴും മംഗലം (സന്തോഷം) ഉള്ളവൾ.

൧൨. അപൎണ്ണാ—പൎണ്ണം (ഇല)—തപസ്സിങ്കൽ ഉണങ്ങിയ ഇല പോലും ഭക്ഷിച്ചിട്ടില്ലാത്തവൾ. ൧൩. പാൎവ്വതീ—(പൎവ്വതപുത്രി.) ൧൪. ദുൎഗ്ഗാ—ദുൎഗ്ഗസ്ഥാനത്തിങ്കൽ (വനപൎവ്വതാദികളിൽ)വസിക്കുന്നവൾ. ൧൫. മൃഡാനീ—മൃഡന്റെ (ശിവന്റെ) ഭാൎയ്യ. ൧൬. ചണ്ഡികാ—ചഡി (കോപിക്ക.) ൧൭. അംബികാ—അംബ (അമ്മ)—ലോകമാതാവു.

വിനായകോ വിഘ്നരാജ ദ്വൈമാതുര ഗണാധിപാഃ
അപ്യേകദന്ത ഹേരംബ ലംബോദര ഗജാനനാഃ

വിനായകഃ വിഘ്നരാജഃ ദ്വൈമാതുരഃ ഗണാധിപഃ [അപി] ഏകദന്തഃ ഹേരംബഃ ലംബോദരഃ ഗജാനനഃ—ഗണപതി. Genapaty (obviator of difficulties).

൧. വിനായകൻ—നീങ് (പ്രാപിക്ക)—ദുഷ്ടജനങ്ങളെ ശിക്ഷിക്കുന്നവൻ: നായകനില്ലാത്തവൻ; ഗരുഡൻ; ബുദ്ധമുനി. ൨. വിഘ്നരാജൻ—വിഘ്നങ്ങൾക്കു രാജാവു—വിഘ്നങ്ങളെ നശിപ്പിക്കുന്നവൻ. ൩. ദ്വൈമാതുരൻ—ഗംഗയും പാൎവ്വതിയുമിങ്ങനെ രണ്ടുമാതാക്കളുള്ളവൻ. ൪. ഗണാധിപൻ—ഗണങ്ങളുടെ (ഭൂതങ്ങളുടെ) അധിപൻ. ൫. ഏകദന്തൻ—ഏക(ഒറ്റ)ദന്തം (കൊമ്പു) ഉള്ളവൻ. ൬. ഹെരംബൻ.—രബ (ശബ്ദിക്ക)—ഭൂതഗണങ്ങളെ ഹെ എന്നുവിളിച്ചു ശബ്ദിക്കുന്നവൻ. പാഠാന്തരം—ഋ (ഗമിക്ക)—ഹെ (പരമെശ്വര സമീപത്തു)+രംബതെ (ഇരിക്കുന്നു) എന്നതുകൊണ്ടു. ൭. ലംബോദരൻ—ലംബ (ഇഴിയ) + ഉദരം (വയർ) ഉള്ളവൻ. ൮. ഗജാനനൻ—ഗജത്തിന്റെ (ആനയുടെ) + ആനനം (മുഖം) ഉള്ളവൻ.

കാൎത്തികെയോ മഹാസെനശ്ശരജന്മാ ഷഡാനനഃ
പാൎവ്വതീനന്ദന സ്കന്ദസ്സെനാനീരഗ്നിഭൂൎഗ്ഗുഹഃ
ബാഹുലെയസ്താരകജിദ്വിശാഖശ്ശിഖിവാഹനഃ
ഷാണ്മാതുരശ്ശക്തിധരഃ കുമാരഃ ക്രൌഞ്ചദാരണഃ

കാൎത്തികെയഃ മഹാസെനഃ ശരജന്മാ-ഷഡാനനഃ പാൎവ്വതീനന്ദനഃ സ്കന്ദഃ സെനാനീഃ അഗ്നിഭൂഃ ഗുഹഃ ബാഹുലെയഃ താരകജിൽ-വിശാഖഃ ശിഖിവാഹനഃ ഷാണ്മാതുരഃ ശക്തിധരഃ കുമാരഃ ക്രൌഞ്ചദാരണഃ Kartikeya (the god of war).

൧. കാൎത്തികെയൻ—വെദത്തിൽ കൃത്തികകളുടെ അപത്യം എന്നു പറകയാൽ. ൨. മഹാസെനൻ—വലിയ സെനയുള്ളവൻ. ൩. ശരജന്മാവു—ജന (ജനിക്ക)—ശരത്തിൽനിന്നു (ഒരുമാതിരി പുല്ലിൽനിന്നു) ജനിച്ചവൻ. ൪. ഷഡാനനൻ—ഷൾ (ആറു) ആനനം (മുഖം) ഉള്ളവൻ. ൫. പാൎവ്വതിനന്ദനൻ—പാൎവ്വതിയുടെ പുത്രൻ. ൬. സ്കന്ദൻ—ദു (ഓടുക)—ശത്രുസൈന്യത്തൊടു നെരിട്ടു ഓടിച്ചെല്ലുന്നവൻ: പാഠാന്തരം—സ്കന്ദി (ഗമിക്ക-ശൊഷിക്ക)—ശത്രുവിനെ ശൊഷിപ്പിക്കുന്നവൻ. ൭. സെനാനീ—ദെവസെനകളെ നയിപ്പിക്കുന്നവൻ. ൮. അഗ്നിഭൂവു—അഗ്നിയിൽനിന്നു ഭവിച്ചവൻ. ൯. ഗുഹൻ—ഗുഹ (മറെക്കുക)—തന്റെസൈന്യത്തെ

തന്റെ ഛായകൊണ്ടു മറയ്ക്കുന്നവൻ; മാശരാജാവു. ൧൦. ബാഹുലെയൻ—വളരെ പെരുള്ളവൻ; പാഠാന്തരം—ബഹുലയുടെ (കാൎത്തികയുടെ) അപത്യം. ൧൧. താരകജിത്തു—താരക എന്ന അസുരനെ ജയിച്ചവൻ. ൧൨. വിശാഖൻ—വിശാഖം എന്ന നക്ഷത്രം നാൾ ജനിച്ചവൻ. ൧൩. ശിഖിവാഹനൻ—ശിഖി(മയിൽ)വാഹനമായിട്ടുള്ളവൻ. ൧൪. ഷാണ്മാതുരൻ—ഷൾ (ആറ) മാതാവുള്ളവൻ. ൧൫. ശക്തിധരൻ—ശക്തി (വെല്ല) ധരിച്ചവൻ. ൧൬. കുമാരൻ—സദാബ്രഹ്മചാരിത്വമുള്ളവൻ; പുത്രൻ; ബാലൻ. ൧൭. ക്രൌഞ്ചദാരണൻ—ദ്ദ (പിളൎക്ക)—ക്രൌഞ്ചം എന്നപൎവ്വതത്തെ പിളൎന്നവൻ.

ഇന്ദ്രൊ മരുത്വാ’ന്മഘവാ വിഡൌജാഃ പാകശാസനഃ
വൃദ്ധശ്രവാ’ശ്ശുനാസീരഃ പുരുഹൂതഃ പുരന്ദരഃ
ജിഷ്ണു’ൎല്ലെഖൎഷഭ’ശ്ശക്ര’ശ്ശതമന്യു’ൎദ്ദിവസ്പതിഃ
സുത്രാമാ ഗൊത്രഭി’ദ്വജ്രീ വാസവൊ വൃത്രഹാ വൃഷാ
വാസ്തൊഷ്പതി’സ്സുരപതി’ൎവ്വലാരാതി’ശ്ശചീപതിഃ
ജംഭഭെദീ ഹരിഹയ’സ്സ്വാരാ’ണ്ണമുചിസൂദനഃ
സംക്രന്ദനൊ ദുശ്ച്യവന’സ്തുരാഷാ’ണ്മെഘവാഹനഃ
ആഖണ്ഡല’സ്സഹസ്രാക്ഷ ഋഭുക്ഷാ’സ്തസ്യതു പ്രിയാ
പുലൊമജാ ശചീ’ന്ദ്രാണീ നഗരീ ത്വ’മരാവതീ

ഇന്ദ്രഃ മരുത്വാൻ മഘവാ വിഡൌജാഃ പാകശാസനഃ വൃദ്ധശ്രവാഃ ശുനാസീരഃ പുരുഹൂതഃ പുരന്ദരഃ ജിഷ്ണുഃ ലെഖൎഷഭഃ ശക്രഃ ശതമന്യുഃ ദിവസ്പതിഃ സുത്രാമാ ഗൊത്രഭിൽ വജ്രീ വാസവഃ വൃത്രഹാ വൃഷാ വാസ്തൊഷ്പതിഃ സുരപതിഃ വലാരാതിഃ ശചീപതിഃ ജംഭഭെദീ ഹരിഹയഃ സ്വാരാൾ നമുചിസൂദനഃ സംക്രന്ദനഃ ദുശ്ച്യവനഃ തുരാഷാൾ മെഘവാഹനഃ ആഖണ്ഡലഃ സഹസ്രാക്ഷഃ ഋഭുക്ഷാഃ Indra, the regent of the sky.

൧. ഇന്ദ്രൻ—ഇദി (പരമൈശ്വൎയ്യം) ഉള്ളവൻ. ൨. മരുത്വാൻ—മരുത്തുകൾ (ദെവകൾ) ഉള്ളവൻ; ഹനുമാൻ; മെഘം. ൩. മഘവാൻ, മഘവാവു—മഘം (സൌഖ്യം) ഉള്ളവൻ; പാഠാന്തരം—മഹ (പൂജിക്ക)—ജനങ്ങളാൽപൂജിക്കപ്പെടുന്നവൻ. ൪. വിഡൌജസ്സു—വിഡ (ഭെദിക്ക) + ഓജസ്സു (ബലം)—ശത്രുക്കളെ ബലക്ഷയം വരുത്തുന്നവൻ. ൫. പാകശാസനൻ—ശസ (ഹിംസിക്ക)—പാകൻ എന്ന അസുരനെ കൊന്നവൻ. ൬. വൃദ്ധശ്രവസ്സു—ശ്രു (ശ്രവിക്ക)—ബൃഹസ്പതിതുടങ്ങിയുള്ള വൃദ്ധന്മാരിൽനിന്ന ഹിതത്തെ കെൾക്കയാൽ. ൭. ശുനാസീരൻ—ശൊഭയുള്ള നാസീരം (സെനാമുഖം) ഉള്ളവൻ. ൮. പുരുഹൂതൻ—ഹ്വെ (വിളിക്ക)—യാഗത്തിങ്കൽ യാഗംചെയ്യുന്നവനാൽ ആദ്യം വിളിക്കപ്പെടുന്നവൻ. ൯. പുരന്ദരൻ—ദൃ (ഭെദിക്ക)—ശത്രുക്കളുടെപട്ടണങ്ങളെ ഭെദിക്കുന്നവൻ. ൧൦. ജിഷ്ണു—ജി (ജയിക്ക)—ശത്രുക്കളെ ജയിക്കുന്നവൻ. ൧൧. ലെഖൎഷഭൻ—ലെഖന്മാരുടെ (ദെവകളുടെ) ശ്രെഷ്ഠൻ. ൧൨. ശക്രൻ—ശക (പ്രാപ്തിപ്പെടുക)—അസുരന്മാരെശിക്ഷിപ്പാൻ പ്രാ

ക്തിയുള്ളവൻ. ൧൩. ശതമന്യു—ശതം(നൂറു)+മന്യു(യാഗം)ചെയ്യുവൻ. ൧൪. ദിവസ്പതി—ദിവത്തിന്റെ (സ്വൎഗ്ഗത്തിന്റെ) പതി (പ്രഭു.) ൧൫. സുത്രാമാവു—ലോകങ്ങളെ നല്ലവണ്ണം രക്ഷിക്കുന്നവൻ. ൧൬. ഗോത്രഭിത്തു—ഭിദ (കീറുക)—ഗോത്രങ്ങളെ (പൎവ്വതങ്ങളെ) ചിറകുമുറിച്ചവൻ. ൧൭. വജ്രീ—വജ്രം ആയുധമായുള്ളവൻ. ൧൮. വാസവൻ—വസു (രത്നം) ഉള്ളവൻ. ൧൯. വൃത്രഹാവു—ഹൻ(കൊല്ലുക)—വൃത്രാസുരനെ കൊന്നവൻ. ൨൦. വൃഷാവു—വൃഷ (നനെക്ക)—മേഘങ്ങളെക്കൊണ്ടു വൎഷിപ്പിക്കുന്നവൻ. ൨൧. വാസ്തോഷ്പതി—വീടു തുടങ്ങിയുള്ള സ്ഥലത്തിന്റെ പതിയായവൻ. ൨൨. സുരപതി—സുരന്മാരുടെ (ദേവകളുടെ) പതി. ൨൩. വലാരാതി—വലൻ എന്ന അസുരന്റെ അരാതി (ശത്രു.) ൨൪. ശചീപതി—ശചിയുടെ ഭൎത്താവു. ൨൫. ജംഭഭേദീ—ഭിദ (ഭേദിക്ക)—ജംഭൻ എന്ന അസുരനെ കൊന്നവൻ. ൨൬. ഹരിഹയൻ—ഹരിനിറമായ ഹയം (കുതിര) ഉള്ളവൻ. ൨൭. സ്വരാട്ടു—സ്വൎഗ്ഗത്തിലെ രാജാവു. ൨൮. നമുചിസൂദനൻ—നമുചിഎന്ന അസുരനെ കൊന്നവൻ. ൨൯. സംക്രന്ദനൻ—ക്രന്ദ(കരയുക)—ശത്രുക്കളെ കരയിക്കുന്നവൻ. ൩൦. ദുശ്ച്യവനൻ—ച്യവനമഹൎഷിയുടെ തപോബലത്തെ സഹിക്കാത്തവൻ. ൩൧. തുരാഷാട്ടു—ഷഹ(സഹിക്ക)—തുരം(ശത്രുവെഗത്തെ)സഹിക്കുന്നവൻ. ൩൨. മേഘവാഹനൻ—മേഘം വാഹനമായിട്ടുള്ളവൻ. ൩൩. ആഖണ്ഡലൻ—ഖഡ(ഖണ്ഡിക്ക)—ശത്രുക്കളെ കൊല്ലുന്നവൻ. ൩൪. സഹസ്രാക്ഷൻ—സഹസ്രം (ആയിരം)+അക്ഷി (കണ്ണു) ഉള്ളവൻ. ൩൫. ഋഭുക്ഷാവു—ക്ഷിപ (പ്രെരിക്ക)—ഋഭുക്കളെ (ദേവകളെ) ചൊല്ലി നടത്തുന്നവൻ.

[തസ്യതുപ്രിയാ]പുലോമജാ ശചീ ഇന്ദ്രാണീ. ഇന്ദ്രന്റെഭാൎയ്യ Indra's wife.

൧. പുലോമജാ—പുലോമാവു എന്ന അസുരന്റെ പുത്രി. ൨. ശചി—ശചി (നടക്കുക)—ഹംസത്തിനെപ്പോലെയും മദിച്ച ആനയെപ്പോലെയും നടക്കുന്നവൾ. ൩. ഇന്ദ്രാണി—ഇന്ദ്രന്റെ ഭാൎയ്യ.

[നഗരീ-തു] അമരാവതീ. ഇന്ദ്രന്റെ നഗരി. Indra's City

൧. അമരാവതി—വസ (വസിക്ക)—അമരന്മാർ(ദേവകൾ)വസിക്കുന്നസ്ഥലം.

മന്ദാകിനീ വിയൽഗംഗാ സ്വൎണ്ണദീ സുരദീൎഘികാ

മന്ദാകിനീ വിയൽഗംഗാ സ്വൎണ്ണദീ സുരദീൎഘികാ. The Ganges of the sky.

൧. മന്ദാകിനീ—അക (ഗമിക്ക)—മന്ദമായി (കുടിലമായി) ഗമിക്കുന്നത. ൨. വിയൽഗംഗാ—വിയൽ (ആകാശ)+ഗംഗാ. ൩. സ്വൎണ്ണദീ = സ്വൎഗ്ഗനദി. ൪. സുരദീൎഘിക—സുരന്മാരുടെ ദീൎഘിക (പുഴ).

മെരുസ്സുമെരു ൎഹമാദ്രി രത്നസാനുസ്സുരാലയഃ

മെരുഃ സുമെരുഃ ഹെമാദ്രിഃ രത്നസാനുഃ സുരാലയഃ The mountain Sumeru.

൧. മെരു. ൨. സുമെരു—മിഞ് (പ്രക്ഷെപിക്ക)—ജ്യോതിസ്സുകളെ ശിഖരംകൊണ്ടു വഹിക്കുന്നതു; ശിവൻ. ൩. ഹെമാദ്രി—ഹെമം (സ്വൎണ്ണം)+അദ്രി (മല).

൪. രത്നസാനു—രത്നം സാനുവായി ഉള്ളതു. ൫. സുരാലയം—സുരന്മാരുടെ (ദെവകളുടെ)+ആലയം (വീടു.)

പഞ്ചൈതെ ദെവതരവൊ മന്ദാരഃ പാരിജാതകഃ
സന്താനഃ കല്പവൃക്ഷശ്ച പുംസിവാ ഹരിചന്ദനം

[പഞ്ച.ഏതെ.ദെവതരവഃ] മന്ദാരഃ പാരിജാതകഃ സന്താനഃ കല്പവൃക്ഷഃ [ച] [പുംസി-വാ] ഹരിചന്ദനം. Fife Celestial trees.

൧. മന്ദാരം.—ഇടതിങ്ങിവെരുള്ളതു; പാഠാന്തരം— മദി (സന്തൊഷിക്ക)—ഇതിനാലെജനങ്ങൾസന്തൊഷിക്കുന്നു. ൨. പാരിജാതകം—പാരിൽനിന്നു (സമുദ്രത്തിൽനിന്നു) ഉണ്ടായതു; മുൾമുരിക്ക. ൩. സന്താനം—തനു (വിസ്തരിക്ക)—പുഷ്പാദികൾഅധികമായിഉണ്ടാകുന്നതു; സന്തതി. ൪. കല്പവൃക്ഷം—കൢപ (നിശ്ചയിക്ക)—ഇഛിക്കുന്നതുസമൃദ്ധിയായിതരുന്നവൃക്ഷം. ൫. ഹരിചന്ദനം—ചദി (പ്രസാദിപ്പിക്ക)—ഹരിയെ (ഇന്ദ്രനെ) പ്രസാദിപ്പിക്കുന്നതു.

അഗ്നിൎവൈശ്വാനരൊ വഹ്നിൎവീതിഹൊത്രൊ ധനഞ്ജയഃ
കൃപീടയൊനിൎജ്വലനൊ ജാതവെദാസ്തനൂനപാൽ
ബൎഹിശ്ശുഷ്മാ കൃഷ്ണവൎത്മാ ശൊചിഷ്കെശ ഉഷൎബ്ബുധഃ
ആശ്രയാശൊ ബൃഹൽഭാനുഃ കൃശാനുഃ പാവകൊƒനലഃ
രൊഹിതാശ്വൊ വായുസഖശ്ശിഖാവാനാശുശുക്ഷണിഃ
ഹിരണ്യരെതാ ഹുതഭുഗ്ദഹനൊ ഹവ്യവാഹനഃ
സപ്താൎച്ചിൎദ്ദമുനാ ശ്ശുക്രശ്ചിത്രഭാനുൎവ്വിഭാവസുഃ
ശുചിരപ്പിത്തമൌൎവ്വസ്തു ബാഡവൊ ബഡവാനലഃ

അഗ്നിഃ വൈശ്വാനരഃ വഹ്നിഃ വീതിഹൊത്രഃ ധനഞ്ജയഃ കൃപീടയൊനിഃ ജ്വലനഃ ജാതവെദാഃ തനൂനപാൽ ബൎഹിഃ ശുഷ്മാ കൃഷ്ണവൎത്മാ ശൊചിഷ്കെശഃ ഉഷൎബ്ബുധഃ ആശ്രയാശഃ ബൃഹൽഭാനുഃ കൃശാനുഃ പാവകഃ അനലഃ രൊഹിതാശ്വഃ വായുസഖഃ ശിഖാവാൻ ആശുശുക്ഷണിഃ ഹിരണ്യരെതാഃ ഹുതഭുക് ദഹനഃ ഹവ്യവാഹനഃ സപ്താൎച്ചിഃ ദമുനാഃ ശുക്രഃ ചിത്രഭാനുഃ വിഭാവസുഃ ശുചിഃ അപ്പിത്തം. Fire.

൧. അഗ്നി—അഗ (ഗമിക്ക)—മെലൊട്ടുംകീഴിലമായുംഗമിക്കുന്നതു. ൨. വൈശ്വാനരൻ—വിശ്വാനരമഹൎഷിയുടെപുത്രൻ. ൩. വഹ്നി—വഹ (വഹിക്ക)—ഹവ്യത്തെവഹിക്കുന്നവൻ. ൪. വീതിഹൊത്രൻ—വീതി (കൊണ്ടുപൊക)+ഹൊത്രം (ഹൊമസാധനം)—ഹൊമസാധനത്തെ ദെവകൾക്കുകൊണ്ടുപൊയികൊടുക്കുന്നവൻ; ആദിത്യൻ. ൫. ധനഞ്ജയൻ—ജി (ജയിക്ക)—ധനത്തെ ജയിക്കുന്നവൻ; അൎജ്ജുനൻ. ൬. കൃപീടയൊനി—കൃപീടത്തിന്റെ (വെള്ളത്തിന്റെ)+യൊനി (ഉത്ഭവസ്ഥാനം) ൭. ജ്വലനൻ—ജ്വല (ജ്വലിക്ക) ൮. ജാതവെദസ്സു

—വിദ (ഭവിക്ക)— ജനിക്കുംപൊൾതന്നെ പ്രാണിയിങ്കൽഇരിക്കുന്നതു. പാഠാന്തരം—വേദം ഉണ്ടാക്കിയവൻ; ൯. തനൂനപാത്തു—പത്ല (ഗമിക്ക)—തനുവിനെ(ശരിരത്തെ) നശിപ്പിക്കാത്തതു. ൧൦. ബൎഹി—ബൃഹ (വൎദ്ധിക്ക)—ആജ്യാദികളാൽവൎദ്ധിക്കുന്നതു. ൧൧. ശുഷ്മാവു—ശുഷ (ഉണങ്ങുക)—ശൊഷിപ്പിക്കുന്നതു. ൧൨. കൃഷ്ണവൎത്മാവു—കൃഷ്ണം (കറുത്ത) വൎത്മാവു(വഴി)—താൻപൊകുന്നവഴികറുത്തിട്ടുള്ളവൻ. ൧൩. ശൊചിഷ്കെശൻ—ശൊചിസ്സു (ജ്വാല)+കെശം (തലമുടി)—ജ്വാലതലമുടിയായുള്ളവൻ. ൧൪. ഉഷൎബ്ബുധൻ—ബുധ (പ്രകാശിക്ക)—ഉഷസ്സിങ്കൽ (പ്രഭാതകാലത്തിൽ) പ്രകാശിക്കുന്നവൻ ൧൫. ആശ്രയാശൻ—അശ (ഭക്ഷിക്ക)—ആശ്രയിക്കുന്നതിനെ ഭക്ഷിക്കുന്നവൻ. ൧൬. ബൃഹൽഭാനു—ബൃഹൽ (വലുതായ) + ഭാനു (ശൊഭ) ഉള്ളതു. ൧൭. കൃശാനു—കൃശ (ചെറുതാകുക)—ഉത്ഭവത്തിങ്കൽചെറുതായിട്ടുള്ളതു. ൧൮. പാവകൻ—പൂ (ശുദ്ധിയാക്കുക) ൧൯. അനലൻ—അന (ജീവിക്ക)—സകലപ്രാണികളും ഇതിനാൽജീവിക്കുന്നതുകൊണ്ടു. ൨൦. രൊഹിതാശ്വൻ—രൊഹിതം (ചുവന്ന)+അശ്വം (കുതിര)—ചുവന്നകുതിരപ്പുറത്തു ഓടിക്കുന്നവൻ. ൨൧. വായുസഖൻ—വായുവിന്റെസഖി. ൨൨. ശിഖാവാൻ—ശിഖാ (ജ്വാല)—ഉള്ളവൻ. ൨൩. ആശുശുക്ഷണി—ശുഷ (ശൊഷിപ്പിക്ക)—ആശു (വെഗം) ശൊഷിപ്പിക്കുന്നതു. ൨൪. ഹിരണ്യരെതസ്സു—ഹിരണ്യം (സ്വൎണ്ണം) + രെതസ്സു (ശുക്ലം) ആയിട്ടുള്ളവൻ; ആദിത്യൻ; ശിവൻ. ൨൫. ഹുതഭുക്ക—ഹുതത്തെ (ഹൊമത്തെ)+ഭുക (ഭുജിക്കുന്നവൻ); കൊടുവെലി. ൨൬. ദഹനൻ—ദഹ (ചുടുക). ൨൭. ഹവ്യവാഹനൻ—ഹവിസ്സിനെ വഹിക്കുന്നവൻ. ൨൮. സപ്താൎച്ചിസ്സു—സപ്ത (ഏഴ)+അൎച്ചിസ്സു (ജ്വാല) ഉള്ളവൻ; ശനി. ൨൯. ദമുനൻ—ദമു (ക്ഷീണിപ്പിക്ക)—പ്രാണികളെ ക്ഷീണിപ്പിക്കുന്നവൻ. ൩൦. ശുക്രൻ—ശുക്രം (രെതസ്സു)—ശിവന്റെരെതൊരൂപമായുള്ളവൻ; ഭൃഗുപുത്രൻ; നവഗ്രഹങ്ങളിൽഒന്നു; മിഥുനമാസം. ൩൧. ചിത്രഭാനു—ചിത്രമായുള്ള (നാനാനിറമുള്ള)+ഭാനു (ശൊഭ) ഉള്ളവൻ; ആദിത്യൻ. ൩൨. വിഭാവസു—വിഭാ (ശൊഭ)+വസു (സമ്പത്തു) ആയുള്ളവൻ. ൩൩. ശുചി—ശുച (ശുദ്ധമായിരിക്ക); സുകൃതം; വിശ്വാസമുള്ളസ്നെഹിതൻ. ൩൪. അപ്പിത്തം—പിത്തം അധൊമുഖമായുള്ളവൻ. പാഠാന്തരം—അപ്പിനെ (ജലത്തെ) പിത്തമാക്കുന്നവൻ (ശൊഷിപ്പിക്കുന്നവൻ)

ഔൎവ്വഃ (ഃ) ബാഡവഃ ബഡവാനലഃ— സമുദ്രാഗ്നി. Submarine fire.

൧. ഔൎവ്വൻ—ഉരുവന്റെ പുത്രൻ. ൨. ബാഡവൻ—ബഡവ (പെൺകുതിര) മുഖമുള്ളവൻ. ൩. ബഡവാനലൻ—സമുദ്രാഗ്നി.

ധൎമ്മരാജഃ പിതൃപതി'സ്സമവൎത്തി പരെതരാൾ
കൃതാന്തൊ യമുനാഭ്രാതാ ശമനൊ യമരാ'ഡ്യമഃ
കാലൊ ദണ്ഡധര'ശ്ശ്രാദ്ധദെവൊ വൈവസ്വതൊ'ന്തകഃ

ധൎമ്മരാജഃ പിതൃപതിഃ സമവൎത്തീ പരെതരാൾ കൃതാന്തഃ യമുനാഭ്രാതാ ശമനഃ യമരാൾ യമഃ കാലഃ ദണ്ഡധരഃ ശ്രാദ്ധദെവഃ വൈവസ്വതഃ അന്തകഃ. Yama, the regent of the worlds below, and judge of departed souls.

൧. ധൎമ്മരാജൻ—അപരാധത്തിന്നു തക്ക ശിക്ഷ ചെയ്തു ധൎമ്മത്തെ (നീതിയെ) രക്ഷിക്കുന്നവൻ. ൨. പിതൃപതി—കവ്യവാഹനാദികളായിരിക്കുന്നപിതൃക്കളുടെപതി. ൩. സമവൎത്തി—വൃതു(വൎത്തിക്ക)—സമമായി (പക്ഷഭെദംകൂടാതെ) നടത്തുന്നവൻ. ൪. പരെതരാട്ട—പരെതത്തിന്റെ (പ്രെതത്തിന്റെ)+രാട്ടു(രാജാവു). ൫. കൃതാന്തൻ—കൃഞ് (ചെയ്ക)—അന്തം വരുത്തുന്നവൻ. ൬. യമുനാഭ്രാതാവു—യമുനാനദിയുടെ ഭ്രാതാവു (സഹൊദരൻ.) ൭. ശമനൻ—ശമ (ശമിക്ക)—നശിപ്പിക്കുന്നവൻ; മാൻ. ൮. യമരാട്ട—യമന്മാരുടെ രാജാവു. ൯. യമൻ—യമ (ശിക്ഷിക്ക)—പ്രാണികളെ ശിക്ഷിക്കുന്നവൻ. ൰. കാലൻ—കല (എണ്ണുക)—ധൎമ്മാധൎമ്മങ്ങളെയും ആയുസ്സിനെയും എണ്ണുന്നവൻ. ൰൧. ദണ്ഡധരൻ—ദണ്ഡിനെ ധരിച്ചവൻ. ൰൨. ശ്രാദ്ധദെവൻ—ശ്രാദ്ധത്തിന്റെ സ്വാമി. ൰൩. വൈവസ്വതൻ—വിവസ്വാന്റെ (ആദിത്യന്റെ) പുത്രൻ. ൰൪. അന്തകൻ—കൃഞ് (ചെയ്ക)—അന്തം (നാശം) ചെയ്യുന്നവൻ.

രാക്ഷസഃ കൌണപഃ ക്രവ്യാൽ ക്രവ്യാദൊസ്രപ ആശരഃ
രാത്രിഞ്ചരൊ രാത്രിചരഃ കൎബ്ബുരൊ നികസാത്മജഃ
യാതുധാനഃ പുണ്യജനൊ നൈരൃതൊ യാതു രക്ഷസീ

രാക്ഷസഃ കൌണപഃ ക്രവ്യാൽ ക്രവ്യാദഃ അസ്രപഃ ആശരഃ രാത്രിഞ്ചരഃ രാത്രിചരഃ കൎബ്ബുരഃ നികസാത്മജഃ യാതുധാനഃ പുണ്യജനഃ നൈരൃതഃ യാതു രക്ഷഃ. Giant or Ghost.

൧. രാക്ഷസൻ—രക്ഷ (രക്ഷിക്ക.) ൨. കൌണപൻ—കുണപം (ശവം) തിന്നുന്നവൻ. ൩. ക്രവ്യാത്തു. ൪. ക്രവ്യാദൻ—രണ്ടിന്നും ധാതു—അദ (തിന്നുക)—ക്രവ്യം (മാംസം) തിന്നുന്നവൻ. ൫. അസ്രപൻ—പാ (പാനംചെയ്ക)—അസ്രം (രക്തം) പാനം ചെയ്യുന്നവൻ. ൬. ആശരൻ—ആ (നല്ലവണ്ണം)+ശൃ (കൊല്ലുക). ൭. രാത്രിഞ്ചരൻ. ൮. രാത്രിചരൻ—രണ്ടിന്നും ധാതു—ചര (ചരിക്ക)—രാത്രിയിൽ ചരിക്കുന്നവൻ. ൯. കൎബ്ബുരൻ—കൎബ്ബുരം (പല നിറം) ഉള്ളവൻ. ൰. നികസാത്മജൻ—നികഷാ എന്ന രാക്ഷസമാതാവിന്റെ ആത്മജൻ (പുത്രൻ). ൰൧. യാതുധാനൻ—ധാ(ധരിക്ക)—യാതുഎന്ന പെരുധരിച്ചവൻ. ൰൨. പുണ്യജനം—നിരൃതി എന്ന പുണ്യവാന്റെ സന്തതി. ൰൩. നൈരൃതൻ—നിരൃതിഎന്നദിക്പാലന്റെ പുത്രൻ. ൰൪. യാതു—യാതു (വ്യഥ) ചെയ്യുന്നവൻ. ൰൫. രക്ഷസ്സു—രക്ഷ (പാലിക്ക).

പ്രചെതാ വരുണഃ പാശി യാദസാംപതിരപ്പതിഃ

പ്രചെതാഃ വരുണഃ പാശീ യാദസാംപതിഃ അപ്പതിഃ

Varuna, the Hindu Neptune or regent of water.

൧. പ്രചെതസ്സ—ചിത (വിചാരിക്ക)—നല്ലമനസ്സാമുള്ളവൻ. ൨. വരുണൻ—വൃ (മറെക്ക) — പാശങ്ങളെക്കൊണ്ടു മറെക്കുന്നവൻ. ൩. പാശി—പാശ (കെട്ടു

ക)—കയറു ആയുധമായിട്ടുള്ളവൻ; പായൽ. ൯. യാദസാംപതി—യാദസ്സുകളുടെ (ജലജന്തുക്കളുടെ)+പതി (രാജാവു).

ശ്വസനഃ സ്പൎശനൊ വായുൎമ്മാതരിശ്വാ സദാഗതിഃ
പൃഷദശ്വൊ ഗന്ധവഹൊ ഗന്ധവാഹാനിലാശുഗാഃ
സമീര മാരുത മരുജ്ജഗൽപ്രാണ സമീരണാഃ
നഭസ്വദ്വാത പവന പവമാന പ്രഭഞ്ജനാഃ

ശ്വസനഃ സ്പൎശനഃ വായുഃ മാതരിശ്വാ സദാഗതിഃ പൃഷദശ്വഃ ഗന്ധവഹഃ ഗന്ധവാഹഃ അനിലഃ ആശുഗഃ സമീരഃ മാരുതഃ മരുൽ ജഗൽപ്രാണഃ സമീരണഃ നഭസ്വാൻ വാതഃ പവനഃ പവമാനഃ പ്രഭഞ്ജനഃ Air or Wind.

൧. ശ്വസനൻ—ശ്വസ (ശ്വാസം കഴിക്ക)—ഇവനാൽ സകല ജനങ്ങളും ജീവിക്കുന്നു. ൨. സ്പൎശനൻ—സ്പൃശ (തൊടുക)—സ്പൎശനശക്തി കൊടുക്കുന്നവൻ; സ്പൎശിക്കുന്നവൻ. ൩. വായു—വാ (ഗമിക്ക)—എല്ലാടവും സഞ്ചരിക്കുന്നവൻ. ൪. മാതരിശ്വാവു—ശ്വി (വൎദ്ധിക്ക)—മാതരി (ആകാശത്തിങ്കൽ) വൎദ്ധിക്കുന്നവൻ. ൫. സദാഗതി—ഗമ(ഗമിക്ക)—സദാ ഗമിക്കുന്നതു. ൬. പൃഷദശ്വൻ—പൃഷത്തുഎന്ന മൃഗംവാഹനമായുള്ളവൻ. ൭. ഗന്ധവഹൻ. ൮. ഗന്ധവാഹൻ—രണ്ടിനും ധാതു—വഹ (വഹിക്ക)—ഗന്ധത്തെവഹിക്കുന്നവൻ. ൯. അനിലൻ—അന (ജീവിപ്പിക്ക)—സകലപ്രാണികളെയും ജീവിപ്പിക്കുന്നവൻ. ൧൦. ആശുഗൻ—ഗമ (ഗമിക്ക)—ആശു (വെഗം) ഗമിക്കുന്നവൻ. ൧൧. സമീരൻ—ഈര (ഗമിക്ക)—ഇലകളെയുംമററും പാററിക്കുന്നൻ; നല്ലവണ്ണംഗമിക്കുന്നവൻ. ൧൨. മാരുതൻ. ൧൩. മരുത്തു—രണ്ടിനും ധാതു—മൃ (മരിക്ക)—വാതരൊഗിയെ മരിപ്പിക്കുന്നവൻ; പാഠാന്തരം—ഇവൻകൊപിക്കുമ്പൊൾ ലൊകംനശിക്കുന്നതിനാൽ. ൧൪. ജഗൽപ്രാണൻ—ജഗത്തിന്റെ (പ്രപഞ്ചത്തിന്റെ) പ്രാണൻ (ജീവൻ). ൧൫. സമീരണൻ—ഈര (ഗമിക്ക). ൧൬. നഭസ്വാൻ—നഭസ്സിങ്കൽനിന്നു (ആകാശത്തിങ്കൽനിന്നു) ഉണ്ടായവൻ. ൧൭. വാതം—വാ (ഗമിക്ക). ൧൮. പവനൻ. ൧൯. പവമാനൻ—രണ്ടിനും ധാതു—പൂ (വെടിപ്പാക്കുക)—പൊടിമുതലായതുപാററിച്ചുകളഞ്ഞു വെടിപ്പാക്കുന്നവൻ. ൨൦. പ്രഭഞ്ജനൻ—ഭഞ്ജ (ഒടിക്ക)—വൃക്ഷങ്ങളുടെ കൊമ്പുകളെയുംമററും ഒടിക്കുന്നവൻ.

ജവൊഽഥ ശീഘ്രന്ത്വരിതം ലഘു ക്ഷിപ്രമരം ദ്രുതം
സത്വരഞ്ചപലന്തൂൎണ്ണമവിളംബിതമാശു ച

ജവഃ [അഥ] ശീഘ്രം ത്വരിതം ലഘു ക്ഷിപ്രം അരം ദ്രുതം സത്വരം ചപലം തൂൎണ്ണം അവിളംബിതം ആശു [ച] Quick or Swiftly.

൧. ജവം—ജു (ഗമിക്ക). ൨. ശീഘ്രം—ശീങ് (ശയിക്ക)+ഘ്രാ (ഹരിക്ക)—ശയനത്തെ ഹരിക്കുന്നവൻ; പാഠാന്തരം—ശിഘ്ര (വ്യാപിക്ക). ൩. ത്വരിതം—ത്വര (വെഗംഗമിക്ക). ൪. ലഘു—ലംഘ (കടക്കുക). ൫. ക്ഷിപ്രം—ക്ഷിപ (പ്രെരിക്ക).

൬. അരം—ഋ (ഗമിക്ക). ൭. ദ്രുതം—ദ്രു (ഗമിക്ക). ൮. സത്വരം—ത്വര (വെഗംഗമിക്ക). ൯ ചപലം—ചുപ (ഗമിക്ക). ൧൦. തൂൎണ്ണം—ത്വര(വെഗംഗമിക്ക). ൧൧. അവിളംബിതം—അ+ലബി (താമസിക്ക). ൧൨. ആശു—അശൂ (വ്യാപിക്ക).

സതതാ'നാരതാ'ശ്രാന്ത സന്തതാ'വിരതാ'നിശം
നിത്യാ'നവരതാ'ജസ്ര'മപ്യ'ഥാ'തിശയൊ ഭരഃ
അതിവെല ഭൃശാ'ത്യൎത്ഥാ'തിമാത്രൊ'ൽഗാഢ നിൎഭരം
തീവ്രൈ'കാന്ത നിതാന്താനി ഗാഢ ബാഢ ദൃഢാനി ച

സതതം അനാരതം അശ്രാന്തം സന്തതം അവിരതം അനിശം നിത്യം അനവരതം അജസ്രം [അപി]—എപ്പൊഴും. Continually.

൧. സതതം—തന (വിസ്താരമാക)—ഇതിനാലെവിസ്തരിക്കപ്പെടുന്ന. ൨. അനാരതം—അ (നിഷെധം)+ആരതം (വിരാമം)—വിരാമമില്ലാത്തതു. ൩. അശ്രാന്തം—അ (നിഷെധം) + ശ്രമ (ദുഃഖിക്ക)—ദുഃഖമില്ലാത്തതു. ൪. സന്തതം=സതതം. ൫. അവിരതം—അ (നിഷെധം)+വിരതം (വിരാമം)—വിരാമമില്ലാത്തതു. ൬. അനിശം—അ (നിഷെധം)+നിശ(രാത്രി)—രാത്രിയിലും അടങ്ങിയിരിക്കാത്തതു. ൭. നിത്യം—നീ (പ്രാപിക്ക.) ൮. അനവരതം—അ (നിഷെധം)+അവരതം (നില്ക്കുന്നതു). ൯. അജസ്രം—അ (നിഷെധം)+ജസു (ക്ഷയിക്ക)—ക്ഷയിക്കാത്തതു.

[അഥ] അതിശയഃ ഭരഃ അതിവെലം ഭൃശം അത്യൎത്ഥം അതിമാത്രം ഉൽഗാഢം നിൎഭരം തീവ്രം ഏകാന്തം നിതാന്തം ഗാഢം ബാഢം ദൃഢം [ച]—പെരികെ. Much or Excessive.

൧. അതിശയം—അതി+ശീ (കിടക്ക)—കിടക്കുന്നതിൽ വിശെഷമുള്ളതു. ൨. ഭരം—ഭൃ (ഭരിക്ക). ൩. അതിവെലം—വെലം (അതിർ) ആക്രമിക്കുന്നതു. ൪. ഭൃശം—ഭൃ (ഭരിക്ക). ൫. അത്യൎത്ഥം—അതി+അൎത്ഥം (വിഷയം)—വിഷയത്തെ കടന്നിരിക്കുന്നതു. ൬. അതിമാത്രം—അല്പത്തെ അതിക്രമിച്ചതു. ൭. ഉൽഗാഢം—ഗാഹൂ (കലക്കുക)—ഉള്ളിൽ ഇറങ്ങി പരിശൊധിച്ചറിഞ്ഞതു. ൮. നിൎഭരം—ഭൃ(നിറയുക)—ഇടതിങ്ങി നിറഞ്ഞതു. ൯. തീവ്രം—തീവ്ര (സ്ഥൂലിക്ക)—വൎദ്ധിച്ചുവരുന്നതു. ൧൦. ഏകാന്തം—ഏക (മുഖ്യമായ)—അന്തം (നിശ്ചയം) ഉള്ളതു; രഹസ്യസ്ഥലം; ഏകത്വം. ൧൧. നിതാന്തം—നി + തമു (കാംക്ഷിക്ക)—ഏറ്റവും കാംക്ഷിക്കപ്പെടുന്നതു. ൧൨. ഗാഢം—ഗധ (പരിശൊധിക്ക)—പരിശൊധിച്ചറിഞ്ഞതു; പാഠാന്തരം—ഗാഹൂ (കലക്കുക). ൧൩. ബാഢം—ബാഢ (വലിയ); പാഠാന്തരം—ബാഹൃ (പ്രയത്നിക്ക) ൧൪. ദൃഢം—ദൃ (ഉറപ്പായിരിക്ക)—എല്ലാ ഭാരവും വഹിക്കുന്നതു; ബലമുള്ള; വളൎച്ചയുള്ള.

കുബെരസ്ത്ര്യംബകസഖൊ യക്ഷരാൾ ഗുഹ്യകെശ്വരഃ
മനുഷ്യധൎമ്മാ ധനദൊ രാജരാജൊ ധനാധിപഃ

കിന്നരെശൊ വൈശ്രവണഃ പൌലസ്ത്യൊ നരവാഹനഃ
യക്ഷൈകപിംഗൈലബില ശ്രീദ പുണ്യജനെശ്വരാഃ

കുബെരഃ ത്ര്യംബകസഖഃ യക്ഷരാൾ ഗുഹ്യകെശ്വരഃ മനുഷ്യധർമ്മാ ധനദഃ രാജരാജഃ ധനാധിപഃ കിന്നരെശഃ വൈശ്രവണഃ പൌലസ്ത്യഃ നരവാഹനഃ യക്ഷഃ ഐകപിംഗഃ ഐലബിലഃ ശ്രീദഃ പുണ്യജനെശ്വരഃ. Waisrawana (the god of riches).

൧. കുബെരൻ—കു (നിന്ദിതമായ)+ബെരം (ശരീരം) ഉള്ളവൻ. ൨. ത്ര്യംബകസഖൻ—ത്ര്യംബകന്റെ (ശിവന്റെ)+സഖി (ഇഷ്ടൻ). ൩. യക്ഷരാട്ട—യക്ഷന്മാരുടെ രാജാവു. ൪. ഗുഹ്യകെശ്വരൻ—ഗുഹ്യകന്മാരുടെ ൦രംശ്വരൻ. ൫. മനുഷ്യധർമ്മാവു—മനുഷ്യരെപ്പോലെ ധർമ്മം (മൎയ്യാദ) ഉള്ളവൻ. ൬. ധനദൻ—ദാ (കൊടുക്ക)—ധനത്തെ കൊടുക്കുന്നവൻ. ൭. രാജരാജൻ—യക്ഷരാജന്മാരുടെ രാജാവു. ൮. ധനാധിപൻ—സംപത്തിന്റെ രാജാവു. ൯. കിന്നരെശൻ—കിന്നരന്മാരുടെ രാജാവു. ൧൦. വൈശ്രവണൻ—വിശ്രവസ്സിന്റെ പുത്രൻ. ൧൧. പൌലസ്ത്യൻ—പുലസ്ത്യമഹൎഷിയുടെ സന്തതി. ൧൨. നരവാഹനൻ—നരൻ (മനുഷ്യൻ) വാഹനമായിട്ടുള്ളവൻ. ൧൩. യക്ഷൻ—യക്ഷ (പൂജിക്ക). പാഠാന്തരം—യക്ഷജാതിയിലുള്ളവൻ. ൧൪. ഏകപിംഗൻ—ഒരു കണ്ണു പിംഗലവൎണ്ണമായുള്ളവൻ. ൧൫. ഐലബിലൻ—ഇലബിലയുടെ പുത്രൻ. ൧൬. ശ്രീദൻ—ദാ (ദാനംചെയ്ക)—ശ്രീയെകൊടുക്കുന്നവൻ. ൧൭. പുണ്യജനെശ്വരൻ—പുണ്യജനങ്ങളുടെ (യക്ഷരാക്ഷസന്മാരുടെ) ൦രംശ്വരൻ.

൭-വ്യൊമപ്രകരണം.

ദ്യൊ ദിവൌ ദ്വെ സ്ത്രിയാമഭ്രം വ്യൊമ പുഷ്കരമംബരം
നഭൊന്തരിക്ഷം ഗഗനമനന്തം സുരവൎത്മ ഖം
വിയദ്വിഷ്ണുപദം വാ തു പുംസ്യാകാശ വിഹായസീ

ദ്യൌഃ ദ്യൌഃ [ദ്വെ സ്ത്രിയൌ] അഭ്രം വ്യൊമ പുഷ്കരം അംബരം നഭഃ അന്തരിക്ഷം ഗഗനം അനന്തം സുരവൎത്മ ഖം വിയൽ വിഷ്ണുപദം [വാ തു പുംസി] ആകാശഃ വിഹായഃ The Sky or Atmosphere.

൧. ദ്യൌഃ [ഒകാരാന്തം]. ൨. ദ്യൌഃ [വകാരാന്തം]. രണ്ടിന്നും മലയാളം—ദ്യൊവു—ധാതു—ദിവ (ശൊഭിക്ക). ൩. അഭ്രം—ഭ്രാജ (ശൊഭിക്ക)—പൃഥിവ്യാദിപൊലെ ശൊഭിക്കാത്തതു; മെഘം. ൪. വ്യൊമം—വെ (മൂടുക; രക്ഷിക്ക)—മനുഷ്യൎക്ക ഇടംകൊടുത്തുരക്ഷിക്കുന്നതു; വെള്ളം. ൫. പുഷ്കരം—പുഷ (പൊഷിക്ക). പാഠാന്തരം—രാ (ദാനംചെയ്ക)—തടവുകൂടാതെപുഷ്കം (വെള്ളം) ദാനംചെ

യ്യുന്നതു; വാൾ; അമ്പു; കൂട്ട; താമര ൬. അംബരം—അംബ (ശബ്ദിക്ക)—ശബ്ദിക്കുന്നതു; വസ്ത്രം. ൭. നഭസ്സ—ന+ഭാ (ശൊഭിക്ക)—ശൊഭയില്ലാത്തതു; ചിങ്ങമാസം. ൮. അന്തരിക്ഷം—അന്തർഭാഗത്തിങ്കൽ ഋക്ഷം (നക്ഷത്രം) ഉള്ളതു. ൯. ഗഗനം—ഗമ (ഗമിക്ക)—ഗന്ധൎവ്വന്മാരും മറ്റും ഗമിക്കുന്നെടം. ൧൦. അനന്തം—അന്തമില്ലാത്തതു. ൧൧. സുരവർത്മാവു—സുരന്മാരുടെ (ദെവകളുടെ)+വർത്മാവു (വഴി). ൧൨. ഖം—ഖന (കുഴിക്ക)—കുഴിയായിത്തന്നെ ഇരിക്കുന്നതു; നവദ്വാരങ്ങൾ. ൧൩. വിയത്തു—യമ (അടക്കുക)—അവസാനമില്ലാത്തതു. ൧൪. വിഷ്ണുപദം—വിഷ്ണുവിന്റെ പാദം വെച്ചിടം—പാഠാന്തരം—വിഷ്ണുവിന്റെ ഇരിപ്പിടം. ൧൫. ആകാശം—കാശ (ശൊഭിക്ക)—സൂൎയ്യാദികൾ ഇവിടെ പ്രകാശിക്കുന്നതുകൊണ്ടു. ൧൬. വിഹായസ്സ—വി+ഹാ (ഉപെക്ഷിക്ക)—സൎവ്വവും ഇതിനെ അനുസരിക്കുന്നതുകൊണ്ടു.

പ്ര-ദിക്പ്രകരണം.

ദിശ'സ്തു കകുഭഃ കാഷ്ഠാ ആശാ'ശ്ച ഹരിത'ശ്ചതാഃ

ദിശഃ [തു] കകുഭഃ കാഷ്ഠാഃ ആശാഃ [ച] ഹരിതഃ [ച താഃ]

൧, ദിക്കു—ദിശ (ചൂണ്ടിക്കാണിക്ക). ൨. കകുപ്പ—കുപ (വിസ്തീൎണ്ണമാക്കുക). കം (വായുവിനെയും വെള്ളത്തിനെയും) വിസ്തീൎണ്ണമാക്കുന്നത. ൩. കാഷ്ഠാ—കാശ (ശൊഭിക്ക)—ആദിത്യൻ മുതലായവയെക്കൊണ്ടു ശൊഭിക്കുന്നതു; ശ്രെഷ്ഠത; ഭാഗ്യം. ൪. ആശാ—അശ്രു (വ്യാപിക്ക)—എല്ലാദിക്കിലും വ്യാപിക്കുന്നതു. ൫. ഹരിത്തു—ഹൃഞ (എടുക്ക)—ഇരുട്ടിനെ അപഹരിക്കുന്നതു; പച്ചിലനിറം.

അഭ്രം മെഘൊ വാരിവാഹ'സ്തനയിത്നു'ർവ്വലാഹകഃ

ധാരാധരൊ ജലധര'സ്തടിത്വാൻ വാരിദൊംബുഭൃൽ

ഘന ജീമൂത മുദിര ജലമു'ഗ്ധൂമയൊനയഃ

അഭ്രം മെഘഃ വാരിവാഹഃ സ്തനയിത്നുഃ വലാഹകഃ ധാരാധരഃ ജലധരഃ തടിത്വാൻ വാരിദഃ അംബുഭൃൽ ഘനഃ ജീമൂതഃ മുദിരഃ ജലമുക ധൂമയൊനിഃ A cloud.

അഭ്രം—അഭ്ര (ഇളകിഗമിക്ക)—വായുവിനാൽ ഇളകപ്പെട്ടു സഞ്ചരിക്കുന്നതു; പാഠാന്തരം—അപ്പിനെ (വെള്ളത്തെ) ഭരിക്കുന്നതു (ധരിക്കുന്നതു); ആകാശം. ൨. മെഘം—മിഹ (നനെക്കു) മഴപെയ്യുന്നതു; മുത്തങ്ങാ. ൩. വാരിവാഹം—വഹ (വഹിക്ക)—വാരിയെ (വെള്ളത്തെ) വഹിക്കുന്നതു. ൪. സ്തനയിത്നു—സ്തന (ശബ്ദിക്ക); രൊഗം; മരണം. ൫. വലാഹകം—ഓഹ (ത്യജിക്ക)—ബലത്തെ വിടാത്തതു; മുത്തങ്ങാ ൬. ധാരാധരം—ധൃ (ധരിക്ക)—ധാരയെ (മഴയെ) ധരിക്കുന്നതു; വാൾ. ൭. ജലധരം—ധൃ (ധരിക്ക)—ജലത്തെ ധരിക്കുന്നതു. ൮. തടിത്വാൻ—തടിത്തു (ഇടിവാൾ) ഉള്ളതു. ൯. വാരിദം—ദാ (ദാനംചെയ്ക)—വാരി (വെള്ളം) കൊടുക്കുന്നതു;

മുത്തങ്ങാ. ൬. അംബുഭൃത്തു—ഭൃ (വഹിക്ക)—അംബുവിനെ (വെള്ളത്തെ) വഹിക്കുന്നതു; ബഹുമാനം; മുൾതടി; മുത്തങ്ങാ. ൭. ഘനം—ഹന (ഹിംസിക്ക)—വായുവിനാൽഹിംസിക്കപ്പെടുന്നതു— ൮. ജീമൂതം—ജീവനം(വെള്ളം)+മൂതം (കെട്ടപ്പെട്ടതു); പൎവ്വതം; ദേവതാളി. ൯. മുദിരം—മുദ (സന്തോഷിക്ക)—സന്തോഷിപ്പിക്കുന്നതു. ൧൦. ജലമുക—ജലത്തെ (വെള്ളത്തെ) + മുക (മോചിക്കുന്നതു). ൧൧. ധൂമയോനി—ധൂമം (പുക)+യോനി (ഉത്ഭവസ്ഥാനം) ആയിട്ടുള്ളതു.

സ്തനിതം ഗൎജ്ജിതം മേഘനിൎഘോഷോ രസിതാ'ദി ച

സ്തനിതം ഗൎജ്ജിതം മേഘനിൎഘോഷഃ രസിതം [ആദി-ച]—ഇടിമുഴക്കം The rattling of thunder

൧. സ്തനിതം—സ്തന (ഇടിമുഴങ്ങുക); കൈകൊട്ടുന്ന ശബ്ദം. ൨. ഗൎജ്ജിതം—ഗൎജ് (ശബ്ദിക്ക); അലൎച്ച. ൩. മേഘനിൎഘോഷം—മേഘത്തിന്റെ + നിൎഘോഷം (ശബ്ദം). ൪. രസിതം—രസ (ശബ്ദിക്ക); ശബ്ദം.

ശംപാ ശതഹ്രദാ ഹ്രാദിന്യൈ'രാവത്യഃ ക്ഷണപ്രഭാ
തടി'ത്സൌദാമിനീ വിദ്യു'ച്ചഞ്ചലാ ചപലാ അപി

ശംപാ ശതഹ്രദാ ഹ്രാദിനീ ഐരാവതീ ക്ഷണപ്രഭാ തടിൽ സൌദാമിനീ വിദ്യുൽ ചഞ്ചലാ ചപലാ [അപി]—മിന്നൽ പിണർ Lightning.

൧. ശംപാ—പാ (പാനംചെയ്ക)—കണ്ണിന്റെ ശം (സുഖത്തെ) പാനംചെയ്യുന്നതു; ഭയപ്പെടുത്തുന്നതു. ൨. ശതഹ്രദാ—ശതം (അനേകം)+ഹ്രദം (രശ്മി) ഉള്ളതു പാഠാന്തരം—ഹ്രാദ (ശബ്ദിക്ക)--അനേകവിധം ശബ്ദിക്കുന്നതു. ൩. ഐരാവതീ—സമുദ്രത്തിങ്കലും മേഘത്തിങ്കലും നിന്നു ജന്മമായതുകൊണ്ടു. ൪. ക്ഷണപ്രഭാ—ഭാ (ശോഭിക്ക)—ക്ഷണത്തിൽ ശോഭിക്കയും നശിക്കയും ചെയ്യുന്നതു. ൫. തടിത്തു—തഡ (അടിക്ക)—കണ്ണിനെയും അന്ധകാരത്തെയും മയക്കുന്നതു. ൬. സൌദാമിനീ—സുദാം എന്ന പൎവ്വതം സംബന്ധിച്ച ഒരു ദിക്കിൽ പ്രകാശിക്കുന്നതു. ൭. വിദ്യുത്തു—ദ്യുത (ശോഭിക്ക). ൮. ചഞ്ചലാ—ചഞ്ച (ഗമിക്ക). ൯. ചപലാ—ചുപ (ഗമിക്ക); ഇളക്കമുള്ള; വെകമുള്ള; തിപ്പലി; വേശ്യ; നാവു.

വൃഷ്ടി'ൎവ്വൎഷം തദ്വിഘാതെ'വഗ്രാഹാ'വഗ്രഹൌ സമൌ
ധാരാസംപാത ആസാര'ശ്ശീകരോ'ംബുകണാ'സ്മൃതാഃ

വൃഷ്ടിഃ വൎഷം— Rain.

൧. വൃഷ്ടി—വൃഷ (നനക്ക). ൨. വൎഷം—വൃഷ—(നനക്ക)

[തദ്വിഘാതെ] അവഗ്രാഹഃ അവഗ്രഹഃ—മഴ ഇല്ലായ്ക Drought.

൧. അവഗ്രാഹം. ൨. അവഗ്രഹം—രണ്ടിന്നും ധാതു—ഗ്രഹ (വിരോധിക്ക); മഴയില്ലായ്ക; അപഹരിക്ക; ആനയുടെ നെറ്റി; ശാപവാക്കു.

ധാരാസംപാതഃ ആസാരഃ—പെരുമഴ— A hard shower.

൧. ധാരാസംപാതം—പത (പതിക്ക)—ധാരയുടെ സംഭ്രമപതനം. ൨. ആസാരം—ആ(എല്ലാടവും) + സൃ (ഒഴുകുക).

ശീകരഃ [അംബുകണാഃ-സ്മൃതാഃ] Thin rain.

൧. ശീകരം—ശീകൃ (തളിക്ക)—തുള്ളികളായിട്ടു പെയ്യുന്നതു.

അന്തൎദ്ധാ വ്യവധാ പുംസി ത്വന്തൎദ്ധിരപവാരണം
അപിധാന തിരോധാന പിധാനാച്ഛാദനാനിച

അന്തൎദ്ധാ വ്യവധാ [പുംസി] [തു] അന്തൎദ്ധിഃ അപവാരണം അപിധാനം തിരോധാനം പിധാനം ആച്ഛാദനം [ച]—മറവു Disappearance, covering

൧. അന്തൎദ്ധാ. ൨. വ്യവധാ. ൩. അന്തൎദ്ധി. ൪. അപിധാനം. ൫. തിരോധാനം. ൬. പിധാനം. ആറിന്നും ധാതു—ധാ (ധരിക്ക). ൭. അപവാരണം—വൃഞ് (വരിക്ക). ൮. ആച്ഛാദനം—ഛദ (മറെക്ക).

ഹിമാംശുശ്ചന്ദ്രമാശ്ചന്ദ്ര ഇന്ദുഃ കുമുദബാന്ധവഃ
വിധുസ്സുധാംശുശ്ശീതാംശുരോഷധീശൊ നിശാപതിഃ
അബ്ജൊ ജൈവാതൃകസ്സോമൊ ഗ്ലൌൎമ്മൃഗാങ്കഃ കലാനിധിഃ
ദ്വിജരാജശ്ശശധരൊ നക്ഷത്രെശഃ ക്ഷപാകരഃ

ഹിമാംശുഃ ചന്ദ്രമാഃ ചന്ദ്രഃ ഇന്ദുഃ കുമുദബാന്ധവഃ വിധുഃ സുധാംശുഃ ശീതാംശുഃ ഓഷധീശഃ നിശാപതിഃ അബ്ജഃ ജൈവാതൃകഃ സോമഃ ഗ്ലൌഃ മൃഗാങ്കഃ കലാനിധിഃ ദ്വിജരാജഃ ശശധരഃ നക്ഷത്രേശഃ ക്ഷപാകരഃ The moon.

൧. ഹിമാംശു—ഹിമം (മഞ്ഞു) + അംശു (രശ്മി) ആയിട്ടുള്ളവൻ. ൨. ചന്ദ്രമസ്സ—മാങ് (തുല്യമായിരിക്ക)—ചന്ദ്രം (കൎപ്പൂരം) പൊലെ ഉള്ളതു; കാലനിയമം ചെയ്യുന്നതു. ൩. ചന്ദ്രൻ—ചദി (സന്തൊഷിപ്പിക്ക). ൪. ഇന്ദു—ഉന്ദീ (നനെക്കുക)—മഞ്ഞുകൊണ്ടു നനെക്കുന്നതു. ൫. കുമുദബാന്ധവൻ—കുമുദത്തിന്റെ (വെള്ളാമ്പലിന്റെ) + ബാന്ധവൻ (ബന്ധു). ൬. വിധു—ധെൾ (പാനം ചെയ്ക)—ദെവകൾ പാനംചെയ്യുന്നതു; ബ്രഹ്മാവു; രാക്ഷസൻ. ൭. സുധാംശു— സുധാ (അമൃതു) + അംശു (രശ്മി) ആയിട്ടുള്ളതു. ൮. ശീതാംശു—ശീതം (തണുപ്പു) + അംശു (രശ്മി) ആയിട്ടുള്ളതു. ൯. ഓഷധീശൻ—ഓഷധികളുടെ (ഫലപാകത്തിങ്കൽ നാശം വരുന്ന സസ്യാദികളുടെ) ഈശൻ. ൰. നിശാപതി—നിശയുടെ (രാത്രിയുടെ) + പതി. ൰൧. അബ്ജൻ—ജന (ജനിക്ക)—അപ്പിൽനിന്നു (വെള്ളത്തിൽനിന്നു) ജനിച്ചതു. ൰൨. ജൈവാതൃകൻ—ജീവ (ജീവിക്ക)—ഓഷധികളെ ജീവിപ്പിക്കുന്നവൻ. ൰൩. സൊമൻ—ഷൂ (പ്രസവിക്ക)—സൊമത്തെ (അമൃതിനെ) ജനിപ്പിക്കുന്നവൻ; വൈശ്രവണൻ; യമൻ; ശിവൻ. ൰൪. ഗ്ലൌ—ഗ്ലൈ (ക്ഷയിക്ക)—മാസന്തോറും ക്ഷയിക്കുന്നതു. ൰൫. മൃഗാങ്കൻ—മൃഗം + അങ്കം (അടയാളം) ആയിട്ടുള്ള

വൻ. ൧൩. കലാനിധി—കലകളുടെ + നിധി (ഇരിപ്പിടം). ൧൪. ദ്വിജരാജൻ—ദ്വിജന്മാരുടെ (ബ്രാഹ്മണരുടെ) രാജാവു; ഗരുഡൻ. ൧൫. നക്ഷത്രേശൻ—നക്ഷത്രങ്ങളുടെ ഈശൻ (രാജാവു). ൧൬. ക്ഷപാകരൻ—കൃഞ് (ഉണ്ടാക്കുക)—ക്ഷപ (രാത്രി) ഉണ്ടാക്കുന്നവൻ.

ചന്ദ്രന്റെ ഈ പൎയ്യായങ്ങൾക്കു കൎപ്പൂരം എന്നു അൎത്ഥം ഉണ്ടു.

ചന്ദ്രികാ കൌമുദീ ജ്യോത്സ്നാ പ്രസാദസ്തു പ്രസന്നതാ
കളങ്കാങ്കൌ ലാഞ്ഛനഞ്ച ചിഹ്നം ലക്ഷ്മ ച ലക്ഷണം

ചന്ദ്രികാ കൌമുദീ ജ്യോത്സ്നാ—നിലാവു — Moonlight.

൧. ചന്ദ്രികാ—ചന്ദ്രന്റെ പ്രകാശം; ഏലം. ൨. കൌമുദീ—കുമുദത്തെ (ആമ്പൽ പൂവിനെ) വിടൎത്തുന്നതു. ൩. ജ്യോത്സ്നാ—ജ്യോതിസ്സു (പ്രകാശം) ഉള്ളതു.

പ്രസാദഃ [പു] പ്രസന്നതാ—തെളിവു — Brightness.

൧. പ്രസാദം. ൨. പ്രസന്നത. രണ്ടിനും ധാതു—പ്ര + ഷദ (തെളിയുക); ദയ; സന്തോഷം.

കളങ്കഃ അങ്കഃ ലാഞ്ഛനം [ന] ചിഹ്നം ലക്ഷ്മ [ന] ലക്ഷണം A spot or mark.

൧. കളങ്കം—കല (എണ്ണുക). ൨. അങ്കം—അംക (അടയാളമിടുക). ൩. ലാഞ്ഛനം—ലാഛി (കാണുക). ൪. ചിഹ്നം—ചിഹ്ന (അടയാളമിടുക). ൫. ലക്ഷ്മാവു—ലക്ഷ (കാണുക). ൬. ലക്ഷണം—ലക്ഷ (കാണുക); ഗുണം.

സുഷമാ പരമാശോഭാഭിഖ്യാ കാന്തിൎദ്യുതിശ്ഛവിഃ
അവശ്യായസ്തു നീഹാരസ്തുഷാരസ്തുഹിനം ഹിമം
പ്രാലേയം മിഹികാ ചാഥ ഹിമാനീ ഹിമസംഹതിഃ

സുഷമാ [പരമാശോഭാ] — Exquisite beauty.

൧. സുഷമാ—സു (നല്ലവണ്ണം) + സമം (നിരപ്പ)—നല്ലവണ്ണം എല്ലായിടത്തും ശോഭിക്കുന്നതു.

അഭിഖ്യാ കാന്തിഃ ദ്യുതിഃ ഛവിഃ—സാമാന്യശോഭ Beauty or splendour.

൧. അഭിഖ്യാ—ഭാ (ശോഭിക്ക) + ഖ്യാ (വൎണ്ണിക്ക)—വൎണ്ണിപ്പാൻതക്കശോഭയുള്ളതു; മഹത്വം; കീൎത്തി; പേർ. ൨. കാന്തി—കമ (കാമിക്ക)—മോഹിപ്പിക്കുന്നതു. ൩. ദ്യുതി—ദ്യുത (ശോഭിക്ക). ൪. ഛവി—ഛോ (ഛേദിക്ക)—ഇരുട്ടിനെ നശിപ്പിക്കുന്നതു.

അവശ്യായഃ [പു] നീഹാരഃ തുഷാരഃ തുഹിനം ഹിമം പ്രാലേയം മിഹികാ [ന] — Frost.

൧. അവശ്യായം—ശ്യൈങ് (ഇരിക്കുക)—ശൈത്യഗുണമുള്ളതു. ൨. നീഹാരം—ഹൃഞ് (നശിപ്പിക്ക)—ചൂടും മററുംകൊണ്ടു നശിക്കുന്നതു. ൩. തുഷാരം—തുഷ (സന്തൊഷിക്ക)—വെയിൽകൊണ്ടു തപിച്ചവൎക്കു സന്തൊഷത്തെകൊടുക്കുന്നതു; ചാററമഴ. ൪. തുഹിനം—തുഹി (പീഡിപ്പിക്ക)—ജനങ്ങളെയും മററും ഉപദ്രവിക്കുന്നതു; നിലാവു. ൫. ഹിമം—ഹി (ഗമിക്ക)—പുല്ലുകളെയും മററും വളൎത്തുന്നതു; ചന്ദനം; വെണ്ണ; ഠരംയം; മുത്തു; താമര; ചന്ദ്രൻ; കൎപ്പൂരം. ൬. പ്രാലെയം—ലീ (ഉരുകുക)—ഉഷ്ണംകൊണ്ടു ഉരുകിപ്പൊകുന്നതു. പാഠാന്തരം—ലീങ് (ക്ഷയിക്ക)—ശരല്ക്കാലാവസാനത്തിങ്കൽ ജനിക്കുന്നതു. ൭. മിഹികാ—മിഹ (തളിക്ക)—ഭൂമിയെ നനക്കുന്നതു.

[അഥ] ഹിമാനീ ഹിമസംഹതിഃ [ഹിമകൂട്ടം] Ice and Snow.

൧. ഹിമാനി—ഹിമസമൂഹം. ൨. ഹിമസംഹതി—ഹിമത്തിന്റെ സംഹതി (കൂട്ടം).

ശീതം ഗുണെ തദ്വദൎത്ഥാഃ സുഷീമഃ ശിശിരൊ ജഡഃ
തുഷാരഃ ശീതളഃ ശീതൊ ഹിമഃ സപ്താന്യലിംഗകാഃ

ശീതം [ഗുണെ]—കുളിർ Cold or Chillness.

൧. ശീതം—ശ്യൈങ് (വ്യാപിക്ക).

[തദ്വദൎത്ഥാഃ] സുഷീമഃ ശിശിരഃ ജഡഃ തുഷാരഃ ശീതളഃ ശീതഃ ഹിമഃ [സപ്ത അന്യലിംഗകാഃ]—കുളിൎത്തതു Cold or frigid.

൧. സുഷീമം—ഷീങ് (ബന്ധിക്ക)—വ്യാപാരത്തെ ചുരുക്കുന്നതു. ൨. ശിശിരം—ശീങ് (ചുരുക്കുക)—പത്മശൊഭയെ ചുരുക്കുന്നതു. ൩. ജഡം—ജല (നിഷെധിക്ക)—ധൈൎയ്യത്തെ കളയുന്നതു. ൪. തുഷാരം—തുഷ (സന്തൊഷിക്ക)—താപമുള്ളവനെ സന്തൊഷിപ്പിക്കുന്നതു. ൫. ശീതളം—ലാ (കൊടുക്ക)—ശീതത്തെകൊടുക്കുന്നതു. ൬. ശീതം—ശ്യൈങ് (വ്യാപിക്ക). ൭. ഹിമം—ഹി (ഗമിക്ക-വൎദ്ധിക്ക).

നക്ഷത്രമൃക്ഷം ഭം താരാ താരകാപ്യുഡു വാ സ്ത്രിയാം

നക്ഷത്രം ഋക്ഷം ഭം താരാ താരകാ [അപി] ഉഡു [വാ സ്ത്രിയാം] A Star.

൧. നക്ഷത്രം—ന + ക്ഷര (ചലിക്ക)—ഇളകാത്തതു. ൨. ഋക്ഷം—ഋക്ഷ (ഗമിക്ക); കരടി; പലകപ്പയ്യാനി. ൩. ഭം—ഭാ (ശൊഭിക്ക); ഗ്രഹം; തെനീച്ച. ൪. താരം. ൫. താരക—രണ്ടിന്നും ധാതു തൄ (കടക്കുക)—രാത്രിയുടെ പൊക്കു അറിയിക്കുന്നതു; നല്ലമുത്തു; വെള്ളി; പാഠാന്തരം—കപ്പൽസഞ്ചാരത്തിനു ഉതകുന്നതു. ൬. ഉഡു—ഡീങ് (ആകാശഗമനം).

ബൃഹസ്പതിഃ സുരാചാൎയ്യൊ ഗീഷ്പതിൎദ്ധിഷണൊ ഗുരുഃ
ജീവ ആംഗിരസൊ വാചസ്പതിശ്ചിത്രശിഖണ്ഡിജഃ

ബൃഹസ്പതിഃ സുരാചാര്യഃ ഗീഷ്പതിഃ ധിഷണഃ ഗുരുഃ ജീവഃ ആംഗി
ചസ്പതിഃ ചിത്രശിഖണ്ഡിജഃ—വ്യാഴം Jupiter.

൧. ബൃഹസ്പതി—ബൃഹത്തുകളുടെ (ദെവകളുടെ) + പതി (ഗുരു). ൨. സുരാചാര്യൻ—സുരന്മാരുടെ (ദെവകളുടെ) + ആചാര്യൻ (ഗുരു). ൩. ഗീഷ്പതി—ഗീരിന്റെ (വാക്കിന്റെ) + പതി (നാഥൻ). ൪. ധിഷണൻ—ധിഷണാ (ബുദ്ധി) ഉള്ളവൻ. ൫. ഗുരു—ഗൃ (പഠിപ്പിക്ക)—നല്ലവണ്ണം പഠിപ്പിക്കുന്നവൻ; പിതാവു; ഗൎഭം; ദീൎഘാക്ഷരങ്ങളും കൂട്ടക്ഷരങ്ങളും. ൬. ജീവൻ—ജീവ (ജീവിക്ക)—മരിച്ചവനെയും ജീവിപ്പിക്കുന്നവൻ. ൭. ആംഗീരസൻ—ആംഗീരസ്സിന്റെ പുത്രൻ. ൮. വാചസ്പതി—വചസ്സിന്റെ (വാക്കിന്റെ) പതി. ൯. ചിത്രശിഖണ്ഡിജൻ—ചിത്രശിഖണ്ഡിയുടെ (അംഗീരസ്സിന്റെ) പുത്രൻ.

ശുക്രോ ദൈത്യഗുരുഃ കാവ്യ ഉശനാ ഭാൎഗ്ഗവഃ കവിഃ

ശുക്രഃ ദൈത്യഗുരുഃ കാവ്യഃ ഉശനാ ഭാൎഗ്ഗവഃ കവിഃ Venus.

൧. ശുക്രൻ—ശുച (ദുഃഖിക്ക)—ദെവകൾക്കു ദുഃഖത്തെ കൊടുക്കുന്നവൻ; പാഠാന്തരം—ശിവന്റെ ശുക്ലദ്വാരത്തുനിന്നുവന്നവൻ; മിഥുനമാസം; അഗ്നി. ൨. ദൈത്യഗുരു—ദൈത്യന്മാരുടെ (അസുരരുടെ) ഗുരു. ൩. കാവ്യൻ—കവിയുടെ പുത്രൻ. ൪. ഉശനസ്സ—വശ (ഇഛ്ശിക്ക)—അസുരന്മാരുടെ ഹിതത്തെ ഇഛ്ശിക്കുന്നവൻ. ൫. ഭാൎഗ്ഗവൻ—ഭൃഗുവിന്റെ പുത്രൻ; പരശുരാമൻ; വില്ലാളി. ൬. കവി—ക (വൎണ്ണിക്ക)—ചാതുൎയ്യംകൊണ്ടു വൎണ്ണിക്കുന്നവൻ; വിദ്വാൻ.

അംഗാരകഃ കുജൊ ഭൌമൊ ലൊഹിതാംഗൊ മഹീസുതഃ

അംഗാരകഃ കുജഃ ഭൌമഃ ലൊഹിതാംഗഃ മഹീസുതഃ—ചൊവ്വാ Mars.

൧. അംഗാരകൻ—അഗി (ഗമിക്ക)—ഗമിക്കുന്നവൻ. ൨. കുജൻ—കു (ഭൂമി)—ഭൂമിയിൽനിന്നു ജനിച്ചവൻ. ൩. ഭൌമൻ—ഭൂമിയിൽനിന്നു ജനിച്ചവൻ. ൪. ലൊഹിതാംഗൻ—ലൊഹിതം (ചുവന്ന)+അംഗം (ശരീരം) ഉള്ളവൻ. ൫. മഹീസുതൻ—മഹിയുടെ (ഭൂമിയുടെ)+സുതൻ (പുത്രൻ).

[ശ്ചരൌ

രൌഹിണെയൊ ബുധഃ സൌമ്യഃ സമൌ സൌരി ശനൈ
ശനി മന്ദൌ പംഗുകാലൌ ഛായാ പുത്രൊഽസിതഃ ശ്ചസഃ

രൌഹിണെയഃ ബുധഃ സൌമ്യഃ Mercury.

൧. രൌഹിണെയൻ—രൊഹിണിയുടെ പുത്രൻ. ൨. ബുധൻ—ബുധ (അറിയുക); വിദ്വാൻ; ചന്ദ്രന്റെ പുത്രൻ; ദെവൻ. ൩. സൌമ്യൻ—സൊമന്റെ പുത്രൻ; സുമുഖൻ.

[സമൌ] സൌരിഃ ശനൈശ്ചരഃ ശനിഃ മന്ദഃ പംഗു കാലഃ ഛായാപുത്രഃ അസിതഃ [ച. സഃ] Saturn.

൧. സൌരി—സൂൎയ്യന്റെപുത്രൻ. ൨. ശനൈശ്ചരൻ—ചര (നടക്കുക)—ശനൈഃ (പതുക്കെ) നടക്കുന്നവൻ. ൩. ശനി—ശീങ് (ശയിക്ക)—മന്ദഗതിയുള്ളവൻ. ൪. മന്ദൻ—മദി (മടിക്കുക)—സാവധാനമുള്ളവൻ; മൂഢൻ. ൫. പംഗു—മുടന്തുള്ളവൻ. ൬. കാലൻ—കറുത്തവൻ. ൭. ഛായാപുത്രൻ—ഛായയുടെ (ആദിത്യഭാൎയ്യയുടെ) പുത്രൻ. ൮. അസിതൻ—അസിതം (കറുത്ത) നിറമുള്ളവൻ.

തമ'സ്തു രാഹു'സ്സ്വൎഭാനു 'സ്സൈംഹികെയൊ വിധുന്തുദഃ

തമഃ [തു] രാഹുഃ സ്വൎഭാനുഃ സൈംഹികെയഃ വിധുന്തുദഃ

Rahu (The ascending node).

൧. തമസ്സ്—തമ (ഇരുട്ടുക)—സൂൎയ്യചന്ദ്രന്മാരുടെ തെജോഹാനി വരുത്തുന്നവൻ. ൨. രാഹു—രഹ (വിടുക)—സൂൎയ്യചന്ദ്രന്മാരെ ഗ്രഹിച്ചിട്ടു ഉപെക്ഷിക്കുന്നവൻ. ൩. സ്വൎഭാനു—ഭാ (ശൊഭിക്ക)—സ്വൎഗ്ഗസമീപെ ആകാശത്തിൽ ശൊഭിക്കുന്നവൻ. ൪. സൈംഹികെയൻ—സിംഹികയുടെ പുത്രൻ. ൫. വിധുന്തുദൻ—തുദ (വെദനപ്പെടുത്തുക)—വിധുവിനെ (ചന്ദ്രനെ) വെദനപ്പെടുത്തുന്നവൻ.

സൂരസ്സൂൎയ്യൊ'ൎയ്യമാ'ദിത്യ ദ്വാദശാത്മ ദിവാകരാഃ
ഭാസ്കരാ'ഹസ്കര ബ്രധ്ന പ്രഭാകര വിഭാകരാഃ
ഭാസ്വ'ദ്വിവസ്വ'ത്സപ്താശ്വ ഹരിദശ്വൊ'ഷ്ണരശ്മയഃ
വികൎത്തനാ'ൎക്ക മാൎത്താണ്ഡ മിഹിരാ'രുണപൂഷണഃ
ദ്യുമണി'സ്തരണി'ൎമ്മിത്ര'ശ്ചിത്രഭാനു'ൎവ്വിരൊചനഃ
വിഭാവസു'ൎഗ്രഹപതി'സ്ത്വിഷാംപതി'രഹൎപ്പതിഃ
ഭാനു'ൎഹംസ'സ്സഹസ്രാംശു'സ്സവിതാ തപനൊ രവിഃ
കൎമ്മസാക്ഷീ ജഗച്ചക്ഷു'രംശുമാലീ ത്രയീതനുഃ
പ്രദ്യൊതനൊ ദിനമണിഃ ഖദ്യൊതൊ ലൊകബാന്ധവഃ

സൂരഃ സൂൎയ്യഃ അൎയ്യമാ ആദിത്യഃ ദ്വാദശാത്മാ ദിവാകരഃ ഭാസ്കരഃ അഹസ്കരഃ ബ്രധ്നഃ പ്രഭാകരഃ വിഭാകരഃ ഭാസ്വാൻ വിവസ്വാൻ സപ്താശ്വഃ ഹരിദശ്വഃ ഉഷ്ണരശ്മിഃ വികൎത്തനഃ അൎക്കഃ മാൎത്താണ്ഡഃ മിഹിരഃ അരുണഃ പൂഷാ ദ്യുമണിഃ തരണിഃ മിത്രഃ ചിത്രഭാനുഃ വിരൊചനഃ വിഭാവസുഃ ഗ്രഹപതിഃ ത്വിഷാംപതിഃ അഹൎപ്പതിഃ ഭാനുഃ ഹംസഃ സഹസ്രാംശുഃ സവിതാ തപനഃ രവിഃ കൎമ്മസാക്ഷീ ജഗച്ചക്ഷുഃ അംശുമാലീ ത്രയീതനുഃ പ്രദ്യൊതനഃ ദിനമണിഃ ഖദ്യൊതഃ ലൊകബാന്ധവഃ The Sun.

൧. സൂരൻ—സൃ (സഞ്ചരിക്ക); വിദ്വാൻ. ൨. സൂൎയ്യൻ—സൃ (സഞ്ചരിക്ക)—മഹാമെരുവിനെ ചുററി സഞ്ചരിക്കുന്നവൻ; പാഠാന്തരം—ഷൂങ് (പ്രെരിക്ക)—മനുഷ്യരെ പ്രവൃത്തിക്ക ഉദ്യൊഗിപ്പിക്കുന്നവൻ; എരിക്കു. ൩. അൎയ്യമാവു—ഋ (ഗമിക്ക)

അസ്തമനപർവ്വതത്തിങ്കലെക്കു ഗമിക്കുന്നവൻ; പിതൃക്കളിൽ പ്രമാണി. ൪. ആദിത്യൻ—അദിതിയുടെ പുത്രൻ. ൫. ദ്വാദശാത്മാവു—ദ്വാദശം (പന്ത്രണ്ടു) + ആത്മാവു (ശരീരം) ഉള്ളവൻ. ൬. ദിവാകരൻ—കൃഞ് (ഉണ്ടാക്കുക)—ദിവ (പകലിനെ) ഉണ്ടാക്കുന്നവൻ. ൭. ഭാസ്കരൻ—കൃഞ് (ഉണ്ടാക്കുക)—ഭാസ്സിനെ (ശൊഭയെ) ഉണ്ടാക്കുന്നവൻ. ൮. അഹസ്കരൻ—കൃഞ് (ഉണ്ടാക്കുക)—അഹസ്സിനെ (പകലിനെ) ഉണ്ടാക്കുന്നവൻ. ൯. ബ്രധ്നൻ—ബന്ധ (ബന്ധിക്ക)—ഇരുട്ടിനെ തടുക്കുന്നവൻ. ൧൦. പ്രഭാകരൻ—കൃഞ് (ഉണ്ടാക്കുക)—പ്രഭയെ (ശൊഭയെ) ഉണ്ടാക്കുന്നവൻ. ൧൧. വിഭാകരൻ—കൃഞ് (ഉണ്ടാക്കുക)—വിഭയെ (ശൊഭയെ) ഉണ്ടാക്കുന്നവൻ. ൧൨. ഭാസ്വാൻ—ഭാ (ശൊഭിക്ക)—ശൊഭയുള്ളതു. ൧൩. വിവസ്വാൻ—വസ (മറെക്ക)—ശൊഭകൊണ്ടു സകലത്തെയും മറെക്കുന്നവൻ. ൧൪. സപ്താശ്വൻ—സപ്ത (ഏഴ)+അശ്വം(കുതിര) കെട്ടിയരഥത്തിൽ ഓടിക്കുന്നവൻ; പാഠാന്തരം—സപ്ത എന്നപെരായ കുതിരയുള്ളവൻ. ൧൫. ഹരിദശ്വൻ—ഹരിത്തു (പച്ചനിറമായ) അശ്വം വാഹനമായിട്ടുള്ളവൻ. ൧൬. ഉഷ്ണരശ്മി—ഉഷ്ണരശ്മിയുള്ളവൻ. ൧൭. വികർത്തനൻ—കൃത (ഖണ്ഡിക്ക)—വിശ്വകർമ്മാവിനാൽ തന്റെ ശരീരം മുറിച്ചു ചുരുക്കപ്പെട്ടതുകൊണ്ടു. ൧൮. അർക്കൻ—അൎച്ച (പൂജിക്ക) എല്ലാവരാലും പൂജിക്കപ്പെടുന്നവൻ; പാഠാന്തരം—അർക്ക (സ്തുതിക്കുക). ൧൯. മാർത്താണ്ഡൻ—മൃതണ്ഡന്റെ പുത്രൻ. ൨൦. മിഹിരൻ—മിഹ (നനെക്കുക)—ഭൂമിയെ മഴപെയ്യിച്ചു നനെക്കുന്നവൻ. ൨൧. അരുണൻ—ഋ (ഗമിക്ക). ൨൨. പൂഷാവു—പുഷ (പൊഷിക്ക)—എന്തിനെയും പൊഷിപ്പിക്കുന്നവൻ. ൨൩. ദ്യുമണി—ദ്യോവിങ്കൽ (ആകാശത്തിങ്കൽ) + മണി (രത്നം) പൊലെ ശൊഭിക്കുന്നവൻ. ൨൪. തരണി—തൄ (തരണംചെയ്ക)—ഇവനാലെ തിമിരത്തെ കടക്കുന്നതുകൊണ്ടു. ൨൫. മിത്രൻ—മിദാ (സ്നെഹിക്ക)—എല്ലാവരുടെയും മിത്രം (സ്നെഹിതൻ). ൨൬. ചിത്രഭാനു—ചിത്രമായ ഭാനു (രശ്മി) ഉള്ളവൻ. ൨൭. വിരൊചനൻ—വി + രുച (ശൊഭിക്ക)—ശൊഭകൊണ്ടു സന്തൊഷിപ്പിക്കുന്നവൻ. ൨൮. വിഭാവസു—വിഭാ (ശൊഭ) ആകുന്നവസു (സമ്പത്തു) ഉള്ളവൻ. ൨൯. ഗ്രഹപതി—ഗ്രഹങ്ങളുടെ പതി. ൩൦. ത്വിഷാംപതി—ത്വിട്ടിന്റെ (ശൊഭയുടെ) പതി. ൩൧. അഹൎപ്പതി—അഹസ്സിന്റെ(പകലിന്റെ)പതി. ൩൨. ഭാനു—ഭാ (ശൊഭിക്ക)—ശൊഭയുള്ളവൻ. ൩൩. ഹംസൻ—ഹന (കൊല്ലുക)—ഇരുട്ടിനെ ഹനിക്കുന്നവൻ. ൩൪. സഹസ്രാംശു—സഹസ്രം (ആയിരം-ഇവിടെ-വളരെ) + അംശു (രശ്മി) ഉള്ളവൻ. ൩൫. സവിതാവു—ഷൂങ് (പ്രസവിക്ക)—രശ്മികളെ പുറപ്പെടുവിക്കുന്നവൻ; പാഠാന്തരം—ഷൂ (പ്രെരിക്ക)—ജനങ്ങളെ ഉണൎത്തുന്നവൻ. ൩൬. തപനൻ—തപ (തപിപ്പിക്ക). ൩൭. രവി—രു (ശബ്ദിക്ക)—സ്തുതിക്കപ്പെടുന്നവൻ. ൩൮. കൎമ്മസാക്ഷി—സകലകൎമ്മങ്ങളെയും കാണുന്നവൻ. ൩൯. ജഗച്ചക്ഷു—ജഗത്തിനു (ലൊകത്തിനു)+ ചക്ഷു (കണ്ണു). ൪൦. അംശുമാലി—അംശു (രശ്മി) മാലയായി ഉള്ളവൻ. ൪൧. ത്രയീതനു—ത്രയീ (വെദം) + തനു (ശരീരം)—വെദമൂൎത്തി. ൪൨. പ്രദ്യൊതനൻ—പ്ര + ദ്യുത (ശൊഭിക്ക). ൪൩. ദിനമണി—ദിനത്തിന്റെ (പകലിന്റെ) + മണി (രത്നം). ൪൪. ഖദ്യൊതൻ—ദ്യുത (ശൊഭിക്ക) ഖെ (ആകാശത്തിൽ) ശൊഭിക്കുന്നവൻ. ൪൫. ലൊകബാന്ധവൻ—ലൊകത്തിന്റെ ബന്ധു.

സൂൎയ്യസൂതോരുണോനൂരുഃ കാശ്യപിൎഗ്ഗരുഡാഗ്രജഃ

സൂൎയ്യസൂതഃ അരുണഃ അനൂരുഃ കാശ്യപിഃ ഗരുഡാഗ്രജഃ **Dawn.**

൧. സൂൎയ്യസൂതൻ—സൂൎയ്യന്റെ+സൂതൻ (തേർനടത്തുന്നവൻ). ൨. അരുണൻ—ഋ (ഗമിക്ക)—ഗമിക്കുന്നവൻ; ചുകപ്പുനിറമുള്ളവൻ. ൩. അനൂരു—അ+ഊരു (തുട)—തുടയില്ലാത്തവൻ. ൪. കാശ്യപി—കാശ്യപന്റെ പുത്രൻ. ൫. ഗരുഡാഗ്രജൻ—ഗരുഡന്റെ ജ്യേഷ്ഠൻ.

പരിവേഷസ്തു പരിധിരുപസൂൎയ്യക മണ്ഡലേ

പരിവേഷഃ [തു] പരിധിഃ ഉപസൂൎയ്യകം മണ്ഡലം **Halo.**

൧. പരിവേഷം—വിഷ (വ്യാപിക്കുക)—പരി (ചുററും) വ്യാപിക്കുന്നതു. ൨. പരിധി—ധാ (ധരിക്ക)—പരി (ചുററും) ധരിക്കുന്നതു. ൩. ഉപസൂൎയ്യകം—ഉപ (സമീപെ)—സൂൎയ്യന്റെ സമീപെ പ്രതികൃതിയായിരിക്കയാൽ. ൪. മണ്ഡലം—മഡി (അലങ്കരിക്കുക)—വട്ടത്തിലിരിക്കുന്നതു; ഇതു നാലും പരിവേഷത്തിന്റെ പെർ: ചന്ദ്രന്റെ എങ്കിലും സൂൎയ്യന്റെ എങ്കിലും ചുററും ചിലപ്പോൾ കാണുന്നവലയം

കിരണോസ്രമയൂഖാംശു ഗഭസ്തി ഘൃണി ഘൃഷ്ടയഃ

ഭാനുഃ കരൊ മരീചിഃ സ്ത്രീ പുംസയോൎദ്ദീധിതിഃ സ്ത്രിയാം

കിരണഃ ഉസ്രഃ മയൂഖഃ അംശുഃ ഗഭസ്തിഃ ഘൃണിഃ ഘൃഷ്ടിഃ ഭാനുഃ കരഃ മരീചിഃ [സ്ത്രീപുംസയൊഃ] ദീധിതിഃ [സ്ത്രിയാം]—രശ്മി. **Aray.**

൧. കിരണം—കൄ (ചിതറിക്ക, വിക്ഷെപിക്ക) ലൊകത്തിൽ ചിതറുന്നതു. ൨. ഉസ്രം—തമസ്സിനെ വിക്ഷെപിക്കുന്നതു; പാഠാന്തരം—വസ (വസിക്ക)—ഇതിനകത്തു വെള്ളം വസിക്കുന്നതിനാൽ. ൩. മയൂഖം—മീങ് (പ്രക്ഷെപിക്ക)—തമസ്സിനെ പ്രക്ഷെപിക്കുന്നതു. ൪. അംശു—അശ്രു (വ്യാപിക്ക)—ദിക്കുകളെ വ്യാപിക്കുന്നതു, ൫. ഗഭസ്തി—ഭസ (ശൊഭിക്ക)—ദിക്കുകളെ പ്രകാശിപ്പിക്കുന്നതു. ൬. ഘൃണി—൭. ഘൃഷ്ടി—രണ്ടിനും ധാതു—ഘൃ (ഒഴുകുക)—ജലത്തെ വിടുന്നതു. ൮. ഭാനു—ഭാ (ശൊഭിക്ക); ആദിത്യൻ; പ്രകാശം; സൌന്ദൎയ്യം. ൯. കരം—കൄ (വിക്ഷെപിക്ക); കൈ; കൎമ്മം. ൧൦. മരീചി—മൃ (മരിക്ക)—ഇതിനാൽ ഇരുട്ടും ക്ഷുദ്രജന്തുക്കളും മരിക്കുന്നതിനാൽ; ഒരുമഹൎഷി. ൧൧. ദീധിതി—ദീധീ (ശൊഭിക്കുക)

സ്യുഃ പ്രഭാ രുഗ്രുചി സ്ത്വിൾ ഭാ ഭാശ്ഛവി ൎദ്യുതി ൎദീപ്തയഃ

രൊചിശ്ശൊചിരുഭെ ക്ലീബെ പ്രകാശൊദ്യൊത ആതപഃ

[സ്യുഃ] പ്രഭാ രുക രുചിഃ ത്വിൾ ഭാ ഭാഃ ഛവിഃ ദ്യുതിഃ ദീപ്തിഃ രൊചിഃ ശൊചിഃ [ഉഭെ ക്ലീബെ] **Light.**

൧. പ്രഭാ—പ്ര+ഭാ (ശോഭിക്ക)—പ്രകൎഷേണ ശോഭിക്കുന്നതു. ൨. രുക— ൩. രുചി—രണ്ടിനും ധാതു—രുച (ശോഭിക്ക); രാഗം; താല്പൎയ്യം; സ്വാദു. ൪. ത്വിട്ടു—ത്വിഷ (ശോഭിക്ക.) ൫. ഭാ (ആകാരാന്തം സ്ത്രീ.) ഭാ (ശോഭിക്ക) ൬. ഭാസ (സകാരാന്തം സ്ത്രീ)—ഭാസൃ (ശോഭിക്ക) ൭. ഛവി—ഛോ (ഛേദിക്ക) —ഇരുട്ടിനെ ഛേദിക്കുന്നതു. ൮. ദ്യുതി—ദ്യുത (ശോഭിക്ക.) ൯. ദീപ്തി—ദീപീ (ശോഭിക്ക.) ൧൦. രോചി—രുച (ശോഭിക്ക.) ൧൧. ശോചി—ശുച (ദുഃഖിപ്പിക്ക)

പ്രകാശഃ ഉദ്ദ്യോതഃ ആതപഃ—വെയിൽ. Sunshine.

൧. പ്രകാശം—പ്ര+കാശൃ (ശോഭിക്ക) പ്രകൎഷേണശോഭിക്കുന്നതു. ൨. ഉദ്ദ്യോതം—ദ്യുത (ശോഭിക്ക.) ൩. ആതപം—ആ (എല്ലാടവും) + തപ (തപിപ്പിക്ക.)

പ്ര—കാലപ്രകരണം.

കാലൊദിഷ്ടൊഽപ്യനെഹാഽപിസമയൊഽപ്യഥ പക്ഷതിഃ

കാലഃ ദിഷ്ടഃ [അപി] അനെഹാഃ [അപി] സമയഃ [അപി.] Time.

൧. കാലം—കല (എണ്ണുക)—ഇതിനാലെ സമയം എണ്ണപ്പെടുന്നതുകൊണ്ടു. ൨. ദിഷ്ടം—ദിശ (കൊടുക്ക)—ജനങ്ങൾക്കു സുഖദുഃഖാദികളെ കൊടുപ്പിക്കുന്നതു; ഭാഗ്യം. ൩. അനെഹസ്സു—അ+ഊഹ (ചെഷ്ടിക്ക)—ചെഷ്ടിക്കാത്തതു. ൪. സമയം—അയ (അറിയുക)—സമ്യക്കാകുംവണ്ണം അറിയപ്പെടുന്നതു; ആണ; കല്പന; ആചാരം.

[അഥ] പക്ഷതിഃ പ്രതിപദം. A Lunar day.

പക്ഷതി—പക്ഷ (ഒരുഭാഗം എടുക്കുക)—പക്ഷത്തിന്റെ ചുവടു. പ്രതിപദം—പദ്ലൃ (ഗമിക്ക)—ചന്ദ്രന്റെ ഉദയാസ്തമനങ്ങൾ അറിയത്തക്കതു.

ഘസ്രൊദിനാഽഹനീ വാ തു ക്ലീബെദിവസവാസരൌ

ഘസ്രഃ ദിനം അഹഃ [വാ തു ക്ലീബെ] ദിവസഃ വാസരഃ—പകൽ A day.

൧. ഘസ്രം—ഘസ്ലൃ (ഗ്രസിക്ക)—ഇരുട്ടിനെ ഭക്ഷിക്കുന്നതു. ൨. ദിനം—ദൊ (ഖണ്ഡിക്ക)—തമസ്സിനെഖണ്ഡിക്കുന്നതു. ൩. അഹസ്സു—ഓഹാക (ഉപെക്ഷിക്ക)—തിരികെ വരാത്തതു. ൪. ദിവസം—ദിവ (ശോഭിക്ക.) ൫. വാസരം—വസ (വസിക്ക.) പ്രവൃത്തിചെയ്യുന്നതിനുള്ള സമയം.

പ്രത്യൂഷൊഽഹൎമ്മുഖം കല്യമുഷഃ പ്രത്യൂഷസീ അപി
പ്രഭാതഞ്ച ദിനാന്തെ തു സായംസന്ധ്യാപിതൃപ്രസൂഃ

പ്രത്യൂഷോ ഽഹർമ്മുഖം കാല്യം ഉഷഃ പ്രത്യുഷസീ [അപി]
പ്രഭാതം [ച] Morning.

൧. പ്രത്യൂഷസ്സ്—പ്രതി+ഉഷ (രോഗമാക)—രാത്രിയെ വിട്ടുവിക്കുന്നതു. ൨. അഹർമ്മുഖം—അഹസ്സിന്റെ (പകലിന്റെ)+മുഖം (ആരംഭം). ൩. കാല്യം—കല (അറിയുക)—സ്നാനം മുതലായതിന്നുള്ള കാലത്തെ അറിയിക്കുന്നതു; പാഠ: കാലത്തിങ്കലെക്കു യോഗ്യമായ്തു. ൪. ഉഷസ്സ്—ഉഷ (ദഹിപ്പിക്ക)—ആദിത്യരശ്മികളെക്കൊണ്ടു ഇരുട്ടിനെ ദഹിപ്പിക്കുന്നതു. ൫. പ്രത്യുഷസ്സ = പ്രത്യൂഷസ്സ. ൬. പ്രഭാതം—പ്ര+ഭാ (ശോഭിക്ക)—ശോഭ തുടങ്ങുന്ന സമയം.

[ദിനാന്തെതു] സായം സന്ധ്യാ പിതൃപ്രസൂഃ Eve.

൧. സായം—ഷോ (ക്ഷയിപ്പിക്ക)—പകലിനെക്ഷയിപ്പിക്കുന്നതു. ൨. സന്ധ്യാ—സം+ധൈ (ധ്യാനിക്ക)—സമ്യക്കാകുംവണ്ണം ധ്യാനിക്കുന്ന സമയം; പാഠാന്തരം അഹോരാത്രത്തിന്റെ സന്ധി. ൩. പിതൃപ്രസൂ—ഷൂങ് (പ്രസവിക്ക)—പിതൃക്കളെ പ്രസവിക്കുന്ന സമയം.

നിശാ നിശീഥിനീ രാത്രിസ്ത്രിയാമാ ക്ഷണദാ ക്ഷപാ
വിഭാവരീ തമസ്വിന്യൌ രജനീ യാമിനീ തമീ

നിശാ നിശീഥിനീ രാത്രിഃ ത്രിയാമാ ക്ഷണദാ ക്ഷപാ വിഭാവരീ തമസ്വിനീ
രജനീ യാമിനീ തമീ Night.

൧. നിശാ—ശീങ് (ഉറങ്ങുക)—ഉറങ്ങുന്നതിന്നുള്ള സമയം. പാഠാന്തരം - ശൊ—(സ്വല്പമായി ചെയ്ക)—സകലവ്യാപാരങ്ങളെയും ചുരുക്കുന്ന സമയം. ൨. നിശീഥിനീ—നിശീഥം (അർദ്ധരാത്രി) ഉള്ളതു. ൩. രാത്രീ—രാ (ദാനംചെയ്ക)—സുഖം കൊടുക്കുന്നതു; മഞ്ഞൾ. ൪. ത്രിയാമാ—ത്രി (മൂന്നു)+യാമം (ഏഴരനാഴിക)—യാമത്രയം നിദ്രാകാലമാകയാൽ. ൫. ക്ഷണദാ—ദാ (ദാനംചെയ്ക)—ക്ഷണം (അവ്യാപാരസ്ഥിതിസന്തോഷം;) ഇവകളെ ദാനം ചെയ്യുന്നതു. ൬. ക്ഷപാ—ക്ഷൈ (ക്ഷയിക്ക); കരിമ്പനമ്പ. ൭. വിഭാവരീ—വൃങ് (വരിക്ക)—വിഭയെ (ശോഭയെ)—ആവരിക്കുന്നതു (മറെക്കുന്നതു). തമസ്വിനീ—തമസ്സ (ഇരുട്ടു) ഉള്ളതു. ൯. രജനീ—രഞ്ജ (സ്നേഹിക്ക)—കാമികൾ സ്നേഹിക്കുന്നസമയം. ൧൦. യാമിനീ—യാമങ്ങളുള്ളതു. ൧൧. തമീ—തമ (ഇരുട്ടുക)

☞ രാത്രിയുടെ പൎയ്യായങ്ങൾക്കു മഞ്ഞൾ എന്നും അൎത്ഥം ഉണ്ടു.

മാൎഗ്ഗശീൎഷേ സഹാമാൎഗ്ഗ ആഗ്രഹായണികശ്ച സഃ
പൌഷെ തൈഷ സഹസ്യൌ ദ്വൌ തപാ മാഘെഥഫാല്ഗുനെ
സ്യാത്തപസ്യഃ ഫാല്ഗുനികസ്സ്യാച്ചൈത്രെ ചൈത്രികൊ മധുഃ
വൈശാഖെ മാധവൊ രാധൊ ജ്യൈഷ്ഠെ ശുക്രശ്ശുചിസ്ത്വയം
ആഷാഢെ ശ്രാവണെ തു സ്യാന്നഭാശ്ശ്രാവണികശ്ച സഃ

സ്യുർന്നഭസ്യഃ പ്രൌഷ്ഠപദഃ ഭാദ്ര ഭാദ്രപദാഃ സ്സമാഃ
സ്യാദാശ്വിന ഇഷോ പ്യാശ്വയുജോ പി സ്യാത്തു കാർത്തികെ
ബാഹുലോർജ്ജൌ കാർത്തികികൌ ഹെമന്തഃ ശ്ശിശിരോ സ്ത്രിയാം

മാർഗ്ഗശീർഷഃ സഹാഃ മാർഗ്ഗഃ ആഗ്രഹായണികഃ [ഷ-സ] Agrahayana, month in which the moon is full, nearly in the longitude of Orion,s head·

ഹ. മാർഗ്ഗശീർഷം—മൃഗശീർഷം എന്ന നക്ഷത്രത്തോടുകൂടിയിരിക്കുന്ന പൌർണ്ണമാസി സഹിതമായതു. വ. സഹാഃ—ഷഹ (സഹിക്ക) ഹിമത്തെ പ്രാണികൾ സഹിക്കുന്ന മാസം. ന. മാർഗ്ഗഃ = മാർഗ്ഗശീർഷം. ര. ആഗ്രഹായണികഃ—ആഗ്രഹായണി (മൃഗശീർഷം) നക്ഷത്രപൌർണ്ണമാസിയൊടുകൂടിയതു.

പൌഷഃ തൈഷഃ സഹസ്യഃ [ദ്വൌ] Pausha, near gama and delta of Cancer

ഹ. പൌഷം—പുഷ്യ (പൂശം) നക്ഷത്രപൌർണ്ണമാസിയൊടു കൂടിയതു. വ. തൈഷം—തിഷ്യനക്ഷത്ര പൌർണ്ണമാസിയൊടുകൂടിയതു. ന. സഹസ്യം—സഹസ്സു (ബലം) ഉള്ളതു.

തപാഃ മാഘം Magha, near the lion's heart.

ഹ. തപസ്സു—തപ (ദുഃഖിക്ക)—ഒരം മാസത്തിൽ ജനങ്ങൾ തപസ്സുചെയ്യുന്നതിനാൽ. വ. മാഘം—അഘം (പാപം) ഇല്ലാത്തതിനാൽ.

[അഥ] ഫാല്ഗുനഃ [സ്യാൽ] ഫാല്ഗുനികഃ Phalguna, near the lion's tail·

ഹ. ഫാല്ഗുന—ഫാല്ഗുനി (ഉത്തിര) നക്ഷത്രപൌർണ്ണമാസിയൊടുകൂടിയതു. വ. തപസ്യ—തപസ്സുചെയ്വാൻ നല്ലതാകയാൽ. ന. ഫാല്ഗുനിക = ഫാല്ഗുനി

[സ്യാൽ] ചൈത്രഃ ചൈത്രികഃ മധുഃ Chaitra, near the virgin's spike.

ഹ. ചൈത്രം വ. ചൈത്രികം—ചിത്തിര നക്ഷത്ര പൌർണ്ണമാസിയൊടുകൂടിയതു. ന. മധു—മധു (പുഷ്പരസം) ഉള്ള കാലം.

വൈശാഖഃ മാധവഃ രാധഃ Vaisacha, month in which the moon is full, near the southern scale.

ഹ. വൈശാഖം—വിശാഖ പൌർണ്ണമാസിയൊടു കൂടിയതു. വ. മാധവം—മധു (പുഷ്പരസം) അധികമായി ഉള്ള കാലം. ന. രാധം—വിശാഖനക്ഷത്ര പൌർണ്ണമാസിയൊടുകൂടിയതു.

ജ്യൈഷ്ഠഃ ശുക്രഃ Jyaishta, near the scorpion.

ഹ. ജ്യേഷ്ഠ—ജ്യേഷ്ഠനക്ഷത്ര പൌർണ്ണമായിയൊടു കൂടിയതു. വ. ശുക്രം—ശുച (ദുഃഖിക്ക)—ജീവരാശികൾ ദുഃഖിക്കുന്നതിനാൽ.

ശുചിഃ [തു അയം] ആഷാഢഃ Ashadha, near the bow of Lagittarius.

൧. ശുചി—ശുച (ദുഃഖിക്ക)—ദുഃഖമുള്ളകാലം. ൨. ആഷാഢം—ആഷാഢ (പൂരാട) നക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു.

ശ്രാവണഃ [തു സ്യാൽ] നഭഃ ശ്രാവണികഃ [ച സഃ] Sravana, nearly in the longitude of the eagle.

൧. ശ്രാവണം—ശ്രവണ (തിരുവൊണം) നക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു. ൨. നഭാസ്സ—ന+ഭാസ്സ (ശൊഭിക്ക)—ശൊഭിക്കാത്തതു. ൩. ശ്രാവണികം = ശ്രാവണം.

നഭസ്യഃ പ്രൌഷ്ഠപദഃ ഭാദ്രഃ ഭാദ്രപദഃ (സമാഃ) Bhadra, Nearly in the longitude of the wing of Pegasus,

൧. നഭസ്യം—നഭസ്സ (മെഘം)—അധികംഉള്ളസമയം. ൨. പ്രൌഷ്ഠപദം—പ്രൌഷ്ഠപദാ (പൂരുരുട്ടാതി) നക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു. ൩. ഭാദ്രം. ൪. ഭാദ്രപദം—ഭാദ്ര (പൂരുട്ടാതി) നക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു.

[സ്യാൽ] ആശ്വിനഃ ഇഷഃ [അപി] ആശ്വയുജഃ Aswina, near the head of Aries.

൧. ആശ്വിനം—അശ്വതിനക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു. ൨. ഇഷം—ഇഷ (യാത്ര)—ശത്രുക്കളെ ജയിപ്പാനായിക്കൊണ്ടു യാത്രചെയ്യുന്നസമയം. ൩. ആശ്വയുജം—അശ്വതിനക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു.

[സ്യാൽ] [തു] കാൎത്തികഃ ബാഹുലഃ ഊൎജ്ജഃ കാൎത്തികികഃ Karttika, near the Pleiades.

കാൎത്തിക—കാൎത്തികനക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു. ൨. ബാഹുലം—ബഹുല (കൃത്തികനക്ഷത്ര) പൌൎണ്ണമാസിയൊടുകൂടിയതു. ൩. ഊൎജ്ജം—ഊൎജ്ജ (ഉത്സാഹം) ചെയ്യുന്നസമയം. ൪. കാൎത്തികികം—കാൎത്തികനക്ഷത്രപൌൎണ്ണമാസിയൊടുകൂടിയതു.

ഹെമന്തഃ-ഹെമന്തകാലം. Winter.

ഹെമന്തം—ഹന (ഹിംസിക്ക)—ഹിമത്താലെഹനിക്കുന്നസമയം.

ശിശിരഃ [അസ്ത്രീയാം]—ശിശിരകാലം Cold season.

ശിശിരം—ശീങ് (കൃശമാക്കുക)—ശരീരത്തെ ശീതംകൊണ്ടു കൃശമാക്കുന്നതു.

വസന്തെ പുഷ്പസമയ'സ്സുരഭി'ഗ്രീഷ്മ ഊഷ്മകഃ
നിദാഘ ഉഷ്ണോപഗമ ഉഷ്ണ ഊഷ്മാഗമ'സ്തപഃ

വസന്തഃ പുഷ്പസമയഃ സുരഭിഃ Spring.

൧. വസന്തം—വസ (വസിക്ക)—ജനങ്ങൾ സുഖമായി വസിക്കുന്ന കാലം. ൨. പുഷ്പസമയം—പുഷ്പങ്ങൾ ഉണ്ടാകുന്ന കാലം. ൩. സുരഭി—സു+രഭ (ആരംഭിക്ക)—ജനസന്തൊഷം വരുത്തുവാൻ ആരംഭിക്കുന്ന സമയം; സുഗന്ധം; ജാതിക്കാ; മുരു; മല്യം; ഭൂമി; മുല്ല; തുളസി; ചൊന്നു; ഗന്ധകം.

ഗ്രീഷ്മഃ ഊഷ്മകഃ നിദാഘഃ ഉഷ്ണോപഗമഃ ഉഷ്ണഃ ഊഷ്മാഗമഃ തപഃ Hot season.

൧. ഗ്രീഷ്മം—ഗ്രസ (എടുക്കുക)—തടാകാദികളിലെ വെള്ളം പററിക്കുന്നതു. ൨. ഊഷ്മകം—ഊഷ (ദുഖിപ്പിക്ക)—ഉഷ്ണംകൊണ്ടു ദുഖിപ്പിക്കുന്ന കാലം. ൩. നിദാഘം—നി+ദഹ (ദഹിക്ക)—അധികം ഉഷ്ണിപ്പിക്കുന്നതു. ൪. ഉഷ്ണോപഗമം—ഉഷ്ണ+ഉപ+ഗമ (ഗമിക്ക)—ഉഷ്ണത്തൊടുകൂടിയതു. ൫. ഉഷ്ണം—ഉഷ (ദഹിക്ക)—ചൂടുസഹിയാത്ത കാലം. ൬. ഊഷ്മാഗമം—ഊഷ്മത്തിന്റെ ആഗമം (വരവു). ൭. തപസ്സ—തപ (ചൂടുപിടിക്ക)— തപിക്കുന്ന കാലം; വൈശാഖാദി.

സ്ത്രീയാം പ്രാവൃൾ സ്ത്രീയാം ഭൂമ്നി വൎഷാ അഥ ശരൽസ്ത്രീയാം

[സ്ത്രീയാം] പ്രാവൃൾ [സ്ത്രീയാം ഭൂമ്നി] വൎഷാഃ Rain.

൧. പ്രാവൃൾ—പ്ര+ വൃഷു (തളിക്ക)—പ്രകൎഷേണ വൎഷിക്കുന്നതു. ൨. വൎഷം—വൃഷു (തളിക്ക).

[അഥ] ശരൽ [സ്ത്രീയാം] Sultry season.

൧. ശരൽ—ശീൎ (കൊയ്യുക): പാഠാന്തരം ശൃ (ഹിംസിക്ക) വൎഷം അവസാനിക്കുന്ന കാലം.

അസ്ത്രീ പങ്കം പുമാൻ പാപ്മാ പാപ കില്ബിഷ കല്മഷം

കലുഷം വൃജിനൈനോഘമംഹൊ ദുരിത ദുഷ്കൃതം

[അസ്ത്രീ] പങ്കം [പുമാൻ] പാപ്മാ പാപം കില്ബിഷം കല്മഷം കലുഷം വൃജിനം എനഃ അഘം അംഹഃ ദുരിതം ദുഷ്കൃതം Sin.

൧. പങ്കം—പചി (വിസ്താരമാകുക)—സമ്പൎക്കംകൊണ്ടു വിസ്താരമാകുന്നതു; ചെളി. ൨. പാപ്മാവു—പത്ലൃ (ഗമിക്ക)—ഇതിനാൽമനുഷ്യർ നരകത്തെപ്രാപിക്കുന്നതുകൊണ്ടു. ൩. പാപം—പത്ലൃ (ഗമിക്ക)—ഇതിനാലെമനുഷ്യർ നരകത്തെപ്രാപിക്കുന്നതുകൊണ്ടു: പാഠാന്തരം—പാ (പാനംചെയ്ക)+പാപിഷ്ഠജനങ്ങളെ സ്വീകരിക്കുന്നതു. ൪. കില്ബിഷം—കില (ഇടുക)—നരകത്തിൽഇടുന്നതിനുള്ളഹെതു: പാഠാന്തരം—കില (ശിഥിലമാക)—ഇതിനാലെ ജനങ്ങൾക്ഷയിക്കുന്നതുകൊണ്ടു, ൫. കല്മഷം—കല (എണ്ണുക)—ചിത്രഗുപ്താദികളാൽ എണ്ണപ്പെടുന്നതിനുള്ളഹെതു. ൬. കലുഷം—കല (എണ്ണുക). ൭. വൃജിനം—വൃജി (വൎജ്ജിക്ക)—ശിഷ്ടന്മാരാൽ വൎജ്ജിക്കപ്പെടുന്നതു; ചുവന്നതൊൽ; ദുഃഖം; തലമുടി. ൮. ഏനസ്സ—ഇണ് (ഗമിക്ക)—നിഷിദ്ധകൎമ്മങ്ങളെ ചെയ്യുന്നവരിൽ പ്രാപിക്കുന്നതു; പാഠാന്തരം—നരകത്തെപ്രാപിപ്പിക്കുന്നതു. ൯. അഘം—ഹാ (വിടുക)—ദുഃഖംവിടാതെകൂടെയുള്ളതു. ൧൦. അംഹസ്സ—അഹി (ഗമിക്ക)—പ്രായശ്ചിത്തംചെയ്താൽ ഇല്ലാതെപൊകുന്നതു. ൧൧. ദുരിതം—ദു+ഇണ് (ഗമിക്ക)—ദുൎഗ്ഗനത്തെപ്രാപിക്കുന്നതു. ൧൨. ദുഷ്കൃതം—ദു+കൃഞ് (ചെയ്ക)—ദുഷ്പ്രവൃത്തി.

സ്യാദ്ധർമ്മമസ്ത്രീയാം പുണ്യ ശ്രേയസീ സുകൃതം വൃഷഃ

[സ്യാൽ] ധർമ്മം [അസ്ത്രീയാം] പുണ്യം ശ്രേയഃ സുകൃതം വൃഷഃ

൧. ധർമ്മം—ധൃ (ധരിക്ക)—ജനങ്ങളാൽ സ്വീകരിക്കപ്പെട്ടിരിക്കുന്നതു; ന്യായം; ആചാരം; വേദവിധി. ൨. പുണ്യം—പുണ (ശുദ്ധമാക്കുക)—നല്ലകർമ്മം. ൩. ശ്രേയസ്സ—ശ്രിഞ് (സേവിക്ക)—ശുഭത്തിനാൽ സേവിക്കപ്പെടുന്നതു; പാഠാന്തരം ശ്രേഷ്ഠന്മാരിൽ പ്രശംസിക്കപ്പെടുന്നതു. ൪. സുകൃതം—സു+കൃഞ് (ചെയ്ക)—ശോഭനകർമ്മം. ൫. വൃഷം—വൃഷ (വർഷിക്ക)—ഇഷ്ടങ്ങളെ വർഷിക്കുന്നതു.

മുൽ പ്രീതിഃ പ്രമദോ ഹർഷഃ പ്രമോദാമോദ സമ്മദാഃ
സ്യാദാനന്ദഥുരാനന്ദ ശർമ്മ സാത സുഖാനിച

മുൽ പ്രീതിഃ പ്രമദഃ ഹർഷഃ പ്രമോദഃ ആമോദഃ സമ്മദഃ [സ്യാൽ] ആനന്ദഥുഃ ആനന്ദഃ ശർമ്മഃ സാതം സുഖം [ച] Joy or pleasure.

൧. മുത്തു—മുദ (സന്തോഷിക്ക)—പ്രാണികളെ സന്തോഷിപ്പിക്കുന്നതു. ൨. പ്രീതി—പ്രീ (ഇഷ്ടപ്പെടുത്തുക); കാമദേവന്റെ ഭാര്യ. ൩. പ്രമദം—പ്ര+മദ (മദിക്ക.) ൪. ഹർഷം—ഹൃഷ (സന്തോഷിക്ക.) ൫. പ്രമോദം—പ്ര+മുദ (സന്തോഷിക്ക.) ൬. ആമോദം—ആ+മുദ (സന്തോഷിക്ക) ൭. സമ്മദം—സ+മദ (മദിക്ക.) ൮. ആനന്ദഥു. ൯. ആനന്ദം—ആ+നദി (സന്തോഷിപ്പിക്ക.) ൧൦. ശർമ്മം—ശൃ (ഹിംസിക്ക)—ദുഃഖത്തെ നശിപ്പിക്കുന്നതു. ൧൧. സാതം—ഷോ (നശിപ്പിക്ക)—ക്ലേശത്തെ നശിപ്പിക്കുന്നതു. ൧൨. സുഖം—സു+ഖന (നശിപ്പിക്ക)—അശുഭത്തെ നശിപ്പിക്കുന്നതു.

ശ്വഃശ്രേയസം ശിവം ഭദ്രം കല്യാണം മംഗലം ശുഭം
ഭാവുകം ഭവികം ഭവ്യം കുശലം ക്ഷേമമസ്ത്രിയാം

ശ്വഃശ്രേയസം ശിവം ഭദ്രം കല്യാണം മംഗലം ശുഭം ഭാവുകം ഭവികം ഭവ്യം കുശലം ക്ഷേമം [അസ്ത്രിയാം] Happy, well or right.

൧. ശ്വഃശ്രേയസം—ശ്വഃ (നാളെ)+ശ്രേയസ്സ (മഹിമ) കിട്ടുമെന്നുള്ളവിശ്വാസം. ൨. ശിവം—ശിങ് (പുലർക്കുക)—അനിഷ്ടത്തെ പുലർക്കുന്നതു. ൩. ഭദ്രം—ഭദി (സുഖിക്ക)—കല്യാണമാകു. ൪. കല്യാണം—കല്യം (രോഗമില്ലായ്ക)+അണ (പ്രാപിക്ക). ൫. മംഗലം—മഗി (ഗമിക്ക)—അലക്ഷ്മിയെ കളയുന്നതു. പാഠഃ ലാ (ദാനംചെയ്ക) മംഗലത്തെ (സുഖത്തെ) ദാനംചെയ്യുന്നതു. ൬. ശുഭം—ശുഭ (ശോഭിക്ക). ൭. ഭാവുകം—ഭൂ (ഭവിക്ക)—നീരാചനാദി കർമ്മംകൊണ്ടു ഭവിക്കുന്നതു. ൮. ഭവികം—ഭൂ (ഭവിക്ക)—ഇച്ഛിച്ചതുഭവിക്കുന്നതു. ൯. ഭവ്യം—ഭൂ (ഭവിക്ക)—രാജാവിങ്കൽനിന്നു വരുന്നശുഭലാഭം. ൧൦. കുശലം—ശോ (കുറെക്ക) കുത്സിതത്തെ കൃശമാക്കുന്നതു. ൧൧. ക്ഷേമം—ക്ഷിണ (ഹിംസിക്ക)—അശുഭത്തെ നശിപ്പിക്കുന്നതു.

ദൈവ 'ന്ദിഷ്ടം ഭാഗധെയം ഭാഗ്യം സ്ത്രീ നിയതി'ൎവ്വിധിഃ

ദൈവം ദിഷ്ടം ഭാഗധെയം ഭാഗ്യം [സ്ത്രീ] നിയതിഃ വിധിഃ Destiny or luck.

൧. ദൈവം—ദെവങ്ങൾ (പരമെശ്വരന്മാർ) ഉള്ളതു. ൨. ദിഷ്ടം—ദിശ (കൊടുക്കുക)—ശുഭാശുഭങ്ങളെ കൊടുക്കുന്നതു. ൩. ഭാഗധെയം—ഭഗ (ഐശ്വൎയ്യ)സംബന്ധമായതു. ൪. ഭാഗ്യം—ഭജ (സെവിക്ക)—സെവിക്കപ്പെടുന്നതു. ൫. നിയതി—യമ (ഉപരമിക്ക)—ഇതിനാലെ നിയമിക്കപ്പെടുന്നതുകൊണ്ടു. ൬. വിധി—വിധ (നിശ്ചയിക്ക)—ഇതിനാലെ വിധിക്കപ്പെടുന്നതുകൊണ്ടു.

ജന്മ 'ജ്ജനന ജന്മാനി ജനി 'രുല്പത്തി 'രുത്ഭവഃ

ജന്മഃ ജനനം ജന്മ ജനിഃ ഉല്പത്തിഃ ഉത്ഭവഃ. Birth or production.

൧. ജന്മസ്സ. ൨. ജനനം. ൩. ജന്മം. ൪. ജനി. നാലിന്നും ധാതു—ജനീ (ജനിക്ക). ൫. ഉല്പത്തി—പദ്ല (ഗമിക്ക). ൬. ഉത്ഭവം—ഭൂ (ഭവിക്ക).

പ്രാണീ തു ചെതനൊ ജന്മീ ജന്തു ജന്യു ശരീരിണഃ

പ്രാണീ [തു] ചെതനഃ ജന്മീ ജന്തുഃ ജന്യുഃ ശരീരീ. An animal or sentient being.

൧. പ്രാണി—അന (ജീവിക്ക)—ജീവനുള്ളതു. ൨. ചെതനം—ചിത (അറിയുക)—അറിവുള്ളതു. ൩. ജന്മി. ൪. ജന്തു. ൫. ജന്യു—ജനീ (ജനിക്ക). ൬. ശരീരി—ശൃ (നശിക്ക)—ശരീരം (നശിക്കുന്നതു) ഉള്ളതു.

൫-ധീപ്രകരണം.

ചിത്തം തു ചെതൊ ഹൃദയം സ്വാന്തം ഹൃന്മാനസം മനഃ

ചിത്തം [തു] ചെതഃ ഹൃദയം സ്വാന്തം ഹൃൽ മാനസം മനഃ. The mind or faculty of reason.

൧. ചിത്തം. ൨. ചെതസ്സ—ചിതീ (ചിന്തിക്ക). ൩. ഹൃദയം—ഹൃഞ് (ഹരിക്ക)—വിഷയങ്ങളാൽ ഹരിക്കപ്പെടുന്നതു. ൪. സ്വാന്തം—സ്വന (ശബ്ദിക്ക). ൫. ഹൃത്തു—ഹൃഞ് (ഹരിക്ക). ൬. മാനസം. ൭. മനസ്സ—മന (അറിയുക).

ബുദ്ധി'ൎമ്മനീഷാ ധിഷണാ ധീഃ പ്രജ്ഞാ ശെമുഷീ മതിഃ
പ്രെക്ഷൊ'പലബ്ധി'ശ്ചിൽ സംവിൽ പ്രതിപൽ ജ്ഞപ്തിചെ[തനാഃ

ബുദ്ധിഃ മനീഷാ ധിഷണാ ധീഃ പ്രജ്ഞാ ശെമുഷീ മതിഃ പ്രെക്ഷാ ഉപലബ്ധിഃ ചിൽ സംവിൽ പ്രതിപൽ ജ്ഞപ്തിഃ ചെതനാ The understanding or intellect.

൧. ബുദ്ധി—ബുധ (അറിയുക)—തിരിച്ചറിവാനുള്ള ഇന്ദ്രിയം. ൨. മനീഷാ—മനസ്സിന്റെ ഈഷ (കലപ്പ); പാഠ:—മന (അറിക). ൩. ധിഷണാ—ധൃഷാ (പ്രാഗത്ഭ്യ)—അൎത്ഥംധരിക്കുന്നതിനുള്ള ഇന്ദ്രിയം. ൪. ധീ—ധൈ (ചിന്തിക്ക). ൫. പ്രജ്ഞാ—ജ്ഞാ (അറിയുക)—പ്രായെണ അറിയുന്നതിനുള്ള ഇന്ദ്രിയം. ൬. ശെമുഷീ—മുഷ (മൊഷ്ടിക്ക)—ശെഃ (മൊഹം) ഇല്ലാതാക്കുന്നതു. ൭. മതി—മന (അറിയുക); ഇഛാ; ഭാവം; മാനം. ൮. പ്രെക്ഷാ—ഈക്ഷ (നൊക്കുക)—പ്രായെണനൊക്കി അറിയുന്നതു; ആട്ടം; കാഴ്ച; വൃക്ഷത്തിന്റെ കൊമ്പു. ൯. ഉപലബ്ധി—ലഭ് (ലഭിക്ക)—വിചാരിച്ചു പരമാൎത്ഥം അറിയുന്നതു; ജ്ഞാനം; ലാഭം. ൧൦. ചിത്തു—ചിതീ (ചിന്തിക്ക). ൧൧. സംവിത്തു—വിദ (അറിയുക)—സമ്യക്കാകംവണ്ണം അറിയുന്നതു; സമ്മതം; ഉടമ്പടി; അറിവു; പടവിളി; യുദ്ധം; പൊർ; കൊടി; ആചാരം. ൧൨. പ്രതിപത്തു—പദ്ല (ഗമിക്ക); പ്രതിപാദം. ൧൩. ജ്ഞപ്തി—ജ്ഞാ (അറിയുക); ഗ്രഹണം; ഓൎമ്മ. ൧൪. ചെതനാ—ചിതീ (അറിയുക); ജീവൻ; ജ്ഞാനം.

സംവിദാഗൂഃ പ്രതിജ്ഞാനം നിയമാശ്രവ സംശ്രവാഃ
അംഗീകാരൊഭ്യുപഗമ പ്രതിശ്രവ സമാധയഃ

സംവിൽ ആഗൂഃ പ്രതിജ്ഞാനം നിയമഃ ആശ്രവഃ സംശ്രവഃ അംഗീകാരഃ അഭ്യുപഗമഃ പ്രതിശ്രവഃ സമാധിഃ—പ്രതിജ്ഞ An agreement.

൧. സംവിൽ—വിദ (അറിയുക)—അന്യൊന്യം അറിഞ്ഞതു; ഉടമ്പടി; പടവിളി; യുദ്ധം; പൊർ; കൊടി; അടയാളം; ആചാരം; ൨. ആഗൂ—ഗമ (ഗമിക്ക)—എല്ലാം അറിയുന്നതു. ൩. പ്രതിജ്ഞാനം—ജ്ഞാ (അറിയുക)—ഇതിനാലെ പ്രതിജ്ഞചെയ്യപ്പെടുന്നതുകൊണ്ടു. ൪. നിയമം—യമ (ഉപരമിക്കുക)—ഇതിനാലെ നിശ്ചയിക്കപ്പെടുന്നതുകൊണ്ടു. ൫. ആശ്രവം. ൬. സംശ്രവം—ശ്രു (ശ്രവിക്ക)—നല്ലവണ്ണം കെൾക്കുന്നതു. ൭. അംഗീകാരം—കൃഞ് (ചെയ്ക)—വിസമ്മതിച്ചതിനെ സമ്മതിക്കുന്നതു. ൮. അഭ്യുപഗമം—ഗമ (ഗമിക്ക)—എതിർപക്ഷം സമ്മതിക്കുന്നതു. ൯. പ്രതിശ്രവം—പ്രതി+ശ്രു (കെൾക്ക)—പ്രതിപക്ഷം അനുസരിക്കുന്നതു. ൧൦. സമാധി—സം+ധാ (ധരിക്ക)—സമ്യക്കാകംവണ്ണംധരിക്കുന്നതു.

മുക്തിഃ കൈവല്യ്യ നിൎവ്വാണ ശ്രെയൊ നിശ്രെയസാമൃതം

മുക്തിഃ കൈവല്യം നിൎവ്വാണം ശ്രെയഃ നിശ്രെയസം അമൃതം—മൊക്ഷം Beatitude.

൧. മുക്തി—മുച (മൊചിക്ക)—ഗ്രഹാദിപാശങ്ങളിൽ നിന്നുള്ള മൊചനം; ഉപെക്ഷിക്ക. ൨. കൈവല്യം—വല്ല (ഗമിക്ക)—ലൊകകാൎയ്യത്തിൽ നിന്നൊഴിക. ൩. നിൎവ്വാണം—വാ (ശൊഷിക്ക)—സകല ദുഃഖങ്ങളും ശൊഷിക്കുന്ന സ്ഥി

തി. ൪. ശ്രേയസ്സ—ശ്രിഞ് (സെവിക്ക)—സെവിക്കപ്പെടുന്നതു. ൫. നിശ്രേയസം—നിശ്ചയമായിരിക്കുന്ന ശ്രേയസ്സ; സൌഖ്യം. ൬. അമൃതം—അ+മൃ (മരിക്ക)—മരണമില്ലായ്മ; കിഴക്കാനെല്ലി; കടുക്ക.

തുവരസ്തു കഷായൊസ്ത്രീ മധുരൊ ലവണഃ കടുഃ
തിക്തൊമ്ലശ്ച രസാഃ പുംസി തദ്വത്സു ഷഡമീ ത്രിഷു

തുവരഃ [തു] കഷായഃ [അസ്ത്രീ]—ചവൎപ്പ. An astringent taste.

൧. തുവരം—തു (മറെക്ക)—കണ്ഠാദികളെ ചവൎപ്പിക്കുന്നതു. ൨. കഷായം—കഷ (ഹിംസിക്ക)—കണ്ഠാദികളെ ഹിംസിക്കുന്നതു; തവിട്ടുനിറം.

മധുരഃ—മാധുൎയ്യം. Sweet taste.

൧. മധുരം—മധു (തെൻ) പൊലെ രുചിയുള്ളതു.

ലവണഃ—ലാവണ്യം. Salt taste.

൧. ലവണം—ലൂഞ് (ഛെദിക്ക)—ജാഡ്യത കളയുന്നതു; ഉപ്പിന്റെ രുചിയുള്ളതു.

കടുഃ—എരിവ. Pungent taste.

൧. കടു—കട (മറെക്ക)—മററു രസങ്ങളെ ഇല്ലാതെ ആക്കുന്നതു; കൎപ്പൂരം.

തിക്തഃ—കയ്പ. Bitter taste.

൧. തിക്തം—തിജ (കൃശമാക്കുക)—ശ്ലെഷ്മത്തെ ഇല്ലാതാക്കുന്നതു.

അമ്ലഃ—പുളിരസം. Acid taste.

൧. അമ്ലം—അബ (ശബ്ദിക്ക)—തിന്നുമ്പൊൾ ശബ്ദം പുറപ്പെടുവിക്കുന്നതു; പുളിവൃക്ഷം [ച. രസാഃ-പുംസി—രസവാചികൾ പുല്ലിംഗത്തിലും വരും] [തദ്വത്സു-ഷഡമീ ത്രിഷു—ഇതുകൾ ആറും വിശെഷണം ആകുമ്പൊൾ ത്രിലിംഗവും ഉണ്ടു].

ശുക്ല ശുഭ്ര ശുചി ശ്വെത വിശദ ശ്യെത പാണ്ഡരാഃ
അവദാതസ്സിതൊ ഗൌരൊ വലക്ഷൊ ധവളൊൎജ്ജുനഃ
ഹരിണഃ പാണ്ഡുരഃ പാണ്ഡുരീഷൽപാണ്ഡുസ്തു ധൂസരഃ

ശുക്ലഃ ശുഭ്രഃ ശുചിഃ ശ്വെതഃ വിശദഃ ശ്യെതഃ പാണ്ഡരഃ അവദാതഃ സിതഃ ഗൌരഃ വലക്ഷഃ ധവളഃ അൎജ്ജുനഃ—വെളുത്തതു. White.

൧. ശുക്ലം—ശുക (ഗമിക്ക)—ഇതിങ്കൽ മനസ്സ ഗമിക്കുന്നതിനാൽ. ൨. ശുഭ്രം—ശുഭ (ശൊഭിക്ക). ൩. ശുചി—ശുചി (ശുദ്ധമാകുക). ൪. ശ്വെതം—ശ്വിത (നിറംകൊടുക്ക) —വെളുപ്പിനെ ഉണ്ടാക്കുന്നതു. ൫. വിശദം—വിശ (പ്രവെശിക്ക)—മനസ്സിങ്കൽ പ്രവെശിക്കുന്നതു. ൬. ശ്യെതം—ശ്യൈങ് (ഗമിക്ക)—മനസ്സിനെ പ്രാപിക്കുന്നതു. ൭. പാണ്ഡരം—പഡി (ഗമിക്ക)—ഇതിൽ മനസ്സ ഗമിക്കുന്നതിനാൽ.

൮. അവദാതം—ദൈപ് (ശുദ്ധിയാക്കുക). ൯. സിതം—ഷിഞ് (ബന്ധിക്ക)—മനസ്സിനെബന്ധിക്കുന്നതു ൧൦. ഗൌരം—ഗുങ് (ശബ്ദിക്ക)—കീൎത്തിക്കപ്പെട്ടതു. ൧൧. വലക്ഷം—ലക്ഷ (കാണുക)—കാണപ്പെടുന്നതു. ൧൨. ധവളം—ധാവു (ശുദ്ധിയാക്കുക). ൧൩. അൎജ്ജുനം—അൎജ്ജ (സംഗ്രഹിക്ക)—സംഗ്രഹിക്കപ്പെടുന്നതു.

ഹരിണഃ പാണ്ഡുരഃ പാണ്ഡുഃ—മഞ്ഞയുംവെള്ളയുംകൂടിയതു Yellowish White.

൧. ഹരിണം—ഹൃഞ് (ഹരിക്ക)—മനസ്സിനെഹരിക്കുന്നതു. ൨. പാണ്ഡുരം, ൩. പാണ്ഡു—പഡി (ഗമിക്ക)—പാണ്ഡുരനിറമുള്ളതു.

[ൟഷൽപാണ്ഡുഃ തു] ധൂസരഃ—കുറഞ്ഞൊന്നുവെളുത്തതു. Grey.

൧. ധൂസരം—ധൂങ് (ചലിക്ക)—മനസ്സിനെചലിപ്പിക്കുന്നതു.

കൃഷ്ണേ നീലാ’സിത ശ്യാമഃ കാള ശ്യാമള മെചകാഃ

കൃഷ്ണഃ നീലഃ അസിതഃ ശ്യാമഃ കാളഃ ശ്യാമളഃ മെചകഃ—കറുത്തത Black or dark blue.

൧. കൃഷ്ണം—കൃഷ (ആകൎഷിക്ക)—മനസ്സിനെആകൎഷിക്കുന്നതു. ൨. നീലം—നീല (വൎണ്ണെ). ൩. അസിതം—അ+സിതം (വെളുത്തതു)—വെളുപ്പില്ലാത്തതു; കറുത്തപക്ഷം. ൪. ശ്യാമം—ശ്യൈങ് (ഗമിക്ക)—മനസ്സിനെപ്രാപിക്കുന്നതു; പച്ചനിറം; മെഘം; കുയിൽ. ൫. കാളം—കല (പ്രെരിക്ക)—മനസ്സിനെ പ്രെരിക്കുന്നതു; കാകോളം. ൬. ശ്യാമളം—ശ്യാമവൎണ്ണമുള്ളതു. ൭. മെചകം—മച (മിശ്രിക്ക); പീലികണ്ണു.

പീതൊ ഗൌരൊ ഹരിദ്രാഭഃ പാലാശൊ ഹരിതൊ ഹരിൽ

പീതഃ ഗൌരഃ ഹരിദ്രാഭഃ—മഞ്ഞനിറം Yellow.

൧. പീതം—പാ (പാനംചെയ്ക)—മനൊഹരമായുള്ളതു; കുങ്കുമം; പുഷ്പരാഗം; കടിക്കുക. ൨. ഗൌരം—ഗുരീ (ഉദ്യൊഗിക്ക)—മനസ്സിനെ ഉദ്യൊഗിപ്പിക്കുന്നതു. ൩. ഹരിദ്രാഭം—ഹരിദ്ര (മഞ്ഞൾ)+ആഭ (നിറം) ഉള്ളതു.

പാലാശഃ ഹരിതഃ ഹരിൽ—പച്ചിലനിറം. Green.

൧. പാലാശം—പ്ലാശിന്റെ നിറമുള്ളതു. ൨. ഹരിതം—ഹൃഞ് (മൊഷ്ടിക്ക)—മനസ്സിനെഹരിക്കുന്നതു; സിംഹം. ൩. ഹരിൽ—ഹൃഞ് (മൊഷ്ടിക്ക); ദിക്കു.

രൊഹിതൊ ലൊഹിതൊ രക്ത ‘ശ്ശൊണഃ കൊകനദച്ഛവിഃ

രൊഹിതഃ ലൊഹിതഃ രക്തഃ—ചുവപ്പുനിറം. Red.

൧. രൊഹിതം—രുഹ (ജനിക്ക); ചുവന്നകിൽ; യുദ്ധം; കുങ്കുമം; ഒരുമത്സ്യം; ൨. ലൊഹിതം—രുഹ (ജനിക്ക)—സന്ധ്യയിങ്കൽഉണ്ടായതു; ഒരുവൃക്ഷം; ഇന്ദ്രന്റെ വില്ലു. ൩. രക്തം—രഞ്ജ (നിറംകൊടുക്ക).

ശോണഃ കോകനദച്ഛവിഃ — അരക്കാമ്പലിന്റെനിറം. Crimson.

൧. ശോണം — ശോണൃ (നിറംകൊടുക്ക). ൨. കോകനദച്ഛവി — കോകനദത്തിന്റെ (അരക്കാമ്പലിന്റെ) ച്ഛവി (നിറം)പോലെയുള്ളതു.

അവ്യക്തരാഗ 'സ്ത്വ' രുണ 'ശ്ശ്വേതരക്ത 'സ്തു പാടലഃ

[അവ്യക്തരാഗഃ തു] അരുണഃ — വ്യക്തമല്ലാത്തചുവപ്പു Dark red.

൧. അരുണം — ഋ (ഗമിക്ക) — മനസ്സിനെപ്രാപിക്കുന്നതു.

[ശ്വേതരക്തഃ തു] പാടലഃ — വെളുപ്പുംചുവപ്പുംകൂടിയതു. Pink.

൧. പാടലം — പാടലംഎന്നപൂവിന്റെനിറം.

ശ്യാവ സ്യാൽ കപിശോ ധൂമ്ര ധൂമളൌ കൃഷ്ണലോഹിതെ

ശ്യാവഃ [സ്യാൽ] കപിശഃ — കറുപ്പുംമഞ്ഞയുംകൂടിയതു. Brown.

൧. ശ്യാവം — ശ്യൈങ് (ഗമിക്ക) — വൎണ്ണാന്തരത്തെപ്രാപിക്കുന്നതു. ൨. കപിശം — കപിയുടെ (കുരങ്ങിന്റെ) നിറം.

ധൂമ്രം ധൂമളം കൃഷ്ണലോഹിതം — കറുപ്പുംചുവപ്പുംകൂടിയതു. Purple.

൧. ധൂമ്രം — രാ (ദാനംചെയ്ക) — ധൂമവൎണ്ണത്തെകൊടുക്കുന്നതു. ൨. ധൂമളം — ലാ (ദാനംചെയ്ക). ൩. കൃഷ്ണലോഹിതം — കൃഷ്ണം (കറുപ്പു) + ലോഹിതം (ചുവപ്പു) ഇവകൂടിയതു.

കഡാരഃ കപിലഃ പിംഗ പിശംഗൌ കദ്രു പിംഗലൌ

കഡാരഃ കപിലഃ പിംഗഃ പിശംഗഃ കദ്രുഃ പിംഗലഃ Tawny.

൧. കഡാരം — കഡ (ലക്ഷണെ) — കരാൽനിറം. ൨. കപിലം — ലാ (ദാനംചെയ്ക) — കപിവൎണ്ണമുള്ളതു. ൩. പിംഗം — പിജ് (വൎണ്ണിക്ക). ൪. പിശംഗം — പിശ (അവയവയെ) — ഗോരോചനനിറമുള്ളതു. ൫. കദ്രു — കദ (വിളിക്കുക) — മോഹിപ്പിക്കുന്നതായ പൊൻനിറമുള്ളതു — പാഠ: — ദ്രാ (ഗമിക്ക) — മനസ്സിനെ കുത്സിതമാകുംവണ്ണം പ്രാപിക്കുന്നതു. ൬. പിംഗലം — ലാ (ദാനംചെയ്ക) — പിംഗവൎണ്ണത്തെ കൊടുക്കുന്നതു; വൈശ്രവണന്റെ നിധികളിൽ ഒന്നു; നത്തു; പിച്ചള; മനയോല.

ചിത്രകിൎമ്മീര കല്മാഷ ശബളൈ'ത'ശ്ച കൎബ്ബുരെ

ചിത്രഃ കിൎമ്മീരഃ കല്മാഷഃ ശബളഃ ഏതഃ [ച] കൎബ്ബുരഃ. Variegated.

൧. ചിത്രം — ചിഞ് (കൂട്ടുക) — ശുക്ലം തുടങ്ങി പല വൎണ്ണം കൂടിയതു; രൂപം. ൨. കിൎമ്മീരം — കൄ (വിക്ഷേപിക്ക) — നാനാവൎണ്ണങ്ങൾ കൂടിയുള്ളതു. ൩. കല്മാ

ഷം—കല (ആഗ്രഹിക്ക)—നാനാവൎണ്ണങ്ങൾ ചെന്നു ഇഷ്ടിപ്പിക്കുന്നതു. ൫. ശബളം—ശബ (ഗമിക്ക)—നാനാവൎണ്ണങ്ങൾ പ്രാപിച്ചിരിക്കുന്നതു. ൬. ഏതം—ഇണ് (ഗമിക്ക)—നാനാവൎണ്ണങ്ങൾ പ്രാപിച്ചിരിക്കുന്നതു. ൭. കൎബ്ബുരം—നാനാവൎണ്ണങ്ങൾ നിറഞ്ഞിരിക്കുന്നതു; സ്വൎണ്ണം; വെള്ളം.

൬-വാക്പ്രകരണം

ബ്രാഹ്മീ തു ഭാരതീ ഭാഷാ ഗീൎവ്വാഗ്വാണീ സരസ്വതീ.

ബ്രാഹ്മീ [തു] ഭാരതീ ഭാഷാ ഗീഃ വാക് വാണീ സരസ്വതീ The goddess of speech.

൧. ബ്രാഹ്മീ—ബ്രഹ്മസംബന്ധമായവൾ. ൨. ഭാരതീ—ഭൃ (ഭരിക്ക)—സ്വാശ്രിതജനങ്ങളെ ഭരിക്കുന്നവൾ; പാഠാന്തരം—ഭരതമുനിയാൽ അവതരിക്കപ്പെട്ടവൾ. ൩. ഭാഷാ—ഭാഷ (സംസാരിക്ക); രൂപം; സ്വഭാവം. ൪. ഗീരു—ഗൄ (ശബ്ദിക്ക)—തെറ്റാതെ ശബ്ദിക്കുന്നവൾ. ൫. വാക്ക—വച (പറക)—ശബ്ദത്തെ പദം തിരിച്ചുപറയുന്നതു. ൬. വാണീ—വണ (ശബ്ദിക്ക). ൭. സരസ്വതീ—സ്രു (സഞ്ചരിക്ക)—എല്ലാടിക്കിലും ഉള്ളവൾ.
☞ ഒരം പൎയ്യായങ്ങൾ വചനാൎത്ഥത്തിലും വരും.

വ്യാഹാര ഉക്തിൎല്ലപിതം ഭാഷിതം വചനം വചഃ

വ്യാഹാരഃ ഉക്തിഃ ലപിതം ഭാഷിതം വചനം വചഃ Word.

൧. വ്യാഹാരം—വ്യാ+ആങ് (ഹരിക്ക)—ജനങ്ങളാൽ നല്ലവണ്ണം എടുക്കപ്പെടുന്നതു. ൨. ഉക്തി—വച (പറയുക). ൩. ലപിതം—ലപ (പറയുക). ൪. ഭാഷിതം—ഭാഷ (പറയുക). ൫. വചനം ൬. വചസ്സു—വച (പറയുക).

വാൎത്താ പ്രവൃത്തിൎവൃത്താന്ത ഉദന്തഃ സ്യാദഥാഹ്വയഃ
ആഖ്യാഹ്വേ അഭിധാനഞ്ച നാമധേയഞ്ച നാമ ച

വാൎത്താ പ്രവൃത്തിഃ വൃത്താന്തഃ ഉദന്തഃ [സ്യാൽ]—ചരിതം Tidings or intelligence.

൧. വാൎത്ത—വിദ (അറിയുക)—അറിവുകൊടുക്കുന്നതു. ൨. പ്രവൃത്തി—വൃത (വൎത്തിക്ക)—വൎത്തിപ്പിക്കുന്നതു; വെലം. ൩. വൃത്താന്തം—വൃത്തം (ചെയ്യപ്പെട്ടതു)+അന്തം (അവസാനം)—അവസാനമുള്ളതു. ൪. ഉദന്തം—വദ (വ്യക്തമായി പറക)—ഉണ്ടായതിനെ തെളിവായി പറയുന്നതു.

[അഥ] ആഹ്വയഃ ആഖ്യാ ആഹ്വാ അഭിധാനം [ച] നാമധേയം [ച] നാമ [ച]. A name or appellation.

൧. ആഹ്വയം—ഹ്വെഞ് (ശബ്ദിക്ക). ൨. ആഖ്യ—ഖ്യാ (കഥിക്ക). ൩. ആഹ്വ = ആഹ്വയം. ൪. അഭിധാനം—അഭി+ധാ (ധരിക്ക). ൫. നാമധെയം ൬. നാമം—ണമ (ശബ്ദിക്ക).

വിവാദൊ വ്യവഹാരഃസ്യാദുപന്യാസസ്തു വാങ്മുഖം

വിവാദഃ വ്യവഹാരഃ [സ്യാൽ] A contest or law suit.

൧. വിവാദം—വി+വദ (വ്യക്തമായി പറക)—ഇതെന്റെതു ഇതെന്റെത എന്നു പറയുന്നതു. ൨. വ്യവഹാരം—ഹൃഞ് (അപഹരിക്ക)—ഇതെന്റെത ഇത എന്റെതു എന്നു പറഞ്ഞു അപഹരിക്കുന്നതു.

ഉപന്യാസഃ [തു] വാങ്മുഖം—വാക്യാരംഭം. The Exordium.

൧. ഉപന്യാസം—ഉപ + അസു (ക്ഷെപിക്ക)—പറഞ്ഞു തുടങ്ങുക. ൨. വാങ്മുഖം—വാക്യാരംഭം.

ഉപൊൽഘാത ഉദാഹാരഃശപനം ശപഥഃ പുമാൻ

ഉപൊൽഘാതഃ ഉദാഹാരഃ—പ്രകൃതാൎത്ഥ സിദ്ധിക്കവെണ്ടി അൎത്ഥാന്തരത്തെ സൂചിപ്പിക്കുന്നതു. An example or opposite argument.

൧. ഉപൊൽഘാതം—ഉപ + ഉൽഘാതം—ഹന (നശിപ്പിക്ക)—തെളിവുകൊണ്ടു കാൎയ്യംസാധിക്കുന്നതു. ൨. ഉദാഹാരം—ഹൃഞ് (എടുക്കുക)—എടുത്തു പറയപ്പെട്ടതു; വാക്യാരംഭം; ദൃഷ്ടാന്തം പറയുക; തൎക്കശാസ്ത്രത്തിലുള്ള ഒരു ലക്ഷണം.

ശപനം ശപഥഃ [പുമാൻ]. An oath.

൧. ശപനം—ശപ (ആക്രൊശനം ചെയ്ക). ൨. ശപഥം—ശപ (അനുസരിക്ക)—ഇതുകൊണ്ടു വിശ്വസിക്കപ്പെടുന്നതിനാൽ.

പ്രശ്നൊനുയൊഗഃ പൃഛാ ച പ്രതിവാക്യൊത്തരെസമെ

പ്രശ്നഃ അനുയൊഗഃ പൃഛാ [ച]—ചൊദ്യം. A question.

പ്രശ്നം—പ്രഛ (ചൊദിക്ക)—അറിവാൻവെണ്ടി ചൊദിക്കുന്നതു. ൨. അനുയൊഗം—അനു+യുജിർ (കൂട്ടുക)—അൎത്ഥം അറിവാൻവെണ്ടി ചൊദിക്കുന്നതു. ൩. പൃഛാ—പ്രഛ (ചൊദിക്ക).

പ്രതിവാക്യം ഉത്തരം [സമെ]—പരിഹാരം. An answer.

൧. പ്രതിവാക്യം—പ്രതി + വാക്യം (വചനം). ൨. ഉത്തരം—തൄ—(കടക്കുക)—ചൊദ്യക്കാരനെ മിണ്ടാതാക്കുന്നതു; ഉത്രം നാൾ; വടക്കു.

യശഃകീൎത്തിസ്സമജ്ഞാ ച സ്തവഃസ്തൊത്രം സ്തുതിൎന്നുതിഃ

യശഃ കീൎത്തിഃ സമജ്ഞാ [ച]—ഗുണംകൊണ്ടുള്ളഖ്യാതി Fame and reputation.

൧. യശസ്സ—അശ (വ്യാപിക്ക)—അന്യരുടെ ചെവിയിൽ കെൾക്കുന്ന നല്ല ശ്രുതി. ൨. കീൎത്തി—കൃത (ശബ്ദിക്ക)—വൎണ്ണിച്ചുപറവാൻ യൊഗ്യമുള്ളതു; നന്മകൊണ്ടുള്ള പ്രസിദ്ധി. ൩. സമജ്ഞ—ജ്ഞാ (അറിയുക)—എല്ലാടിക്കിലും അറിയപ്പെടുന്നതു.

സ്തവഃ സ്തൊത്രം സ്തുതിഃ നുതിഃ—ഗുണഗുണി സംബന്ധത്തിന്റെപെർ Praise.

൧. സ്തവം. ൨. സ്തൊത്രം. ൩. സ്തുതി—ഷ്ടുഞ് (സ്തുതിക്ക)—പിന്നെയും പിന്നെയും ഒരുത്തനെ സ്തുതിക്കുന്നതു. ൪. നുതി—ണു (സ്തുതിക്ക)—പിന്നെയും പിന്നെയും ഒരുത്തനെ സ്തുതിക്കുന്നതു.

അവൎണ്ണാക്ഷെപ നിൎവ്വാദ പരിവാദാപവാദവൽ
ഉപക്രൊശൊ ജുഗുപ്സാ ച കുത്സാ നിന്ദാ ച ഗൎഹണെ

അവൎണ്ണഃ ആക്ഷെപഃ നിൎവ്വാദഃ പരിവാദഃ അപവാദഃ [വൽ] ഉപക്രൊശഃ ജുഗുപ്സാ[ച]കുത്സാ നിന്ദാ[ച]ഗൎഹണം. Censure, blame, or contempt.

൧. അവൎണ്ണം—അ+വൎണ്ണ (സ്തുതിക്ക)—വിപരീതവൎണ്ണനം; വെളുപ്പു; അ. ആ. ഈ രണ്ടക്ഷരങ്ങൾക്കും കൂടെയുള്ള പെർ. ൨. ആക്ഷെപം—ആ+ക്ഷിപ (നിന്ദിക്ക); കുറ്റം; ശൊധന; വിരൊധം; ചൊദ്യം. ൩. നിൎവ്വാദം. ൪. പരിവാദം—വദ (പറയുക); ദൂഷണം; അപഖ്യാതി. ൬. ഉൽക്രൊശം—ക്രുശ (നിലവിളിക്ക)—എല്ലാടിക്കിലും നിലവിളിക്കുന്നതു. ൭. ജുഗുപ്സ—ഗുപ (നിന്ദിക്ക). ൮. കുത്സ—കുത്സ (നിന്ദിക്ക). ൯. നിന്ദ—ണിദി (നിന്ദിക്ക); അപമാനിക്ക. ൧൦. ഗൎഹണം—ഗൎഹ (നിന്ദിക്ക).

സത്യം തഥ്യമൃതം സമ്യഗമൂനി ത്രിഷു തദ്വതി

സത്യം തഥ്യം ഋതം സമ്യക [അമൂനിത്രിഷുതദ്വതി]—പട്ടാങ്ങ Truth ; or true.

൧. സത്യം—ഷൊ (നശിപ്പിക്ക)—സത്തുക്കളിൽനിന്ന (പാപങ്ങളെനശിപ്പിക്കുന്നവരിൽനിന്നു)ഉണ്ടായതു.; ആണ; കൃതയുഗം; ബ്രഹ്മാവിന്റെലൊകം. ൨. തഥ്യം—തഥ (അപ്രകാരം) ഭവിക്കുന്നതു. ൩. ഋതം—ഋ (ഗമിക്ക)—സംശയിക്കാതെ വിശ്വസിക്കപ്പെടുന്നതു; വെള്ളാ. ൪. സമ്യക—അഞ്ചു (പ്രാപിക്ക)—പ്രയൊജനത്തെ പ്രാപിക്കുന്നതു; അശെഷമായി; മുഴുവനും.

൬-ശബ്ദപ്രകരണം.

ശബ്ദെ നിനാദ നിനദ ധ്വനി ധ്വാന രവ സ്വനാഃ
സ്വാന നിൎഘൊഷ നിൎഹ്രാദ നാദ നിസ്വാന നിസ്വനാഃ
ആരവാരാവ സംരാവ വിരാവാ അഥമൎമ്മരഃ

ശബ്ദഃ നിനാദഃ നിനദഃ ധ്വനിഃ ധ്വാനഃ രവഃ സ്വനഃ സ്വാനഃ നിൎഘൊഷഃ നിൎഹ്രാദഃ നാദഃ നിസ്വാനഃ നിസ്വനഃ ആരവഃ ആരാവഃ സംരാവഃ വിരാവഃ—ഒച്ച. Sound.

൧. ശബ്ദം—ശപൽ (ഗമിക്ക)—ധ്വനിയുണ്ടാകുന്നതു; സംസ്കൃതവാക്കു. ൨. നിനാദം. ൩. നിനദം—നി+ണദ (ശബ്ദിക്ക)—ഏറ്റവുംശബ്ദിക്കുന്നതു. ൪. ധ്വനി. ൫. ധ്വാനം—ധ്വന (ശബ്ദിക്ക); കവിതകളിലെ ഒരുഅൎത്ഥഭേദം. ൬. രവം—രു (ശബ്ദിക്ക). ൭. സ്വനം., ൮ സ്വാനം—സ്വന (ശബ്ദിക്ക). ൯. നിൎഘോഷം—നിർ+ഘുഷിർ (ശബ്ദിക്ക). ൰. നിൎഹ്രാദം—ഹ്രാദ (ശബ്ദിക്ക). ൰൧. നാദം—ണദ (ശബ്ദിക്ക). ൰൨. നിസ്വാനം. ൰൩. നിസ്വനം—സ്വന (ശബ്ദിക്ക). ൰൪. ആരവം. ൰൫. ആരാവം. ൰൬. സംരാവം. ൰൭. വിരാവം—രു (ശബ്ദിക്ക).

[അഥ] മൎമ്മരഃ—വസ്ത്രങ്ങളുടെയും ഇലകളുടെയുംശബ്ദം. Rustling.
൧. മൎമ്മരം—വസ്ത്രപൎണ്ണങ്ങളുടെശബ്ദം.

൭-നാട്യപ്രകരണം

നിഷാദ ‘ൎഷഭ ഗാന്ധാര ഷഡ്ജ മദ്ധ്യമ ധൈവതാഃ
പഞ്ചമ ‘ശ്ചേ’ത്യ’മീ സപ്ത തന്ത്രീകണ്ഠോത്ഥിതാ ‘സ്സ്വരാഃ

നിഷാദഃ ഋഷഭഃ ഗാന്ധാരഃ ഷഡ്ജഃ മദ്ധ്യമഃ ധൈവതഃ പഞ്ചമഃ [ച ഇതി അമീ സപ്ത തന്ത്രീകണ്ഠോത്ഥിതാഃ സ്വരാഃ = തന്ത്രിയിൽനിന്നും കണ്ഠത്തിൽനിന്നും ഉണ്ടായസപ്തസ്വരങ്ങളുടെപെർ]. The seven musical notes.

൧. നിഷാദം—ഷദ്ലൃ (ഇരിക്ക)—രാഗം അടങ്ങിയിരിക്കുന്നതു. ൨. ഋഷഭം—ഋഷ (ഗമിക്ക): ഋഷഭത്തിന്റെ (കാളയുടെ) ശബ്ദം. ൩. ഗാന്ധാരം—ധൃഞ് (ധരിക്ക)—ഗാം (വാക്കിനെ) ധരിക്കുന്നതു; ഇടവംരാശി. ൪. ഷഡ്ജം—ജനി (ജനിക്ക)—ഷൾ (ആറു) സ്ഥാനങ്ങളിൽനിന്നു ജനിക്കുന്നതു. ൫. മദ്ധ്യമം—നടുസ്ഥാനത്തിങ്കൽ നില്ക്കുന്നതു. ൬. ധൈവതം—ധാവു (ജനിക്ക)—നാഭ്യാദിസ്ഥാനങ്ങളിൽ നിന്നുജനിക്കുന്നതു. ൭. പഞ്ചമം—പചി (വിസ്തരിക്ക)—കുയിലിനാലെവിസ്തരിക്കപ്പെട്ടതു.

താണ്ഡവം നടനം നാട്യം ലാസ്യം നൃത്തം ‘ഞ്ച നൎത്തനെ

താണ്ഡവം നടനം നാട്യം ലാസ്യം നൃത്തം [ച] നൎത്തനം. Dancing.

൧. താണ്ഡവം—തണ്ഡുഎന്ന നാട്യശാസ്ത്രക്കാരനാൽ പറയപ്പെട്ടതു. ൨. നടനം. ൩. നാട്യം—നട (നടിക്ക). ൪. ലാസ്യം—ലസ (കളിക്ക)—അംഗവിക്ഷേപത്തോടു കൂടിയനാട്യം. ൫. നൃത്തം. ൬. നൎത്തനം—നൃതി (നൃത്തംചെയ്ക).

ശൃംഗാര വീര കരുണാ ’ത്ഭുത ഹാസ്യ ഭയാനകാഃ

ബീഭത്സ രൌദ്രെ ച രസാ ‘ശ്ശൃംഗാര ‘ശ്ശുചി ‘രുജ്ജ്വലഃ

ശൃംഗാരഃ വീരഃ കരുണഃ അത്ഭുതഃ ഹാസ്യഃ ഭയാനകഃ ബീഭത്സഃ രൌദ്രഃ [ച. രസാഃ]. Taste, or sentiment.

൧. ശൃംഗാരം—ശൃ (ശ്രവിക്ക)—വൈവൎണ്ണ്യം, അശ്രു, പ്രളയം, സ്തംഭം, സ്വേദം, രോമാഞ്ചം, സ്വരഭേദം, കമ്പം, ഇവകൂടിയരസം. ൨. വീരം—വീര (വിക്രമിക്ക)—ഉത്സാഹവും സ്വബലവുംകൊണ്ടു ദിഗ്ജയത്തിന്നായി പ്രകാശിപ്പിക്കുന്നരസം. ൩. കരുണ—കൃഞ് (ചെയ്ക)—ദയതോന്നിക്കുന്നരസം. ൪. അത്ഭുതം—ഭൂ (ഭവിക്ക)—അതിശയകാഴ്ചയിങ്കൽ ഉണ്ടാവുന്നരസം. ൫. ഹാസ്യം—ഹസെ (ചിരിക്ക)—തന്നെക്കാൾബലവും സൌന്ദൎയ്യവും ധനവുംകുറഞ്ഞവനെ കാണുമ്പോൾ ഉണ്ടാകുന്നരസം. ൬. ഭയാനകം—ഭീ (ഭയപ്പെടുക)—തന്നെവധിപ്പാൻ വരുമ്പോൾഭയപ്പെട്ടു ഓടുന്നവനിൽ ജനിക്കുന്നവികാരം. ൭. ബീഭത്സം—ബധ (നിന്ദിക്ക)—അറെപ്പുതോന്നിക്കുന്നനാട്യം. ൮. രൌദ്രം—രുദ്രസംബന്ധമായ കോപഭാവം.

ശൃംഗാരഃ ശുചിഃ ഉജ്ജ്വലഃ Love.

൧. ശൃംഗാരം—ശൃ (ശ്രവിക്ക). ൨. ശുചി—ശുച (ശുദ്ധമായിരിക്ക)—അന്യരസംകൂടിയിട്ടില്ലാത്ത ശൃംഗാരം. ൩. ഉജ്ജ്വലം—ഉ+ജ്വല (ജ്വലിപ്പിക്ക)—അലങ്കാരങ്ങൾകൊണ്ടു ജ്വലിപ്പിക്കുന്ന ശൃംഗാരരസം.

ഉത്സാഹവൎദ്ധനൊ വീരഃ കാരുണ്യം കരുണാ ഘൃണാ
കൃപാ ദയാ’നുകമ്പാ സ്യാ’ദനുക്രോശോ’പ്യ’ഥൊ ഹസഃ
ഹാസൊ ഹാസ്യ‘ഞ്ച ബീഭത്സം വികൃതം ത്രിഷ്വിദ’ന്ത്വയം

ഉത്സാഹവൎദ്ധനഃ വീരഃ— Heroism.

൧. ഉത്സാഹവൎദ്ധനം—വൃധു (വൎദ്ധിക്ക)—ഉത്സാഹത്താലെ വൎദ്ധിക്കുന്നതു. ൨. വീരം—വീര (വിക്രമിക്ക).

കാരുണ്യം കരുണാ ഘൃണാ കൃപാ ദയാ അനുകമ്പാ [സ്യാൽ] അനുക്രോശഃ [അപി] Tenderness.

൧. കാരുണ്യം. ൨. കരുണാ—കൃഞ് (ചെയ്ക)—കൃപകൊണ്ടു സ്വാധീനപ്പെടുന്നതു. ൩. ഘൃണാ—ഘൃണി (ഗ്രഹിക്ക)—പ്രാണികളെ അനുഗ്രഹിക്കുന്നതു. പാഠാന്തരം:—ഘൃ (ദ്രവിക്ക)—അന്യന്റെമനസ്സിനെ ദ്രവിപ്പിക്കുന്നതു. ൪. കൃപാ—കൃപ (ദയയായിരിക്ക)—പരസ്പര ദയഉണ്ടാകുന്നതു. ൫. ദയ—ദെങ് (രക്ഷിക്ക)—ഇതിനാൽ രക്ഷിക്കപ്പെടുന്നതുകൊണ്ടു. ൬. അനുകമ്പം—അനു+കപി (ചലിക്ക)—അന്യരുടെ വ്യസനത്തിങ്കൽ മനസ്സിളകുന്നതു. ൭. അനുക്രോശം—ക്രുശ (ദുഃഖിക്ക)—സഹതാപം തോന്നിക്കുന്നതു.

[അഥ] ഹസഃ ഹാസഃ ഹാസ്യം [ച] Laughter.

൧. ഹസം. ൨. ഹാസം. ൩. ഹാസ്യം—ഹസ (ചിരിക്ക)—ചിരിപ്പാൻ തക്കതു.

ബീഭത്സം വികൃതം [ത്രിഷ്വിദം ദ്വയം] Disgust.

൧. ബീഭത്സം—ബധ (നിന്ദിക്ക)—നിന്ദ്യമായുള്ളതു. ൨. വികൃതം—കൃതി (ഛെദിക്ക)—മനസ്സിനെ ദുഃഖിപ്പിക്കുന്നതു.

വിസ്മയൊഽദ്ഭുതമാശ്ചൎയ്യം ചിത്രമപ്യഥ ഭൈരവം
ദാരുണം ഭീഷണം ഭീഷ്മം ഘോരം ഭീമം ഭയാനകം
ഭയങ്കരം പ്രതിഭയം രൌദ്രന്തൂഗ്രമമീത്രിഷു

വിസ്മയഃ അദ്ഭുതം ആശ്ചൎയ്യം ചിത്രം [അപി] Surprise or wonder.

൧. വിസ്മയം—വി+സ്മിങ് (പുഞ്ചിരിയിടുക)—അധികമായി ചിരിക്കുന്നതു. ൨. അദ്ഭുതം—ഭൂ (ഭവിക്ക)—അൽ (ആശ്ചൎയ്യം) ഉള്ളതു. ൩. ആശ്ചൎയ്യം—ചര (ഭവിക്ക)—എല്ലാവരാലും സ്വീകരിക്കപ്പെടുന്നതു. ൪. ചിത്രം—ചിത്ര (ആശ്ചൎയ്യപ്പെടുക).

[അഥ] ഭൈരവം ദാരുണം ഭീഷണം ഭീഷ്മം ഘോരം ഭീമം ഭയാനകം ഭയങ്കരം പ്രതിഭയം Horror, or terrific.

൧. ഭൈരവം—ഭീ (ഭയപ്പെടുത്തുക)—ഭയം തൊന്നിക്കുന്നതു. ൨. ദാരുണം—ദ്യ (പിളൎക്ക)—ഭീരുക്കളുടെ മനസ്സിനെ പിളൎക്കുന്നതു. ൩. ഭീഷണം. ൪. ഭീഷ്മം. ൫. ഭീമം—ഭീ (ഭയപ്പെടുത്തുക). ൬. ഘോരം—ഘുര (ഭയപ്പെടുത്തുക). ൭. ഭയാനകം—ഭീ (ഭയപ്പെടുത്തുക). ൮. ഭയങ്കരം—കൃഞ് (ചെയ്ക)—ഭയത്തെ ഉണ്ടാക്കുന്നതു. ൯. പ്രതിഭയം—അന്യശബ്ദത്തിങ്കൽ നിന്നുണ്ടാകുന്ന ഭയം.

രൌദ്രം [തു] ഉഗ്രം [അമീത്രിഷു] Wrath, or Augry.

൧. രൌദ്രം—രുദ്രനെ സംബന്ധിച്ചതു. ൨. ഉഗ്രം—ഉച (ഒന്നിച്ചുകൂട്ടുക)—രാജ്യം ഗ്രഹം ഇത്യാദികളെ അപഹരിക്കുമ്പൊളും മറ്റും കാണിക്കുന്ന കൊപവും പറയുന്ന പാരുഷ്യവാക്കുകളും.

ചതുൎദ്ദശ ദരസ്ത്രാസൊ ഭീതിൎഭീസ്സാധ്വസം ഭയം

[ചതുൎദ്ദശ] ദരഃ ത്രാസഃ ഭീതിഃ ഭീഃ സാധ്വസം ഭയം. Fear or terror.

൧. ദരം—ദ്യ (ഭയപ്പെടുക). ൨. ത്രാസം—ത്രസീ (പെടിക്ക). ൩. ഭീതി. ൪. ഭീ—ഭീ (ഭയപ്പെടുക). ൫. സാധ്വസം—അസു (ക്ഷെപിക്ക)—സാധുക്കളെ ബാധിക്കുന്നതു. ൬. ഭയം—ഭീ (ഭയപ്പെടുക).

ഗൎവ്വൊഽഭിമാനൊഽഹങ്കാരൊ മാനശ്ചിത്തസമുന്നതിഃ

ഗൎവ്വഃ അഭിമാനഃ അഹംകാരഃ മാനഃ ചിത്തസമുന്നതിഃ Pride.

൧. ഗൎവ്വം—ഗൎവ്വ (അഹങ്കരിക്ക). ൨. അഭിമാനം—മന (അറിയുക)—താൻഎല്ലാവരിലും ശ്രേഷ്ഠൻഎന്നുള്ള ഭാവംതോന്നിക്കുന്നതു. ൩. അഹങ്കാരം—കൃഞ (ചെയ്ക)—അഹം (ഞാൻ) ശ്രേഷ്ഠൻഎന്ന ഭാവംതോന്നിക്കുന്നതു. ൪. മാനം—മാന (മാനിക്ക)—തന്നെത്താൻമാനിക്കുന്നതു. ൫. ചിത്തസമുന്നതി—ചിത്തത്തിന്റെ(മനസ്സിന്റെ)+സമുന്നതി (ഉൽകൃഷ്ടത്വം).

അനാദരഃ പരിഭവഃ പരീഭാവ ‘സ്തിരസ്ക്രിയാ
രീഢാ ‘വമാനനാ ’വജ്ഞാ അവഹേള ‘മസൂക്ഷണം

അനാദരഃ പരിഭവഃ പരീഭാവഃ തിരസ്ക്രിയാ രീഢാ അവമാനനാ അവജ്ഞാ അവഹേളം അസൂക്ഷണം—നിന്ദ. Disrespect.

൧. അനാദരം—ദൃങ് (ആദരിക്ക)—ആദരവില്ലായ്ക. ൨. പരിഭവം. ൩. പരീഭാവം—ഭൂ (ഭവിക്ക). ൪. തിരസ്ക്രിയാ—കൃഞ് (ചെയ്ക)—വിരുദ്ധമായിചെയ്യുന്നതു. ൫. രീഢാ—രിഹ (പറയുക)—ദുഃഖംവരുത്തുന്നവാക്കുകൾപറയുക; പാഠാ:—രിഹ (ഹിംസിക്ക). ൬. അവമാനനാ—മാന (മാനിക്ക)—മാനിക്കാത്തതു. ൭. അവജ്ഞാ—ജ്ഞാ (അറിയുക)—ചീത്തയായിഅറിയുന്നതു. ൮. അവഹേളം—ഹേഡൃ— (അനാദരിക്കുക). ൯. അസൂക്ഷണം—ഉക്ഷ (ദഹിപ്പിക്ക)—അസുവിനെ (പ്രാണനെ)—ദഹിപ്പിക്കുന്നതു. പാഠ:—ക്ഷണ (ഹിംസിക്ക).

മന്ദാക്ഷം ഹ്രീ ‘സ്ത്രപാ വ്രീഡാ ലജ്ജാ സാ’പത്രപാ’ന്യതഃ

മന്ദാക്ഷം ഹ്രീഃ ത്രപാ വ്രീഡാ ലജ്ജാ. Modesty or shame

൧. മന്ദാക്ഷം—ലജ്ജകൊണ്ടു അക്ഷി (കണ്ണു) മന്ദിക്കുന്നതു. ൨. ഹ്രീ—ഹ്രീ (ലജ്ജിക്ക). ൩. ത്രപാ—ത്രപൂഷ് (ലജ്ജിക്ക), ൪. വ്രീഡാ—വ്രീഡ (ലജ്ജിക്ക). ൫. ലജ്ജാ—ലജ്ജി (ലജ്ജിക്ക).

[സാ] അപത്രപാ (അന്യതഃ)—അന്യരിൽ നിന്നുള്ള ലജ്ജാ. Bashfulness.

൧. അപത്രപാ—അന്യരിൽ നിന്നുള്ള ത്രപാ (ലജ്ജാ)

കോപ ക്രോധാ’മൎഷ രോഷ പ്രതിഘാ രുൾ ക്രുധൌ സ്ത്രിയൌ

കോപഃ ക്രോധഃ അമൎഷഃ രോഷഃ പ്രതിഘാ രുൾ ക്രുൽ [സ്ത്രിയൌ] Wrath or rage

൧. കോപം—കുപ (കോപിക്ക). ൨. ക്രോധം—ക്രുധ (കോപിക്ക). ൩. അമൎഷം—മൃഷ (സഹിക്ക). ൪. രോഷം—രുഷ (ഹിംസിക്ക). ൫. പ്രതിഘം—ഹന (നശിപ്പിക്ക)—യശസ്സിനെ നശിപ്പിക്കുന്നതു; ദ്വന്ദ്വയുദ്ധം; തള്ളു; ശത്രു. ൬. രുട്ടു—രുഷ (കോപിക്ക). ൭. ക്രുത്തു—ക്രുധ (കോപിക്ക).

പ്രേമാ നാ പ്രിയതാ ഹാൎദ്ദം പ്രേമ സ്നേഹോ’ഥ ദോഹളം

ഇച്ഛാ കാംക്ഷാ സ്പൃഹേഹാതൃഡ്വാഞ്ഛാ ലിപ്സാമനോരഥഃ
കാമോഽഭിലാഷസ്തൎഷശ്ച സമഹാംല്ലാലസാ ദ്വയോഃ

പ്രേമാ [നാ] പ്രിയതാ ഹാൎദ്ദം പ്രേമഃ സ്നേഹഃ Affection or kindness.

൧. പ്രേമാവ. ൨. പ്രിയതാ. ൩. പ്രേമം—പ്രീൺ (ഇഷ്ടപ്പെടുത്തുക). ൪. ഹാൎദ്ദം—ഹൃദ (സന്തോഷിക്ക). ൫. സ്നേഹം—സ്നിഹ (സന്തോഷിക്ക).

[അഥ] ദോഹളം, ഇച്ഛാ കാംക്ഷാ സ്പൃഹാ ഈഹാ തൃൾ വാഞ്ഛാ ലിപ്സാ മനോരഥഃ കാമഃ അഭിലാഷഃ തൎഷഃ [ച] Wish or desire.

൧. ദോഹളം—ദുഹ (നിറയ്ക്ക)—സ്ത്രീകളുടെ ഇഷ്ടത്തെ പൂരിക്കുന്നതു. ൨. ഇച്ഛാ—ഇഷു (ആഗ്രഹിക്ക). ൩. കാംക്ഷാ—കാംക്ഷി (കാംക്ഷിക്ക). ൪. സ്പൃഹ—സ്പൃഹ (ആഗ്രഹിക്ക). ൫. ഈഹ—ഈഹ (ചേഷ്ടിക്ക)—മനോവ്യാപാരം. ൬. തൃട്ട—തൃഷ (ദാഹിക്ക)—അത്യാശ. ൭. വാഞ്ഛാ—വാഞ്ഛി (ആഗ്രഹിക്ക). ൮. ലിപ്സ—ലഭക്ഷ (പ്രാപിക്ക)—കിട്ടാത്ത സാധനത്തെ ഇച്ഛിക്കുന്നതു. ൯. മനോരഥം—രഥംപോലെ സഞ്ചരിക്കുന്ന മനസ്സു. ൧൦. കാമം—കമ (ആഗ്രഹിക്ക). ൧൧. അഭിലാഷം—അഭി+ലഷ (ആഗ്രഹിക്ക)—വഴിപോലെ ആഗ്രഹിക്കുന്നതു. ൧൨. തൎഷം—തൃഷ (ദാഹിക്ക)—അത്യാശ.

[സഃ മഹാൻ] ലാലസാ [ദ്വയോഃ]. Ardent desire.

൧. ലാലസ—ലസ (ആഗ്രഹിക്ക)—അത്യാഗ്രഹം.

കപടോഽസ്ത്രീ വ്യാജദംഭോപധയശ്ഛത്മകൈതവേ

കപടഃ [അസ്ത്രീ] വ്യാജഃ ദംഭഃ ഉപധിഃ ഛത്മ കൈതവം Deceit or fraud.

൧. കപടം—കം (മൂൎദ്ധാവ)+പടം (വസ്ത്രം)—തലവസ്ത്രംകൊണ്ടു മൂടുന്നതു പോലെ മറയ്ക്കുന്നതു. പാഠ:—പട (ഗമിക്ക)—കം (ബ്രഹ്മാവിനെ)യും പ്രാപിക്കുന്നതു. ൨. വ്യാജം—വി+അജ (പ്രേരിക്ക). ൩. ദംഭം—ദംഭ (ഹിംസിക്ക)—വ്യാജംചെയ്യുതിന്റെ ശേഷം ഗൎവ്വം നടിക്കുന്നതു; പാപം. ൪. ഉപധി—ഉപ+ധാഞ് (ധരിക്ക)—സമീപവസ്തുവിങ്കൽ മറച്ചുവെക്കുന്നതു. ൫. ഛത്മം—ഛദ (മറയ്ക്ക)—സ്വരൂപം മറയ്ക്കുന്നതു. ൬. കൈതവം—കിതവൻ (വഞ്ചകൻ)—വഞ്ചകന്റെ പ്രവൃത്തി.

കുസൃതിൎന്നികൃതിശ്ശാഠ്യം പ്രമാദോഽനവധാനതാ

കുസൃതിഃ നികൃതിഃ ശാഠ്യം—വ്യാജഫലം Wickedness.

൧. കുസൃതി—സൃ (ഗമിക്ക)—കു (നിന്ദിതമായ) നടപ്പു. ൨. നികൃതി—കൃഞ് (ഹിംസിക്ക)—നികൃഷ്ടമായി ഹിംസിക്കുന്നതു; നിന്ദ; നീക്കം. ൩. ശാഠ്യം—ശഠ (വഞ്ചിക്ക); ശഠന്റെ സ്വഭാവം.

പ്രമാദഃ അനവധാനതാ. Inadvertency or Mistake.

൧. പ്രമാദം—മദി (വിഷാദിക്ക)—ചെയ്യെണ്ടതു ചെയ്യാതെ വിഷാദിച്ചിരിക്കുന്നതു; മൂഢത. ൨. അനവധാനത—അൻ+അവധാനത—സാവധാനം ഇല്ലായ്മ.

കൌതൂഹലം കൌതുകഞ്ച കുതുകഞ്ച കുതൂഹലം

കൌതൂഹലം കൌതുകം [ച] കുതുകം [ച] കുതൂഹലം Eagerness.

൧. കൌതൂഹലം. ൪. കുതൂഹലം—തുല (കളക)—കുത്സിതപാപത്തെ കളയുന്നതു; സന്തോഷം. ൨. കൌതുകം. ൩. കുതുകം—കുജ (ഹിംസിക്ക)—കുത്സിതങ്ങളെ ഹിംസിക്കുന്നതു.

ദ്രവകെളിപരീഹാസാഃ ക്രീഡാ ലീലാ ച നൎമ്മ ച

ദ്രവഃ കെളിഃ പരീഹാസഃ ക്രീഡാ ലീലാ [ച] നൎമ്മ [ച] Sport or Amusement.

൧. ദ്രവ—ദ്രു (ഗമിക്ക)—സന്തോഷംകൊണ്ടു മനസ്സുരുകുന്നതു; ഓട്ടം. ൨. കെളി—കില (ക്രീഡിക്ക). ൩. പരീഹാസം—പരി+ഹസ (ചിരിക്ക)—ഇഷ്ടത്തോടുകൂടിയ ചിരി; ഉല്ലാസം. ൪. ക്രീഡ—ക്രീഡൃ (കളിക്ക). ൫. ലീലം—ലീങ് (യൊജിക്ക). ൬. നൎമ്മ—നൃ (യൊജിക്ക)—രതിക്രിയാ വിശെഷത്തെ പ്രാപിക്ക; കളിവചനം.

വ്യാജൊഽപദെശൊ ലക്ഷ്യസ്ത്രീ ക്രീഡാ ഖെലാ ച കൎദ്ദനം

വ്യാജഃ അപദെശഃ ലക്ഷഃ [അസ്ത്രീ]—ചതിവു. Disguise

൧. വ്യാജം—അജ (ക്ഷെപിക്ക)—സ്വഭാവത്തെ നശിപ്പിക്കുന്നതു. ൨. അപദെശം—അപ+ദിശ (വിടുക)—ഇഷ്ടത്തെ സാധിക്കാത്തതു; പാഠഃ—സ്വന്തരൂപത്തെ മാച്ചു അന്യവെഷംകെട്ടുന്നതു. ൩. ലക്ഷം—ലക്ഷ (കാണുക)—ഇതിനാൽ പ്രയൊജനം കാണപ്പെടുന്നതുകൊണ്ടു.

ക്രീഡാ ഖെലാ [ച] കൎദ്ദനം. A play or game.

൧. ക്രീഡാ—ക്രീഡൃ (കളിക്ക)—കണ്ണുപൊത്തുമുതലായതു. ൨ ഖെലാ—ഖെലൃ (ചലിക്ക). ൩. കൎദ്ദനം—കൎദ്ദ (ക്രീഡിക്ക).

ഘൎമ്മൊ നിദാഘഃ സ്വെദഃ സ്യാൽ പ്രളയൊ നഷ്ടചെഷ്ടതാ

ഘൎമ്മഃ നിദാഘഃ സ്വെദഃ [സ്യാൽ] Sweat.

൧. ഘൎമ്മം—ഘൃ (ഒലിക്ക)—വിയൎത്തൊഴുകുന്നതു. ൨. നിദാഘം—നി+ദഹ (ദഹിക്ക)—മനസ്സും ശരീരവും ഉഷ്ണിക്കുമ്പൊൾ ഉണ്ടാകുന്ന വിയൎപ്പു. ൩. സ്വെദം—ഷ്വിദാ (ഒഴുകുക).

പ്രളയഃ നഷ്ടചേഷ്ടതാ—മോഹിക്ക. Fainting.

൧. പ്രളയം—ലയ (ലയിക്ക)—ഭയാദികൾകൊണ്ടു മനസ്സലയിച്ചു ചേഷ്ടകൾ ഒന്നും ഇല്ലാതെപോകുന്നതു. ൨. നഷ്ടചേഷ്ടതാ—ചേഷ്ടകൾഇല്ലാത്തസ്ഥിതി.

സ്യാ'ദാച്ഛുരിതകം ഹാസ'സ്സോൽപ്രാസ'സ്സമനാക്സ്മിതം

[സ്യാൽ] ആച്ഛുരിതകംഹാസഃ [സോൽപ്രാസഃ]—പൊട്ടിചിരി. A horse laugh.

ആച്ഛുരിതകം—ഛുര (ഛേദിക്ക)—തെജോഭംഗംവരുത്തുക്ക പൊട്ടിച്ചിരി. ൨. ഹാസം—ഹസ (ചിരിക്ക).

[സഃ മനാക്] സ്മിതം—പുഞ്ചിരി A smile.

൧. സ്മിതം—ഷ്മിങ് (പുഞ്ചിരിയിടുക).

മദ്ധ്യമംസ്യാ'ദ്വിഹസിതം രോമാഞ്ചോ രോമഹൎഷണം

[മദ്ധ്യമംസ്യാൽ] വിഹസിതം—ഒത്തവണ്ണം ചിരിക്ക A laugh.

൧. വിഹസിതം—വി+ഹസിതം—വിശേഷമായ ചിരി.

രോമാഞ്ചഃ രോമഹൎഷണം—കോൾമയിർ കൊള്ളുക. Horripilation.

൧. രോമാഞ്ചം—അഞ്ചു (ഗമിക്ക)—രോമംഉയരുക. ൨. രോമഹൎഷണം—ഹൃഷ (പ്രകാശിക്ക)—രോമംപ്രകാശിക്കുന്നതു.

ക്രന്ദിതം രുദിതം ക്രുഷ്ടം ജൃംഭ'സ്തു ത്രിഷുജൃംഭണം

ക്രന്ദിതം രുദിതം ക്രുഷ്ടം—മുറയിടുക. Weeping.

൧. ക്രന്ദിതം—ക്രദി (കരയുക). ൨. രുദിതം—രുദിർ (കണ്ണുനീർപൊഴിക്ക) ൩. ക്രുഷ്ടം—ക്രുശ (നിലവിളിക്ക).

ജൃംഭഃ [തു ത്രിഷു] ജൃംഭണം—മൂരിനിവിരുക. Gaping.

൧. ജൃംഭം. ൨. ജൃംഭണം—ജൃഭി (ഗാത്രവിനാമിക്ക).

സ്യാ'ന്നിദ്രാ ശയനം സ്വാപ'സ്സ്വപ്ന'സ്സംവേശ ഇത്യപി

[സ്യാൽ] നിദ്രാ ശയനം സ്വാപഃ സ്വപ്നഃ സംവേശഃ [ഇതി അപി]—ഉറക്കം Sleep.

൧. നിദ്ര—ദ്രാ (ഗമിക്ക)—ഇന്ദ്രിയങ്ങൾ സ്വസ്ഥതയെ പ്രാപിക്കുന്നതു. ൨. ശയനം—ശീങ് (ഉറങ്ങുക). ൩. സ്വാപം. ൪. സ്വപ്നം—ഞിഷ്വപ് (ശയിക്ക). ൫. സംവേശം—വിശ (പ്രവേശിക്ക)—ഇന്ദ്രിയങ്ങൾ അടങ്ങിയിരിക്കുന്നതു.

കമ്പൊഽഥ ക്ഷണ ഉദ്ധൎഷൊ മഹ ഉദ്ധവ ഉത്സവഃ

കമ്പഃ Terror.

കമ്പം—കപി (ചലിക്ക).

[അഥ] ക്ഷണഃ ഉദ്ധൎഷഃ മഹഃ ഉദ്ധവഃ ഉത്സവഃ Festival.

൧. ക്ഷണം—ക്ഷണ (ഹനിക്ക)—ദുഃഖത്തെ ഹനിക്കുന്നതു. ൨. ഉദ്ധൎഷം—ഹൃഷ (സന്തൊഷിക്ക). ൩. മഹം—മഹ (പൂജിക്ക). ൪. ഉദ്ധവം—ധൂഞ് (കളയുക)—ദുഃഖത്തെ കളയുന്നതു. ൫. ഉത്സവം—ഷൂങ് (പ്രസവിക്ക)—സുഖത്തെ ജനിപ്പിക്കുന്നതു.

൰—പാതാളപ്രകരണം.

അധൊഭുവന പാതാളം ബലിസത്മ രസാതലം
നാഗലൊകൊഽഥ കുഹരം സുഷിരം വിവരം വിലം
ഛിദ്രം നിൎവ്യഥനം രൊകം രന്ധ്രം ശ്വഭ്രം വപാ സുഷിഃ

അധൊഭുവനം പാതാളം ബലിസത്മ രസാതലം നാഗലൊകഃ. The infernal region, the abode of Bali and of the Nagas under the earth.

൧. അധൊഭുവനം—അധൊ (താഴത്തെ)+ഭുവനം (ലൊകം). ൨. പാതാളം—പത്ല (ഗമിക്ക)—ആളത്തിൽ (ഗുഹയിൽ) കൂടെപ്രാപിക്കെണ്ടുദിക്ക. ൩. ബലിസത്മം—ബലിയുടെ (മഹാബലിയുടെ)+സത്മം (ഭവനം). ൪. രസാതലം—രസ (ഭൂമി)+തലം (അധൊഭാഗം). ൫. നാഗലൊകം—നാഗങ്ങളുടെ (സൎപ്പങ്ങളുടെ) ലൊകം.

[അഥ] കുഹരം സുഷിരം വിവരം വിലം ഛിദ്രം നിൎവ്യഥനം രൊകം രന്ധ്രം ശ്വഭ്രം വപാ സുഷിഃ—പൊത്തു. A hole or vacuity.

൧. കുഹരം—ഹൃഞ് (ഹരിക്ക)—നിന്ദിതം ചെയ്തിട്ടു ഹരിക്കുന്നതു. ൨. സുഷിരം—ഷൊ (നശിപ്പിക്ക)—ഗമനത്തെ നശിപ്പിക്കുന്നതു. ൩. വിവരം—വി+വൃഞ് (വരിക്ക)—കിട്ടുന്നതിനെ ഒക്കെ സ്വീകരിക്കുന്നതു. ൪. വിലം—വില (ഭെദിക്ക)—കഴിക്കപ്പെടുന്നതു. ൫. ഛിദ്രം—ഛിദ്ര (ഛെദിക്ക). ൬. നിൎവ്യഥനം—നി+വ്യഥ (ദുഃഖം)—ഏറ്റവും ദുഃഖിപ്പിക്കുന്നിടം. ൭. രൊകം—രുത (ശബ്ദിക്ക)—ജന്തുക്കൾ ശബ്ദിക്കുന്നെടം; പാഠ:—രുച (പ്രകാശിക്ക). ൮. രന്ധ്രം—രണ (ശബ്ദിക്ക)—വായുവിനാൽ ശബ്ദിക്കുന്നിടം. ൯. ശ്വഭ്രം—ശൊഭനമായിട്ടഭ്രം (ആകാശം) ഉ

ള്ളേടം. ൧൦. വപാ—വപ്യ (ഇടുക)—ഇലയുംമററും കാററുകൊണ്ടുവീഴുന്നിടം. ൧൧. സൂക്ഷി—ക്ഷ (നശിപ്പിക്ക)—അറിയാതെ പതിക്കുന്നവരെ തീരെ നശിപ്പിക്കുന്നതു.

അന്ധകാരൊഽസ്ത്രിയാം ധ്വാന്തം തമിസ്രം തിമിരം തമഃ

അന്ധകാരഃ [അസ്ത്രീയാം] ധ്വാന്തം തമിസ്രം തിമിരം തമഃ. Darkness.

അന്ധകാരം—കൃഞ് (ചെയ്യു)—ലൊകത്തെ അന്ധമാക്കുന്നതു. ൨. ധ്വാന്തം—ധ്വന (ശബ്ദിക്ക)—ശബ്ദിക്കുന്നതിനു തടവില്ലായ്ക; പാഠ:—ജനങ്ങൾ വഴിയറിയാതെ നിലവിളിക്കുന്നതിനാൽ. ൩. തമിസ്രം—തമ (ഇരുട്ടുക)—ശൊഭകൾ നശിക്കുമ്പോൾ ഉണ്ടാകുന്ന ഛായ. ൪. തിമിരം—തിമ (തണുക്കുക)—ചൂടില്ലാത്തതിനാൽ മനുഷ്യരെ തണുപ്പിക്കുന്നതു. പാഠ:—തമു (തളരുക)—മനുഷ്യർക്കുതളച്ചതൊന്നിക്കുന്നതിനാൽ. ൫. തമസ്സു—തമ (ഇരുട്ടുക).

ഭോഗിപ്രകരണം.

സർപ്പഃ പൃദാകുർഭുജഗൊ ഭുജംഗൊഽഹിർഭുജംഗമഃ
ആശീവിഷൊ വിഷധരശ്ചക്രീ വ്യാളസ്സരീസൃപഃ
കുണ്ഡലീ ഗൂഢപാച്ചക്ഷുശ്ശ്രവാഃ കാകൊദരഃ ഫണീ
ദർവീകരൊ ദീർഘപൃഷ്ഠൊ ദന്ദശൂകൊ വിലെശയഃ
ഉരഗഃ പന്നഗൊ ഭൊഗീ ജിഹ്മഗഃ പവനാശനഃ

സർപ്പഃ പൃദാകുഃ ഭുജഗഃ ഭുജംഗഃ അഹിഃ ഭുജംഗമഃ ആശീവിഷഃ വിഷധരഃ ചക്രീ വ്യാളഃ സരീസൃപഃ കുണ്ഡലീ ഗൂഢപാൽ ചക്ഷുശ്ശ്രവഃ കാകൊദരഃ ഫണീ ദർവ്വീകരഃ ദീർഘപൃഷ്ഠഃ ദന്ദശൂകഃ വിലെശയഃ ഉരഗഃ പന്നഗഃ ഭൊഗീ ജിഹ്മഗഃ പവനാശനഃ—പാമ്പു. A Snake or Serpent.

൧. സർപ്പം—സൃപ (ഗമിക്ക)—ഗരുഡനെക്കണ്ടു ഓടുന്നതു. ൨. പൃദാകു—പർദ്ദ (കുത്സിതമായി ശബ്ദിക്ക). ൩. ഭുജഗം—ഭുജ (വളഞ്ഞ)+ഗമ (ഗമിക്ക). ൪. ഭുജംഗം—ഭുജ (വളഞ്ഞു)+ഗമ (ഗമിക്ക). ൫. അഹി—അഹ (ഗമിക്ക)—വെഗം ഗമിക്കുന്നതു. ൬. ഭുജംഗമം—ഭുജ (വളഞ്ഞു)+ഗമ (ഗമിക്ക.) ൭. ആശീവിഷം—താലുവിങ്കൽ ഇരിക്കുന്ന പല്ലിങ്കൽ വിഷമുള്ളതു. ൮. വിഷധരം—വിഷത്തെ ധരിക്കുന്നതു. ൯. ചക്രീ—ചക്രമുള്ളതു. ൧൦. വ്യാളം—അഡ (ഉത്സാഹിക്ക)—കൊല്ലുന്നതിനു ഉത്സാഹിക്കുന്നതു. ൧൧. സരീസൃപം—സരി (വളഞ്ഞ) ഗമിക്കുന്നതു. ൧൨. കുണ്ഡലീ—കുണ്ഡലാകാരമായിരിക്കുന്ന ശരീരമുള്ളതു. ൧൩. ഗൂഢപാത്തു—

കാൎശ്രവമായുള്ളതു. ൧൪. ചക്ഷുശ്രവസ്സ—ചക്ഷു (കണ്ണു)+ശ്രവസ്സ (ചെവി)-കണ്ണു ചെവിയായിട്ടു ഉപകരിക്കുന്നതു. ൧൫. കാകൊദരം—കാക്കയുടെ ഉദരം പൊലെ വയറുള്ളതു. ൧൬. ഫണി—ഫണം (പത്തി) ഉള്ളതു. ൧൭. ദൎവ്വീകരം—ദൎവ്വീ (ചട്ടകം)+കരം (കൈ)—ചട്ടകംപൊലെയുള്ള പത്തികരമായിട്ടുള്ളതു. ൧൮. ദീൎഘപൃഷ്ഠം—നീണ്ട വാലുള്ളതു. ൧൯. ദന്ദശൂകം—ദംശ (കടിക്ക)—കുത്സിതമായികടിക്കുന്നതു. ൨൦. വിലെശയം—ശീങ്ങ് (ശയിക്ക)—വിലത്തിൽ (ദ്വാരത്തിങ്കൽ) കിടക്കുന്നതു. ൨൧. ഉരഗം—ഗമ (ഗമിക്ക)—ഉരസ്സുകൊണ്ടു നടക്കുന്നതു. ൨൨. പന്നഗം—ഗമ (ഗമിക്ക)—പാദങ്ങൾകൊണ്ടു ഗമിക്കുന്നതു. ൨൩. ഭൊഗി—ശരീരം മുഴുവനുംകൊണ്ടു ഗമിക്കുന്നതു. ൨൪. ജിഹ്മഗം—ജിഹ്മം (വളഞ്ഞു)+ഗമ(ഗമിക്ക) ൨൫. പവനാശനൻ—പവനൻ (കാററ)+അശ (ഭക്ഷിക്ക).

൯-നരകപ്രകരണം.

സ്യാന്നാരകസ്തു നരകൊ നിരയൊ ദുൎഗ്ഗതിഃ സ്ത്രിയാം

[സ്യാൽ] നാരകഃ [തു] നരകഃ നിരയഃ ദുൎഗ്ഗതിഃ [സ്ത്രിയാം] Hell.

൧. നാരകം. ൨. നരകം—കൈ (ശബ്ദിക്ക)—പാപംചെയ്യു മനുഷ്യർ ദുഃഖത്തൊടെ ശബ്ദിക്കുന്നിടം. ൩. നിരയം—അയം (ശുഭം) ഇല്ലാത്തെടം. ൪. ദുൎഗ്ഗതി—ദുർ+ഗതി—പാപി ദുഃഖെന ഗമിക്കുന്നിടം.

വിഷ്ടിരാജൂഃ കാരണാ തു യാതനാ തീവ്രവെദനാ

വിഷ്ടിഃ ആജൂഃ—കൂലിയില്ലാവെല Unpaid labour or നരകക്ഷെപം Casting into hell.

൧. വിഷ്ടി—വിശ (വ്യാപിക്ക)—ക്ലെശത്തെ പ്രാപിക്കുന്നതു. ൨. ആജൂ—ജുഷ (സെവിക്ക)—നരകത്തെ അനുഭവിക്കുന്നതു.

കാരണാ [തു] യാതനാ തീവ്രവെദനാ—അധികമായ ദണ്ഡം Agony, or sharp pain.

൧. കാരണാ—കൃഞ് (ഹിംസിക്ക)—ഹിംസിക്കുമ്പൊളുള്ള വെദന. ൨. യാതനാ—യാ (പ്രാപിക്ക)—നാശത്തെ പ്രാപിക്കുന്നതു. ൩. തീവ്രവെദനാ—തീവ്രം (കഠിനം) ആയ വെദന.

പീഡാ ബാധാ വ്യഥാ ദുഃഖമാമനസ്യം പ്രസൂതിജം

പീഡാ ബാധാ വ്യഥാ ദുഃഖം ആമനസ്യം പ്രസൂതിജം—മനൊദുഃഖം Mental pain.

൧. പീഡാ—പീഡ (ബാധിപ്പിക്ക). ൨. ബാധാ—ബാധൃ (ദുഃഖിപ്പിക്ക). ൩. വ്യഥാ—വ്യഥ (ചലിക്ക). ൪. ദുഃഖം—ഖന (പിളക്ക)—പഞ്ചേന്ദ്രിയങ്ങൾക്കുള്ള പീഡ. ൫. ആമനസ്യം—മനസ്സിന്നു നല്ലതല്ലാത്തതു. ൬. പ്രസൂതിജം—ജനീ (ജനിക്ക)—പ്രസൂതിയിങ്കൽ ഉണ്ടായ്തു.

൧൦—വാരിപ്രകരണം.

൧. അംഗനാ—നല്ല അംഗങ്ങളുള്ളവൾ. ൨. ഭീരു—ഭീ (ഭയപ്പെടുക)—ഭയശീല. ൩. കാമിനീ—കമ (കാമിക്ക)—പുരുഷനെ കാമിപ്പിക്കുന്നവൾ. ൪. വാമലൊചനാ—വാമ (മനൊഹരമായ) ലൊചനം (കണ്ണു) ഉള്ളവൾ. ൫. പ്രമദാ—മദി (മദിക്ക)—അധികം കാമമുള്ളവൾ. ൬. മാനിനീ—മാന (മാനിക്ക)—സ്നെഹകലഹമുള്ളവൾ. ൭. കാന്താ—കമ (കാമിക്ക)—ആരെയും കാമിപ്പിക്കുന്നവൾ. ൮. ലലനാ—ലസ (വിലസിക്ക)—അംഗവിലാസത്തൊടുകൂടിയവൾ. ൯. നിതംബിനി—വലിയ നിതംബം ഉള്ളവൾ. ൧൦. സുന്ദരി—ദൃങ് (ആദരിക്ക)—സൌന്ദൎയ്യംകൊണ്ടു പുരുഷനാൽ ആദരിക്കപ്പെടുന്നവൾ. ൧൧. രമണീ—രമ (രമിക്ക)—ഒരു കൂട്ടത്തിൽവെച്ചു അധികം മൊഹിപ്പിക്കുന്നവൾ. ൧൨. രാമാ—രമ(രമിക്ക)—കാമശാസ്ത്രപ്രകാരം രമിക്കുന്നവൾ; ലക്ഷ്മി.

☞ ൧൨ പെരുകൾ സാമാന്യ സ്ത്രീകൾക്കും പറയും.

കൊപനാ [സൈവ] ഭാമിനീ—കൊപശീലാ. A passionate woman.

൧. കൊപനാ—കുപ (കൊപിക്ക.) ൨. ഭാമിനി—ഭാമ (ക്രൊധിക്ക.)

വരാരൊഹാ മത്തകാശിന്യുത്തമാ വരവൎണ്ണിനീ

വരാരോഹാ മത്തകാശിനീ ഉത്തമാ വരവൎണ്ണിനീ—ഉത്തമസ്ത്രീ.
An excellent woman.

൧. വരാരോഹ—ഭൎത്താവിനാൽ ആരാധിക്കപ്പെടുന്നവൾ. ൨. മത്തകാശിനി—കാശൃ (ശോഭിക്ക)—മദ്യം സേവിച്ചവളെപ്പോലെ മദം പ്രകാശിപ്പിക്കുന്നവൾ. ൩. ഉത്തമാ—രൂപശീലാദികൾകൊണ്ടുശ്രേഷ്ഠമായവൾ. ൪. വരവൎണ്ണിനി—വര (ശ്രേഷ്ഠമായ)+വൎണ്ണനം (രൂപം) ഉള്ളവൾ.

പത്നീ പാണിഗൃഹീതീ ച ദ്വിതീയാ സഹധൎമ്മിണീ
ഭാൎയ്യാ ജായാഽഥ പുംഭൂമ്നി ദാരാഃസ്യാത്തു കുടുംബിനീ
പുരന്ധ്രീ സുചരിത്രാ തു സതീ സാധ്വീ പതിവ്രതാ

പത്നീ പാണിഗൃഹീതി [ച] ദ്വിതീയാ സഹധൎമ്മിണീ ഭാൎയ്യാ ജായാ [അഥ പുംഭൂമ്നി] ദാരാഃ.
A wife, or wedded woman.

൧. പത്നീ—പാ (സമ്പാദിക്ക)—യജ്ഞാധികാരത്തെ സമ്പാദിക്കുന്നവൾ. ൨. പാണിഗൃഹീതി—പാണിഗ്രഹണം ചെയ്യപ്പെട്ടവൾ. ൩. ദ്വിതീയാ—യജ്ഞാദി കൎമ്മത്തിന്റെ ഫലത്തിൽ പങ്കുള്ളവൾ. ൪. സഹധൎമ്മിണീ—സഹ (കൂടെ)+ധൎമ്മിണീ (കൎമ്മങ്ങൾ ചെയ്യേണ്ടവൾ. ൫. ഭാൎയ്യ—ഭൃഞ് (ഭരിക്ക)—ഭരിക്കപ്പെടുന്നവൾ. ൬. ജായാ—ജനീ (ജനിക്ക)—ഇവളിൽ ഭൎത്താവു പുത്രരൂപമായി ജനിക്കുന്നതുകൊണ്ടു. ൭. ദാരങ്ങൾ—ദൃ (ഭയപ്പെടുത്തുക)—ഭൎത്താവിനെ ഭയപ്പെടുത്തുന്നവൾ.

[സ്യാൽ തു] കുടുംബിനീ—പുരന്ധ്രീ—പുത്രഭൃത്യാദിവൎഗ്ഗമുള്ളവൾ. A matron.

൧. കുടുംബിനീ—കുടുംബത്തോടുകൂടിയിരിക്കുന്നവൾ. ൨. പുരന്ധ്രി—ധൃ (ധരിക്ക)—വീടും കുടുംബവും രക്ഷിക്കുന്നവൾ.

സുചരിത്രാ [തു] സതീ സാധ്വീ പതിവ്രതാ. A virtuous faithful wife.

൧. സുചരിത്രാ—സു (നല്ല) ചരിത്രമുള്ളവൾ. ൨. സതീ—ഷൊ (നശിപ്പിക്ക)—പാപത്തെനശിപ്പിക്കുന്നവൾ. ൩. സാധ്വീ—സാധുഗുണങ്ങൾഉള്ളവൾ. ൪. പതിവ്രതാ—പതിയുടെ (ഭൎത്താവിന്റെ) സേവതന്നെ വ്രതം (നിയമം) ആയിട്ടുള്ളവൾ.

പതിംവരാ ച വൎയ്യാ ച കുലസ്ത്രീ കുലപാലികാ

പതിംവരാ [ച] വൎയ്യാ [ച]—ഭൎത്താവിനെ വരിപ്പവൾ.
A bride choosing a husband.

൧. പതിംവരാ—വൃഞ് (വരിക്ക)—താൻതന്നെ പതിയെ (ഭൎത്താവിനെ) തിരഞ്ഞെടുക്കുന്നവൾ. ൨. വൎയ്യാ—വൃഞ് (വരിക്ക)—സ്വാതന്ത്ര്യമായി ഭൎത്താവിനെ സ്വീകരിക്കുന്നവൾ.

കുലസ്ത്രീ കുലപാലികാ. A chaste woman.

൧. കുലസ്ത്രീ. ൨. കുലപാലിക—അവ്യഭിചാരമായി കുലത്തെ പാലിക്കുന്നവൾ.

കന്യാ കുമാരീ ഗൌരീ തു നഗ്നികാ ഽനാഗതാൎത്തവാ

കന്യാ. കുമാരീ. **A maiden.**

൧. കന്യാ—കന (ശോഭിക്ക). ൨. കുമാരി—യൌവനം വരായ്കകൊണ്ടും കല്യാണം കഴിയായ്കകൊണ്ടും കാമദേവനെ നിന്ദിക്കുന്നവൾ.

ഗൌരീ [തു] നഗ്നികാ അനാഗതാൎത്തവാ—തെരണ്ടിട്ടില്ലാത്ത പെണ്ണു. **A girl.**

൧. ഗൌരി—ഗുരീ (ഉത്സാഹിക്ക)—വിവാഹത്തിന്നു ഉദ്യോഗിപ്പിക്കുന്നവൾ; പാൎവ്വതി. ൨. നഗ്നികാ—നജ (ലജ്ജിക്ക)—ലജ്ജിക്കുന്നവൾ. ൩. അനാഗതാൎത്തവ—തെരളുവാൻ സമയമാകാത്തവൾ.

സ്യാന്മധ്യമാ ദൃഷ്ടരജാസ്തരുണീ യുവതിസ്സമെ

[സ്യാൽ]മധ്യമാ ദൃഷ്ടരജാഃ—തെരണ്ട പെണ്ണു. **A girl arrived at puberty.**

൧. മധ്യമാ—മദ്ധ്യ വയസ്സായവൾ; കഴവിരൽ. ൨. ദൃഷ്ടരജാ—തെരണ്ടവൾ.

തരുണീ യുവതിഃ [സമെ]—യൌവനമുള്ളവൾ. **A young woman.**

൧. തരുണീ—തൃ (കടക്ക)—പതിനാറുവയസ്സു കഴിഞ്ഞവൾ. ൨. യുവതി—യു (ചെരുക)—പുരുഷനോടു സഹവാസം ചെയ്വാൻ തക്ക പ്രായമുള്ളവൾ.

സമാസ്സ്നുഷാ ജനീ വധൂശ്ചിരണ്ടീ തു സുവാസിനീ

[സമാ] സ്നുഷാ ജനീ വധൂഃ—പുത്രഭാൎയ്യ. **A daughter-in-law.**

൧. സ്നുഷ—സ്നു (തളിക്ക)—ഭൎത്താവിന്റെ അഛനമ്മമാരുടെ കാലും മററു കഴുകി ശുശ്രൂഷിക്കുന്നവൾ. ൨. ജനി—ജനി (ജനിക്ക)—പൌത്രനെ പ്രസവിക്കുന്നവൾ. ൩. വധൂ—വഹ (വഹിക്ക)—ഗൃഹഭാരം വഹിക്കുന്നവൾ.

ചിരണ്ടീ [തു] സുവാസിനീ—യൌവനം തുടങ്ങിയവൾ. **A woman staying in her father's house.**

൧. ചിരണ്ടീ—ചിരി (ഹിംസിക്ക)—വിധിപ്രകാരം ജന്തുവിനെ ഹിംസിച്ചു ഭൎത്താവിനെ പോഷിപ്പിക്കുന്നവൾ; പാഠം; അമംഗലത്തെ നശിപ്പിക്കുന്നവൾ. ൨. സുവാസിനി—സു+വാസിനി—ഭൎത്താവിനൊടുകൂടി സുഖമായി വസിക്കുന്നവൾ.

ഇഛാവതീ കാമുകാ സ്യാദ്വൃഷസ്യന്തീ തു കാമുകീ

ഇഛാവതീ കാമുകാ [സ്യാൽ]—ഇഛയുള്ളവൾ. **A woman desirous of any thing.**

൧. ഇഛാവതീ—പുല്ലാലികളിൽ ഇഛയുള്ളവൾ. ൨. കാമുകാ—കമു (കാമിക്ക)—സാമാന്യവസ്തുക്കളെ ഇഛിക്കുന്നവൾ.

വൃഷസ്യന്തി [തു] കാമുകി—മൈഥുനെഛയുള്ളവൾ. A lustful.

൧. വൃഷസ്യന്തി—വൃഷനെ (ഇന്ദ്രിയപുഷ്ടിയുള്ളവനെ) ഇഛിക്കുന്നവൾ. ൨. കാമുകീ—കമ (കാമിക്ക.)

പുംശ്ചലീ ധൎഷിണീ ബന്ധക്യസതീ കുലടേ’ത്വരീ
സ്വൈരിണീ പാംസുലാ ച സ്യാ’ദശിശ്വീ ശിശുനാ വിനാ

പുംശ്ചലീ ധൎഷിണീ ബന്ധകീ അസതീ കുലടാ ഇത്വരീ സ്വൈരിണീ പാംസുലാ [ച.സ്യാൽ]—കാമചാരിണി. An unchaste woman.

൧. പുംശ്ചലി—ചല (ഗമിക്ക)—പുരുഷനെ മോഹിപ്പിച്ചുപ്രാപിക്കുന്നവൾ. ൨. ധൎഷിണി—ധൃഷാ (പ്രാഗത്ഭ്യം)—ചാതുൎയ്യമുള്ളവൾ. ൩. ബന്ധകീ—ബന്ധ (ബന്ധിക്ക)—സ്വപുരുഷനെ ഉപെക്ഷിച്ചു അന്യപുരുഷനെ സ്വാധീനമാക്കുന്നവൾ. ൪. അസതീ—അ+സതി(പതിവ്രത)—പതിവ്രതയല്ലാത്തവൾ. ൫. കുലടാ—അട(ഗമിക്ക)—വിടകുലത്തെ (ജാരസമൂഹത്തെ) അന്വെഷിച്ചു നടക്കുന്നവൾ. ൬. ഇത്വരീ—ഇൺ (ഗമിക്ക)—അയുക്തമായ സ്ഥലങ്ങളിൽ ചെല്ലുന്നവൾ. ൭. സ്വൈരിണീ—സ്വൈരം (സ്വന്ത ഇഷ്ടം)—സ്വന്ത ഇഷ്ടപ്രകാരം നടക്കുന്നവൾ. ൮. പാംസുലാ—പാംസു (ദുശ്ചരിതം)—പാപകരമായ പ്രവൃത്തി ചെയ്യുന്നവൾ.

അശിശ്വീ [ശിശുനാ.വിനാ]—സന്തതിയില്ലാത്തവൾ. A childless woman.

൧. അശിശ്വീ—അ+ശിശ്വീ—ശിശുവില്ലാത്തവൾ.

ആളി’സ്സഖീ വയസ്യാ’ച പതിപത്നീ സഭൎത്തൃകാ

ആളിഃ സഖീ വയസ്യാ[ച]—തോഴി. A woman's female friend.

൧. ആളി—അല (അലങ്കരിക്ക)—സംബന്ധികളെപ്പോലെ അലങ്കരിക്കുന്നവൾ. ൨. സഖി—ഖ്യാ (പ്രസിദ്ധമാക)—സമാനവിദ്യകൊണ്ടു പ്രസിദ്ധമുള്ളവൾ. ൩. വയസ്യാ—വയസ്സുകൊണ്ടു തുല്യമായവൾ.

പതിപത്നീ സഭൎത്തൃകാ—സുമംഗലി. A woman whose husband is living.

൧. പതിപത്നി—വിവാഹഭൎത്താവൊടുകൂടിയിരിക്കുന്നവൾ. ൨. സഭൎത്തൃകാ—ഭൎത്താവുള്ളവൾ.

ജാതാപത്യാ പ്രജാതാ ച പ്രസൂതാ ച പ്രസൂതികാ

ജാതാപത്യാ പ്രജാതാ [ച] പ്രസൂതാ [ച] പ്രസൂതികാ—പ്രസവിച്ചവൾ. A woman, who has borne a child.

൧. ജാതാപത്യാ—ജനീ (ജനിക്ക)—അപത്യത്തെ (സന്തതിയെ) ജനിപ്പിക്ക

ന്നവൾ. ൨. പ്രജാതാ—പ്ര+ജനി (ജനിക്ക)—സന്തതിയുള്ളവൾ. ൩. പ്രസൂതാ. ൪. പ്രസൂതികാ—സൂ (പ്രസവിക്ക)—പ്രസവിച്ചവൾ.

വാരസ്ത്രീ ഗണികാ വേശ്യാ രൂപാജീവാ'ഥ സാജനൈഃ

വാരസ്ത്രീ ഗണികാ വേശ്യാ രൂപാജീവാ [അഥ സാജനൈഃ] A harlot.

൧. വാരസ്ത്രീ—വാരം (ദിവസം)—ദിവസംതോറും രാജസേവ ചെയ്യുന്നവൾ. പാഠ:—വാരത്തിന്റെ (സമൂഹത്തിന്റെ) സ്ത്രീ. ൨. ഗണികാ—ഗണം (കൂട്ടം)—ജാരന്മാരുടെ കൂട്ടം ഉള്ളവൾ; കുലടഴി. ൩. വേശ്യാ—വിശ (പ്രവേശിക്ക)—ആരെങ്കിലും പ്രാപിക്കാവുന്നവൾ. പാഠ:—വേശം (അലങ്കാരം)—അലങ്കാരംകൊണ്ടു ശോഭിക്കുന്നവൾ. ൪. രൂപാജീവ—രൂപം (സൌന്ദൎയ്യം) കൊണ്ടു ഉപജീവിക്കുന്നവൾ.

വിപ്രശ്നികാ ത്വീ'ക്ഷണികാ ദൈവജ്ഞാ'ഥ രജസ്വലാ
സ്ത്രീ ധൎമ്മിണ്യ'വി ചാ'ത്രേയി മലിനീ പുഷ്പവത്യ'പി
ഋതുമത്യ'പ്യു'ദക്യാ'ഥ സ്യാ'ദ്രജഃ പുഷ്പ'മാൎത്തവം

വിപ്രശ്നികാ [തു] ഈക്ഷണികാ ദൈവജ്ഞാ—ലക്ഷണം പറയുന്നവൾ.
A fortune-teller.

൧. വിപ്രശ്നികാ—പ്രഛ (ചോദിക്ക)—കൃത്യാകൃത്യങ്ങളെക്കുറിച്ചു ചോദിക്കപ്പെടുന്നവൾ, ൨. ഈക്ഷണികാ—ഈക്ഷ (നോക്കുക)—ശുഭാശുഭങ്ങളെ നോക്കി ചെയ്യുന്നവൾ. ൩. ദൈവജ്ഞാ—ജ്ഞാ (അറിയുക)—ശുഭാശുഭങ്ങളെ അറിയുന്നവൾ.

[അഥ] രജസ്വലാ സ്ത്രീധൎമ്മിണീ അവിഃ [ച] ആത്രേയീ മലീ പുഷ്പവതീ ഋതുമതീ [അപി. ഉദക്യാ]—തീണ്ടായിരിക്കുന്നവൾ. A woman in her courses.

൧. രജസ്വല—രജസ്സ (ആൎത്തവം) ഉള്ളവൾ. ൨. സ്ത്രീധൎമ്മിണി—രജോരൂപമായ സ്ത്രീധൎമ്മം ഉള്ളവൾ. ൩. അവി—അവ (രക്ഷിക്ക)—രക്ഷസ്സുകളിൽനിന്നു രക്ഷിക്കപ്പെടേണ്ടവൾ; പൎവ്വതം; ആടു; സൂൎയ്യൻ; എലി; വായു. ൪. ആത്രേയി—രജസ്സ ഗൎഭത്തിങ്കൽ ഉള്ളവൾ. ൫. മലി—മലം (ഇവിടെ രജസ്സ) —രജസ്സുള്ളവൾ. ൬. പുഷ്പവതി—പുഷ്പം (രജസ്സ) ഉള്ളവൾ. ൭. ഋതുമതി—ഋതു (ആൎത്തവം) ഉള്ളവൾ.

[അഥ സ്യാൽ] രജസ്സ പുഷ്പം ആൎത്തവം—കാ. The courses.

൧. രജസ്സ—രഞ്ജ (രക്തമാക്കുക.) ൨. പുഷ്പം—പുഷ്പ (പൂക്കുക)—പുത്രഫലത്തിന്റെ ഹേതു ഭൂതം. ൩. ആൎത്തവം—ഋതുവിങ്കൽ ഭവിക്കുന്നതു.

ആപന്നസത്വാ സ്യാൽ ഗുൎവ്വിണ്യ'ന്തൎവ്വത്നീ ച ഗൎഭിണീ

ആപന്നസത്വാ [സ്യാൽ] ഗുൎവ്വിണീ അന്തൎവ്വത്നീ [ച] ഗൎഭിണീ—ഗൎഭമുള്ളവൾ.
Preguant.

൧. ആപന്നസത്വാ—ആപന്നം (ഗ്രഹിതം)+സത്വം (ഗർഭം)—ഗർഭം ധരിച്ചവൾ. ൨. ഗുൎവ്വിണീ—ഗൃ (ഗ്രഹിക്ക)—ഗർഭമുള്ളവൾ. ൩. അന്തൎവ്വത്നീ—അന്തർഭാഗത്തു ഗർഭം വഹിക്കുന്നവൾ. ൪. ഗർഭിണീ—ഗൃ (ഗ്രഹിക്ക.)

അഥ ബാന്ധകിനേയ'സ്സ്യാൽ ബന്ധുല'ശ്ചാ'സതീസുതഃ

[അഥ] ബാന്ധകിനേയഃ [സ്യാൽ] ബന്ധുലഃ [ച] അസതീസുതഃ—പുംശ്ചലിയുടെ പുത്രൻ. A bastard.

൧. ബാന്ധകിനേയൻ—ബന്ധകിയുടെ (വ്യഭിചാരിയുടെ) പുത്രൻ, ൨. ബന്ധുലൻ—ലാ (സ്വീകരിക്ക)—അപമാനം നീക്കുന്നതിനു ബന്ധുക്കളെ സ്വീകരിക്കുന്നവൻ. ൩. അസതീസുതൻ—അസതിയുടെ (ജാരണിയുടെ) പുത്രൻ.

കൌലടേയഃ കൌലടേരോ ഭിക്ഷുകീ തു സതീയദി
തദാ കൌലടിനേയോഽസ്യാഃ കൌലടേയോഽപി ചാത്മജഃ

കൌലടേയഃ കൌലടേരഃ—കുലടാപുത്രൻ. Son of a disloyal wife.

൧. കൌലടേയൻ. ൨. കൌലടേരൻ—കുലടയുടെ (ജാരസ്ത്രീയുടെ) പുത്രൻ.

[ഭിക്ഷുകീ-തു-സതീ-യദി-തദാ] കൌലടിനേയഃ [അസ്യാഃ കൌലടേയഃ അപി ച ആത്മജഃ]—ഭിക്ഷാൎത്ഥിനിയായവളുടെ പുത്രൻ. A son of a female beggar.

൧. കൌലടിനേയൻ—കുലടിയുടെ (ഭിക്ഷുകിയുടെ) പുത്രൻ.

ആത്മജ'സ്തനയ'സ്സൂനു'സ്സുതഃ പുത്രഃ സ്ത്രിയാ'ന്ത്വമീ
ആഹു'ർദ്ദുഹിതരം സൎവ്വേഽപത്യ'ന്തോക'ന്തയോ'സ്സമേ

ആത്മജഃ തനയഃ സൂനുഃ സുതഃ പുത്രഃ. Son.

൧. ആത്മജൻ—ജനീ (ജനിക്ക)—ആത്മാവിങ്കൽനിന്നു (തങ്കൽനിന്നു) ജനിച്ചവൻ. ൨. തനയൻ—തനു (നീട്ടുക)—വംശത്തെ വൎദ്ധിപ്പിക്കുന്നവൻ. ൩. സൂനു—ഷൂങ് (പ്രസവിക്ക)—പ്രസവിക്കപ്പെട്ടവൻ. ൪. സുതൻ—ഷു (പ്രസവിക്ക). ൫. പുത്രൻ—ത്രൈങ് (ത്രാണംചെയ്ക)—പുത്തു എന്ന നരകത്തിൽനിന്നു രക്ഷിക്കുന്നവൻ.

☞ ഈ പൎയ്യായങ്ങൾ സ്ത്രീലിംഗാന്തമാകുമ്പോൾ പുത്രി എന്നൎത്ഥം.

[സ്ത്രിയാം-തു-അമീ-ആഹുഃ] ദുഹിതാ [സൎവ്വേ]—പുത്രി. A daughter.

൧. ദുഹിതാവ—ദുഹ (നിറക്കുക)—അച്ഛനമ്മമാരുടെ ധനം ഹരിച്ചു ദാരിദ്ര്യപ്പെടുത്തുന്നവൾ.

അപത്യം തോകം [തയോഃ സമേ]—ആണിനും പെണ്ണിനും കൂടെ പേർ. Offspring, male or female.

൧. അപത്യം—പത്ല (ഗമിക്ക)—ഇതിനാലെ പിതാവു നരകത്തെ പതിക്കായ്ക്ക കൊണ്ടു. ൨. തോകം—തു (വൎദ്ധിക്ക)—കുലത്തെ വൎദ്ധിപ്പിക്കുന്നതു.

സ്വജാതെ ത്വൌ'രസൌ'രസ്യൌ താത'സ്തു ജനകഃ പിതാ

[സ്വജാതെ-തു]ഔരസഃ ഉരസ്യഃ—സ്വന്തഭാൎയ്യയുടെ പുത്രൻ A legitimate son.

൧. ഔരസൻ. ൨. ഉരസ്യൻ—തന്റെ ഉരസ്സിങ്കൽ നിന്നുണ്ടായവൻ.

താതഃ [തു] ജനകഃ പിതാ. **Father.**

൧. താതൻ—തന (വിസ്താരമാക്കുക)—കുലത്തെ വൎദ്ധിപ്പിക്കുന്നവൻ. ൨. ജനകൻ—ജനീ (ജനിപ്പിക്ക)—പുത്രനെ ജനിപ്പിക്കുന്നവൻ. ൩. പിതാവു—പാ (രക്ഷിപ്പിക്ക)—സന്തതിയെ രക്ഷിക്കുന്നവൻ.

ജനയിത്രി പ്രസൂ'ൎമ്മാതാ ജനനീ ഭഗിനീ സ്വസാ

ജനയിത്രി പ്രസൂഃ മാതാ ജനനീ—അമ്മ. **Mother.**

൧. ജനയിത്രീ—ജനീ (ജനിക്ക)—ജനിപ്പിക്കുന്നവൾ. ൨. പ്രസൂ—ഷൂങ് (പ്രസവിക്ക)—കുട്ടികളെ പ്രസവിക്കുന്നവൾ. ൩. മാതാവു—മാ (വൎത്തിക്ക)—ഗൎഭം ഉള്ളവൾ. പാഠ:—മാന (മാനിക്ക)—മാനിക്കപ്പെടേണ്ടവൾ.

ഭഗിനീ സ്വസാ—പെങ്ങൾ. **A sister.**

൧. ഭഗിനീ—ഭഗം (കല്യാണം)—വിവാഹത്തിങ്കൽ ശ്രേയസ്സുള്ളവൾ. ൨. സ്വസാ—സു+അസു (കളക)—സോദരന്റെ ദുഃഖത്തെ കളയുന്നവൾ.

സമാനോദൎയ്യ സോദൎയ്യ സഗൎഭ്യ സഹജാ'സ്സമാഃ

സമാനോദൎയ്യഃ സോദൎയ്യഃ സഗൎഭ്യഃ സഹജഃ [സമാഃ] ഉടപ്പിറന്നവൻ **A brother.**

൧. സമാനോദൎയ്യൻ—ഒരു ഉദരത്തിൽ നിന്നുതന്നെ ജനിച്ചവൻ. ൨. സോദൎയ്യൻ—സമാന ഉദരത്തിൽ ജനിച്ചവൻ. ൩. സഗൎഭ്യൻ—സമാനഗൎഭത്തിൽ ഭവിച്ചവൻ. ൪. സഹജൻ—ജനീ (ജനിക്ക)—കൂടെ പിറപ്പു.

☞ ഠരം പദങ്ങൾക്കു സ്ത്രീലിംഗാന്തം ചെയ്താൽ സഹോദരി എന്നും അൎത്ഥം വരും.

സഗോത്ര ബാന്ധവ ജ്ഞാതി ബന്ധു സ്വ സ്വജനാഃ സമാഃ

സഗോത്രഃ ബാന്ധവഃ ജ്ഞാതിഃ ബന്ധുഃ സ്വഃ സ്വജനഃ [സമാഃ]—ചാൎച്ചക്കാരൻ. **A kinsman.**

൧. സഗോത്രൻ—സ (സമാന)—സമാനമായ ഗോത്രത്തിങ്കൽ നിന്നുതന്നെ ജനിച്ചവൻ. ൨. ബാന്ധവൻ—ബന്ധ (കെട്ടുക)—പ്രീതികൊണ്ടു ബന്ധിക്കുന്നവൻ;

സ്നേഹിതൻ. ൩. ജ്ഞാതി—ജ്ഞാ—(അറിയുക)—തനിക്കു വേണ്ടവരെന്നു അറിയുകകൊണ്ടു. ൪. ബന്ധു—ബന്ധ (കെട്ടുക)—സംബന്ധമുള്ളവൻ; സ്വജാതിക്കാരൻ. ൫. സ്വം—സ്വം(ധനം)—തന്റെ ധനത്തെ സംബന്ധിച്ചിട്ടുള്ളവൻ; ഐശ്വര്യം; വസ്തുവക. ൬. സ്വജനം—സ്വന്തജനം (ആൾ); തന്റെ ജാതിയിലുള്ളവർ.

ധവഃ പ്രിയഃ പതിർഭർത്താ ജാരസ്തൂപപതിസ്സമൌ

ധവഃ പ്രിയഃ പതിഃ ഭർത്താ—ഭർത്താവ. A husband.

൧. ധവൻ—ധൂഞ് (ഇളക്കുക)—തന്റെ തേജസ്സുകൊണ്ടു ഭാൎയ്യയുടെ മനസ്സിനെ ഇളക്കുന്നവൻ. ൨. പ്രിയൻ—പ്രീഞ് (ഇഷ്ടപ്പെടുത്തുക)—ഭാൎയ്യയെ ഇഷ്ടപ്പെടുത്തുന്നവൻ. ൩. പതി—പാ (രക്ഷിക്ക)—ഭാൎയ്യയെ രക്ഷിക്കുന്നവൻ; പ്രഭു. ൪. ഭർത്താവ—ഭൃഞ് (രക്ഷിക്ക)—ഭാൎയ്യയെ രക്ഷിക്കുന്നവൻ; യജമാനൻ.

ജാരഃ [തു] ഉപപതിഃ [സമൌ]—ജാരൻ. A paramour.

൧. ജാരൻ—ജൄ (ജീൎണ്ണമാക്കുക)—സ്ത്രീകളെ അതി ക്രീഡകൊണ്ടു ജരിക്കുന്നവൻ. ൨. ഉപപതി—ഉപ+പതി—കൂട്ടുഭർത്താവു.

ദംപതീ ജംപതീ ജായാപതീ ഭാൎയ്യാപതീ ച തൌ

ദംപതീ ജംപതീ ജായാപതീ ഭാൎയ്യാപതീ [ച.തൌ]—ഭാൎയ്യയും ഭർത്താവും. Husband and wife.

൧. ദംപതി—ദം (ദാരങ്ങളുടെ)+പതി. ൨. ജംപതി—ജം (ജായയുടെ)+പതി. ൩. ജായാപതി—ജായയുടെ+പതി. ൪. ഭാൎയ്യാപതി—ഭാൎയ്യയുടെ പതി.

ഗൎഭാശയോ ജരായുസ്സ്യാൽ ഉൽബം ച കലലോസ്ത്രിയാം

ഗൎഭാശയഃ ജരായുഃ [സ്യാൽ] ഉൽബം [ച] കലലം [അസ്ത്രിയാം]—ഗൎഭം. The embrys.

൧. ഗൎഭാശയം—ഗൎഭത്തിന്റെ+ആശയം (ഇരിപ്പിടം). ൨. ജരായു—ജര (ചുളുക്കം)+ഇണ (പ്രാപിക്ക)—പ്രസവത്തിന്റെ ശേഷം ചുരുങ്ങുന്നതു. ൩. ഉൽബം—ഉല (മറെക്കുക)—ഗൎഭത്തെ മറെക്കുന്നതു. ൪. കലലം—കല (കലരുക)—ശുക്ലവും രക്തവും കൂടിയതു.

തൃതീയാ പ്രകൃതിഃ ഷണ്ഡഃ ക്ലീബഃ പണ്ഡോ നപുംസകഃ

തൃതീയാ പ്രകൃതിഃ ഷണ്ഡഃ ക്ലീബഃ പണ്ഡഃ നപുംസകഃ. An eunuch.

൧. തൃതീയാ പ്രകൃതി—തൃതീയാ (മൂന്നാമത്തെ)+പ്രകൃതി—പ്രഥമ പ്രകൃതി സ്ത്രീ, ദ്വിതീയ പ്രകൃതി പുരുഷൻ, ഇവ രണ്ടുമല്ലാത്തതു മൂന്നാമത്തെ പ്രകൃതി; നപുംസകലിംഗം. ൨. ഷണ്ഡൻ—ഷണ (ദാനംചെയ്ക)—തന്റെ അപത്യാതി കളവാൻ

ദാനം ചെയ്യുന്നവൻ. ൩. ക്ലീബൻ—ക്ലീബൃ (ധൈൎയ്യമായിരിക്ക)—ധൈൎയ്യമില്ലാത്തവൻ. ൪. ഷണ്ഡൻ—ഷഡി (ഗമിക്ക)—ലംഘിച്ചു ദേശാന്തരം പ്രാപിക്കുന്നവൻ. ൫. നപുംസകൻ—സ്ത്രീയും പുരുഷനും അല്ലാത്തവൻ.

ശിശുത്വം ശൈശവം ബാല്യം താരുണ്യം യൌവനം സമേ

ശിശുത്വം ശൈശവം ബാല്യം—പ്രഥമ വയസ്സ്. Childhood.

൧. ശിശുത്വം. ൨. ശൈശവം—ശിശുവിന്റെ അവസ്ഥ—൫ വയസ്സുവരെയുള്ള പ്രായം. ൩. ബാല്യം—ബാലാവസ്ഥ—൧൬ വയസ്സുവരെയുള്ള പ്രായം.

താരുണ്യം യൌവനം [സമേ]—ദ്വിതീയവയസ്സ്. Youth or manhood.

൧. താരുണ്യം—തരുണന്റെ പ്രായം—ബാല്യത്തിന്റെയും വാൎദ്ധക്യത്തിന്റെയും ഇടയിലുള്ള പ്രായം—൧൬—൭൦. ൨. യൌവനം—യുവാവിന്റെ പ്രായം.

സ്യാൽ സ്ഥാവിരന്തു വൃദ്ധത്വം വൃദ്ധസംഘെപ്യതു വാൎദ്ധകം

[സ്യാൽ] സ്ഥാവിരം [തു] വൃദ്ധത്വം—ചരമവയസ്സ്. Old age.

൧. സ്ഥാവിരം—സ്ഥവിരന്റെ (വൃദ്ധന്റെ) പ്രായം—൭൦ മുതൽ മേല്പോട്ടുള്ള പ്രായം. ൨. വൃദ്ധത്വം—വൃധ (വൎദ്ധിക്ക)—വയസ്സു വൎദ്ധിച്ച സ്ഥിതി.

വൃദ്ധസംഘം [തു] വാൎദ്ധകം—വൃദ്ധ സമൂഹം. An assemblage of old men.

൧. വൃദ്ധസംഘം—വൃദ്ധന്മാരുടെ സംഘം (സമൂഹം). ൨. വാൎദ്ധകം—വൃദ്ധസമൂഹം.

സ്യാദുത്താനശയാ ഡിംഭാ സ്തനപാ ച സ്തനന്ധയീ

[സ്യാൽ] ഉത്താനശയാ ഡിംഭാ സ്തനപാ [ച] സ്തനന്ധയീ—മലൎന്നുകിടക്കുന്ന പെണ്ണു. An infant.

൧. ഉത്താനശയാ—ശീങ് (കിടക്കുക)—മലൎന്നു കിടക്കുന്ന അവസ്ഥ; കൊച്ചു പെൺപൈതൽ. ൨. ഡിംഭാ—ഡീങ് (ആകാശത്തിലെക്ക ഗമിക്കുക)—നീന്തുന്ന സ്ഥിതി. ൩. സ്തനപാ—പാ (പാനംചെയ്ക)—സ്തനം (മുല) പാനംചെയ്യുന്നപ്രായം. ൪. സ്തനന്ധയീ—ധെൾ (പാനംചെയ്ക) മുലകുടിക്കുന്നപ്രായം.

ബാലസ്തു സ്യാന്മാണവകൊ വയസ്ഥസ്തരുണൊ യുവാ

ബാലഃ [തു-സ്യാൽ] മാണവകഃ—പൈതൽ. A child.

൧. ബാലൻ—ബല (ജീവിക്ക)—അല്പമായ ആയാസത്തിങ്കൽ ജനിച്ചവൻ; ആനവാൽ. ൨. മാണവകൻ—മന (അറിയുക)—വിചാര ബുദ്ധിയുള്ളവൻ—പാഠ; മനുവിന്റെ അല്പ സന്തതി; മൂഢൻ; വെദം പഠിക്കുന്നവൻ.

വയസ്ഥഃ തരുണഃ യുവാ—യൌവനമുള്ളവൻ. A young man.

൧. വയസ്ഥൻ—വയ (ഗമിക്ക)+സ്ഥാ (സ്ഥിതിചെയ്ക)—൧൬ വയസ്സുമുതൽ ൩൦ വയസ്സുവരെയുള്ള സ്ഥിതിചെയ്യുന്നവൻ; സ്നേഹമുള്ള ചങ്ങാതി. ൨. തരുണൻ—തൄ (കടക്കുക)—പ്രയാസമായ കാൎയ്യംസാധിക്കുന്നതിനു പ്രാപ്തിയുള്ള പ്രായംഉള്ളവൻ. ൩. യുവാവു—യു (യൊജിക്ക)—സ്ത്രീകളൊടുകൂടെ മെളിക്കുന്നവൻ.

പ്രവയാഃ സ്ഥവിരൊ വൃദ്ധൊ ജിനൊ ജീൎണ്ണൊ ജരന്നപി

പ്രവയാഃ സ്ഥവിരഃ വൃദ്ധഃ ജിനഃ ജീൎണ്ണഃ ജരൻ [അപി]—എഴുവതിനു മെൽ പുക്കവൻ. An old man.

൧. പ്രവയസ്സു—പ്ര (ഏററവും) വയസ്സുചെന്നവൻ. ൨. സ്ഥവിരൻ—സ്ഥാ (നില്ക്കുക)—ബഹുകാലം ജീവിച്ചിരിക്കുന്നവൻ. ൩. വൃദ്ധൻ—വൃധു (വൎദ്ധിക്ക)—വയസ്സു വൎദ്ധിച്ചവൻ; ഒരു മഹൎഷി. ൪. ജിനൻ—ജ്യാ (കാക)—വയൊവസാനം അടുത്തവൻ. ൫. ജീൎണ്ണൻ. ൬. ജരൻ—ജൄ (വയസ്സാകുക)—വയസ്സായിപ്പൊയവൻ.

വൎഷീയാന്ദശമീ ജ്യായാൻ പൂൎവ്വജസ്ത്വഗ്രിയൊഗ്രജഃ

വൎഷീയാൻ ദശമീ ജ്യായാൻ—൯൦ ന്നു മെൽ വയസ്സു പുക്കവൻ. One very aged.

൧. വൎഷീയാൻ—വളരെ വൎഷം ജീവിച്ചിരിക്കുന്നവൻ. ൨. ദശമീ—ദശം (൯൦) ന്നു മെൽ ൧൦൦ വയസ്സുവരെ പ്രായമുള്ളവൻ. ൩. ജ്യായാൻ—ജ്യ (പഴക്കം ചെല്ലുക)—ഏററവും വയസ്സു ചെന്നവൻ; അതിശ്രെഷ്ഠതയുള്ളവൻ.

പൂൎവ്വജഃ [തു] അഗ്രിയഃ അഗ്രജഃ—ജ്യെഷ്ഠൻ. Elder brother; first born.

പൂൎവ്വജൻ—ജനീ (ജനിക്ക)—പൂൎവ്വം (മുമ്പെ) ജനിച്ചവൻ. ൨. അഗ്രിയൻ. ൩. അഗ്രജൻ—ജന (ജനിക്ക.)

ജഘന്യജെ സ്യുഃ കനിഷ്ഠ യവീയൊവരജാനുജാഃ

ജഘന്യജഃ [സ്യുഃ] കനിഷ്ഠഃ യവിയാൻ അവരജഃ അനുജഃ A younger brother.

൧. ജഘന്യജൻ—ജഘന്യ (പശ്ചാൽ) ജാതൻ; ശൂദ്രൻ. ൨. കനിഷ്ഠൻ—കന (ശൊഭിക്ക)—അത്യല്പ വയസ്സു. ൩. യവീയസ്സു—അനുജൻ. ൪. അവരജൻ—തന്റെ പിന്നെ ജനിച്ചവൻ. ൫. അനുജൻ—അനു (പശ്ചാൻ) ജനിച്ചവൻ.

അമാംസൊ ദുൎബ്ബലശ്ഛാതൊ ബലവാൻ മാംസളൊംസളഃ

അമാംസഃ ദുൎബ്ബലഃ ഛാതഃ—ബലമില്ലാത്തവൻ. Feeble; thin.

൧. അമാംസൻ—അല്പമാംസമുള്ളവൻ; മെലിഞ്ഞവൻ. ൨. ദുൎബ്ബലൻ.—ദുർ

(നിന്ദിതമായ) ബലമുള്ളവൻ; ചെലചെയ്യപ്പെട്ടവൻ. ൩. ക്ഷാതൻ—ക്ഷൈ (ക്ഷീക്ക)—വാതാദി ദോഷംകൊണ്ടു മാംസം ക്ഷയിച്ചവൻ.

ബലവാൻ മാംസളഃ അംസളഃ—ബലമുള്ളവൻ. Strong; lusty

൧. ബലവാൻ—ബല (ശക്തിപ്പെടുക)—ബലമുള്ളവൻ. ൨. മാംസളൻ—മാംസം വൎദ്ധിച്ചവൻ. ൩. അംസളൻ—അംസം (തോൾ) തടിച്ചവൻ.

തുന്ദിലസ്തുന്ദിഭസ്തുന്ദീ ബൃഹൽകുക്ഷിഃ പിചണ്ഡിലഃ

തുന്ദിലഃ തുന്ദിഭഃ തുന്ദീ ബൃഹൽകുക്ഷിഃ പിചണ്ഡിലഃ—കുടവയറൻ.
Corpulent; potbellied.

൧. തുന്ദിലൻ. ൨. തുന്ദിഭൻ. ൩. തുന്ദീ—തുന്ദം (വയറു) വലുതായുള്ളവൻ; വലിയ പൊക്കിളുള്ളവൻ. ൪. ബൃഹൽകുക്ഷി—ബൃഹത്തു (വലിയ)+കുക്ഷി (വയറു) ഉള്ളവൻ. ൫. പിചണ്ഡിലൻ—പിചണ്ഡം (വയർ)—വലിയ വയറുള്ളവൻ.

കേശവഃ കേശികഃ കേശീ വലിനോ വലിഭസ്സമൌ.

കേശവഃ കേശികഃ കേശീ—തലമുടിയുള്ളവൻ. Having much or fine hair.

൧. കേശവൻ. ൨. കേശികൻ. ൩. കേശീ—കേശം (തലമുടി) ഉള്ളവൻ.

വലിനഃ വലിഭഃ [സമൌ]—വലികളുള്ളവൻ. Flaccid.

൧. വലിനൻ. ൨. വലിഭൻ—വലി (തോൽചുളുക്കം)—വയസ്സുകൊണ്ടു തൊൽ ചുളുങ്ങിയവൻ.

വികലാംഗസ്തു പോഗണ്ഡഃ ഖൎവ്വോ ഹ്രസ്വശ്ച വാമനഃ

വികലാംഗഃ [തു] പോഗണ്ഡഃ—ചിറക്കംപൊഴെ അംഗഹീനൻ. Deformed.

൧. വികലാംഗൻ—വികലം (കുറഞ്ഞ)+അംഗം (ശരീരം) ഉള്ളവൻ. ൨. പോഗണ്ഡൻ—ഗണ്ണ (എണ്ണുക)—അപകൃഷ്ടൻ എന്നു എണ്ണപ്പെടുന്നവൻ.

ഖൎവ്വഃ ഹ്രസ്വഃ [ച] വാമനഃ—കുള്ളൻ. A dwarf.

൧. ഖൎവ്വൻ—ഖൎവ്വ (ഗൎവ്വിക്ക)—വികലാംഗാപേക്ഷകൊണ്ടു ഗൎവ്വം കാട്ടുന്നവൻ. ൨. ഹ്രസ്വൻ—ഹ്രസ (ശബ്ദിക്ക)—ജനങ്ങളാൽ ചിരിക്കപ്പെടുന്നവൻ. ൩. വാമനൻ—വാമത്വം (നീളക്കുറവു) ഉള്ളവൻ; വിഷ്ണുവിന്റെ ഒരു അവതാരം.

ഭേഷജൌഷധഭൈഷജ്യാന്യഗദൊ ജായുരിത്യപി

ഭേഷജം ഔഷധം ഭൈഷജ്യം അഗദഃ ജായുഃ [ഇതി അപി]—മരുന്നു.
Medicament.

൧. ഭേഷജം. ൩. ഭൈഷജ്യം—ഭിഷജ്(ചികിത്സിക്ക). ൨. ഔഷധം—ധെട്ട(പാനെ)—ദോഷത്തെ (ദാഹത്തെ) നശിപ്പിക്കുന്നതു; ൪. അഗദം—ഗദം (വ്യാധി) ഇല്ലാതാക്കുന്നതു. ൫. ജായു—ജി (ജയിക്ക)—രോഗത്തെ ജയിക്കുന്നതു.

സ്ത്രീ രുഗ്രുജാ ചോപതാപ രോഗ വ്യാധി ഗദാമയാഃ

[സ്ത്രീ] രുക് രുജാ [ച] ഉപതാപഃ രോഗഃ വ്യാധിഃ ഗദഃ ആമയഃ—ദീനം.

Disease.

൧. രുക്. ൨. രുജാ. ൪. രോഗം—രുജ (ഭഞ്ജിക്ക)—ജീവനെ ദുഃഖിപ്പിക്കുന്നത. ൩. ഉപതാപം തപ(വെദനപ്പെടുത്തുക); ഉഷ്ണം; ഉഴററു. ൫. വ്യാധി—ധാഞ് (ധരിക്ക)—ശരീരത്തിൽ അപഥ്യാന്നങ്ങളെക്കൊണ്ടുണ്ടാകുന്നതു. ൬. ഗദം—ഗദ(സ്പഷ്ടമായി പറക)—ധൈൎയ്യമില്ലാത്ത പ്രാണിയെ നിലവിളിപ്പിക്കുന്നതു. ൭. ആമയം—മീങ് (ഹിംസിക്ക)—ശരീരത്തെ ഹിംസിക്കുന്നതു; കൊട്ടം.

രോഗഹാൎയ്യഗദങ്കാരോ ഭിഷഗ്വൈദ്യൌ ചികിത്സകെ

രോഗഹാരി അഗദങ്കാരഃ ഭിഷക വൈദ്യഃ ചികിത്സകഃ   A physician.

൧. രോഗഹാരി—ഹൃഞ് (ഹരിക്ക)—രോഗം ഹരിക്കുന്നവൻ. ൨. അഗദംകാരൻ—കൃഞ് (ചെയ്ക)—ഗദം (വ്യാധി) ഇല്ലാതാക്കുന്നവൻ. ൩. ഭിഷക്—ഭിഷജ് (ചികിത്സിക്ക). ൪. വൈദ്യൻ—വിദ (അറിയുക)—ആയുൎവിദ്യ അറിയുന്നവൻ. ൫. ചികിത്സകൻ—കിത (ശമിപ്പിക്ക)—രോഗം ശമിപ്പിക്കുന്നവൻ.

വാൎത്തൊ നിരാമയഃ കല്യ ഉല്ലാഘൊ നിൎഗ്ഗതൊ ഗദാൽ

വാൎത്തഃ നിരാമയഃ കല്യഃ ഉല്ലാഘഃ—[നിൎഗ്ഗതൊ ഗദാൽ—വ്യാധിയിൽനിന്നു ഒഴിഞ്ഞുവൻ].   Recovered from sickness.

൧. വാൎത്തൻ—വൃത്തി (പുനൎജ്ജന്മം) എന്നപൊലെ രണ്ടാവതു ജനിച്ചവൻ. ൨. നിരാമയൻ—ആമയം (രോഗം) ഭേദമായവൻ. ൩. കല്യൻ—കല(കശലെ)—രോഗം ഭേദമായി ശക്തിപ്പെട്ടവൻ. ൪. ഉല്ലാഘൻ—ലാഘൃ (സാമൎത്ഥ്യെ)—രോഗം ഭേദമായി സാമൎത്ഥ്യം പ്രാപിച്ചവൻ.

ഗ്ലാന ഗ്ലാസ്നു ആമയാവീ വികൃതൊ വ്യാധിതൊ‌ഽപടുഃ
ആതുരൊഽഭ്യമിതൊഽഭ്യാന്തസ്സമൌ പാമനകച്ഛുരൌ

ഗ്ലാനഃ ഗ്ലാസ്നുഃ ആമയാവീ വികൃതഃ വ്യാധിതഃ അപടുഃ ആതുരഃ അഭ്യമിതഃ അഭ്യാന്തഃ—വ്യാധിതൻ.   Diseased.

൧. ഗ്ലാനൻ. ൨. ഗ്ലാസ്നു—ഗ്ലൈ (സന്തൊഷം ക്ഷയിക്ക)—രോഗംകൊണ്ടു സന്തൊഷം ക്ഷയിച്ചവൻ; തളൎന്നവൻ. ൩. ആമയാവീ—ആമയം (രോഗം) ഉള്ളവൻ. ൪. വികൃതൻ—രോഗം കൊണ്ടു. ശരീരത്തിന്റെ ആകൃ

തിക്ക ഭേദം വന്നിട്ടുള്ളവൻ. ൫. വ്യാധിതൻ—വ്യാധി ഭവിച്ചിട്ടുള്ളവൻ; ഇളക്കമുള്ളവൻ. ൬. അപടു—അ (ഇല്ല) + പടു (സാമൎത്ഥ്യമുള്ളവൻ)—പ്രവൃത്തിക്കു പ്രാപ്തിയില്ലാത്തവൻ. ൭. ആതുരൻ—തുര (ഭ്രമിക്ക)—മനോഭ്രമമുള്ളവൻ. ൮. അഭ്യമിതൻ ൯. അഭ്യാന്തൻ—അഭി (വഴിപോലെ)+ആമ (രോഗമായിരിക്ക)—രോഗംകൊണ്ടു ആഹാര നിഹാരങ്ങൾ ചുരുങ്ങിയവൻ.

[സമൌ] പാമനഃ കച്ഛുരഃ—ചിരങ്ങുള്ളവന്റെ പേർ. Scabby.

൧. പാമനൻ—പാമ (ചിരങ്ങ) ഉള്ളവൻ. ൨. കച്ഛുരൻ—കച്ഛു (ചിരങ്ങ)ഉള്ളവൻ; കാമമുള്ളവൻ.

പിശിതം തരസം മാംസം പലലം ക്രവ്യമാമിഷം

പിശിതം തരസം മാംസം പലലം ക്രവ്യം ആമിഷം—ഇറച്ചി. Flesh.

൧. പിശിതം—പിശി (അവയവെ)—ശരീരത്തിന്റെ അവയവമായിരിക്കുന്നതു. ൨. തരസം—തൃ (കടക്കുക)—മെലിച്ചിൽ ഇല്ലാതെ വരുത്തുന്നതു. ൩. മാംസം—മന (അറിക)—ബലവാനെന്നു അറിയിക്കുന്നതു. ൪. പലലം—പാല (രക്ഷിക്ക)—ദെഹത്തെ രക്ഷിക്കുന്നതു. ൫. ക്രവ്യം—ക്രുഞ് (ഗമിക്ക)—ഗമിക്കുന്നതിനു ഉപയോഗമാകുന്നതു. ൬. ആമിഷം—മിഷ (സ്പൎദ്ധാ)—പിണക്കം വരുത്തുന്നതു.
പാഠ:—ആമ (രൊഗെ)—രോഗം ഉണ്ടാകുന്നതു.

രുധിരെഽസൃഗ് ലൊഹിതാസ്ര രക്ത ക്ഷതജ ശൊണിതം

രുധിരം അസൃക ലൊഹിതം അസ്രം രക്തം ക്ഷതജം ശൊണിതം. Blood.

൧. രുധിരം—രുധിർ (തടുക്കുക)—തോൽകൊണ്ടു തടുക്കപ്പെടുന്നതു. ൨. അസൃക—സൃജ(സൃഷ്ടിക്ക)—പലതുംകൂടിയുണ്ടാകുന്നതു. പാഠ:—അസ്യ(ക്ഷെപിക്ക)—ചൎമ്മം മുറിയുമ്പോൾ പുറത്തു വരുന്നതു. ൩. ലൊഹിതം—ചുവന്നതു; ചുവന്ന അകിൽ; യുദ്ധം; കുങ്കുമം; ഒരു മത്സ്യം. ൪. രക്തം—രക്ത (ചുവന്ന) നിറമുള്ളതു; ചെമ്പു; ചായില്യം; കുങ്കുമം. ൫. ക്ഷതജം—ക്ഷതയിൽനിന്നു (മുറിവിൽനിന്നു) ജനിക്കുന്നതു; ചലം. ൬. ശൊണിതം—ശൊണിത(ചുവന്ന)നിറമുള്ളതു; കുങ്കുമം.

വൃക്കാഽഗ്രമാംസം ഹൃദയം ഹൃന്മെദസ്തു വപാ വസാ

വൃക്ക അഗ്രമാംസം ഹൃദയം ഹൃൽ. The heart.

൧. വൃക്ക—വൃക (ഭക്ഷിക്ക)—ഭക്ഷണത്തിനു നന്നെന്നു പറയപ്പെടുന്നതു. പാഠ:—ബുക്ക—ബുക്ക (പറക). ൨. അഗ്രമാംസം—അഗ്രം (ഉൽകൃഷ്ടം)+മാംസം (എറച്ചി.) ൩. ഹൃദയം. ൪. ഹൃൽ—ഹൃഞ് (ഹരിക്ക).

മെദഃ വപാ വസാ. The serum of flesh.

൧ മെദസ്സ—ഞിമിദ (സ്നെഹിക്ക)—ഹൃദയകഞ്ചുകമാകുന്നകൊഴുപ്പു. ൨. വപാ—

വപ (ജനിക്ക)—നാഭിയുടെ അരികെ ബീജം ഇരിക്കുന്ന ഒരു വല. ൩. വസാ—വസ (സ്നേഹിക്ക)—മെദസ്സിനെ മൂടുന്ന ഒരു മിനുസമുള്ള പാട.

മൂത്രംപ്രസ്രാവ ഉച്ചാരാവസ്കരൌ ശമലം ശകൃൽ
പുരീഷം ഗൂഥ വച്ചസ്കം 'മസ്ത്രീ വിഷ്ഠാ വിശൌ സ്ത്രീയൌ

മൂത്രം പ്രസ്രാവം. The urine.

൧. മൂത്രം—മൂത്ര (ഒലിക്ക). ൨. പ്രസ്രാവം—പ്ര+സ്രു (ഒലിക്ക).

ഉച്ചാരം അവസ്കരം ശമലം ശകൃൽ പുരീഷം ഗൂഥം വച്ചസ്കം [അസ്ത്രീ] വിഷ്ഠാ വിശ—മലം. Faeces.

൧ ഉച്ചാരം—ചര (ഗമിക്ക) ഗുദത്തിൽനിന്നു പൊകുന്നതു; വാക്ക. ൨. അവസ്കരം—അവ (കിഴ്പൊട്ടു)+കാരം (ചെയ്യപ്പെട്ടതു); രഹസ്യസ്ഥലം; കല്പ. ൩. ശമലം—ശമ (ശമിക്ക)—തന്നെത്താൻ ശമിക്കുന്നത. ൪. ശകൃൽ—ശക്ലു (ശക്തിപ്പെടുക)—ശക്തിപ്പെടുത്തുന്നതു. ൫. പുരീഷം—പൄ (നിറയ്ക്കുക)—ആന്ത്രത്തെ നിറയ്ക്കുന്നതു. ൬. ഗൂഥം—ഗു (മലോത്സൎഗ്ഗം)—ദിവസംപ്രതി ഉപെക്ഷിക്കപ്പെടുന്നതു. ൭. വച്ചസ്കം—വൎജ്ജ (വൎജ്ജിക്ക)—ദിവസംപ്രതി ഉപെക്ഷിക്കപ്പെടുന്നതു. ൮. വിഷ്ഠാ—ഷ്ഠാ (നില്ക്കുക)—നാഭിയുടെ അധഃപ്രദെശത്തു നില്ക്കുന്നതു. ൯. വിട്ട—വിശ (പ്രവെശിക്ക)—വ്വ ന്റെ അൎത്ഥം.

സ്യാൽ കൎപ്പരഃ കപാലൊസ്ത്രീ കീകസം കുല്യ'മസ്ഥിച

[സ്യാൽ] കൎപ്പരഃ കപാലഃ [അസ്ത്രീ]—തലയൊട്ടി. The skull.

൧. കൎപ്പരം—കൢപ (സാമൎത്ഥ്യം)—ഭാരധാരണത്തിനു സാമൎത്ഥ്യമുള്ളതു; ഒരായുധം. ൨. കപാലം—കം (തലയെ)+പാല (പാലിക്ക); ഭിക്ഷക്കാരന്റെ ഒരുമാതിരി പാത്രം.

കീകസം കുല്യം അസ്ഥി [ച]—എല്ലു. Any bone.

൧. കീകസം—കസ (ഗമിക്ക)—ശബ്ദിച്ചുകൊണ്ടു ഇളകുന്നതു; അലക. ൨. കുല്യം—കുല (കൂട്ടം കൂടുക). ൩. അസ്ഥി—അസു (ക്ഷെപിക്ക)—മാംസഭൊജികളാൽ എടുത്തു കളയപ്പെടുന്നതു.

അംഗം പ്രതികൊവയവൊപഘനൊഥകളെബരം
ഗാത്രം വപുസ്സംഹനനം ശരീരം വൎഷ്മ വിഗ്രഹഃ
കായൊ ദെഹഃ ക്ലീബപുംസൊഃ സ്ത്രീയാം മൂൎത്തി സ്തനുസ്തനുഃ

അംഗം പ്രതീകഃ അവയവഃ അപഘനഃ— A limb.

൧. അംഗം—അഗി (ഗമിക്ക)—ശരീരം ഇളകാതെ ഇളകുന്നതു. ൨. പ്രതീകം—ഇണ് (ഗമിക്ക)—അന്യൊന്യാഭിമുഖ്യമായുള്ളതു; ഓഹരി. ൩. അവയവം—യു

(കൂട്ടുക)—തമ്മിൽ മെലിക്കുന്നതു. ൪. അപഘനം—ഹന (ഹനിക്ക)—കൂട്ടിതല്ലപ്പെടുന്നതു.

[അഥ] കളെബരം ഗാത്രം വപുഃ സംഹനനം ശരീരം വൎഷ്മ വിഗ്രഹഃ കായഃ ദെഹഃ [ക്ലീബ പുംസൊഃ] [സ്ത്രീയാം] മൂൎത്തിഃ തനുഃ തനൂഃ The body.

൧. കളെബരം—കല (എണ്ണുക)—മുഖ്യമായി ആദരിക്കപ്പെടുന്നതു. ൨. ഗാത്രം—ഗാങ് (ഗമിക്ക)—ഗമിക്കുന്നതു; ആനയുടെ മുൻകാൽ. ൩. വപുസ്സ—വപ (ഉത്ഭവിക്ക)—ജനകനാൽ ഉത്ഭവിക്കപ്പെടുന്നതു; പാഠ:—പൂൎവ്വകൎമ്മംകൊണ്ടു ജനിക്കപ്പെടുന്നതു. ൪. സംഹനനം—സം+ഹന (ഗമിക്ക)—അംഗങ്ങൾകൊണ്ടു ബന്ധിക്കപ്പെടുന്നതു. ൫. ശരീരം—ശൃ (നശിക്ക)—കാലക്രമംകൊണ്ടു നശിക്കുന്നതു. ൬. വൎഷ്മാവു—വൃഷു (നനയ്ക്ക)—നനയ്ക്കപ്പെടുന്നതു; ഉയരം; ഭംഗി; ഒരളവു. ൭. വിഗ്രഹം—വി+ഗ്രഹ (ഗ്രഹിക്ക)—ജീവനാൽ ഗ്രഹിക്കപ്പെടുന്നതു; വിസ്താരം. ൮. കായം—ചിഞ് (കൂട്ടുക)—അവയവങ്ങളാൽ ചെൎക്കപ്പെട്ടതു. ൯. ദെഹം—ദിഹ (പൊറുക)—അന്നംകൊണ്ടു പൊററപ്പെടുന്നതു. ൰. മൂൎത്തി—മൂൎച്ഛാ (മൊഹിക്ക)—അഭിമാനം തൊന്നിപ്പിക്കുന്നതു. ൰൧. തനു. ൰൨. തനൂ—തനു (വൎദ്ധിക്ക)—ആഹാരംകൊണ്ടു വൎദ്ധിക്കുന്നതു; തൊലി; അല്പം.

പാദാഗ്രം പ്രപദം പാദഃ പ‘ദംഘ്രി‘ശ്ചരണോഽസ്ത്രിയാം

പാദാഗ്രം പ്രപദം. പുറവടി. The end of the foot.

൧. പാദാഗ്രം—പാദത്തിന്റെ (കാൽച്ചുവടിന്റെ) അഗ്രം (മുമ്പു). ൨. പ്രപദം—കാലിന്റെ തുടസ്സം.

പാഃ പൽ അംഘ്രിഃ ചരണഃ [അസ്ത്രീയാം] കാൽ. The foot.

൧. പാദം. ൨. പദം—പദ്ലു (ഗമിക്ക)—ഗമിക്കുന്നതിനുള്ളതു. ൩. അംഘ്രി—അഘി (ഗമിക്ക)—ഇതുകൊണ്ടു വെഗം ഗമിക്കുന്നതിനാൽ. ൪. ചരണം—ചര (ചരിക്ക)—സഞ്ചരിക്കുന്നതിനുള്ള അവയവം.

ഭഗം യോനി‘ർദ്വയോ‘ശ്ശിശ്നോ മേഢ്രോ മേഹന ശേഫസീ

ഭഗം യൊനിഃ [ദ്വയൊഃ]. Vulva.

൧. ഭഗം—ഭജ (ഭജിക്ക)—കാമുകന്മാരാൽ ഭജിക്കപ്പെടുന്നതു; ഭാഗ്യം; ശൊഭ. ൨. യൊനി—യു (കൂട്ടുക)—ശിശ്നത്തൊടു കൂടുന്നതു.

ശിശ്നഃ മെഢ്രഃ മെഹനം ശെഫഃ—ലിംഗം. Penis.

൧. ശിശ്നം—ശ്ലിഷ (കൂട്ടുക)—ഭഗത്തൊടു കൂടുന്നതു. ൨. മെഢ്രം. ൩. മെഹനം—മിഹ (നനയ്ക്ക)—രെതസ്സുകൊണ്ടു നനയ്ക്കുന്നതു; മൂട്ടൊടു. ൪. ശെഫസ്സ—ശീങ് (ശയിക്ക)—ഭഗത്തിങ്കൽ ശയിക്കുന്നതു. പാഠ:—രെതസ്സു പൊയശെഷം സ്വാസ്ഥമായിരിക്കുന്നതു.

പിചണ്ഡ കുക്ഷി ജഠരൊ’ദരം തുന്ദം സ്തനൌ കുചൌ

പിചണ്ഡഃ കുക്ഷിഃ ജഠരം ഉദരം തുന്ദം—വയറു. The belly.

൧. പിചണ്ഡം—പച (പാകമാക്കുക)—ഉള്ളിലുള്ള അഗ്നികൊണ്ടു അന്നം ദഹിപ്പിക്കുന്നതു. ൨. കുക്ഷി—കുഷ (പുറത്തു കളക)—മലം പുറത്തുകളയുന്നതു. ൩. ജഠരം—ജനീ (ജനിക്ക)—ഗൎഭം ഉണ്ടാകുന്നെടം. ൪. ഉദരം—ഋ (ഗമിക്ക)—ഗൎഭം കൊണ്ടു വീൎക്കുന്നതു. ൫. തുന്ദം—തുദ (വെദനപ്പെടുക)—അജീൎണ്ണംകൊണ്ടു വെദനപ്പെടുന്നതു.

സ്തനഃ കുചഃ—മുല. The paps.

൧. സ്തനം—സ്തന (ശബ്ദിക്ക)—കുട്ടികൾ ഇതു കുടിപ്പാൻവെണ്ടി കരയുന്നതുകൊണ്ടു. ൨. കുചം—കുച (തടകുക)—കാമുകന്മാരാൽ നഖംകൊണ്ടു ലെഖനം ചെയ്യപ്പെടുന്നതു.

ഉരൊ വത്സ’ഞ്ച വക്ഷ’ശ്ച പൃഷ്ഠം തു ചരമന്തനൊഃ

ഉരഃ വത്സം [ച] വക്ഷഃ [ച]—മാർ. The bosom.

൧. ഉരസ്സ—ഋ (പ്രാപിക്ക)—ധൈൎയ്യത്തെ പ്രാപിക്കുന്നതു. ൨. വത്സം—വസ (മറെക്ക)—ഉത്തരീയംകൊണ്ടു മറെക്കപ്പെടുന്നിടം; സംവത്സരം; കിടാവു. ൩. വക്ഷസ്സ—വക്ഷ (സമൂഹിക്ക)—കൈകൾവന്നു കൂടുന്നതിനിടയിലുള്ള സ്ഥലം.

പൃഷ്ഠം [തു-ചരമന്തനൊഃ]—ശരീരത്തിന്റെ പിൻഭാഗം. The back.

പൃഷ്ഠം—പൃഷ (നനെക്ക)—തലമുടിയിലെ വെള്ളംകൊണ്ടു നനയുന്നിടം.

മദ്ധ്യമം ച’വലഗ്നം ച മദ്ധ്യൊ’സ്ത്രീ ദ്വൌ പരൌ ദ്വയൊഃ

മദ്ധ്യമം [ച] അവലഗ്നം [ച] മദ്ധ്യഃ [അസ്ത്രീ] [ദ്വൌ പരൌ ദ്വയൊഃ]—നടുവു. The waist.

൧. മദ്ധ്യമം. ൩. മദ്ധ്യം—മന (അറിക)—കൃശമായി കാണപ്പെടുന്നതുകൊണ്ടു. ൨. അവലഗ്നം—ലജ്ജ (ലജ്ജിക്ക)—പൂൎവ്വാപര അവയവങ്ങളെക്കാൾ കൃശമായതുകൊണ്ടു ലജ്ജിക്കുന്നതു.

ഭുജ ബാഹൂ പ്രവെഷ്ടൊ ദൊസ്സ്യാൽ കഫൊണി’സ്തു കൂൎപ്പരഃ

ഭുജഃ ബാഹുഃ പ്രവെഷ്ടഃ ദൊഃ—കൈ. An arm.

൧. ഭുജം—ഭുജ (ഭക്ഷിക്ക)—ഇതുകൊണ്ടു ഭക്ഷിക്കുന്നതിനാൽ. ൨. ബാഹു—ബാഹ (പ്രയത്നം ചെയ്ക). ൩. പ്രവെഷ്ടം—വെഷ്ട (ചുററുക)—ഇതുകൊണ്ടു വസ്ത്രാദികൾ ചുററുന്നതുകൊണ്ടു. ൪. ദൊസ്സ—ദമ (ശമിപ്പിക്ക)—അരികളെ ശമിപ്പിക്കുന്നതു.

[സ്യാൽ] കഫൊണിഃ [തു] കൂൎപ്പരഃ—മുഴങ്കൈ. An elbow.

൧. കഫൊണി—ഫണ (സുഖപ്പെടുത്തുക)—കം (സുഖം) കൊടുക്കുന്നതു. ൨. കൂൎപ്പരം—കുര (ശബ്ദിക്ക)—പദാൎത്ഥ ഗ്രഹണത്തിങ്കൽ ശബ്ദിക്കുന്നതു; മുഴങ്കാൽ.

പഞ്ചശാഖ‘ശ്ശയഃ പാണി‘സ്തൎജ്ജനീ സ്യാൽ പ്രദെശിനീ

പഞ്ചശാഖഃ ശയഃ പാണിഃ—കൈ. A hand.

൧. പഞ്ചശാഖ—പഞ്ച (അഞ്ചു)+ശാഖ(വിരൽ) ഉള്ളതു. ൨. ശയം—ശീങ് (ശയിക്ക)—സാധനവസ്തുക്കൾ ഇരിക്കുന്നിടം; മെത്ത. ൩. പാണി—പണ (വ്യവഹരിക്ക)—കൊടുക്ക മെടിക്ക മുതലായ വ്യാപാരങ്ങൾ ചെയ്യുന്നതു.

തൎജ്ജനീ [സ്യാൽ] പ്രദെശിനീ—ചൂണ്ടാണി. Fore-finger.

൧. തൎജ്ജനീ—തൎജ്ജ (നിന്ദിക്ക)—ആശ്ചൎയ്യം കൂറി നിന്ദിക്കുന്ന വിരൽ. ൨. പ്രദെശിനീ—ദിശ (ചൂണ്ടിക്കാണിക്ക).

കണ്ഠൊ ഗളൊ‘ഥ ഗ്രീവായാം ശിരൊധിഃ കന്ധരെ’ത്യപി

കണ്ഠഃ ഗളഃ—കഴുത്തിൻ മെൽഭാഗം. The throat.

൧. കണ്ഠം—കണ (ശബ്ദിക്ക). ൨. ഗളം—ഗല (വിഴുങ്ങുക)—ചൊറുരുള വിഴുങ്ങുന്നതു.

[അഥ] ഗ്രീവാ ശിരൊധിഃ കന്ധരാ [ഇതി-അപി]—കഴുത്തു. The neck.

൧. ഗ്രീവ—ഗൄ (വിഴുങ്ങുക)—ചൊറു ഇറങ്ങിപ്പൊകുന്നതു. ൨. ശിരൊധി—ധാഞ് (ധരിക്ക)—ശിരസ്സിനെ ധരിക്കുന്നതു. ൩. കന്ധര—ധൃഞ് (ധരിക്ക)—കം (തലയെ)ധരിക്കുന്നതു.

വക്ത്രാ’സ്യെ വദനം തുണ്ഡ‘മാനനം ലപനം മുഖം

വക്ത്രം ആസ്യം വദനം തുണ്ഡം ആനനം ലപനം മുഖം. The mouth.

൧. വക്ത്രം—വച (പറയുക). ൨. ആസ്യം—അസു (ഇടുക)—തങ്കൽ പ്രാപിച്ചതിനെ കീഴ്പ്പൊട്ടു ഇടുന്നതു. ൩. വദനം—വദ (വ്യക്തമായി പറക); മുക്കൊണിന്റെ മുകളിലെ മൂല. ൪. ആനനം—അന (ശ്വസിക്ക)—ശ്വസിക്കുന്നതിനുള്ള ഒരു ദ്വാരം. ൫. മുഖം—ഖനു (കുഴിക്ക)—ഠരംശ്വരൻ കുഴിച്ചതു. പാഠ:—ഭക്ഷ്യം പിളൎക്കുന്നതു; ആരംഭം; പക്ഷിയുടെ ചുണ്ടു; നീക്കപ്പൊക്കം.

ക്ലീബെ ഘ്രാണം ഗന്ധവഹാ ഘൊണാ നാസാ ച നാസികാ

[ക്ലീബെ] ഘ്രാണം ഗന്ധവഹാ ഘൊണാ നാസാ [ച] നാസികാ—മൂക്കു. The nose.

൧. ഘ്രാണം—ഘ്രാ (ഗന്ധത്തെ സ്വീകരിക്ക)—ഗന്ധം അറിയുന്നതു; മണക്കുക. ൨. ഗന്ധവഹം—ഗന്ധത്തെ വഹിക്കുന്നതു. ൩. ഘോണം—ഘുണ (ചുറ്റുക)—നാനാദിക്കിൽനിന്നും വരുന്ന ഗന്ധത്തെ ഘ്രാണിക്കുന്നതു. ൪. നാസാ. ൫. നാസികാ—നസ (ചുളുക്കുക)—ദുർഗ്ഗന്ധത്തിങ്കൽ ചുളുക്കുന്നതു. പാഠ:—നാസൃ (ശബ്ദിക്ക)

ഓഷ്ഠാ'ധരൌതു രദനച്ഛദൌ ദശനവാസസീ

ഓഷ്ഠഃ അധരഃ രദനച്ഛദൌ ദശനവാസസീ—ചുണ്ടു. The lips.

൧. ഓഷ്ഠം—ഉഷ (ദഹിക്ക)—ചുടുള്ളതു ഭക്ഷിക്കുമ്പോൾ ചുടുന്നതു;—മെലെചുണ്ടു. ൨. അധരം—അധോഭാഗത്തുഭവിച്ചതു—താഴെചുണ്ടു. ൩. രദനച്ഛദം—ഛദ (മറെക്ക)—രദനത്തെ (പല്ലിനെ) മറെക്കുന്നത. ൪. ദശനവാസസ്സ—ദശനത്തിന്റെ (പല്ലിന്റെ) വാസസ്സ (ഉടുപ്പു).

രദനാ ദശനാ ദന്താ രദാ'സ്താലു തു കാകുദം

രദനാഃ ദശനാഃ ദന്താഃ രദാഃ—പല്ലു: Teeth.

൧. രദനം—രദ (പൊടിക്കുക)—ഭക്ഷ്യങ്ങൾ ഇതിനാൽ പൊടിക്കപ്പെടുന്നതു കൊണ്ടു. ൨. ദശനം—ദംശ (കടിക്കുക) ഭക്ഷണസാധനത്തെ ഇതുകൊണ്ടു കടിക്കുന്നതിനാൽ. ൩. ദന്തം—ദമ (ശമിപ്പിക്ക)—കടിച്ച അമൎത്തുന്നതു; ആനകൊമ്പു. ൪. രദം—രദ (കീറുക)—ഇതുകൊണ്ടു കടിച്ചു കീറുന്നതിനാൽ; കീറുക.

താലു കാകുദം—അണ്ണാക്കു. The palate.

൧. താലു—തല (പ്രതിഷ്ഠിക്ക)—ഭക്ഷണശിഷ്ടം നില്ക്കുന്നിടം; തൊണ്ട. ൨. കാകുദം—ദാ (ദാനംചെയ്യു)—കാകും (ശബ്ദം) ഉണ്ടാക്കുന്നതു.

രസജ്ഞാ രസനാ ജിഹ്വാ പ്രാന്താവോഷ്ഠസ്യ സൃക്കിണീ

രസജ്ഞാ രസനാ ജിഹ്വാ—നാവു. The tongue.

൧. രസജ്ഞാ—ജ്ഞാ (അറിയുക)—രസത്തെ അറിയുന്നതു. ൨. രസന—രസ (ആസ്വാദിക്ക)—ഇതിനാൽ ആസ്വാദിക്കുന്നതുകൊണ്ടു. ൩. ജിഹ്വാ—ജി (ജയിക്ക) ജയിപ്പാൻ സാമൎത്ഥ്യമുള്ളതു.

[പ്രാന്തൌ ഓഷ്ഠസ്യ] സൃക്കിണീ—കടവായ. The corners of the mouth.

൧. സൃക്കി—സൃജ (സൃഷ്ടിക്ക)—ഉമിനീരു ഉണ്ടാക്കുന്നതു.

ലലാട'മളികം ഗോധി'രൂൎദ്ധ്വേ ദൃഗ്ഭ്യാം ഭ്രുവൌ സ്ത്രിയൌ

ലലാടം അളികം ഗോധിഃ—നെററി The forehead.

൧. ലലാടം—ലല (കളിക്ക)—തിലകാദികൾകൊണ്ടു അലങ്കരിക്കപ്പെടുന്നെടം. പാഠ:—അട (ഗമിക്ക)—ചുരുൾമുടി ക്രീഡിക്കുന്നെടം. ൨. അളികം—അല (അല

ങ്കരിക്ക)—അലങ്കരിക്കപ്പെടുന്നതു. ൩. ഗോധി—ഗുധ (പൂറുക)—ചന്ദനാദികൾ കൊണ്ടു പൂറി കുറിയിട്ടുന്നേടം—പു°ഠ; ധാ (ധരിക്ക)—ഗാവൌ (കണ്ണുകളെ) ധരിക്കുന്നതു; ഉട്ടമ്പു.

[ഊൎദ്ധ്വ ദൃശ്യാം] ഭ്രുവൌ [സ്ത്രീയൌ]—പുരികം. The eyebrows.

൧. ഭ്രൂ—ഭ്രമ (ഇളക്കുക)—ചലിക്കുന്നതു.

ലോചനന്നയനന്നേത്രമീക്ഷണഞ്ചക്ഷുരക്ഷിണീ
ദൃഗ്ദൃഷ്ടീ ചാശ്രു നേത്രാംബു രോദനഞ്ചാസ്രമസ്രു ച

ലോചനം നയനം നേത്രം ഈക്ഷണം ചക്ഷുഃ അക്ഷി ദൃക് ദൃഷ്ടിഃ [ച]—കണ്ണ
An eye.

൧. ലോചനം—ലോച്ച (ദൎശിക്ക). ൨. നയനം. ൩. നേത്രം—നീഞ് (പ്രാപിക്ക)—ഇതിനാൽ പദാൎത്ഥങ്ങൾ പ്രാപിക്കപ്പെടുന്നതുകൊണ്ടു. ൪. ഈക്ഷണം—ഈക്ഷ (ദൎശിക്ക). ൫. ചക്ഷുസ്സ—ചക്ഷിങ് (വ്യക്തമായി പറക)—ഇതിനാൽ വ്യക്തമായി കണ്ടറിഞ്ഞു പറയുന്നതുകൊണ്ടു. ൬. അക്ഷി—അക്ഷൂ (വ്യാപിക്ക)—വസ്തുക്കളിൽ വ്യാപിച്ചറിയുന്നതു. ൭. ദൃക്. ൮. ദൃഷ്ടി—ദൃശ (കാണുക); അറിവു.

അശ്രു നേത്രാംബു രോദനം [ച] അസ്രം അസ്രു [ച]—കണ്ണുനീർ. A tear.

൧. അശ്രു—അശൂ (വ്യാപിക്ക)—കവിൾതടത്തെ വ്യാപിക്കുന്നതു. ൨. നേത്രാംബു—നേത്രത്തിന്റെ (കണ്ണിന്റെ)+അംബു (വെള്ളം). ൩. രോദനം—രുദ (കണ്ണീർ വിടുക)—കരയുമ്പോൾ കണ്ണിൽനിന്നു ഒഴുകുന്നതു. ൪. അസ്രം. ൫. അസ്രു—അസു (ക്ഷേപിക്ക)—കണ്ണിൽനിന്നു പൊഴിയുന്നതു.

കൎണ്ണശ്ശബ്ദഗ്രഹൌ ശ്രോത്രം ശ്രുതിസ്ത്രീ ശ്രവണം ശ്രവഃ

കൎണ്ണഃ ശബ്ദഗ്രഹഃ ശ്രോത്രം ശ്രുതി [സ്ത്രീ] ശ്രവണം ശ്രവഃ—ചെവി. An ear.

൧. കൎണ്ണം—കൄ (വീഴുക)—ശബ്ദം പതിയുന്നിടം; പുക്കാൻ. ൨. ശബ്ദഗ്രഹം—ഗ്രഹ (സ്വീകരിക്ക)—ശബ്ദത്തെ സ്വീകരിക്കുന്നതു. ൩. ശ്രോത്രം. ൪. ശ്രുതി. ൫. ശ്രവണം. ൬. ശ്രവസ്സ—ശ്രു (കേൾക്ക); വേദം.

ഉത്തമാംഗം ശിരശ്ശീൎഷം മൂൎദ്ധാ നാ മസ്തകോസ്ത്രിയാം

ഉത്തമാംഗം ശിരഃ ശീൎഷം മൂൎദ്ധാ [നാ] മസ്തകഃ [അസ്ത്രീയാം]—തല. The head.

൧. ഉത്തമാംഗം—ഉത്തമമായ (ശ്രേഷ്ഠമായ)+അംഗം (അവയവം). ൨. ശിരസ്സ. ൩. ശീൎഷം—ശൄ (ഹിംസിക്ക)—ജരകൊണ്ടു ഹിംസിക്കപ്പെടുന്നതു; പ്രമാണി. ൪. മൂൎദ്ധാവു—മുൎഛാ (ഗൎവ്വിക്ക)—ഗൎവ്വം കാട്ടുന്നതു. ൫. മസ്തകം—മസ (അവസാനിക്ക)—പുറം കട്ടിപ്പമായുള്ളതു.

ചികുരഃ കുന്തളോ ബാലഃ കചഃ കേശശ്ശിരോരുഹഃ

ചികുരഃ കുന്തളഃ ബാലഃ കചഃ കെശഃ ശിരൊരുഹഃ—തലമുടി. The hair.

൧. ചികുരം—ചിങ് (കൂട്ടുക)—കൂട്ടിക്കെട്ടപ്പെടുന്നതു; പാഠഃ—ചിഞ് (ചയിക്ക)+കര (ചെരിക്ക)—വൎദ്ധിക്കുന്നതിനാൽ ചെരിക്കപ്പെടുന്നതു. ൨. കുന്തളം—ലാ (സ്വീകരിക്ക)—നീളംകൊണ്ടു കുന്തത്തിന്റെ ആകൃതിയെ സ്വീകരിക്കുന്നതു; പാ നപാഃത്രം; യവം; കുന്തളരാജ്യം. ൩. ബാലം—വല (മൂടുക)—പൊടിമുതലായ്തു പററാതിരിപ്പാൻ വസ്ത്രംകൊണ്ടു മൂടപ്പെടുന്നതു; ഇരുവെലി; വാലു. ൪. കചം—കച (കെട്ടുക)—കൂട്ടിക്കെട്ടപ്പെടുന്നതു. ൫. കെശം—ശീങ് (ശയിക്ക)—കമ്മികുൽ (തലയിങ്കൽ) ശയിക്കുന്നതു; ഇരുവെലി. ൬. ശിരൊരുഹം—രുഹ (ഉണ്ടാക)—ശിരസ്സിങ്കൽ മുളെച്ചതു.

ശിഖാചൂഡാ കെശപാശീ വ്രതിനസ്തു ജടാ സടാ

ശിഖാ ചൂഡാ കെശപാശീ—കുടുമ. A lock left on the crown of the head.

൧. ശിഖാ—ശീങ് (ശയിക്ക)—തലയിൽ ഉള്ളതു; കിരീടം; ജ്വാല; കൊമ്പ. ൨. ചൂഡാ—ചുഡ (പകുക്കുക)—പകുക്കപ്പെടുന്നതു; കിരീടം. ൩. കെശപാശി—കെശങ്ങളുടെ (തലമുടിയുടെ)+പാശം (സമൂഹം).

[വ്രതിനസ്തു] ജടാ സടാ—ജട. An ascetic's clotted hair.

൧. ജട—ജട (പിണയുക)—പിണഞ്ഞ തലമുടി; പെരാലിന്റെ പാല്യം ഭസ്മവും കൂട്ടിപ്പിരിച്ച തലമുടി. ൨. സട—ഷട (അവയവെ)—ഭൂതങ്ങൾക്കുള്ള ഒരു അവയവം; കിരീടം.

അലങ്കാരസ്ത്വാഭരണം പരിഷ്കാരൊ വിഭൂഷണം
മണ്ഡനം ചാഥ മകുടം കിരീടം പുന്നപുംസകം

അലങ്കാരഃ [തു] ആഭരണം പരിഷ്കാരഃ വിഭൂഷണം മണ്ഡനം [ച]—സാമാന്യം ആഭരണം. Ornaments; jewels or trinkets.

൧. അലങ്കാരം—അലം (അലങ്കരിക്ക)+കൃ (ചെയ്യു)—അലങ്കാരത്തെ ചെയ്യുന്നതു. ൨. ആഭരണം—ഭൃഞ് (ഭരിക്ക)—എല്ലാടിക്കിലും ധരിക്കുന്നതായുള്ള കടകാദികൾ. ൩. പരിഷ്കാരം—പരി (എററവും)+കൃഞ് (ചെയ്യു)—എററവും വിശെഷത്തെ ചെയ്യുന്നതു. ൪. വിഭൂഷണം—വി+ഭൂഷ (അലങ്കരിക്ക)—വിശെഷമായി അലങ്കരിക്കുന്നതു. ൫. മണ്ഡനം—മഡി (അലങ്കരിക്ക).

[അഥ] മകുടം കിരീടം [പുന്നപുംസകം]—മുടി. A crest.

൧. മകുടം—മകി (അലങ്കരിക്ക); തൂണിന്റെയും മററും മുകളിലുള്ള മണി. ൨. കിരീടം—കൄ (വെക്കുക)—നെററിയുടെ മുകളിൽ വെക്കുന്നതു.

ചൂഡാമണിഃ ശിരൊരത്നം തരളൊ ഹാരമദ്ധ്യഗഃ

ചൂഡാമണിഃ ശിരൊരത്നം—മുടിമണി A gem on the crest.

൧. ചൂഡാമണി—ചൂഡയിൽ (കുടുമയിൽ)—വെക്കുന്നമണി (രത്നം). ൨. ശിരോരത്നം—ശിരസ്സിങ്കൽ (തലയിങ്കൽ)—വെക്കുന്നരത്നം.

തരളം [ഹാരമദ്ധ്യഗം]—നായകക്കല്ലു The middle gem of a string.

൧. തരളം—തൄ (തരണംചെയ്യു)—മുത്തുമാലയുടെ നടുക്കുകൊൎത്തിടുന്ന ശ്രേഷ്ഠമായരത്നം.

ആവാപകഃ പാരിഹാൎയ്യഃ കടകോ വലയോസ്ത്രിയാം.

ആവാപകഃ പാരിഹാൎയ്യഃ കടകഃ വലയഃ [അസ്ത്രിയാം]—കൈവള A bracelet.

൧. ആവാപകം—വപ (ഇടുക)—മണിബന്ധത്തിന്മേൽ ഇടുന്നതു. ൨. പാരിഹാൎയ്യം—പരി (ചുററം)+ഹൃഞ് (ഹരിക്ക)—പരിഹാരത്തിങ്കൽ കയ്യിൽ ഇടുന്നതു, ൩. കടകം—കട (ചുററുക)—കയ്യിൽചുററിയിരിക്കുന്നതു; നഗരം. ൪. വലയം—വല (ചുററുക).

സാക്ഷരാംഗുലിമുദ്രാ സ്യാൽ കങ്കണം കരഭൂഷണം

[സാക്ഷരാ] അംഗുലിമുദ്രാ [സ്യാൽ]—മോതിരമുദ്ര. A Seal ring.

൧. അംഗുലിമുദ്രാ—മുദ (മോദിപ്പിക്ക)—അംഗുലി (വിരൽ) സംബന്ധമായമുദ്ര (അടയാളം).

കങ്കണം കരഭൂഷണം—കൈവള. Ornament of the wrist.

൧. കങ്കണം—കണ (ശബ്ദിക്ക)—കം എന്നശബ്ദിക്കുന്നതു; വെള്ളത്തിന്റെതുള്ളി. ൨. കരഭൂഷണം—കരത്തിന്റെ (കയ്യുടെ)+ഭൂഷണം (ആഭരണം).

പാദാംഗദം തുലാകോടിൎമ്മഞ്ജീരോ നൂപുരോഽസ്ത്രിയാം

പാദാംഗദം തുലാകോടിഃ മഞ്ജീരഃ നൂപുരഃ [അസ്ത്രിയാം]—ചിലമ്പു Ornament of the feet.

൧. പാദാംഗദം—പാദത്തിന്മേൽ ഇടുന്നഅംഗദം (തോൾവള) പോലുള്ളആഭരണം ൨. തുലാകോടി—തുലാ (തുല്യമായ)+കോടി (ആധാരം)—രണ്ടുകാലിന്മേലും തുല്യമായിധരിക്കുന്ന ആഭരണം—പാഠ; തുല (ഉന്മാനം)+കടി (കൊടില്യെ)—ഘനമായും വക്രമായും ഉള്ളതു. ൩. മഞ്ജീരം—ൟർ (ശബ്ദിക്ക)+മഞ്ജു (മനോഹരമായി) ശബ്ദിക്കുന്നതു. ൪. നൂപുരം—ണു (സ്തുതിക്ക)—ഗമനത്തെ സ്തുതിക്കുമാറുശബ്ദിക്കുന്നതു—പാഠഃ—സ്തുതിക്കപ്പെടുന്നതു.

ദൈൎഘ്യമായാമ ആനാഹഃ പരിണാഹോ വിശാലതാ

ദൈൎഘ്യം ആയാമഃ ആനാഹഃ—നീളം. Length.

൧. ദൈൎഘ്യം—ദീൎഘഭാവം. ൨. ആയാമം—യമ (നിൎത്തുക)—അളന്നു ചെല്ലു

ങ്ങാൽ നില്ക്കുന്നതു. ൩. ആനാഹം—നഹ (ബന്ധിക്ക)—നീണ്ട കയറുകൊണ്ടു ആന മുതലായ മൃഗങ്ങളെ ബന്ധിക്കുന്നതുകൊണ്ടു. മലമൂത്രങ്ങളുടെ തടവു.

പരിണാഹഃ വിശാലതാ—അകലം **Width.**

൧. പരിണാഹം—പരി (ചുററും)+നഹ (ബന്ധിക്ക)—നെയ്യുംമററും കെട്ടുകയൊ ഇടുകയൊചെയ്യുന്നതിനു ഇടമുള്ളതു. ൨. വിശാലതാ—വിശ (പരക്കുക)—വിശാലമുള്ളതു.

പടച്ചരം ജീൎണ്ണവസ്ത്രം സമൌ നക്തക കൎപ്പടൌ

പടച്ചരം ജീൎണ്ണവസ്ത്രം—പഴന്തുണി Old cloth.

൧. പടച്ചരം—പട (ഗമിക്ക)—ഇടയിൽ കീറൽഉള്ളതിനാൽ ചുററമില്ലാത്തതു; പാഠ: ചര (ഗമിക്ക)—പഴക്കംചെന്നപടം (വസ്ത്രം). ൨. ജീൎണ്ണവസ്ത്രം—ജീൎണ്ണ (പഴയ)+വസ്ത്രം (തുണി).

[സമൌ] നക്തകഃ കൎപ്പടഃ—അഴുക്കുള്ളതുണി Dirty or tattered cloth.

൧. നക്തകം—നജ (ലജ്ജിക്ക)—ലജ്ജാസ്ഥാനത്തെ മറെപ്പാൻ പ്രാപ്തിയില്ലാത്തതു. ൨. കൎപ്പടം—കൎപ്പ (കല്പിക്ക)—ലജ്ജയെഉണ്ടാക്കുന്നതു.

വസ്ത്രമാച്ഛാദനം വാസശ്ചേല വസന മംശുകം

വസ്ത്രം ആച്ഛാദനം വാസഃ ചെല വസനം അംശുകം—സാമാന്യംപുടവ. Cloth.

൧. വസ്ത്രം—വസ (മറെക്കുക)—അംഗത്തെ മറെക്കുന്നതിനു ഉതകുന്നതു. ൨. ആച്ഛാദനം—ഛദ (മറെക്കുക); മൂടി; കുപ്പായം; മറ. ൩. വാസസ്സു—വാസ (മറെക്കുക). ൪. ചേല—ചില (ഉടുക്കുക); ചേലാകൎമ്മം; ഒരുമാതിരിവൃക്ഷം. ൫. വസനം—വസ (ഉടുക്കുക). ൬. അംശുകം—ശൈക (ശബ്ദിക്ക)—മാറിയുമ്പോൾ അംശു (നൂൽ)ശബ്ദിക്കുന്നതു.

തമാലപത്ര തിലക ചിത്രകാണി വിശേഷകം.

തമാലപത്രം തിലകം ചിത്രകം വിശേഷകം—തൊടുകുറി. A circle on the forehead.

൧. തമാലപത്രം—തമാലവൃക്ഷത്തിന്റെ (പച്ചിലമരത്തിന്റെ)പത്രത്തിന്റെ (ഇലയുടെ) നിറത്തിൽ കസ്തൂരികൊണ്ടു ഇടുന്നകുറി. ൨. തിലകം—തിലം (എള്ളു)—എള്ളിന്റെ നിറത്തിൽതൊടുന്നകുറി; പാഠ: തില (മിനുക്ക); മറു; മഞ്ചാടിമരം; മൈലെള്ളു; മൂത്രാശയം; ശ്രേഷ്ഠത. ൩. ചിത്രകം—ചിത്ര (ചിത്രമാക്കുക)—പലനിറമായിതൊടുന്നകുറി; പുലി. ൪. വിശേഷകം—ശിഷ്ല് (വിശേഷമാക്കുക)—വിശേഷിപ്പിക്കുന്നത; ലക്ഷണം.

കാശ്മീരജന്മാ'ഗ്നിശിഖംവരംബാൽഹിക പീതനെ
രക്തസങ്കോച പിശുനം ധീര ലോഹിതചന്ദനം

കാശ്മീരജന്മ അഗ്നിശിഖം വരം ബാല്ഹികം പീതനം രക്തം സങ്കോചം പിശുനം ധീരം ലോഹിതചന്ദനം—കുങ്കുമം Saffron.

൧. കാശ്മീരജന്മം—ജനീ (ജനിക്ക)—കാശ്മീരരാജ്യത്തു ഉണ്ടാകുന്നത. ൨. അഗ്നിശിഖം—തീനാളംപോലെശിഖ (അഗ്രം) ഉള്ളത; മെന്തോന്നി; ഒരുചീര. ൩. വരം—വൃഞ് (വരിക്കുക) സുഗന്ധംകൊണ്ടു ജനങ്ങളാൽവരിക്കപ്പെടുന്നത. ൪. ബാൽഹികം—ബാൽഹികം എന്ന ദിക്കിലുണ്ടാകുന്നത; കായം; കാശ്മീരദെശം; ൫. പീതനം—പീതം (മഞ്ഞൾ)—ചന്ദനാദികൾക്കമഞ്ഞനിറംകൊടുക്കുന്നത; അമ്പഴം. ൬. രക്തം—രക്തം (ചുവപ്പു) വർണ്ണമുള്ളത; ചെമ്പു; ചായില്യം;. ൭. സങ്കോചം—മുണങ്ങിസങ്കോചമായ്ത്തു (ചുരുങ്ങിയതു); ലന്തു. ൮. പിശുനം—പിശ (സൂചിപ്പിക്ക)—ഗന്ധംകൊണ്ടു സൂചിപ്പിക്കുന്നതു; പരുത്തി. ൯. ധീരം—ധൃ (ധരിക്ക)—ദെഹത്തിൽ ധരിക്കപ്പെടുന്നതു. ൧൦. ലോഹിതചന്ദനം—രക്തചന്ദനത്തിന്റെ നിറമുള്ളത. ൧൧. കുങ്കുമം—കു (ശബ്ദിക്ക)—ശ്രേഷ്ഠാവസ്ഥയിൽ ശബ്ദിക്കുന്നതു.

ലാക്ഷാ രാക്ഷാ ജതു ക്ലീബെ യാവൊഽലക്തൊ ദ്രുമാമയഃ

ലാക്ഷാ രാക്ഷാ ജതു [ക്ലീബെ] യാവഃ അലക്തഃ ദ്രുമാമയഃ—കൊമ്പരക്ക. Lac.

൧. ലാക്ഷാ—ലക്ഷ (കാണുക)—ചുവപ്പുനിറം കാണിക്കുന്നതു. ൨. രാക്ഷാ—രക്ഷ (രക്ഷിക്ക)—മരുന്നാകയാൽ ദെഹത്തെ രക്ഷിക്കുന്നതു. ൩. ജതു—ജനീ (ജനിക്ക)—ആൽ മുതലായ മരങ്ങളിൽ ഉണ്ടാകുന്നതു. ൪. യാവം—യാ (ഗമിക്ക)—കാലക്രമംകൊണ്ടു ലയിച്ചുപൊകുന്നതു. പാഠ:—യു (കൂട്ടുക)—വസ്ത്രാദികളൊടു കൂട്ടുന്നതു. ൫. അലക്തം—അല (അലങ്കരിക്ക)—കാൽവിരലുകൾ ഇതുകൊണ്ടു അലങ്കരിക്കപ്പെടുന്നതിനാൽ. ൬. ദ്രുമാമയം—ദ്രുമത്തിന്റെ (വൃക്ഷത്തിന്റെ) ആമയം (രൊഗം).

ഘനസാരശ്ചന്ദ്രസംജ്ഞസ്സിതാഭ്രൊ ഹിമവാലുകഃ

ഘനസാരഃ ചന്ദ്രസംജ്ഞഃ സിതാഭ്രഃ ഹിമവാലുകഃ—കർപ്പൂരം. Camphor.

൧. ഘനസാരം—ഘനത്തിന്റെ (മെഘത്തിന്റെ) സാരം (ഉള്ളിലിരിക്കുന്നത)—ആലിപ്പഴംപൊലെ തണുപ്പുള്ളതു. ൨. ചന്ദ്രസംജ്ഞ—ചന്ദ്രന്റെ സംജ്ഞകൾ (പെരുകൾ) ഇതിനും ഉപയൊഗിക്കപ്പെടാവുന്നതുകൊണ്ടു. ൩. സിതാഭ്രം—സിതം (വെളുത്ത) അഭ്രം (മെഘം) പൊലെ നിറമുള്ളതു. ൪. ഹിമവാലുകം—ഹിമം (ഉറച്ച മഞ്ഞു) പൊലെ സുഗന്ധമുള്ളതു. ൫. കർപ്പൂരം—കൃപ (സാമൎത്ഥ്യ)—സുഖംവരുത്തുന്നതിനു സാമൎത്ഥ്യമുള്ളതു.

ഗന്ധസാരൊ മലയജൊ ഭദ്രശ്രീശ്ചന്ദനൊഽസ്ത്രിയാം

ഗന്ധസാരഃ മലയജഃ ഭദ്രശ്രീഃ ചന്ദനഃ [അസ്ത്രിയാം] Sandal wood.

൧. ഗന്ധസാരം—ഗന്ധം ഹേതുവായിട്ടു സാരമായത. ൨. മലയജം—മലയപൎവ്വതത്തിൽ ഉണ്ടാകുന്നത. ൩. ഭദ്രശ്രീ—ഭദ്രമായ (മംഗലമായ) ശ്രീ (ശോഭ) ഉള്ളത. ൪. ചന്ദനം—ചദി (സന്തോഷിപ്പിക്ക).

ഉപധാനന്തൂപബൎഹം ശയ്യായാം ശയനീയവൽ
ശയനമ്മഞ്ച പൎയ്യങ്ക പല്യങ്കാഃ ഖട്വയാ സമാഃ

ഉപധാനം [തു] ഉപബൎഹം—തലയിണ. **A pillow.**

൧. ഉപധാനം—ധാഞ് (ധരിക്ക)—ശിരസ്സിനെ ഉപരിഭാഗത്തു ധരിക്കുന്നത. ൨. ഉപബൎഹം—ബൃഹ (വൎദ്ധിക്ക)—ശിരസ്സു ഇതിന്റെ മീതെ പൊക്കി വെക്കുന്നതകൊണ്ടു.

ശയ്യാ ശയനീയം ശയനം—കിടക്ക. **A bed.**

൧. ശയ്യാ. ൨. ശയനീയം. ൩. ശയനം—ശീങ് (ശയിക്ക)—ശയിക്കുന്നതിന്നുള്ളത; ഉറക്കം.

മഞ്ചഃ പൎയ്യങ്കഃ പല്യങ്കഃ ഖട്വാ—കട്ടിൽ. **A bedstead.**

൧. മഞ്ചം—മചി (മാനിക്ക); മെട; മാടം. ൨. പൎയ്യങ്കം. ൩. പല്യങ്കം—അകി (അടയാളമിടുക)—ചായംകൊണ്ടു അണിയപ്പെടുന്നതകൊണ്ടു. ൪. ഖട്വം—ഖട (ഇഛിക്ക)—കിടക്കുന്നതിന്നായിട്ടു ഇഛിക്കപ്പെടുന്നത.

പ്രസാധനീ കങ്കതികാ പിഷ്ടാതഃ പടവാസകഃ

പ്രസാധനീ കങ്കതികാ—ചീപ്പ്. **A comb.**

൧. പ്രസാധനീ—സാധ (സാധിക്ക)—തലമുടി ഇതിനാലെ വെടിപ്പാക്കപ്പെടുന്നതകൊണ്ടു. ൨. കങ്കതികാ—കങ്ക (ഗമിക്ക)—കേശങ്ങളെ പ്രാപിക്കുന്നത.

പിഷ്ടാതഃ പടവാസകഃ—സുഗന്ധപ്പൊടി. **Perfumed powder.**

൧. പിഷ്ടാതം—അത (ഗമിക്ക)—വസ്ത്രാദികളിൽ ഗമിക്കുന്നതു. ൨. പടവാസകം—പടങ്ങൾ (വസ്ത്രങ്ങൾ) ഇതുകൊണ്ടു സുവാസനയുള്ളതാക്കപ്പെടുന്നതുകൊണ്ടു.

ദൎപ്പണെ മുകുരാദൎശൌ വ്യജനന്താലവൃന്തകം

ദൎപ്പണഃ മുകുരഃ ആദൎശഃ—മുഖക്കണ്ണാടി. **A mirror.**

൧. ദൎപ്പണം—ദൃപ (ഗൎവ്വിക്ക)—സുവേഷാഭിമാനം ഹേതുവായി ജനങ്ങൾ ഇതിൽ നോക്കി ഗൎവ്വിക്കുന്നതുകൊണ്ടു. ൨. മുകുരം—മകി (അലങ്കരിക്ക)—അലങ്കരിപ്പാൻ സഹായഭൂതമായതു. ൩. ആദൎശം—ദൃശിർ (കാണുക)—ഇതിൽ പ്രതിബിംബം കാണുന്നതുകൊണ്ടു.

വ്യജനം താലവൃന്തകം—വിശറി.   A fan.

൧. വ്യജനം—അജ (ക്ഷെപിക്ക)—ക്ഷീണം കളയുന്നതു. ൨. താലവൃന്തകം—താലത്തിന്റെ (കരിമ്പനയുടെ) ഓലമടൽപൊലെ ഇരിക്കുന്നതു; ആലവട്ടം.

ബ്രഹ്മപ്രകരണം.

—o—

സന്തതി൪ഗ്ഗൊത്ര ജനന കുലാന്യഭിജനാ൪ന്വയൌ
വംശൊന്വവായ൪സ്സന്താനൊ വൎണ്ണാസ്യു ബ്രാഹ്മണാദയഃ

സന്തതിഃ ഗൊത്രം ജനനം കുലം അഭിജനഃ അന്വയഃ വംശഃ അന്വവായഃ സന്താനഃ.   Race or lineage.

൧. സന്തതി—തനു (വിസ്തരിക്ക)—പാരമ്പൎയ്യെണ വൎദ്ധിക്കുന്നതു. ൨. ഗൊത്രം—ഗുങ് (ശബ്ദിക്ക)—ഗൎഗ്ഗപ്രഭൃതികളുടെ വംശം സ്പഷ്ടമായി പറയുന്നതുകൊണ്ടു; പൎവ്വതം; വെർ. ൩. ജനനം ജനീ (ജനിക്ക)—ഉത്തരൊത്തരം ജനിക്കുന്നതു. ൪. കുലം—കുല (ചെരുക)—ബന്ധുവൎഗ്ഗങ്ങളെ കൂട്ടിചെൎക്കുന്നതു. ൫. അഭിജനം—ജനീ (ജനിക്ക)—ഇടവിടാതെ ഉത്ഭവിക്കുന്നതു. ൬. അന്വയം—ഇണ (ഗമിക്ക)—അന്യൊന്യം സംബന്ധിക്കുന്നതു. ൭. വംശം—വന (യാചിക്ക)—മൊഹംകൊണ്ടു യാചിക്കപ്പെടുന്നതു. ൮. അന്വവായം—ഇണ (ഗമിക്ക)—പൂൎവ്വവും അപരവുമായി അന്വയിക്കപ്പെട്ടതു. ൯. സന്താനം—തനു (വൎദ്ധിക്ക)—പാരമ്പൎയ്യെണ വൎദ്ധിക്കുന്നതു.

വൎണ്ണാഃ [സ്യു ബ്രാഹ്മണാദയഃ]—ബ്രാഹ്മണാദി നാലു ജാതിയും.   Tribes or classes.

മഹാകുല കുലീനാ൪ൎയ്യ സഭ്യ സജ്ജന സാധവഃ

മഹാകുലഃ കുലീനഃ ആൎയ്യഃ സഭ്യഃ സജ്ജനഃ സാധുഃ—ആഭിജാത്യമുള്ളവൻ.   Of honorable parentage.

൧. മഹാകുലൻ—മഹത്തുകളുടെ (സൂൎയ്യാദികളുടെ) കുലത്തിലുള്ളവൻ. ൨. കുലീനൻ—ശ്രെഷ്ഠമായ കുലത്തിൽ ഉണ്ടായവൻ. ൩. ആൎയ്യൻ—ആര (അകലുക)—നിഷിദ്ധകൎമ്മങ്ങളിൽനിന്നു അകലുന്നവൻ. പാഠഃ—ഋ (ഗമിക്ക)—അഭിഗമിക്കപ്പെടുന്നതിനു യൊഗ്യൻ. ൪. സഭ്യൻ—സഭെക്കു യൊഗ്യൻ. ൫. സജ്ജനം—നല്ല ജനം (ആൾ). ൬. സാധു—സാധ (സാധിക്ക)—പരകാൎയ്യം സാധിക്കുന്നവൻ; നെരുള്ളവൻ.

ബ്രഹ്മചാരി ഗൃഹീ വാനപ്രസ്ഥൊ ഭിക്ഷു൪ശ്ചതുഷ്ടയെ

ബ്രഹ്മചാരീ ഗൃഹീ വാനപ്രസ്ഥഃ ഭിക്ഷുഃ [ചതുഷ്ടയെ] — നാലാശ്രമങ്ങൾ.

The four orders in succession as enumerated, viz. 1st The religious student who has received investiture and is unmarried. 2nd The householder or married man. 3rd The hermit or anchoret. 4th The mendicant or ascetic.

ബ്രഹ്മചാരി—ബ്രഹ്മത്തെ വെദത്തെ ചരിക്കുന്നവൻ (അഭ്യസിക്കുന്നവൻ). ഗൃഹി—ഗൃഹം (ഭാൎയ്യ) ഉള്ളവൻ; ഗൃഹസ്ഥൻ. വാനപ്രസ്ഥൻ—വാനപ്രസ്ഥം (വനൈകദെശം) പ്രാപിച്ചവൻ. ഭിക്ഷു—ഭിക്ഷ (യാചിക്ക)—ഭിക്ഷ എടുത്തു സന്യസിക്കുന്നവൻ.

ആശ്രമൊസ്ത്രീ ദ്വിജാത്യഗ്രജന്മ ഭൂദെവ ബാഡവാഃ
വിപ്രശ്ച ബ്രാഹ്മണൊസൌ ഷൾകൎമ്മയാഗാദിഭിൎയ്യുതഃ

ആശ്രമഃ [അസ്ത്രീ]   An order or religious state.

ആശ്രമം—ശ്രമ (ശ്രമിക്ക)— ബ്രാഹ്മണജന്മത്തിലുള്ള നാലു ശ്രമാവസ്ഥകൾ.

ദ്വിജാതിഃ അഗ്രജന്മഃ ഭൂദെവഃ ബാഡവഃ വിപ്രഃ [ച] ബ്രാഹ്മണഃ [അസൌ]
ഷൾകൎമ്മ യാഗാദി ഭിൎയ്യുതഃ—ആഢ്യ ബ്രാഹ്മണൻ.   A brahmin of the sacerdotol tribe.

൧. ദ്വിജാതി—ജനി (ജനിക്ക)—ഉല്പത്തിയുപനയനങ്ങളാകുന്ന രണ്ടു ജന്മമുള്ളവൻ. ൨. അഗ്രജന്മാവു—ബ്രഹ്മാവിന്റെ മുഖത്തിങ്കൽനിന്നു ആദ്യം ജനിച്ചവൻ. ൩. ഭൂദെവൻ—ദിവു (ക്രീഡിക്ക)—ഭൂമിയിങ്കൽ ബ്രഹ്മതെജസ്സുകൊണ്ടു ശൊഭിക്കുന്നവൻ. ൪. ബാഡവൻ—ബാഡവം (സമുദ്രാഗ്നി) പൊലെ തൃപ്തിയില്ലാത്തവൻ. ൫. വിപ്രൻ—പാ (രക്ഷിക്ക)—പാപത്തിൽനിന്നു തന്നെയും അന്യരെയും രക്ഷിക്കുന്നവൻ. ൬. ബ്രാഹ്മണൻ—ബ്രഹ്മാവിങ്കൽനിന്നു ഭവിച്ചവൻ.

ആഢ്യബ്രാഹ്മണൻ—യാഗം ചെയ്ക, ചെയ്യിപ്പിക്ക, വെദംപഠിക്ക, പഠിപ്പിക്ക, ദാനംചെയ്ക, മെടിക്ക, ഇവ ആറിന്നും പാത്രവാൻ.

വിദ്വാൻ വിപശ്ചിദ്ദൊഷജ്ഞസ്സൻ സുധീ കൊവിദൊ ബുധഃ
ധീരൊ മനീഷീജ്ഞഃ പ്രാജ്ഞസ്സംഖ്യാവാൻ പണ്ഡിതഃ കവിഃ
ധീമാൻ സൂരിഃ കൃതീ കൃഷ്ടി ലബ്ധവൎണ്ണൊ വിചക്ഷണഃ
ദൂരദൎശീ ദീൎഘദൎശീ ശ്രൊത്രിയ ഛാന്ദസൌ സമൌ

വിദ്വാൻ വിപശ്ചിൽ ദൊഷജ്ഞഃ സൻ സുധീ കൊവിദഃ ബുധഃ ധീരഃ മനീഷീ ജ്ഞഃ പ്രാജ്ഞഃ സംഖ്യാവാൻ പണ്ഡിതഃ കവിഃ ധീമാൻ സൂരിഃ കൃതീ കൃഷ്ടിഃ ലബ്ധവൎണ്ണഃ വിചക്ഷണഃ ദൂരദൎശീ ദീൎഘദൎശീ   Wise or learned.

൧. വിദ്വാൻ—വിദ (അറിയുക); ഒരു മഹൎഷി. ൨. വിപശ്ചിത്തു—ചിത (നല്ലവണ്ണം അറിയുക). ൩. ദോഷജ്ഞൻ—ജ്ഞാ(അറിയുക)—ദോഷത്തെ അറിയുന്നവൻ; വൈദ്യൻ. ൪. സൻ—സാധ (സാധിക്ക)—സാധുശീലൻ. പാഠം:—ഷ (നശിപ്പിക്ക)—പാപം നശിപ്പിക്കുന്നവൻ. ൫. സുധീ—ധ്യൈ (ചിന്തിക്ക)—നല്ലവണ്ണം ചിന്തിക്കുന്നവൻ. ൬. കോവിദൻ—വിദ (അറിയുക)—സകലവും അറിയുന്നവൻ; മിടുക്കുള്ളവൻ. ൭. ബുധൻ—ബുധ (അറിയുക); ചന്ദ്രന്റെ പുത്രൻ; ദേവൻ. ൮. ധീരൻ—രാ (ആദാനം ചെയ്ക)—പ്രശസ്തമായ ബുദ്ധിയെ സ്വീകരിക്കുന്നവൻ. ൯. മനീഷി—മനീഷ (ബുദ്ധി) ഉള്ളവൻ. ൧൦. ജ്ഞൻ—ജ്ഞാ (അറിയുക); ബുധൻ എന്ന ഗ്രഹം. ൧൧. പ്രാജ്ഞൻ—ജ്ഞാ (അറിയുക)—പ്രശസ്തമായി അറിയുന്നവൻ. ൧൨. സംഖ്യാവാൻ—സംഖ്യാ (വിചാരണ) ഉള്ളവൻ; സമൎത്ഥൻ. ൧൩. പണ്ഡിതൻ—പഡി (ഗമിക്ക)—വേദത്തിൽ അറിയുന്നവൻ. ൧൪. കവി—കവൃ (വൎണ്ണിക്ക)—സാമൎത്ഥ്യത്തോടെ വൎണ്ണിക്കുന്നവൻ. ൧൫. ധീമാൻ—ധീ (ബുദ്ധി) ഉള്ളവൻ. ൧൬. സൂരി—ഷൂ (ഉപദേശിക്ക). ൧൭. കൃതി—കൃഞ് (ചെയ്ക)—ജ്ഞാനത്തെ ഉണ്ടാക്കുന്നവൻ. ൧൮. കൃഷ്ടി—കൃഷ (വലിക്ക)—സാരത്തെ ആകൎഷിക്കുന്നവൻ. ൧൯. ലബ്ധവൎണ്ണൻ—വൎണ്ണ (സ്തുതിക്ക)—പ്രസിദ്ധി ലഭിച്ചവൻ. ൨൦. വിചക്ഷണൻ—ചക്ഷ (പറക)—വിശേഷേണ പറയുന്നവൻ. ൨൧. ദൂരദൎശി—ദൃശ (കാണുക)—ദൂരെ (അകലെ) ഉള്ളതിനെ വിചാരിച്ചറിയുന്നവൻ. ൨൨. ദീൎഘദൎശി—ദൃശ (കാണുക)—വരുവാനുള്ളതിനെയും വിചാരിച്ചറിയുന്നവൻ.

ശ്രോത്രിയഃ ഛാന്ദസഃ [സമൌ]—ഓത്തു ചൊല്ലാവുന്നവൻ. A priest conversant with scripture.

൧. ശ്രോത്രിയൻ—ശ്രു (കേൾക്ക)—കേട്ടറിഞ്ഞു അതുപോലെ കൎമ്മം ചെയ്യുന്നവൻ. പാഠം:—ശ്രുതിയെ (വേദത്തെ) അദ്ധ്യയനം ചെയ്യുവൻ. ൨. ഛാന്ദസൻ—ഛന്ദസ്സിനെ (വേദത്തെ) അനുസരിച്ച കൎമ്മം ചെയ്യുന്നവൻ.

യജ്ഞസ്സവോഽദ്ധ്വരോ യാഗസ്സപ്തതന്തുൎമ്മഖഃ ക്രതുഃ

യജ്ഞഃ സവഃ അദ്ധ്വരഃ യാഗഃ സപ്തതന്തുഃ മഖഃ ക്രതുഃ A sacrifice.

൧. യജ്ഞം. ൪. യാഗം—യജ (ദേവനെ വന്ദിക്ക). ൨. സവം—ഷുഞ (നനെക്ക)—ഇതിങ്കൽ സോമം നനെക്കുന്നതുകൊണ്ടു. ൩. അദ്ധ്വരം—രാ (ദാനം ചെയ്ക) വൈദികമാൎഗ്ഗത്തെ ദാനം ചെയ്യുന്നതു. ൫. സപ്തതന്തു—തന (വിസ്തരിക്ക)—ഗായത്രി തുടങ്ങി സപ്ത (ഏഴ) ഛന്ദസ്സുകളെക്കൊണ്ടു വിസ്തരിക്കപ്പെടുന്നതു. ൬. മഖം—മഹ (പൂജിക്ക)—ഇതിനാൽ ദേവകളെ പൂജിക്കുന്നതുകൊണ്ടു. ൭. ക്രതു—കൃഞ് (ചെയ്ക)—മൂന്നു ജാതിക്കാരാൽ ചെയ്യപ്പെടുന്നതു.

സമജ്യാ പരിഷൽ ഗോഷ്ഠീ സഭാ സമിതി സംസദഃ
ആസ്ഥാനീ ക്ലീബെ ആസ്ഥാനം സ്ത്രീ നപുംസകയോസ്സദഃ

സമജ്യഃ പരിഷൽ ഗോഷ്ഠീ സഭാ സമിതിഃ സംസൽ ആസ്ഥാനീ [ക്ലീബെ] ആസ്ഥാനം [സ്ത്രീ നപുംസകയോഃ] സദഃ An Assembly or meeting.

൧. സമജ്യാ—അജ (ഗമിക്ക)—വ്യവഹാരികൾ ഗമിക്കുന്നിടം. ൨. പരിഷത്തു—ഷദ (ഗമിക്ക)—ഇതിങ്കൽ വ്യവഹാരികൾ ഗമിക്കുന്നതുകൊണ്ടു. ൩. ഗൊഷ്ഠീ—ഷ്ഠാ (സ്ഥിതിചെയ്ക)—ഇതിങ്കൽ നാനാവിധമായ ഗൊ (വാക്ക) സ്ഥിതിചെയ്യുന്നതുകൊണ്ടു. ൪. സഭാ—ഭാ (ശൊഭിക്ക)—വ്യവഹാരികൾ ശൊഭിക്കുന്നിടം. ൫. സമിതി—ഇണ (ഗമിക്ക)—ജനങ്ങൾ ഇതിങ്കലെക്കു വഴിപൊലെ ഗമിക്കുന്നതുകൊണ്ടു. ൬. സംസത്തു—ഷദ്ലൃ (ഗമിക്ക)—സമ്യക്കാകുംവണ്ണം ഗമിക്കുന്നിടം. ൭. ആസ്ഥാനീ. ൮. ആസ്ഥാനം—ഷ്ഠാ (സ്ഥിതിചെയ്ക)—ജനങ്ങൾ കൂടിയിരിക്കുന്നതു. ൯. സദ—ഷദ്ലൃ (ഗമിക്ക)—ജനങ്ങൾ കൂടിയിരിക്കുന്നതു.

സഭാസദ‘സ്സഭാസ്താരാ‘ സ്സഭ്യാ‘സ്സാമാജികാ ‘ശ്ചതെ

സഭാസദഃ സഭാസ്താരാഃ സഭ്യാഃ സാമാജികാഃ [ചതെ]—പ്രാശ്നികർ

Members of the assembly.

൧. സഭാസദന്മാർ—ഷദ്ലൃ (ഗമിക്ക)—സഭയെപ്രാപിച്ചവർ. ൨. സഭാസ്താരന്മാർ—സ്തൄഞ (മറെക്കുക)—സഭാഭൂമിയെമറെക്കുന്നവർ. ൩. സഭ്യന്മാർ—സഭയിങ്കൽ യൊഗ്യർ; സഭയിൽപ്രമാണികൾ. ൪. സാമാജികന്മാർ—സഭയിൽകൂടിയവർ.

ത്യാഗൊ വിഹാപിതം ദാന‘മുത്സൎജ്ജന വിസൎജ്ജനെ
വിശ്രാണനം വിതരണം സ്പൎശനം പ്രതിപാദനം
പ്രാദെശനം ‘നിൎവ്വപണ ‘മപവൎജ്ജന ‘മംഹതിഃ

ത്യാഗഃ വിഹാപിതം ദാനം ഉത്സൎജ്ജനം വിസൎജ്ജനം വിശ്രാണനം വിതരണം സ്പൎശനം പ്രതിപാദനം പ്രാദെശനം നിൎവ്വപണം അപവൎജ്ജനം അംഹതിഃ

Gift or donation.

൧. ത്യാഗം—ത്യജ (ത്യജിക്ക)—ദ്രവ്യവുംമറ്റുംത്യജിക്കുന്നതു; ഔദാൎയ്യം. ൨. വിഹാപിതം—ഓഹാക (ത്യജിക്ക). ൩. ദാനം—ദാഞ് (കൊടുക്കുക). ൪. ഉത്സൎജ്ജനം—സൃജ (സൃഷ്ടിക്ക)—ഉപസൎഗ്ഗംകൊണ്ടു ഉപെക്ഷിക്കയെന്നൎത്ഥം. ൫. വിസൎജ്ജനം—സൃജ (സൃഷ്ടിക്ക); ഉപെക്ഷിക്കുക; അയെക്കുക. ൬. വിശ്രാണനം—ശ്രണ (ദാനംചെയ്ക). ൭. വിതരണം—തൄ (തരണംചെയ്ക)—ഇതിനാൽനരകത്തെ കടന്നുപൊകുന്നതിനാൽ; മടക്കം; വിട്ടൊഴിക. ൮. സ്പൎശനം—സ്പൃശ (സ്പൎശിക്ക)—ഗൊദാനംചെയ്യുമ്പൊൾ വാൽതൊടുന്നതുകൊണ്ടു. ൯. പ്രതിപാദനം—പദ്ലൃ (ഗമിക്ക); അറിയിക്ക; പ്രവൃത്തി. ൧൦. പ്രാദെശനം—ദിശ (കൊടുക്ക). ൧൧. നിൎവ്വപണം—വപ (വിതെക്കുക)—മെലാൽഫലംപുറപ്പെട്ടുവാക്കുന്നതുകൊണ്ടു. ൧൨. അപവൎജ്ജനം—വൃജി (ത്യജിക്ക); പരമാനന്ദം; മൊചനം. ൧൩. അംഹതി—ഹന (ഹിംസിക്ക)—പാപത്തെനശിപ്പിക്കുന്നതു.

പൂജാ നമസ്യാ ’പചിതി‘സ്സപൎയ്യാ ’ൎച്ചാ ’ൎഹണാ ‘സ്സമാഃ

പൂജാ നമസ്യാ അപചിതിഃ സപൎയ്യാ അൎച്ചാ അൎഹണാഃ [സമാഃ] Worship.

൧. പൂജ—പൂജ (പൂജിക്ക); ബഹുമാനം. ൨. നമസ്യാ—നമ (കുമ്പിടുക). ൩. അപചിതി—ചിത (ചിന്തിക്ക)—ഭക്തിയോടെ ചിന്തിക്കുക. പാഠാ: ചായ്യ (പൂജിക്ക) നാശം; ചെതം; ചിലവു്. ൪. സപൎയ്യാ—സപരനെ (ശ്രേഷ്ഠനായവനെ) പരിചരിക്കുന്നതു. ൫. അൎച്ചാ—അൎച്ച (പൂജിക്ക); പ്രതിശരീരം. ൬. അൎഹണം—അൎഹ (പൂജിക്ക).

വരിവസ്യാ തു ശുശ്രൂഷാ പരിചൎയ്യാ'പ്യു'പാസനാ

വരിവസ്യാ [തു] ശുശ്രൂഷാ പരിചൎയ്യാ [അപി] ഉപാസനാ—സെവ Service.

൧. വരിവസ്യാ—വൃഞ് (വരിക്ക)+വസ (വസിക്ക)—ഗുരുവിനെ വരിച്ചു വസിക്ക; ബഹുമാനം. ൨. ശുശ്രൂഷാ—ശ്രു (ശ്രവിക്ക)—ഗുരുകല്പന കെട്ടു നടക്ക. ൩. പരിചൎയ്യ—ചര (ചരിക്ക)+പരി (ചുറ്റും)—അടുക്കൽനിന്നു ശുശ്രൂഷിക്ക. ൪. ഉപാസനം—ആസ (ഇരിക്ക)—കൂടെ ഇരുന്നു ശുശ്രൂഷിക്ക; അന്ത്യവില്ല.

ഭിക്ഷുഃ പരിവ്രാൾ കൎമ്മന്ദീ പാരാശൎയ്യ'പി മസ്കരീ

ഭിക്ഷുഃ പരിവ്രാൾ കൎമ്മന്ദീ പാരാശരീ [അപി] മസ്കരീ—സന്ന്യാസീ.

A mendicant.

൧. ഭിക്ഷു—ഭിക്ഷ (യാചിക്ക)—പാകം ചെയ്തു അന്നം യാചിക്കുന്നവൻ. ൨. പരിവ്രാട്ടു—വ്രജ (പൊക)—പുത്ര കളത്രാദികളെ ഉപെക്ഷിച്ചു നാടുവിട്ടു പൊകുന്നവൻ. ൩. കൎമ്മന്ദീ—കൃഞ് (ചെയ്ക)—വെദാന്ത അൎത്ഥത്തെ അഭ്യസിക്കുന്നവൻ പാഠ: കൎമ്മന്ദീ ഋഷിപ്രൊക്ത സൂത്രാധ്യയനം ചെയ്യുന്നവൻ. ൪. പാരാശരീ—പരാശരിയുടെ (വ്യാസന്റെ) സൂത്രം പഠിച്ചവൻ. ൫. മസ്കരീ—മാ (നിഷെധം)+കൃഞ് (ചെയ്ക)—സുഖവൃത്തിക്കു വെണ്ടതു ചെയ്യാത്തവൻ. പാഠ: മസ്കരം (വെണുകൊണ്ടുള്ള ദണ്ഡു) ഉള്ളവൻ.

തപസ്വീ താപസഃ പാരികാംക്ഷീ വാചംയമൊ മുനിഃ

തപസ്വീ താപസഃ പാരികാംക്ഷീ. An ascetic.

൧. തപസ്വീ. ൨. താപസൻ—തപ (തപിക്ക)—ഭക്ഷിക്കാതെ തന്നെത്താൻ ദുഃഖിപ്പിക്കുന്നവൻ. ൩. പാരികാംക്ഷീ—കാംക്ഷി (ആഗ്രഹിക്ക)—പാരം (ബ്രഹ്മജ്ഞാനം) ആഗ്രഹിക്കുന്നവൻ.

വാചംയമഃ മുനിഃ An holy sage.

൧. വാചംയമൻ—യമ (അടക്കുക)—വാചം (വാക്കിനെ) അടക്കുന്നവൻ. ൨. മുനി—മന (അറിയുക)—മഹാത്മത്വം സിദ്ധമായി എന്നു അറിയുന്നവൻ; ഒരു വൃക്ഷം.

പവിത്രഃ പ്രയതഃ പൂതഃ പാഷണ്ഡാ'സ്സൎവ്വലിംഗിനഃ

പവിത്രഃ പ്രയതഃ പൂതഃ—ശുദ്ധൻ. A purified person.

൧. പവിത്രൻ—പൂഞ് (ശുദ്ധമാക്കുക)—ശുദ്ധമാക്കപ്പെട്ടവൻ. ൨. പ്രയതൻ—യമ (അടക്കുക)—വിഷയങ്ങളിൽനിന്നു അടങ്ങുന്നവൻ. ൩. പൂതൻ—പൂഞ് (ശുദ്ധമാക്കുക)—നിത്യശുദ്ധമുള്ളവൻ.

പാഷണ്ഡാഃ സർവ്വലിംഗിനഃ—വേദവിരുദ്ധസിദ്ധാന്തികൾ Heretics and imposters.

൧. പാഷണ്ഡൻ—അണ (പറയുക)—പാശത്തെ (അസച്ശാസ്ത്രത്തെ) പറയുന്നവൻ. ൨. സർവ്വലിംഗി—നാലു ആശ്രമികളുടെയും ലിംഗങ്ങളെ (ചിഹ്നങ്ങളെ) ധരിച്ചു അസച്ശാസ്ത്രങ്ങളെ ഉപദേശിക്കുന്നവൻ.

വ്രാത്യ'സ്സംസ്കാരഹീനഃ'സ്യാ'ദ'സ്വാദ്ധ്യായോ നിരാകൃതിഃ

വ്രാത്യഃ സംസ്കാരഹീനഃ [സ്യാൽ]—ഉപനയനാദികർമ്മമില്ലാത്തവൻ An uninitiated person.

൧. വ്രാത്യൻ—വ്രതം (ഒരു പ്രായശ്ചിത്തം) ചെയ്യേണ്ടിയവൻ. ൨. സംസ്കാരഹീനൻ—ഉപനയനാദികൾ അതാതിന്റെ കാലത്തു ചെയ്യാത്തവൻ.

അസ്വാദ്ധ്യായഃ നിരാകൃതിഃ—ഒന്നും പഠിച്ചിട്ടില്ലാത്തവൻ One who has not made his studies.

൧. അസ്വാദ്ധ്യായൻ—അ (നിഷേധം)+സ്വാദ്ധ്യായൻ (പഠിതാവുള്ളവൻ)—ഒന്നും പഠിച്ചിട്ടില്ലാത്തവൻ; പഠിച്ചു മറന്നവൻ എന്നു സുബോധിനി. ൨. നിരാകൃതി—നിരാകരിക്കപ്പെടേണ്ടവൻ; ഉപേക്ഷ്യൻ; നിന്ദ്യ.

തഥാ പരിണയോ'ദ്വാഹോ'പയമഃ പാണിപീഡനം

[തഥാ] പരിണയഃ ഉദ്വാഹഃ ഉപയമഃ പാണിപീഡനം—വിവാഹം വേളി. Marriage.

൧. പരിണയം—ണീഞ് (പ്രാപിക്ക). ൨. ഉദ്വാഹം—വഹ (പ്രാപിക്ക). ൩. ഉപയമം—ഉപ+യമ (ഉപരമിക്ക). ൪. പാണിപീഡനം—പാണിയെ പീഡനം ചെയ്ക (ഗ്രഹിക്ക). ൫. ഉപയമം—ഉപ+യമ (ഉപരമിക്ക). ൬. വിവാഹം—വഹ (പ്രാപിക്ക)—സ്ത്രീയെ പ്രാപിക്കുന്നതിനുള്ള ഹേതു.

വ്യവായോ ഗ്രാമ്യധർമ്മോ മൈഥുനം നിധുവനം രതം

വ്യവായഃ ഗ്രാമ്യധർമ്മഃ മൈഥുനം നിധുവനം രതം. Copula tion.

൧. വ്യവായം—ഇണ് (ഗമിക്ക)—ഉപസർഗ്ഗവശാൽ സ്ത്രീഗമനം; മറവു. ൨. ഗ്രാമ്യധർമ്മം—ഗ്രാമത്തിൽ മാത്രം ചെയ്യേണ്ടതായ അപ്രകാശ്യധർമ്മം—പാഠ: ഗ്രാമ്യന്മാരുടെ (പാമരന്മാരുടെ) ധർമ്മം (പ്രവൃത്തി). ൩. മൈഥുനം—മിഥുനം (ദ്വ

നം)—പുരുഷനും സ്ത്രീയുംകൂടി ഭവിക്കുന്നു. ൪. നിധുവനം—ധൂഞ് (ഇളക്കുക)—ഇതിങ്കൽ അംഗങ്ങൾ ഇളകുന്നതുകൊണ്ടു. ൫. രതം—രമ് (ക്രീഡിക്ക).

ക്ഷത്രിയപ്രകരണം.

—o—

മൂൎദ്ധാഭിഷിക്തോ രാജന്യോ ബാഹുജഃ ക്ഷത്രിയോ വിരാൾ

മൂൎദ്ധാഭിഷിക്തഃ രാജന്യഃ ബാഹുജഃ ക്ഷത്രിയഃ വിരാൾ. A name of the military tribe.

൧. മൂൎദ്ധാഭിഷിക്തൻ—മൂൎദ്ധാവിങ്കൽ പട്ടബന്ധനകാലത്തു അഭിഷേകം ചെയ്യപ്പെടുന്നവൻ. ൨. രാജന്യൻ—ജനീ (ജനിക്ക)—രാജാവിങ്കൽനിന്നു (ക്ഷത്രിയങ്കൽനിന്നു) ജനിച്ചവൻ. ൩. ബാഹുജൻ—ജനീ (ജനിക്ക)—ബ്രഹ്മാവിന്റെ ബാഹുവിന്മേൽ (കൈമേൽ) നിന്നു ജനിച്ചവൻ. ൪. ക്ഷത്രിയൻ—ക്ഷതത്തിൽനിന്ന (നാശത്തിൽനിന്നു) ത്രാണനം ചെയ്യുന്നവനിൽനിന്നു ജനിച്ചവൻ.

രാജാ രാട് പാൎത്ഥിവ ക്ഷ്മാഭൃന്നൃപ ഭൂപ മഹീക്ഷിതഃ

രാജാ രാൾ പാൎത്ഥിവഃ ക്ഷ്മാഭൃൽ നൃപഃ ഭൂപഃ മഹീക്ഷിൽ—രാജാവ. A king

൧. രാജാവു—രാജൃ (ശോഭിക്ക)—രാജ്യശ്രീകൊണ്ടു ശോഭിക്കുന്നവൻ. ൨. രാട്ടു—രാജൃ (ശോഭിക്ക). ൩. പാൎത്ഥിവൻ—പൃഥ്വിയുടെ (ഭൂമിയുടെ) ഈശ്വരൻ. ൪. ക്ഷ്മാഭൃത്ത—ഭൃഞ് (ഭരിക്ക)—ക്ഷ്മയെ (ഭൂമിയെ) ഭരിക്കുന്നവൻ; പൎവ്വതം. ൫. നൃപൻ—പാ (പാലിക്ക)—മനുഷ്യരെ പാലിക്കുന്നവൻ. ൬. ഭൂപൻ—പാ (പാലിക്ക) ഭൂമിയെ പാലിക്കുന്നവൻ. ൭. മഹീക്ഷിത്തു—ക്ഷി (നിവസിക്ക)—മഹിയിൽ (ഭൂമിയിൽ) നിവസിക്കുന്നവൻ.

മന്ത്രീ ധീസചിവോഽമാത്യോഽന്യേ കൎമ്മസചിവാ സ്തതഃ

മന്ത്രീ ധീസചിവഃ അമാത്യഃ—കാൎയ്യംകൂടിവിചാരിക്കുന്നവൻ. A minister or counsellor.

൧. മന്ത്രീ—മന്ത്രം (ഗൂഢവാദം) ഉള്ളവൻ; ആലോചനക്കാരൻ. ൨. ധീസചിവൻ—ഷച (സംബന്ധിപ്പിക്ക)—വിശിഷ്ടബുദ്ധികൊണ്ടു കാൎയ്യങ്ങൾ സംബന്ധിപ്പിക്കുന്നവൻ. ൩. അമാത്യൻ—ആലോചനയോടെ അമാ(സംഹിതം) ആയവൻ.

[അന്യേ] കൎമ്മസചിവാഃ [തതഃ]—കൂടി വ്യാപരിക്കുന്നവർ. Other ministers.

൧. കൎമ്മസചിവൻ—ഷച (കൂടുക)—ആലോചന അല്ലാതെ അന്യകൎമ്മത്തോടുകൂടിയവൻ.

പ്രതീഹാരോ ദ്വാരപാല ദ്വാസ്ഥ ദ്വാസ്ഥിത ദൎശകാഃ

പ്രതീഹാരഃ ദ്വാരപാലഃ ദ്വാസ്ഥഃ ദ്വാസ്ഥിതഃ ദൎശകഃ—വാതിൽ കാക്കുന്നവൻ.
The warder or porter.

൧. പ്രതീഹാരൻ—ഹൃഞ് (ഹരിക്ക)—രാജഗൃഹത്തിൽകടക്കുന്നവരെ തടയുന്നവൻ. ൨. ദ്വാരപാലൻ—ദ്വാരത്തെ(ഗോപുരത്തെ)പാലിക്കുന്നവൻ; കാക്കുന്നവൻ. ൩. ദ്വാസ്ഥൻ. ൪. ദ്വാസ്ഥിതൻ—ഷ്ഠാ (നില്ക്കുക)—ദ്വാരത്തിങ്കൽ (വാതുക്കൽ) സ്ഥിതിചെയ്യുന്നവൻ. ൫. ദൎശകൻ—ദൃശ (കാണുക)—ജനങ്ങളെ രാജാവിനെ കാണിക്കുന്നവൻ.

രിപൌ വൈരി സപത്നാരി ദ്വിഷദ്ദ്വേഷണദുൎഹൃദഃ
ദ്വിഡ്വിപക്ഷാഹിതാമിത്ര ദസ്യു ശാത്രവ ശത്രവഃ
അഭിമാതിപരാരാതി പ്രത്യൎത്ഥി പരിപന്ഥിനഃ

രിപുഃ വൈരിഃ സപത്നഃ അരിഃ ദ്വിഷൻ ദ്വേഷണഃ ദുൎഹൃൽ ദ്വിട് വിപക്ഷഃ അഹിതഃ അമിത്രഃ ദസ്യുഃ ശാത്രവഃ ശത്രുഃ അഭിമാതിഃ പരഃ അരാതിഃ പ്രത്യൎത്ഥീ പരിപന്ഥീ—ശത്രു.
Any enemy.

൧. രിപു—രെപൃ (ഗമിക്ക)—മടക്കത്തു പ്രലാപിച്ചു ഓടുന്നവൻ; പാഠ:—രപ (വ്യക്തമായിപറക) അപകീൎത്തിയെ പറയുന്നവൻ. ൨. വൈരി—വൈരം (ദ്വേഷം) ഉള്ളവൻ. ൩. സപത്നൻ—പത്ലൃ (ഗമിക്ക) സപത്നി (ദ്വിതീയഭാൎയ്യ) പോലെ ഏകാൎത്ഥത്തിന്നായിട്ടു പിണങ്ങുന്നവരിൽ ഒരുത്തൻ. ൪. അരി—ഋ (ഗമിക്ക)—യുദ്ധത്തിന്നായിട്ടു വരുന്നവൻ; ചക്രം എന്ന ഒരായുധം. ൫. ദ്വിഷൽ. ൬. ദ്വേഷണൻ—ദ്വിഷ (ദ്വേഷിക്ക)—ദ്വേഷിക്കുന്നവൻ. ൭. ദുൎഹൃത്ത—ദുഷ്ടഹൃത്തു (ഹൃദയം) ഉള്ളവൻ. ൮. ദ്വിട്ടു—ദ്വിഷ (ദ്വേഷിക്ക). ൯. വിപക്ഷൻ—വിരോധമായ പക്ഷം (അഭിപ്രായം) ഉള്ളവൻ. ൧൦. അഹിതൻ—ഹിതൻ (ഇഷ്ടൻ) അല്ലാത്തവൻ. ൧൧. അമിത്രൻ—മിത്രൻ (ബന്ധു) അല്ലാത്തവൻ. ൧൨. ദസ്യു—ദസ (കൊല്ലുക) കള്ളനെപ്പോലെ കൊല്ലപ്പെടുന്നവൻ. പാഠ:—ദസു (ഉപെക്ഷിക്ക) ക്ഷയിപ്പിക്കുന്നവൻ. ൧൩. ശാത്രവൻ. ൧൪. ശത്രു—ശല്ലൃ (കൃശമാക്കുക). ൧൫. അഭിമാതി—മന (അറിയുക)—പ്രതിപക്ഷത്തെ അറിയുന്നവൻ. ൧൬. പരൻ—വൃഞ് (ഉദ്യോഗിക്ക)—ഹനിക്കുന്നതിനു ഉത്സാഹിക്കുന്നവൻ; ശ്രേഷ്ഠൻ. ൧൭. അരാതി—ഋ (ഗമിക്ക)—മടങ്ങുമ്പോൾ ഓടുന്നവൻ; സംഹരിക്കുന്നവൻ. ൧൮. പ്രത്യൎത്ഥി—പ്രതി (വിരോധമായി)+അൎത്ഥിക്കുന്നവൻ (ഇഛ്ശിക്കുന്നവൻ). ൧൯. പരിപന്ഥി—പരി (ചുറ്റും)+പന്ഥാവ (വഴി) മുട്ടിക്കുന്നവൻ.

യഥാൎഹവൎണ്ണഃ പ്രണിധിരപസൎപ്പശ്ചരഃ സ്പശഃ
ചാരശ്ച ഗൂഢപുരുഷശ്ചാപ്തഃ പ്രത്യയിതൌ സമൌ

യഥാൎഹവൎണ്ണഃ പ്രണിധിഃ അപസൎപ്പഃ ചരഃ സ്പശഃ ചാരഃ [ച] ഗൂഢപുരുഷഃ [ച]—ഒററുകാരൻ.
A spy.

൧. യഥാൎഹവൎണ്ണൻ—കാലോചിതമായിവൎണ്ണം (വെഷം)അറിഞ്ഞന്യജാതിനടി

ച്ചനടക്കുന്നവൻ. ൨. പ്രണിധി—ധാഞ് (ധരിക്ക)—അറിയെണ്ടിയകാൎയ്യം ഇവൻ ധരിക്കുന്നതുകൊണ്ടു; പാഠ:— ശത്രുക്കളുടെഇടയിൽ ഗൂഢമായികാൎയ്യത്തെ സ്ഥാപിക്കുന്നവൻ; യാചന; പ്രതിജ്ഞ. ൩. അപസൎപ്പൻ—അപ+സൃപ്ല (ഗമിക്ക) പ്രഛന്നനായി സഞ്ചരിക്കുന്നവൻ. ൪. ചരൻ—ചര (നടക്കുക)—സഞ്ചരിക്കുന്നവൻ. ൫. സ്പശൻ—സ്പശ (ബാധിക്ക)—ശത്രുക്കളെബാധിക്കുന്നവൻ; യുദ്ധം. ൬. ചാരൻ—ചര (അറിയുക)—ശത്രുബലത്തെ അറിയുന്നവൻ.. ൭. ഗൂഢപുരുഷൻ—ഗൂഢമായ (രഹസ്യമായ) പുരുഷൻ.

ആപ്തഃ പ്രത്യയിതഃ [സമൌ]—വിശ്വസ്തൻ Trusted; Confidential.

൧. ആപ്തൻ—ആപൢ(പ്രാപിക്ക)—ഗൂഢമായിരിക്കുന്നതിനെയും അനുഭവിച്ചറിയുന്നവൻ; വന്നവൻ. ൨. പ്രത്യയിതൻ—പ്രത്യയം (വിശ്വാസം)ഇവനിൽജനിക്കുന്നതുകൊണ്ടു.

സാംവത്സരൊ ജ്യൌതിഷികൊ ദൈവജ്ഞ ഗണകാ'വപി
സ്യു'ൎമ്മൌഹൂൎത്തികമൌഹൂൎത്ത ജ്ഞാനികാൎത്താന്തികാ അപി

സാംവത്സരഃ ജ്യൌതിഷികഃ ദൈവജ്ഞഃ ഗണകഃ [അപി-സ്യുഃ] മൌഹൂൎത്തികഃ മൌഹൂൎത്തഃ ജ്ഞാനി കാൎത്താന്തികഃ [അപി]—ജ്യൌതിഷക്കാരൻ An astrologer.

൧. സാംവത്സരൻ—സംവത്സരത്തെ (കാലത്തെ)അറിയുന്നവൻ. ൨. ജ്യൌതിഷികൻ—ജ്യൌതിഷം (നക്ഷത്രശാസ്ത്രം)അറിയുന്നവൻ. ൩. ദൈവജ്ഞൻ—ജ്ഞാ (അറിയുക)—ജാതകഗ്രന്ഥംകൊണ്ടു മനുഷ്യന്മകൃതകൎമ്മങ്ങളെ അറിയുന്നവൻ. ൪. ഗണകൻ—ഗണ (ഗണിക്ക)—കാലംഗണിക്കുന്നവൻ; കണക്കെഴുത്തുകാരൻ. ൫. മൌഹൂൎത്തികൻ. ൬. മുഹൂൎത്തൻ—മുഹൂൎത്തം (കാലം) അറിയുന്നവൻ. ൭; ജ്ഞാനി—ജ്ഞാ (അറിയുക)—കാലങ്ങളെഅറിയുന്നവൻ. ൮. കാൎത്താന്തികൻ—കൃതാന്തത്തെ (സിദ്ധാന്തത്തെ)അറിയുന്നവൻ.

ലിപികാരൊഽക്ഷരചണൊഽക്ഷരചുഞ്ചുശ്ച ലെഖകെ

ലിപികാരഃ അക്ഷരചണഃ അക്ഷരചുഞ്ചുഃ [ച] ലെഖകഃ—എഴുത്തുകാരൻ A scribe.

൧. ലിപികാരൻ—ലിപി (എഴുത്തു)ഉണ്ടാക്കുന്നവൻ. ൨. അക്ഷരചണൻ—അക്ഷരം എഴുതുന്നതിൽചണൻ (സാമൎത്ഥ്യൻ). ൩. അക്ഷരചുഞ്ചു—അക്ഷരംഎഴുതുന്നതിൽചുഞ്ചു (സമൎത്ഥൻ). ൪. ലെഖകൻ—ലിഖ (എഴുതുക).

ലിഖിതാഽക്ഷരവിന്യാസെ ലിപി'ൎല്ലിബി'രുഭെ സ്ത്രിയൌ

ലിഖിതാ അക്ഷരവിന്യാസെ ലിപിഃ ലിബിഃ [ഉഭെസ്ത്രിയൌ]—എഴുത്തു writing.

൧. ലിഖിതാ—ലിഖ (എഴുതുക). ൨ അക്ഷരവിന്യാസം—അക്ഷരത്തെവിന്യസിക്കുന്നതു. ൩. ലിപി. ൪. ലിബി—ലിപ (പൂശുക)—പത്രം ഇതിനാൽ ലെപിക്കപ്പെടുന്നതുകൊണ്ടു.

അധ്വനീനോഽധ്വഗോഽധ്വന്യഃ പാന്ഥഃ പഥിക ഇത്യപി

അധ്വനീനഃ അധ്വഗഃ അധ്വന്യഃ പാന്ഥഃ പഥികഃ [ഇത്യപി]—വഴിപോക്കൻ. A traveller.

അധ്വനീനൻ. ൨. അധ്വഗൻ. ൩. അധ്വന്യൻ—അധ്വ (വഴി)—വഴിയെ സഞ്ചരിക്കുന്നവൻ. ൪. പാന്ഥൻ. ൫. പഥികൻ—പഥ (ഗമിക്ക).

സന്ധി‘ർന്നാ വിഗ്രഹോ യാന മാസനം ദ്വൈധ മാശ്രയഃ
ഷഡ്ഗുണാ ‘ശ്ശക്തയ‘സ്തിസ്രഃ പ്രഭാവോത്സാഹ മന്ത്രജാഃ

സന്ധിഃ [നാ] വിഗ്രഹഃ യാനം ആസനം ദ്വൈധം ആശ്രയം [ഷാൾഗുണാഃ] —ആറുഗുണങ്ങൾ Six expedients of defence.

൧. സന്ധി—സന്ധാനം (യോജ്യത)ഉള്ളതു—അന്യരാജാക്കന്മാർതമ്മിൽ ഉപദ്രവംകൂടാതിരിപ്പാൻ വെണ്ടിയുള്ളചെർച്ച; സന്ധിഭേദങ്ങൾ. 1. കോശപ്രധാനഹേതുകം—(ധനംഹരിക്കുന്നതിന്നു). 2. ദണ്ഡപ്രധാനഹേതുകം—(വിശ്വാസഘാതകം). 3. ഭൂമിപ്രധാനഹേതുകം—(രാജ്യേച്ഛകൊണ്ടുള്ളതു).

൨. വിഗ്രഹം—വിഗ്രഹ (ശണ്ഠകൂടുക); വിഗ്രഹഭേദങ്ങൾ. 1. പ്രകാശയുദ്ധം. 2. കപടയുദ്ധം. 3. പാർഷ്ണിയുദ്ധം (പൃഷ്ഠയുദ്ധം).

൩. യാനം—യാ (ഗമിക്ക)—ശത്രുവിനെ ആക്രമിക്കുന്നതിന്നു പൊകുന്നതു; യാനഭേദങ്ങൾ. 1. വിഗൃഹ്യയാനം—(ശത്രുസംഹാരൈക കാംക്ഷയൊടുകൂടിയതു). 2. സന്ധാനയാനം—(ധനവർഗ്ഗാദികളൊടുകൂടി ശത്രുവിനെ കീഴടക്കുക). 3. സംഭൂയയാനം—(ബന്ധുവെകൂടിയുള്ളതു). 4. പ്രസംഗയാനം—(ഒരടത്തെക്കു ഭാവിച്ചു മറെറാരടത്തെക്കു പൊക). 5. ഉപെക്ഷ്യയാനം—(ശത്രുബലാബലത്തെ അറിയാതെ ചെല്ലുക).

൪. ആസനം—ആസ (ഇരിക്ക)—ദെശകാലവിരൊധമായുണ്ടാകുന്ന യുദ്ധത്തിങ്കൽ വിഗ്രഹയാനങ്ങളെ നിവൃത്തിപ്പാൻവെണ്ടി സ്വസ്ഥമായിരിക്കുന്നതു; ആസനഭേദങ്ങൾ. 1. വിഗൃഹ്യ. 2. സന്ധാന. 3. സംഭൂയ. 4. പ്രസംഗ. 5. ഉപെക്ഷ്യ—അവയുടെ അൎത്ഥങ്ങൾ യാനഭേദങ്ങളുടെതുപൊലെ.

൫. ദ്വൈധം—ഒരുത്തനൊടു സംന്ധിക്കയും മറെറാരുത്തനൊടു യുദ്ധംചെയ്കയും ചെയ്യുന്നതു; പാഠ:—ഇരുപക്ഷക്കാരൊടും കാകാക്ഷിപൊലെ ശത്രുമിത്രഭാവം കാണിക്കുന്നതു. ൬. ആശ്രയം—ശ്രി(ആശ്രയിക്ക)—ബലവാനെആശ്രയിക്കുന്നതു.

[ശക്തയഃ-തിസ്രഃ] പ്രഭാവം ഉത്സാഹം മന്ത്രം—മൂന്നു ശക്തികൾ. Power.

൧. പ്രഭാവം—ഭൂ (ഭവിക്ക)—ഭണ്ഡാരംകൊണ്ടും ദണ്ഡംകൊണ്ടും ഉണ്ടായ തെജസ്സ്. ൨. ഉത്സാഹം—സഹ (സഹിക്ക)—അത്യധികം വിക്രമത്തൊടെ പ്രയത്നം ചെയ്ക. ൩. മന്ത്രം—മന്ത്ര(മന്ത്രിക്ക)—സന്ധിവിഗ്രഹാദികളും സാമാദികളും വിചാരിച്ചറിഞ്ഞുള്ളപ്രവൃത്തി.

സാമദാനെഭെദ ദണ്ഡാ വിത്യുപായ ചതുഷ്ടയഃ

സാമം ദാനം ഭേദം ദണ്ഡം [ഇതി ഉപായചതുഷ്ടയം]—നാലുപായങ്ങൾ.

Four means of success.

൧. സാമം—ഷ്ണ(നശിപ്പിക്ക)—വൈരത്തെ നശിപ്പിക്ക; സാമോപായഭേദങ്ങൾ. 1. അനുകൂലമായി വൎത്തിക്കുന്നതു. 2. പരസ്പരോപകാരത്തെ കാണിക്കുന്നതു. 3. നല്ലവനെന്നു തോന്നിപ്പിക്കുന്നതു. 4. ശത്രുഗുണങ്ങളെ സ്തുതിക്കുക. 5. സംബന്ധം പറയുക. 6. ദാസത്വം ഭാവിക്കുക.

൨. ദാനം—ദാ (കൊടുക്കുക); ദാനഭേദങ്ങൾ. 1. തന്റെ സൎവ്വസ്വവും കൊടുക്കുക. 2. അന്യന്റെ ധനഹരണത്തിങ്കൽ അനുകൂലമായിരിക്ക. 3. അപൂൎവ്വവസ്തുക്കളെ സമൎപ്പിക്കുക. 4. സാധാരണവസ്തുക്കളിന്മേൽ ഇഷ്ടമുണ്ടാക്കി വാങ്ങിപ്പിക്കയെങ്കിലും വാങ്ങിച്ചുകൊടുക്കയെങ്കിലും ചെയ്യുന്നതു. 5. ഋണമോചനം.

൩. ഭേദം—ഭിദ(ഭേദിക്ക); ഭേദവിധങ്ങൾ. 1. രണ്ടുശത്രുക്കൾ കൂടിവരുമ്പോൾ അവരെ തമ്മിൽ സ്നേഹഭംഗം വരുത്തുക. 2. അവരെ തമ്മിൽ ശണ്ഠകൂടിക്ക. 3. ഭയപ്പെടുത്തുക.

൪. ദണ്ഡം—ദണ്ഡ (ശിക്ഷിക്ക)—ദണ്ഡപ്പെടുത്തി കാൎയ്യം സാധിക്കുക. ദണ്ഡഭേദങ്ങൾ. 1. കൊല്ലുക. 2. ദ്രവ്യത്തെ ഹരിക്ക. 3. അംഗഹീനം വരുത്തുക.

ഉപായം—ഇണ് (ഗമിക്ക)—ഇഷ്ടത്തെ ഇതിനാലെ സാധിക്കുന്നതുകൊണ്ടു.

വിവിക്തവിജനച്ഛന്നനിശ്ശലാകാസ്തഥാ രഹഃ
രഹശ്ചോപാംശു ചാലിംഗേ രഹസ്യം തൽഭവേ ത്രിഷു

വിവിക്തം വിജനം ഛന്നം നിശ്ശലാകം [തഥാ] രഹഃ രഹഃ [ച] ഉപാംശു [ച—അലിംഗം]—ആരും ഇല്ലാത്ത ദേശം. Solitary or private.

൧. വിവിക്തം—വിച്ചിർ (വേർവിടുക)—ജനങ്ങളുടെ ഇടത്തുനിന്നു വേർപെട്ടുള്ള സ്ഥലം; ശുദ്ധമുള്ള. ൨. വിജനം—ജനമില്ലാത്തതിനാൽ വിചാരിപ്പാൻ നല്ലയിടം. ൩. ഛന്നം—ഛദ (മറെക്കുക)—കൂടിവിചാരിപ്പാൻ മറെക്കപ്പെട്ട സ്ഥലം. ൪. നിശ്ശലാകം—മന്ത്രഭേദകരമായി ഒരു ശലാക (സൂചി) പോലും ഇല്ലാത്തേടം; പാഠ: ശലാക (മൈനാ) പക്ഷികൾപോലും സഞ്ചരിക്കാത്തിടം. ൫. രഹഃ. ൬. രഹസ്സു—രഹ (വിട്ടുപോക)—സുഖത്തെ ഉപേക്ഷിച്ചു ഇരുന്നു കാൎയ്യം വിചാരിക്കുന്നേടം. ൭. ഉപാംശു—ഉപാംശു (പതുക്കെ) പറഞ്ഞുവിചാരിക്കുന്നേടം.

രഹസ്യം [തൽഭവേ ത്രിഷു = അവിടെ ഭവിച്ചതു]. Occuring in private.

൧. രഹസ്യം—രഹ (വിട്ടുപോക)—ഗൂഢസ്ഥലത്തുണ്ടാകുന്നതു.

അഭ്രേഷന്യായകല്പാസ്തു ദേശരൂപം സമഞ്ജസം

അഭ്രേഷഃ ന്യായഃ കല്പഃ [തു] ദേശരൂപം സമഞ്ജസം—ഉചിതത്തിൽനിന്നു തെറ്റായ്ക. Propriety or fitness.

൧. അഭ്രേഷം—അ+ഭ്രേഷ (ചലിക്ക)—സാധൎമ്മത്തിൽനിന്നു തെറ്റാത്തതു.

൨. ന്യായം—ഇണ് (ഗമിക്ക)—നിശ്ചയമായി ഗമിക്കുന്നതു. ൩. കല്പം—കല്പ (നിശ്ചയിക്ക)—ദെശകാലൊചിതമായി നിശ്ചയിക്കുന്നതു. പാഠ: കൃപ(സാമൎത്ഥ്യം). ൪. ദെശരൂപം—ദിശ്യ (യുക്തമായ) രൂപം;—തനിക്കു ഉചിതമായ ധൎമ്മത്തിന്ന അനുരൂപമായിട്ടുള്ളതു. ൫. സമഞ്ജസം—അഞ്ജ (സത്യം) കൂടിയതു.

യുക്തമൌപയികം ലഭ്യം ഭജമാനാഭിനീതവൽ

യുക്തം ഔപയികം ലഭ്യം ഭജമാനം അഭിനീതം [വൽ]—ന്യായം.

Right, fit or proper.

൧. യുക്തം—യുജിർ (യൊജിക്ക)—ന്യായത്താൽ യൊജിക്കുന്നതു. ൨. ഔപയികം—ഇണ (ഗമിക്ക)—തെറ്റാതെ ഗമിക്കുന്ന ഉപായത്തൊടു കൂടിയതു; ഉചിതമായ. ൩. ലഭ്യം—ലഭ (ലഭിക്ക)—ലഭിപ്പാൻ യൊഗ്യമുള്ളതു. ൪. ഭജമാനം—ഭജ (ഭജിക്ക)—ന്യായത്തെ പ്രാപിക്കുന്നതു. ൫. അഭിനീതം—നയ (പ്രാപിക്ക)—അഭിമുഖമായി പ്രാപിക്കപ്പെട്ടതു.

അപവാദസ്തു നിൎദ്ദെശൊ നിദെശശ്ശാസനം ച സഃ
ശിഷ്ടിശ്ചാജ്ഞാ ച സംസ്ഥാ തു മൎയ്യാദാ ധാരണാ സ്ഥിതിഃ

അപവാദഃ [തു] നിൎദ്ദെശഃ നിദെശഃ ശാസനം [ച സഃ] ശിഷ്ടിഃ [ച] ആജ്ഞാ [ച].

An order or command.

൧. അപവാദം—വദ (പറക)—വിരൊധമായുള്ള വാദം; ദൂഷണം. ൨. നിൎദ്ദെശം. ൩. നിദെശം—ദിശ (കാണിക്ക)—നിശെഷെണ കാണിക്കുന്നതു. ൪. ശാസനം. ൫. ശിഷ്ടി—ശാസു (കല്പിക്ക)—ഇതിനാൽ ശിക്ഷിക്കപ്പെടുന്നതുകൊണ്ടു; രാജപദവി; ഉടമ്പടി. ൬. ആജ്ഞാ—ജ്ഞപ (അറിയിക്ക)—ആജ്ഞാപിക്കപ്പെട്ടതു.

സംസ്ഥാ [തു] മൎയ്യാദാ ധാരണാ സ്ഥിതിഃ—ഗുണത്തിങ്കൽ നില്പു.

Continuance in the right way.

൧. സംസ്ഥാ—സ്ഥാ (സ്ഥിതിചെയ്ക)—സമ്യക്കാകുംവണ്ണം സ്ഥിതിചെയ്യുന്നതു; മരണം; നാശം; സാദൃശ്യം; രാജചട്ടം. ൨. മൎയ്യാദ—ദാഞ് (ദാനംചെയ്ക)—ഉറപ്പിനെ ദാനംചെയ്യുന്നതു. ൩. ധാരണ—ധാ (ധരിക്ക)—കാൎയ്യത്തിലുള്ള നിശ്ചയം ഇതിനാൽ ധരിക്കപ്പെടുന്നതുകൊണ്ടു; കടം. ൪. സ്ഥിതി—സ്ഥാ (സ്ഥിതിചെയ്ക)—ഇളകാതെ നില്ക്കുന്നതുകൊണ്ടു.

ആഗൊപരാധൊ മന്തുശ്ച സമെതുദ്ദാന ബന്ധനെ

ആഗഃ അപരാധഃ മന്തുഃ [ച]

Offence or transgression.

൧. ആഗസ്സു—അഗ (കുടിലമായി ഗമിക്ക)—തെറ്റിൽ നടക്കുന്നതു. ൨. അപരാധം—രധ (ഹിംസിക്ക)—ഇതിനാൽ ഹിംസിക്കപ്പെടുന്നതുകൊണ്ടു. ൩. മന്തു—മന (അറിയുക)—കുറ്റം എന്നു വിചാരിക്കപ്പെടുന്നതു.

ഉദ്ദാനം ബന്ധനം. Binding.

൧. ഉദ്ദാനം—ദൊ (ഖണ്ഡിക്ക)—സ്വാതന്ത്ര്യം ഇതിനാൽ ഖണ്ഡിക്കപ്പെടുന്നതുകൊണ്ടു. ൨. ബന്ധനം—ബന്ധ (ബന്ധിക്ക).

ഘട്ടാദിദേയം ശുല്കോഽസ്ത്രീ പ്രാഭൃതʻന്തു പ്രദേശനം
ഉപായനʻമുപഗ്രാഹ്യʻമുപഹാരʻസ്തഥോʻപദാ

[ഘട്ടാദിദേയം] ശുല്കഃ [അസ്ത്രീ] ചുങ്കം. Toll.

൧. ശുല്കം—ശല (വെഗത്തിൽ ഗമിക്ക)—ചരക്കുകൊണ്ടു പോകുന്നവൻ സംരക്ഷണൊല്ക്കായി സൎക്കാരിന്ന കൊടുക്കുന്നതു.

പ്രാഭൃതം [തു] പ്രദേശനം ഉപായനം ഉപഗ്രാഹ്യം ഉപഹാരഃ [തഥാ] ഉപദാ കാഴ്ച. A present.

൧. പ്രാഭൃതം—ഭൃഞ് (നിറെക്ക)—കണ്ണിന്നൊരെ നിറെച്ച വെക്കപ്പെടുന്നതു. ൨. പ്രദേശനം—ദിശ (കൊടുക്ക)—രാജാവിന്ന കൊടുക്കപ്പെടുന്നതു; സമ്മാനം. ൩. ഉപായനം—അയ (ഗമിക്ക)—അരികെ കൊണ്ടുപൊയി വെക്കപ്പെടുന്നതു. പാഠം: ഇതിനാൽ രാജാവിനെ പ്രാപിക്കുന്നതുകൊണ്ടു. ൪. ഉപഗ്രാഹ്യം—ഗ്രഹ (എടുക്ക)—രാജാവിനാൽ സ്വീകരിക്കപ്പെടുന്നതു. ൫. ഉപഹാരം—ഹൃഞ് (ഹരിക്ക)—രാജാവിനാൽ ഹരിക്കപ്പെടുന്നതു. ൬. ഉപദാ—ദാ (ദാനംചെയ്ക)—അടുക്കൽ ചെന്നു കൊടുക്കുന്നതു.

നൃപാസനʻന്തു യൽ ഭദ്രാസനം സിംഹാസനʻഞ്ചതൽ

൧. നൃപാസനം [തു യൽ] ഭദ്രാസനം സിംഹാസനം [ച തൽ] A throne.

൧. നൃപാസനം—നൃപന്റെ (രാജാവിന്റെ) ആസനം (ഇരിപ്പിടം). ൨. ഭദ്രാസനം—ഭദ്രമായ (ശൊഭനകരമായ) ആസനം—യൊഗാസനം. ൩. സിംഹാസനം—സിംഹത്തിന്റെ ആകൃതിയിൽ പൊന്നുകൊണ്ടും മറ്റും ഉണ്ടാക്കിയ ആസനം.

നിവെശʻശ്ശിബിരം ഷണ്ഢെ സജ്ജനʻന്തൂʻപരക്ഷണം

നിവെശഃ ശിബിരം [ഷണ്ഢെ]—പടപാൎക്കുന്ന സ്ഥലം. A camp.

൧. നിവെശം—വിശ (കടക്കുക)—പടജ്ജനങ്ങളാൽ പ്രവെശിക്കപ്പെട്ടതു. ൨. ശിബിരം—ശീങ് (ഉറങ്ങുക)—രാജാക്കന്മാർ സന്നാഹത്തൊടുകൂടെ കിടന്നുറങ്ങുന്നിടം; കാവൽ.

സജ്ജനം [തു] ഉപരക്ഷണം—കാവല്ക്കാർ. A sentry or guard.

൧. സജ്ജനം—ജനി (ജനിക്ക)—പാളയത്തിൽ സ്വാസ്ഥതയെ ജനിപ്പിക്കുന്നവർ. ൨. ഉപരക്ഷണം—രക്ഷ (രക്ഷിക്ക)—രക്ഷണംചെയ്യുന്നവർ.

ദന്തീ ദന്താവളോ ഹസ്തീ ദ്വിരദോഽനേകപോ ദ്വിപഃ
മതംഗജോ ഗജോ നാഗഃ കുഞ്ജരോ വാരണഃ കരീ
ഇഭഃ സ്തംബേരമഃ പത്മീ യൂഥനാഥസ്തു യൂഥപഃ
മദോൽക്കടോ മദകലഃ കളഭഃ കരിപോതകഃ

ദന്തീ ദന്താവളഃ ഹസ്തീ ദ്വിരദഃ അനേകപഃ ദ്വിപഃ മതംഗജഃ ഗജഃ നാഗഃ കുഞ്ജരഃ വാരണഃ കരീ ഇഭഃ സ്തംബേരമഃ പത്മീ—ആന. An elephant.

ദന്തീ. ൨ ദന്താവളം—ദന്തം (പല്ല) കൊമ്പായിട്ടുള്ളത. ൩. ഹസ്തീ—ഹസ്തം (തുമ്പിക്കൈ) ഉള്ളത. ൪. ദ്വിരദം—ദ്വി (രണ്ടു) രദം (പല്ല) കൊമ്പായിട്ടുള്ളത. ൫. അനേകപം—പാ (പാലിക്ക)—അനേകത്തെ (കൂട്ടത്തെ) പാലിക്കുന്നത. പാഠ: പാ (പാനംചെയ്ക)—അനേകം (ഹസ്തം) കൊണ്ടു പാനം ചെയ്യുന്നത. ദ്വിപം—ദ്വിതീയയെ പാലിക്കുന്നത. പാഠ:—തുമ്പിക്കൈയും വക്ത്രവുംകൊണ്ടു പാനം ചെയ്യുന്നത. ൭. മതംഗജം—മതംഗൻ എന്ന ഋഷിയിൽ നിന്നുണ്ടായത. ൮. ഗജം—ഗജ (മദിക്ക)—മദിക്കുന്നത. ൯. നാഗം—നഗം (പൎവ്വതം)—വിന്ധ്യാപൎവ്വതങ്ങളിൽ ഉണ്ടാവുന്നത. ൧൦. കുഞ്ജരം—രണ്ടുകുഞ്ജം (കുംഭാധൊഗതം) ഉള്ളത. ൧൧. വാരണം—വൃഞ് (വരിക്ക)—അന്യബലത്തെ തടുക്കുന്നത. ൧൨. കരീ—കരം (തുമ്പിക്കൈ) ഉള്ളത; കലപ്പ. ൧൩. ഇഭം—ഇണ് (ഗമിക്ക)—മദത്തെ പ്രാപിക്കുന്നത. ൧൪. സ്തംബേരമം—സ്തംബെത്തിങ്കൽ (വള്ളിക്കുടിലിങ്കൽ) മറെന്നു രമിക്കുന്നവൻ. ൧൫. പത്മീ—പത്മം (പത്മകരി) മദ്ധ്യവയസ്സിൽ ഉണ്ടാവുന്നത.

യൂഥനാഥഃ [തു] യൂഥപഃ—ഒറ്റയാന. The leader of a wild herd of elephants.

൧. യൂഥനാഥൻ—യൂഥത്തിന്റെ (കൂട്ടത്തിന്റെ) നാഥൻ. ൨. യൂഥപൻ—പാ (പാലിക്ക)—യൂഥത്തെ പാലിക്കുന്നവൻ.

മദോൽക്കടഃ മദകലഃ—മദിച്ച ആന. A rutting elephant.

൧. മദോൽക്കടൻ—മദംകൊണ്ടു ഉൽക്കടൻ (ആധിക്യമുള്ളവൻ). ൨. മദകലം—മദംകൊണ്ടു കലം (മനോഹരം) ആയത.

കളഭഃ കരിപോതകഃ—ആനക്കിടാവ. A young elephant.

൧. കളഭം—ലഭിഷ് (പ്രാപിക്ക)—കം (വെള്ളത്തെ) പ്രാപിക്കുന്നതുകൊണ്ടു. ൨. കരിപോതകം—കരിയുടെ (ആനയുടെ) പോതകം (കുട്ടി).

ഘോടകെ വീതി തുരഗ തുരംഗാശ്വ തുരംഗമാഃ
വാജി വാഹാൎവ്വ ഗന്ധൎവ്വ ഹയ സൈന്ധവ സപ്തയഃ

ഘോടകഃ വീതിഃ തുരഗഃ തുരംഗഃ അശ്വഃ തുരംഗമഃ വാജീ വാഹഃ അൎവ്വാ ഗന്ധൎവ്വഃ ഹയഃ സൈന്ധവഃ സപ്തിഃ—കുതിര. A horse.

൧. ഘോടകം—ഘുട (പരിവൎത്തിക്ക)—ജാഡ്യത കളയുന്നതിനായിട്ടു കിടന്നുരുളുന്നതു. ൨. വീതി—വീ (ഗമിക്ക)—ശീഘ്രം ഗമിക്കുന്നതു; പ്രകാശം, ഇളക്കം. ൩. തുരഗം. ൪. തുരംഗം. ൫. തുരംഗമം—ഗമ (ഗമിക്ക)—ത്വരിതം (വേഗത്തിൽ) ഗമിക്കുന്നതു. ൬. അശ്വം—അശൂ (വ്യാപിക്ക)—ഗമനംകൊണ്ടു ദിക്കുകളെ വ്യാപിക്കുന്നതു. ൭. വാജി—വജ (ഗമിക്ക)—വേഗത്തിൽ ഗമിക്കുന്നതു; പക്ഷി; അമ്പു. ൮. വാഹം—വഹ (വഹിക്ക)—മനുഷ്യാദികളെ വഹിക്കുന്നതു; കാള; പോത്തു. ൯. അൎവ്വാ—അൎവ്വ (ഗമിക്ക)—ശീഘ്രം ഗമിക്കുന്നതു; ഇന്ദ്രൻ; ചൊട്ടച്ചാൺ. ൰. ഗന്ധൎവ്വൻ—ഗന്ധ (പീഡിപ്പിക്ക)—കൊരടാവുകൊണ്ടു പീഡിപ്പിക്കപ്പെടുന്നതു; ഒരുവക മാൻ. ൧൧. ഹയം—ഹയ (ഗമിക്ക)—ശീഘ്രം ഗമിക്കുന്നതു. ൧൨. സൈന്ധവം—സിന്ധു ദേശത്തുണ്ടാവുന്നതുകൊണ്ടു; ഇന്തുപ്പു. ൧൩. സപ്തി—ഷപ (യോജിപ്പിക്ക)—ശീഘ്രഗതികൊണ്ടു ദൂരദിക്കുകളെ സംബന്ധിപ്പിക്കുന്നതു.

പുച്ഛോഽസ്ത്രീ ലൂമ ലാംഗൂലം ബാലഹസ്തശ്ച ബാലധിഃ

പുച്ഛഃ [അസ്ത്രീ] ലൂമം ലാംഗൂലം—വാൽ. ബാലഹസ്തഃ ച ബാലധിഃ—വാൽകൊണ്ടു. A horse's tail.

൧. പുച്ഛം—പുഛി (വിശരണെ)—ഈച്ച മുതലായതിനെ ഇതുകൊണ്ടു ആട്ടിക്കളയുന്നതുകൊണ്ടു. ൨. ലൂമം—ലൂഞ് (ഛേദിക്ക)—രോമങ്ങൾ വെട്ടി ഭംഗി വരുത്തുന്നതുകൊണ്ടു. ൩. ലാംഗൂലം—ലഗി (ഗമിക്ക)—ആട്ടപ്പെടുന്നതുകൊണ്ടു.

൧. ബാലഹസ്തം—ബാലം (നീണ്ടരോമം) ഉള്ള ഹസ്തം (കൈ). ൨. ബാലധി—ധാഞ് (ധരിക്ക)—നീണ്ടരോമങ്ങൾ ധരിച്ചിരിക്കുന്നതു.

യാനേ ചക്രിണി യുദ്ധാൎത്ഥേ ശതാംഗഃ സ്യന്ദനോ രഥഃ

[യാനേ ചക്രിണി യുദ്ധാൎത്ഥേ]—ശതാംഗഃ സ്യന്ദനഃ രഥഃ A war chariot.

൧. ശതാംഗം—ശതം (അനേകം)—അംഗങ്ങളോടുകൂടിയതു. ൨. സ്യന്ദനം—സ്യന്ദൂ (സ്രവിക്ക)—കുതിരാദികളാൽ ഗമിക്കുന്നതു. ൩. രഥം—രമ (രമിക്ക)—യുദ്ധാവസരത്തിങ്കൽ രമിക്കുന്നിടം.

കൎണ്ണീരഥഃ പ്രവഹണം ഡയനം ച സമം ത്രയം

കൎണ്ണീരഥഃ പ്രവഹണം ഡയനം [ച സമം ത്രയം]—ചകടം A covered car.

൧. കൎണ്ണീരഥം—മനുഷ്യരുടെ കൎണ്ണത്തിൽ വഹിക്കപ്പെടുന്നതു. ൨. പ്രവഹണം—വഹ (വഹിക്ക)—മനുഷ്യശ്രേഷ്ഠനെ വഹിക്കുന്നതു. ൩. ഡയനം—ഡീങ് (ആകാശഗമനം)—ഈ വാഹനത്തിൽ ആകാശത്തൂടെ ഗമിക്കുന്നതുകൊണ്ടു.

സൎവ്വം സ്യാദ്വാഹനം യാനം യുഗ്യം പത്രഞ്ച ധോരണം

[സൎവ്വം സ്യാൽ വാഹനം] യാനം യുഗ്യം പത്രം [ച] ധോരണം Any vehicle.

൧. യാനം—യാ (ഗമിക്ക)—മനുഷ്യൻ ഇതിൽ കയറി ഗമിക്കുന്നതുകൊണ്ടു.

൨. യുഗ്യം—യുഗം (നുകം) ഉള്ളതു. ൩. പത്രം—പത്ല (ഗമിക്ക)—ജനങ്ങൾ ഇതിനാൽ ഗമിക്കുന്നതുകൊണ്ടു. ൪. ധോരണം—ധോർ (ചാതുൎയ്യമായി ഗമിക്ക).

ആധോരണാ ഹസ്തിപകാ ഹസ്ത്യാരോഹാ നിഷാദിനഃ

ആധോരണാഃ ഹസ്തിപകാഃ ഹസ്ത്യാരോഹാഃ നിഷാദിനഃ—ആനപ്പാപ്പാന്മാർ Elephant drivers.

൧. ആധോരണൻ—ധോർ (ചാതുൎയ്യമായി ഗമിക്ക)—ആനയെ നല്ലവണ്ണം നടത്തുന്നവൻ. ൨. ഹസ്തിപകൻ—പാ (രക്ഷിക്ക)—ഹസ്തിയെ (ആനയെ) രക്ഷിക്കുന്നവൻ. ൩. ഹസ്ത്യാരോഹൻ—ഹസ്തിമെൽ ആരോഹണം ചെയ്യുന്നവൻ. ൪. നിഷാദി—ഷദ്ല (ഏറുക)—ആനപ്പുറത്തു ഏറുന്നവൻ.

നിയന്താ പ്രാജിതാ യന്താ സൂതഃ ക്ഷത്താ ച സാരഥിഃ
സവ്യേഷ്ഠൃദക്ഷിണസ്ഥൌ ച സംജ്ഞാ രഥകുടുംബിനഃ

നിയന്താ പ്രാജിതാ യന്താ സൂതഃ ക്ഷത്താ [ച] സാരഥിഃ സവ്യേഷ്ഠാ ദക്ഷിണസ്ഥഃ [സംജ്ഞാഃ രഥകുടുംബിനഃ]—തെർതെളിക്കുന്നവൻ A charioteer.

൧. നിയന്താവ. ൩. യന്താവ—യമ (അടക്കുക)—അശ്വാദികളെ അടക്കിക്കൊണ്ടുപൊകുന്നവൻ. ൨. പ്രാജിതാവ—അജ (ഗമിക്ക)—അശ്വാദികളെ നടത്തിക്കുന്നവൻ. ൪. സൂതൻ—ഷൂ (പ്രെരിക്ക)—തെർതെളിക്കുന്നവൻ; ആശാരി. ൫. ക്ഷത്താവ—ക്ഷദ (ഹിംസിക്ക)—കുതിരകളെ ഹിംസിക്കുന്നവൻ. ൬. സാരഥി—സൃ (ഗമിക്ക)—തെർതെളിക്കുന്നവൻ. ൭. സവ്യേഷ്ഠൻ—ഷ്ഠാ (ഗതിനിവൃത്തി)—സവ്യത്തിങ്കൽ (ഇടത്തുഭാഗത്തു) ഇരുന്നോടിക്കുന്നവൻ. ൮. ദക്ഷിണസ്ഥൻ—ഷ്ഠാ (സ്ഥിതിചെയ്ക)—ദക്ഷിണത്തിങ്കൽ (വലത്തുഭാഗത്ത)ഇരുന്നോടിക്കുന്നവൻ.

ഭടാ യോധാശ്ച യോദ്ധാരഃ സ്സേനാ രക്ഷാസ്തു സൈനികാഃ

ഭടാഃ യോധാഃ [ച] യോദ്ധാരഃ—പടജ്ജനം Warriors.

൧. ഭടൻ—ഭട (ഇച്ശിക്ക)—യുദ്ധത്തെ ഇച്ശിക്കുന്നവൻ; അക്ഷരവിദ്യയില്ലാത്തവൻ. ൨. യോധൻ. ൩. യോദ്ധാവ—യുധ (യുദ്ധംചെയ്ക).

സേനാരക്ഷാഃ സൈനികാഃ A guard.

൧. സേനാരക്ഷ. ൨. സൈനികൻ—സേനയെരക്ഷിക്കുന്നവൻ.

പരിധിസ്ഥഃ പരിചരഃ സ്സേനാനീ ൎവ്വാഹിനീപതിഃ

പരിധിസ്ഥഃ പരിചരഃ—അകമ്പടി An attendant.

൧. പരിധിസ്ഥൻ—ഷ്ഠാ (നില്ക്കുക)—പരിധിയിങ്കൽ (ചുറ്റും) കാവലായി നില്ക്കുന്നവൻ. പരിചരൻ—ചര (ചരിക്ക)—പരി (ചുറ്റും) നടക്കുന്നവൻ.

സേനാനീഃ വാഹിനീപതിഃ—പടനായകൻ A general.

൧. സേനാനി—ണീഞ് (പ്രാപിക്ക)—സേനയെ നടത്തിക്കുന്നവൻ. ൨. വാഹിനീപതി—വാഹിനിയുടെ (സേനയുടെ) പതി.

ശീൎഷണ്യ‘ഞ്ച ശിരസ്ത്രേഥ തനുത്രം വൎമ്മ ദംശനം
ഉരച്ഛദഃ കങ്കടകൊ ജഗരഃ കവചൊ‘സ്ത്രിയാം

ശീൎഷണ്യം [ച] ശിരസ്ത്രം—തലക്കോരിക A helmet.

൧. ശീൎഷണ്യം—ശിരസ്സിങ്കൽഹിതമായതു; വിട്ടത്തലമുടി. ൨. ശിരസ്ത്രം—ത്രൈങ് (പാലിക്ക)—ശിരസ്സിനെ രക്ഷിക്കുന്നതു.

തനുത്രം വൎമ്മ ദംശനം ഉരച്ഛദഃ കങ്കടകഃ ജഗരഃ കവചഃ അസ്ത്രിയാം—അംഗരക്ഷ Coat of mail.

൧. തനുത്രം—ത്രൈങ് (രക്ഷിക്ക)—തനുവിനെ (ശരീരത്തെ) രക്ഷിക്കുന്നതു. ൨. വൎമ്മം—വൃഞ് (വരിക്ക)—ശരീരത്തെ മറെക്കുന്നതു. ൩. ദംശനം—ദംശ (ഭക്ഷിക്ക)—ശരീരത്തെ വിഴുങ്ങുന്നതു. ൪. ഛദം—ഛദ (മറെക്കുക)—ഉരസ്സിനെ മറെക്കുന്നതു. ൫. കങ്കടകം—കടേ (മറെക്ക)—വക്ഷസ്സിനെ മറെക്കുന്നതു. ൬. ജഗരം—ജാഗരൻ (ഉണൎച്ചയുള്ളവൻ) എന്നപോലെ രക്ഷിക്കുന്നതു. ൭. കവചം—വഞ്ച (വഞ്ചിക്ക)—ബാണങ്ങളെ വഞ്ചിച്ചു നിഷേധിക്കുന്നതു.

ആമുക്തഃ പ്രതിമുക്ത‘ശ്ച പിനദ്ധ‘ശ്ചാ’പിനദ്ധവൽ
സന്നദ്ധൊ വൎമ്മിത‘സ്സജ്ജൊ ദംശിതൊവ്യൂഢകങ്കടഃ

ആമുക്തഃ പ്രതിമുക്തഃ [ച] പിനദ്ധഃ [ച] അപിനദ്ധഃ [വൽ] സന്നദ്ധഃ വൎമ്മിതഃ സജ്ജഃ ദംശിതഃ വ്യൂഢകങ്കടഃ—കവചമിട്ടവൻ Clothed or accoutred.

൧. ആമുക്തൻ. ൨. പ്രതിമുക്തൻ—മുച (മൊചിക്ക)—വസ്ത്രാദികൾകൊണ്ടു ബന്ധിക്കപ്പെട്ടവൻ; ധരിക്കപ്പെട്ടവൻ. ൩. പിനദ്ധൻ. ൪. അപിനദ്ധൻ—നഹ (ബന്ധിക്ക). ൫. വൎമ്മിതൻ—വൃഞ (വരിക്ക)—വൎമ്മം (കവചം) ഇട്ടവൻ. ൬. സജ്ജൻ—സജ്ജ (സംബന്ധിക്ക)—കവചത്തൊടുസംബന്ധിച്ചവൻ. ൭. ദംശികൻ—ദംശം (കവചം) ഉള്ളവൻ. ൮. വ്യൂഢകങ്കടൻ—കങ്കടം (കവചം) —വഹിച്ചവൻ.

പദാതിപത്തി പദഗ പദാതിക പദാജയഃ
പൽഗ‘ശ്ച പദിക‘ശ്ചാ’ഥ പാദാതം പത്തിസംഹതിഃ

പദാതിഃ പത്തിഃ പദഗഃ പദാതികഃ പദാജിഃ പൽഗഃ [ച] പദികഃ [ച]—കാലാൾ. A foot soldier.

൧. പദാതി—അത (നിത്യമായി ഗമിക്ക)—പാദംകൊണ്ടു നിത്യവും ഗമിക്കുന്ന

വൻ. ൨. പത്തി—പത്ത് (ഗമിക്ക)—ശത്രുവിന്റെ നെരെ ഗമിക്കുന്നവൻ. ൩. പദഗൻ—ഗമൽ (ഗമിക്ക)—പാദങ്ങളാൽകൊണ്ടു ഗമിക്കുന്നവൻ. ൪. പദാതികൻ—പദാതത്തൊടു (പത്തിസമൂഹത്തൊടു) കൂടിയവൻ. ൫. പദാജി—അജ (ഗമിക്ക)—പാദംകൊണ്ടു ഗമിക്കുന്നവൻ. ൬. പൽഗൻ—പൽ (പാദം) കൊണ്ടു ഗമിക്കുന്നവൻ. ൭. പദികൻ—പാദങ്ങളെക്കൊണ്ടു ഗമിക്കുന്നവൻ.

പാദാതം പത്തിസംഹതിഃ—കാലാൾ കൂട്ടം Infantry.

൧. പാദാതം—പദാതികളുടെ സമൂഹം. ൨. പത്തിസംഹതി—പത്തി (കാലാൾ)+സംഹതി (കൂട്ടം).

ശസ്ത്രാജീവെ കാണ്ഡപൃഷ്ഠായുധീയായുധികാസ്സമാഃ

ശസ്ത്രാജീവഃ കാണ്ഡപൃഷ്ഠഃ ആയുധീയഃ ആയുധികഃ [സമാഃ]—ആയുധക്കാരൻ A soldier by profession.

൧. ശസ്ത്രാജീവൻ—ശസ്ത്രം (ആയുധം) കൊണ്ടു ഉപജീവനം കഴിക്കുന്നവൻ. ൨. കാണ്ഡപൃഷ്ഠൻ—പൃഷ്ഠത്തിങ്കൽ(പുറത്തു) കാണ്ഡം (അസ്ത്രം) ആവനാഴിയിൽ ഉള്ളവൻ. ൩. ആയുധീയൻ. ൪. ആയുധികൻ—ആയുധംകൊണ്ടു ജീവനം കഴിക്കുന്നവൻ.

കൃതഹസ്തസ്സുപ്രയോഗ വിശിഖെ കൃതപുംഖവൽ

കൃതഹസ്തഃ സുപ്രയോഗവിശിഖഃ കൃതപുംഖഃ—നല്ല എയ്ത്തുകാരൻ Skilled in archery.

൧. കൃതഹസ്തൻ—കൃത (ശിക്ഷിതമായ) ഹസ്തം (കൈ) കൊണ്ടു ബാണങ്ങളെ പ്രയോഗിക്കുന്നവൻ. ൨. സുപ്രയോഗവിശിഖൻ—വിശിഖങ്ങളെ (ബാണങ്ങളെ) നല്ലവണ്ണം പ്രയോഗിക്കുന്നവൻ. ൩. കൃതപുംഖൻ—പുംഖം (അമ്പിന്റെ ചുവട്) നല്ലവണ്ണം ഞാണിന്മെൽ തൊടുക്കുന്നവൻ.

ധന്വീ ധനുഷ്മാൻ ധാനുഷ്കൊ നിഷംഗ്യസ്ത്രീ ധനുർദ്ധരഃ

ധന്വീ ധനുഷ്മാൻ ധാനുഷ്കഃ നിഷംഗീ അസ്ത്രീ ധനുർദ്ധരഃ—വില്ലാളി An archer or bowman.

൧. ധന്വീ. ൨. ധനുഷ്മാൻ. ൩. ധാനുഷ്കൻ—ധനുസ്സ(വില്ല)ഉള്ളവൻ. ൪. നിഷംഗീ—നിഷംഗം (ആവനാഴി) ഉള്ളവൻ. ൫. അസ്ത്രീ—മന്ത്രാസ്ത്രം ഉള്ളവൻ; സ്ത്രീ അല്ലാത്തതു. ൬. ധനുർദ്ധരൻ—ധനുസ്സിനെ ധരിച്ചവൻ.

ചർമ്മീ ഫലകപാണിസ്സ്യാൽ പതാകി വൈജയന്തികഃ

ചർമ്മീ ഫലകപാണിഃ [സ്യാൽ]—പരിചക്കാരൻ One bearing a shield.

൧. ചർമ്മീ—ചർമ്മം (തോൽ) കൊണ്ടുള്ള പരിശ പിടിച്ചവൻ. ൨. ഫലകപാണി—ഫലകം (പരിച) കയ്യിലുള്ളവൻ.

പതാകീ—വൈജയന്തികഃ—കൊടിക്കാരൻ A standard bearer.

൧. പതാകി—പതാകം (കൊടി) പിടിക്കുന്നവൻ. ൨. വൈജയന്തികൻ—വൈജയന്തി (കൊടി) പിടിച്ചു നടക്കുന്നവൻ.

അനുപ്ലവ 'ശ്ച' അനുചര'സ്സഹായോഽഭിചര'സ്സമാഃ

അനുപ്ലവഃ [ച] അനുചരഃ സഹായഃ അഭിചരഃ [സമാഃ]—പിൻചെല്ലുന്നവൻ. A companion or follower.

അനുപ്ലവൻ—പ്ലുങ് (ഗമിക്ക)—നായകന്റെ പിന്നാലെ പോകുന്നവൻ. ൨. അനുചരൻ—ചര (ഗമിക്ക)—കൂടെനടക്കുന്നവൻ. ൩. സഹായൻ—അയ (ഗമിക്ക)—കൂടെഗമിക്കുന്നവൻ. ൪. അഭിചരൻ—ചര (ഗമിക്ക)—അഭി (ചുറ്റിലും) ഗമിക്കുന്നവൻ.

പുരോഗാഽഗ്രേസര പ്രഷ്ഠാഽഗ്രതസ്സര പുരസ്സരാഃ
പുരോഗമഃ പുരോഗാമീ മന്ദഗാമീ തു മന്ഥരഃ

പുരോഗഃ അഗ്രേസരഃ പ്രഷ്ഠഃ അഗ്രതസ്സരഃ പുരസ്സരഃ പുരോഗമഃ പുരോഗാമീ—മുമ്പിൽനടക്കുന്നവൻ A leader.

൧. പുരോഗൻ ൬. പുരോഗമൻ ൭. പുരോഗാമീ—ഗമ (ഗമിക്ക)—പുരോഭാഗത്തു (മുമ്പിൽ) ഗമിക്കുന്നവൻ. ൨. അഗ്രേസരൻ. ൪. അഗ്രതസ്സരൻ. ൫. പുരസ്സരൻ—സൃ (ഗമിക്ക)—മുമ്പിൽഗമിക്കുന്നവൻ. ൩. പ്രഷ്ഠൻ—ഷ്ഠാ (നില്ക്കു)—പ്രകൃഷ്ടം (മുമ്പിൽ)നില്ക്കുന്നവൻ.

മന്ദഗാമീ [തു] മന്ഥരഃ—മെല്ലെനടക്കുന്നവൻ Marching slow.

൧. മന്ദഗാമീ—ഗമ (ഗമിക്ക)—മന്ദം(പതുക്കെ)ഗമിക്കുന്നവൻ. ൨. മന്ഥരൻ—മഥ(ക്ലേശിക്ക)—ക്ലേശത്തോടെനടക്കുന്നവൻ: പാഠ: മഥ (പീഡിപ്പിക്ക)—നടപ്പാൻശക്തിയില്ലാതെ കാലുകളെപീഡിപ്പിക്കുന്നവൻ.

ജംഘാലോഽതിജവ'സ്തുല്യൌ ജംഘാകരിക ജാംഘികൌ
തരസ്വീ ത്വരിതോ വേഗീ പ്രജവീ ജവനോ ജവഃ

ജംഘാലഃ അതിജവഃ [തുല്യൌ]—വേഗംനടക്കുന്നവൻ Marching fast.

൧. ജംഘാലൻ—അഭ്യസിച്ചജംഘ (മുഴങ്കാൽ)ഉള്ളവൻ. ൨. അതിജവൻ—അതി (ഏറവും) ജവം (വേഗം)ഉള്ളവൻ.

ജംഘാകരികഃ ജാംഘികഃ തരസ്വീ ത്വരിതഃ വേഗീ പ്രജവീ ജവനഃ ജവഃ—ഓട്ടക്കാരൻ Kunner or express.

൧. ജംഘാകരികൻ. ജാംഘികൻ—ജംഘ (കാൽ) കൊണ്ടു ഉപജീവനം കഴി

കുന്നവൻ. ൩. തരസ്വീ—തരം (വെഗം) ഉള്ളവൻ; ശക്തൻ. ൪. ത്വരിതൻ—ത്വര (സംഭ്രമിക്ക)—ത്വരിതം (വെഗം) ഉള്ളവൻ. ൫. വെഗീ—വെഗമുള്ളവൻ. ൬. പ്രജവീ. ൭. ജവനൻ്റ. ജവൻ—ജു (വെഗംഗമിക്ക)—ജവം(വെഗം)ഉള്ളവൻ.

സ്യാദഭ്യമിത്രോഽഭ്യമിത്രീയോഽപ്യഭ്യമിത്രീണ ഇത്യപി

[സഃ] അഭ്യമിത്രഃ അഭ്യമിത്രീയഃ [അപി] അഭ്യമിത്രീണഃ [ഇത്യപി]—ശത്രുവിനൊടുനെരിട്ടുചെല്ലുന്നവൻ One who ably faces the foe.

൧. അഭ്യമിത്രൻ. ൨. അഭ്യമിത്രീയൻ. ൩. അഭ്യമിത്രീണൻ—മിദ (സ്നെഹിക്ക)—സ്നെഹമില്ലാത്തവരുടെ (ശത്രുക്കളുടെ) നൊടെ യുദ്ധത്തിന്നചെല്ലുന്നവൻ.

ഊർജ്ജസ്വലഃ സ്യാദൂർജ്ജസ്വീ യ ഊർജ്ജാതിശയാന്വിതഃ

ഊർജ്ജസ്വലഃ [സ്യാൽ] ഊർജ്ജസ്വീ [ഊർജ്ജാതിശയാന്വിതഃ]—ബലവാൻ Strong, powerful.

൧. ഊർജ്ജസ്വലൻ. ൨. ഊർജ്ജസ്വീ—ഏറവുംഊർജ്ജം (ബലം)ഉള്ളവൻ.

ശൂരോ വീരശ്ച വിക്രാന്തോ ജെതാ ജിഷ്ണുശ്ച ജിത്വരഃ

ശൂരഃ വീരഃ [ച] വിക്രാന്തഃ—ശൌൎയ്യവാൻ A hero.

൧. ശൂരൻ—ശൂര (വിക്രമിക്ക); മല്ലൻ; സിംഹം; ആൺപന്നി. ൨. വീരൻ—വീര (വിക്രമിക്ക)—സാമൎത്ഥ്യക്കാരൻ. ൩. വിക്രാന്തൻ—ക്രമ (ചവിട്ടുക)—ശത്രുക്കളെകീഴടക്കുന്നവൻ.

ജെതാ ജിഷ്ണുഃ [ച] ജിത്വരഃ—ജയശീലൻ Victorious.

൧. ജെതാവു. ൨. ജിഷ്ണു. ൩. ജിത്വരൻ—ജി (ജയിക്ക)—ജയശീലൻ.

ധ്വജിനീ വാഹിനീ സെനാ പൃതനാനീകിനീ ചമൂഃ
വരൂഥിനീ ബലം സൈന്യം ചക്രം ചാനീകമസ്ത്രിയാം

ധ്വജിനീ വാഹിനീ സെനാ പൃതനാ അനീകിനീ ചമൂഃ വരൂഥിനീ ബലം സൈന്യം ചക്രം [ച] അനീകം [ഭൂമ്നി]— An army or force.

൧. ധ്വജിനീ—ധ്വജം (കൊടി) ഉള്ളതു. ൨. വാഹിനീ—വാഹനങ്ങൾ (കുതിരകൾ) ഉള്ളതു. ൩. സെനാ. ൪. സൈന്യം—ഇനനൊടു (പ്രഭുവിനൊടു) കൂടിയതു. ൫. പൃതനാ—പൃത (കച്ചകെട്ടുക)—കച്ചകെട്ടിയവരൊടു കൂടിയതു. ൬. അനീകിനീ. ൭. അനീകം—നീങ് (പ്രാപിക്ക)—വെർവിടാതെ പൊകുന്ന സൈന്യം. ൮. ചമൂ—ചമ (ഭക്ഷിക്ക)—പ്രതിപക്ഷത്തെ ഭക്ഷിക്കുന്നതു. ൯. വരൂഥിനീ—വരൂഥം (രഥഗുപ്തം)ഉള്ളതു. ൧൦. ബലം—ബല (ജീവിക്ക)—സ്വപക്ഷംഉള്ള

തിനാൽ ജീവിക്കുന്നതുകൊണ്ടു. ൧൦. ചക്രം—ചക (തൃപ്തിപ്പെടുക)—പ്രതിപക്ഷത്തെ കൊല്ലുന്നതിനാൽ തൃപ്തപ്പെടുന്നതു.

ആയുധന്തു പ്രഹരണം ശസ്ത്രമസ്ത്രമഥ സ്ത്രിയാം

ആയുധം [തു] പ്രഹരണം ശസ്ത്രം അസ്ത്രം [അഥ അസ്ത്രിയാം] A weapon.

൧. ആയുധം—യുധ (പ്രഹരിക്ക)—ഇതുകൊണ്ടു ശത്രുവിനെ പ്രഹരിക്കുന്നതിനാൽ. ൨. പ്രഹരണം—ഹൃഞ് (നശിപ്പിക്ക). ൩. ശസ്ത്രം—ശസു (ഹിംസിക്ക). ൪. അസ്ത്രം—അസു (എറിക).

ധനുശ്ചാപൌ ധന്വ ശരാസനം കോദണ്ഡം കാർമ്മുകം

ധനുഃ ചാപഃ ധന്വഃ ശരാസനം കോദണ്ഡം കാർമ്മുകം—വില്ല A bow.

൧. ധനുസ്സ. ൨. ധന്വം—ധന (എയ്യുക)—എയ്യുന്നതിനുള്ള ആയുധം. പാഠഃ ധന (പ്രാർത്ഥിക്ക). ൩. ചാപം—ചപ (മുള) കൊണ്ടും മറ്റും ഉണ്ടാക്കുന്ന വില്ല. ൪. ശരാസനം—അസു (ക്ഷേപിക്ക)—ശരങ്ങളെ (അമ്പുകളെ) എയ്യുന്നതിനുള്ളതു. ൫. കോദണ്ഡം—കുദ (കളിക്ക)—വേട്ടയാടുന്നതിനു ഉപയോഗിക്കുന്നതു. ൬. കാർമ്മുകം—കൃഞ (ചെയ്ക)—ശത്രുക്കളെ അക്രമിക്കുന്നതിനുള്ളതു.

പൃഷൽകബാണവിശിഖാ അജിഹ്മഗഖഗാശുഗാഃ
കളംബമാർഗ്ഗണശരാഃ പത്രീ രോപ ഇഷുർദ്വയോഃ

പൃഷൽകഃ ബാണഃ വിശിഖഃ അജിഹ്മഗഃ ഖഗഃ ആശുഗഃ കളംബഃ മാർഗ്ഗണഃ ശരഃ പത്രീ രോപഃ ഇഷുഃ [ദ്വയോഃ] അമ്പ An arrow.

൧. പൃഷൽകം—പൃഷ (നനെക്ക)—മുറിപ്പെട്ടതിൽ രക്തംകൊണ്ടു നനെപ്പിക്കുന്നതു. ൨. ബാണം—ബണ (ശബ്ദിക്ക)—എയ്യുമ്പോൾ ശബ്ദിക്കുന്നതു. ൩. വിശിഖം—ശിഞ (കൃശമാക്കുക)—തലകൂർപ്പിച്ചതു. ൪. അജിഹ്മഗം—ഗമ (ഗമിക്ക)—നേരെ ഗമിക്കുന്നതു. ൫. ഖഗം—ഖമക്കൽ (ആകാശത്തിൽ) കൂടെ ഗമിക്കുന്നതു. ൬. ആശുഗം—ഗമ (ഗമിക്ക)—ആശു (വേഗം) ഗമിക്കുന്നതു. ൭. കളംബം—കല (ക്ഷേപിക്ക). ൮. മാർഗ്ഗണം—മാർഗ്ഗ (അന്വേഷിക്ക)—ലക്ഷ്യത്തെ അന്വേഷിക്കുന്നതു. ൯. ശരം—ശൃ (ഹിംസിക്ക). ൧൦. പത്രീ—പത്രം (ചിറക) ഉള്ളതു. ൧൧. രോപം—രുഹ (മുളെക്ക)—കൊള്ളുന്നവനിൽ മുളച്ചതുപോലെ നില്ക്കുന്നതു: പാഠഃ രുപ (മോഹിപ്പിക്ക)—ശത്രുവിനെ മോഹിപ്പിക്കുന്നതു. ൧൨. ഇഷു—ഇഷ (ഗമിക്ക)—ലക്ഷ്യത്തിങ്കലെക്കു ഗമിക്കുന്നതു.

തൂണോപാസംഗതൂണീരനിഷംഗാ ഇഷുധിർദ്വയോഃ

തൂണഃ ഉപാസംഗഃ തൂണീരഃ നിഷംഗഃ ഇഷുധിഃ [ദ്വയോഃ] ആവനാഴിക Aquiver.

൧. തൂണം. ൨. തൂണീരം—തൂണ (പൂരിക്ക)—ശരങ്ങളാൽ പൂരിക്കപ്പെടുന്നതു. ൩.

ഉപാസംഗം. ൪. നിഷംഗം—ഷഞ്ജ (സംഗിക്ക)—ബാണങ്ങൾ ഒന്നിച്ചുവെക്കുന്ന പാത്രം. ൫. ഇഷുധി—ധാഞ് (ധരിക്ക)—ഇഷുവിനെ (അമ്പിനെ) ധരിക്കുന്നതു.

തൂണ്യാം ഖഡ്ഗേ തു നിസ്ത്രിംശ ചന്ദ്രഹാസാ'സി രിഷ്ടയഃ
കൌക്ഷേയകോ മണ്ഡലാഗ്രഃ കരവാളഃ കൃപാണവൽ

[തൂണീ-ആവനാഴിക] ഖഡ്ഗഃ [തു] നിസ്ത്രിംശഃ ചന്ദ്രഹാസഃ അസിഃ രിഷ്ടിഃ കൌക്ഷേയകഃ മണ്ഡലാഗ്രഃ കരവാളഃ കൃപാണഃ—വാള്‌ A Scimitar.

൧. ഖഡ്ഗം—ഖഡി (ഭേദിക്ക)—കഠിന വസ്തുവിനെയും ഭേദിക്കുന്നതു. ൨. നിസ്ത്രിംശം—ത്രിംശത (മുപ്പത)—മുപ്പതുവിരലിൽ അധികം നീളമുള്ളതു. ൩. ചന്ദ്രഹാസം—ചന്ദ്രനെപ്പോലെ ഹാസം (പ്രഭ) ഉള്ളതു. ൪. അസി—അസു (ക്ഷെപിക്ക)—ശത്രുമസ്തകങ്ങളെ ക്ഷെപിക്കുന്നതു. ൫. രിഷ്ടി—രിഷ (ഹിംസിക്ക)—ജനങ്ങൾ ഇതിനാൽ ഹിംസിക്കപ്പെടുന്നതുകൊണ്ടു. ൬. കൌക്ഷേയകം—കുല (മൂടുക)—കുക്ഷിപൊലെയുള്ള ഉറയ്ക്കകത്ത മൂടിവെച്ചിരിക്കുന്നതു. ൭. മണ്ഡലാഗ്രം—അഗ്രം (അറം) മണ്ഡലാകൃതി (വട്ടം)ആയിട്ടുള്ളതു. ൮. കരവാളം—പിടിയിന്മെൽ കൈയിടുന്നതിന്നു ഉറയുള്ളതു. പാഠ:—വല (ചലിക്ക)—കരത്തിങ്കൽ ചലിക്കുന്നതു. ൯. കൃപാണം—കൃപ (സാമർത്ഥ്യമാക)—ശിരഛ്ശെദനത്തിന്ന സാമർത്ഥ്യമായുള്ളതു.

ദ്വയോഃ കുഠാര'സ്സ്വധിതിഃ പരശ്ശു'ശ്ച പരശ്വധഃ

[ദ്വയോഃ] കുഠാരഃ സ്വധിതിഃ പരശുഃ [ച] പരശ്വധഃ—മഴു An axe.

൧. കുഠാരം—കുട (ഗമിക്ക)—കുഠം (വൃക്ഷം) ഛെദിക്കുന്നതിന്നുള്ളതു. ൨. സ്വധിതി—ധാ (ധരിക്ക)—സ്വജനങ്ങളെരക്ഷിക്കുന്നതിന്നു ഉപയൊഗിക്കപ്പെടുന്നതു. ൩. പരശു—ശൃ (ഹിംസിക്ക)—ശത്രുക്കളെ ഹിംസിക്കുന്നതിന്നുള്ളതു. ൪. പരശ്വധ—ശൊ (തനുകരിക്ക)—ശത്രുക്കളെക്ഷയിപ്പിക്കുന്നതു.

സ്യാ'ച്ഛസ്ത്രീ ചാ'സിപുത്രീ ച ഛുരികാ ചാ'സിധേനുകാ

[സ്യാൽ] ശസ്ത്രീ [ച] അസിപുത്രീ [ച] ഛുരികാ [ച] അസിധേനുകാ—കത്തി A knife.

൧. ശസ്ത്രീ—ശസ (ഹിംസിക്ക)—ഹിംസിക്കുന്നതു. ൨. അസിപുത്രീ—അസിയുടെ (വാളിന്റെ) പുത്രി. ൩. ഛുരികാ—ഛുര (ഛെദിക്ക). ൪. അസിധേനുക—അസിയുടെധെനുക (പുത്രി).

യാത്രാ വ്രജ്യാ'ഭിനിര്യ്യാണം പ്രസ്ഥാനം ഗമനം ഗമഃ

യാത്രാ വ്രജ്യാ അഭിനിര്യ്യാണം പ്രസ്ഥാനം ഗമനം ഗമഃ The march of an assailant.

യാത്രാ. ൧. അഭിനിര്യ്യാണ—യാ (ഗമിക്ക). ൨. വ്രജ്യാ—വ്രജ (ഗമിക്ക). ൩.

പ്രസ്ഥാനം—സ്ഥാ (നില്ക്കുക)—ഉപസൎഗ്ഗത്താൽപോക എന്നൎത്ഥം. ൫. ഗമനം. ൬. ഗമം—ഗമ്ല് (ഗമിക്ക).

സ്യാദാസാരഃ പ്രസരണം പ്രചക്രഞ്ചലിതാൎത്ഥകം

[സ്യാൽ] ആസാരഃ പ്രസരണം പ്രചക്രം ചലിതാൎത്ഥകം—ശത്രുവിനെവളയുക Surrounding a foe.

൧. ആസാരം. ൨. പ്രസരണം—സൃ (ഗമിക്ക)—സൈന്യത്തെചുററുക.

പ്രചക്രം [ചലിതാൎത്ഥകം]—സൈന്യമിളകുന്നത An army in motion.

൩. പ്രചക്രം—ക്രമു (നടക്കുക)

രേണുൎദ്വയോഃ സ്ത്രിയാന്ധൂളിഃ പാംസുൎന്നാ ന ദ്വയോ രജഃ

രേണുഃ [ദ്വയോഃ സ്ത്രിയാം] ധൂളിഃ പാംസുഃ [നാ ന ദ്വയോഃ] രജഃ Dust.

൧. രേണു—രീ (ഗമിക്ക)—വായുവിനാൽഗമിക്കുന്നതു. ൨. ധൂളി—ധൂഞ (ഇളക്കുക)—വായുവിനാൽഇളകുന്നതു ൩. പാംസു—പംസി (നശിപ്പിക്ക)—വസ്ത്രാദികളെനശിപ്പിക്കുന്നതു. ൪. രജസ്സ—രഞ്ജ (പററുക)—വസ്ത്രാദികളിന്മേൽപററുന്നതു.

ചൂൎണ്ണേ ക്ഷോദഃ സമുൽപിഞ്ജ പിഞ്ജലാ ഭൃശമാകുലെ

ചൂൎണ്ണഃ ക്ഷോദം—പൊടി Powder.

൧. ചൂൎണ്ണം—ചൂൎണ്ണ (പൊടിക്ക) ൨. ക്ഷോദം—ക്ഷുദിർ (അരെക്ക).

സമുൽപിഞ്ജം പിഞ്ജലം [ഭൃശമാകുലെ]—സൈന്യംചിതറിയതു An army in disorder.

൧. സമുൽപിഞ്ജം. ൨. പിഞ്ജലം—പിജ (ആകുലപ്പെടുക).

പതാകാ വൈജയന്തീ സ്യാൽകേതനം ധ്വജമസ്ത്രിയാം

പതാകാ വൈജയന്തീ [സ്യാൽ] കേതനം ധ്വജം [അസ്ത്രിയാം]—കൊടി A flag or banner.

൧. പതാകാ—പൽ്ലൃ (ഇളകുക)—വായുവിനാൽഇളകുന്നതു. ൨. വൈജയന്തീ—ജി (ജയിക്ക)—വിജയന്മാരെസംബന്ധിച്ചതു. ൩. കേതനം—കിത (അറിയുക)—ആരെന്നറിയുന്നതിനുള്ള ഒരുഅടയാളം. ൪. ധ്വജം—ധ്വജ (ഇളകുക)—പറക്കുന്നതു; അടയാളം.

ദ്രവിണന്തരഃ സ്സഹോ ബല ശൌൎയ്യാണി സ്ഥാമ ശുഷ്മഞ്ച

ശക്തിഃ പരാക്രമഃ പ്രാണോ വിക്രമസ്ത്വതിശക്തിതഃ

ദ്രവിണം തരഃ സഹഃ ബലം ശൌൎയ്യം സ്ഥാമ ശുഷ്മം [ച] ശക്തിഃ പരാക്രമഃ പ്രാണഃ വിക്രമഃ [തു അതിശക്തിതാ] Strength or power

൧. ദ്രവിണം—ദ്രു (ഗമിക്ക)—ശത്രുക്കളുടെനെരെ ഓടുന്നതു. ൨. തരം—തൄ (കടക്കുക)—ആപത്തിനെ കടക്കുന്നതു. ൩. സഹഃ—സഹ (സഹിക്ക)—ശത്രുവിന്റെ ബലത്തെ സഹിക്കുന്നതു. ൪. ബലം—ബല (ജീവിക്ക)—ഇതിനാൽ ജനങ്ങൾ ജീവിക്കുന്നതുകൊണ്ടു. ൫. ശൌൎയ്യം—ശൂര (ശൌൎയ്യപ്പെടുക). ൬. സ്ഥാമ—സ്ഥാ (നില്ക്കുക)—ശത്രുമദ്ധ്യത്തിൽ ഇതിനാൽ നില്ക്കുന്നതുകൊണ്ടു. ൭. ശുഷ്മം—ശുഷ (ശോഷിപ്പിക്ക)—ശത്രുവിനെ ശോഷിപ്പിക്കുന്നതു. ൮. ശക്തി—ശക (ശക്തിപ്പെടുക). ൯. പരാക്രമ—ക്രമ (ഗമിക്ക)—ഇതിനാൽ പരനെ (ശത്രുവിനെ) എതിൎക്കുന്നതുകൊണ്ടു. ൧൦. പ്രാണം—അന (ജീവിക്ക)—ഇതുകൊണ്ടു പ്രകൎഷേണ ജീവിക്കുന്നതിനാൽ. ൧൧. വിക്രമം—ക്രമ (ഗമിക്ക)—വിശേഷേണ ശത്രുക്കളെ ആക്രമിക്കുന്നതു.

യുദ്ധമായോധനം ജന്യം പ്രധനം പ്രവിദാരണം
മൃധമാസ്കന്ദനം സംഖ്യം സമീകം സാമ്പരായികം
അസ്ത്രിയാം സമരാനീക രണാഃ കലഹ വിഗ്രഹൌ
സമ്പ്രഹാരാഭി സമ്പാത കലി സംസ്ഫോട സംയുഗാഃ
അഭ്യാമൎദ്ദ സമാഘാത സംഗ്രാമാഭ്യാഗമാഹവാഃ
സമുദായ സ്ത്രിയഃ സംയത്സമിത്യാജി സമിദ്യുധഃ

യുദ്ധം ആയോധനം ജന്യം പ്രധനം പ്രവിദാരണം മൃധം ആസ്കന്ദനം സംഖ്യം സമീകം സാമ്പരായികം [അസ്ത്രിയാം] സമരഃ അനീകഃ രണഃ കലഹഃ വിഗ്രഹഃ സമ്പ്രഹാരഃ അഭിസമ്പാതഃ കലിഃ സംസ്ഫോടഃ സംയുഗഃ അഭ്യാമൎദ്ദഃ സമാഘാതഃ സംഗ്രാമഃ അഭ്യാഗമഃ ആഹവഃ സമുദായഃ [സ്ത്രിയഃ] സംയൽ സമിതിഃ ആജിഃ സമൽ യുൽ War, Battle or combat.

൧. യുദ്ധം. ൨. ആയോധനം—യുധ (യുദ്ധംചെയ്ക). ൩. ജന്യം—ജനയോഗം ആകകൊണ്ടു. ൪. പ്രധനം—ധന (ധാന്യം) പ്രവൃദ്ധമാകയാൽ ഹിംസാൎത്ഥം. ൫. പ്രവിദാരണം—ദൄ (പിളൎക്ക)—ശത്രുക്കളെ വിദാരണം ചെയ്കകൊണ്ടു. ൬. മൃധം—മൃദ (മരിക്ക)—ഇതിങ്കൽ വളരെ ജനങ്ങൾ മരിക്കുന്നതുകൊണ്ടു. ൭. ആസ്കന്ദനം—സ്കന്ദിര (ശോഷിക്ക)—ഇതിങ്കൽ ജനങ്ങൾ ശോഷിക്കുന്നതുകൊണ്ടു. ൮. സംഖ്യം—ഖ്യാ (വധിക്ക)—ഖഡ്ഗാദികളെ വധിക്കുന്നതു. പാഠഃ—ഖ്യാ (സ്തുതിക്ക)—ഇതിങ്കൽ വീരന്മാർ സ്തുതിക്കപ്പെടുന്നതുകൊണ്ടു. ൯. സമീകം—ഈരഗ (ഗമിക്ക)—എല്ലാവരും കൂടി ഗമിക്കുന്നതുകൊണ്ടു. ൧൦. സാമ്പരായികം—അയ (ഗമിക്ക)—എല്ലാവരും കൂടുന്നതു; പാഠഃ—ശത്രു മരണമുണ്ടാകുന്നതു. ൧൧. സമരം—ഋഗ (ഗമിക്ക)—ശത്രുവിനോടു സംഗമിക്കുന്നതു. പാഠഃ—മരണ സഹിതമായതു. ൧൨. അനീകം—ധൈൎയ്യത്തെ അവലംബിച്ചിട്ടു ഇളകാതെ നില്ക്കുക. പാഠഃ—അനീകം (സൈന്യം) ഉള്ളതു. ൧൩. രണം—രണ (ശബ്ദിക്ക)—വാദ്യങ്ങളെക്കൊ

ങ്ങൾ ശബ്ദിക്കുന്നതു. ൧൮. കലഹം—ഹന (ഹനിക്ക)—കലത്തെ (അംഗഹീനനെ) കൊല്ലപ്പെടുന്നതുകൊണ്ടു. ൧൯. വിഗ്രഹം—വി+ഗ്രഹ (പിടിക്ക)—വിരുദ്ധനായ ശത്രുവിനെ പിടിക്കുന്നതുകൊണ്ടു. ൨൦. സംപ്രഹാരം—ഹൃഞ് (ഹനിക്ക)—അന്യോന്യം ഹനിക്കുന്നതുകൊണ്ടു. ൨൧. അഭിസംപാതം—പത്ഌ (ഗമിക്ക)—ശത്രുക്കൾ അഭിമുഖമായി ഗമിക്കുന്നതു. ൨൨. കലി—കല (ക്ഷേപിക്ക)—ഇതിങ്കൽ ബാണങ്ങൾ ക്ഷേപിക്കപ്പെടുന്നതുകൊണ്ടു; കലയുദ്ധം. ൨൩. സംസ്ഫോടം—സ്ഫുടിർ (പൊട്ടിക്ക)—തലയെ അടിച്ചു പൊട്ടിക്കുന്നതു. ൨൪. സംയുഗം—യുജ (ചേരുക)—രണ്ടു സേനകൾ വന്നു കൂടുന്നതു. ൨൫. അഭ്യാമർദ്ദം—മൃദ (ക്ഷോദിക്ക)—ജനങ്ങൾ ഇതിങ്കൽ തിക്കിത്തിരക്കുന്നതുകൊണ്ടു. ൨൬. സമാഘാതം—ഹന (ഹനിക്ക)—ജനങ്ങൾ ഹിംസിക്കപ്പെടുന്നതുകൊണ്ടു. ൨൭. സംഗ്രാമം—സംഗ്രാമ (യുദ്ധം ചെയ്ക). ൨൮. അഭ്യാഗമം—ഗമ (ഗമിക്ക)—നേരിട്ടു ചെല്ലുക. ൨൯. ആഹവം—ഹ്വേഞ് (വിളിക്ക)—വിളിച്ചു യുദ്ധം ചെയ്യുന്നതു. ൩൦. സമുദായം—അയ (ഗമിക്ക)—യുദ്ധത്തിനു കൂടുന്നതു; കൂട്ടം. ൩൧. സംയത്—യതി (പ്രയത്നം ചെയ്ക)—ഇതിങ്കൽ ജനങ്ങൾ പ്രയാസപ്പെടുന്നതുകൊണ്ടു. ൩൨. സമിതി. ൩൩. സമിത്—ഇണ് (ഗമിക്ക)—ഒന്നിച്ചു വന്നു ചേരുക. ൩൪. ആജി—അജ (ക്ഷേപിക്ക)—ഇതിങ്കൽ ബാണങ്ങൾ ക്ഷേപിക്കപ്പെടുന്നതുകൊണ്ടു. ൩൫. യുത്—യുധ (പൊരുതുക).

പ്രസഭന്തു ബലാല്ക്കാരോ ഹഠോഥ സ്ഖലിതം ഛലം

പ്രസഭഃ [തു] ബലാല്ക്കാരഃ ഹഠഃ— **Violence.**

൧. പ്രസഭം—സഭാ (യുക്തായുക്ത വിചാരം) ഇല്ലാത്തതു. ൨. ബലാല്ക്കാരം—കൃഞ് (ചെയ്ക)—ബലം ഹേതുവായിട്ടു ചെയ്യുന്നതു. ൩. ഹഠം—ഹഠ (ശാഠ്യം); ഒരു ശബ്ദം.

[അഥ] സ്ഖലിതം ഛലം—വഞ്ചന **Fraud, stratagem or circumvention.**

൧. സ്ഖലിതം—സ്ഖല (ഇളകുക)—ക്രമം വിട്ടതു. ൨. ഛലം—ഛോ (ഛേദിക്ക)—കാൎയ്യത്തെ നശിപ്പിക്കുന്നതു.

മൂൎഛാ തു കശ്മലംമോഹോപ്യവമൎദ്ദസ്തു പീഡനം

മൂൎഛാ [തു] കശ്മലം മോഹഃ **Fainting.**

൧. മൂൎഛാ—മൂൎഛാ (മോഹിക്ക). ൨. കശ്മലം—കശ (ചുരുക്കുക)—ഇന്ദ്രിയവ്യാപാരങ്ങളെ ചുരുക്കുന്നതു; പാപം. ൩. മോഹം—മുഹ (മോഹിക്ക).

[അപി] അവമൎദ്ദഃ [തു] പീഡനം **Devastation.**

൧. അവമൎദ്ദം——മൃദ (പൊടിക്ക). ൨. പീഡനം—പീഡ (പീഡിപ്പിക്ക).

വൈരശുദ്ധിഃ പ്രതീകാരോ വൈരനിൎയ്യാതനഞ്ചസാ

വൈരശുദ്ധിഃ പ്രതികാരഃ വൈരനിൎയ്യാതനം [ച സാ]—പകവീട്ടുക **Revenge.**

൧. വൈരശുദ്ധി—വൈരത്തെ (ദ്വെഷത്തെ)—ശുദ്ധിവരുത്തുക (വിടുക). ൨. പ്രതികാരം—കൃഞ് (ചെയ്ക)—പ്രതിക്രിയ. ൩. വൈരനിൎയ്യാതനം—വൈരത്തെ നിൎയ്യാതനംചെയ്ക (കളക).

പ്രദ്രാവൊ ദ്രാവ സന്ദ്രാവാ സന്ദാവ വിദ്രവൊ ദ്രവഃ
അപക്രമൊഽപയാനം സ്യാദ്രണെ ഭംഗഃ പരാജയഃ

പ്രദ്രാവഃ ദ്രാവഃ സന്ദ്രാവഃ സന്ദാവഃ വിദ്രവഃ ദ്രവഃ അപക്രമഃ അപയാനം—
ഓട്ടുക Flight, retreat.

൧. പ്രദ്രാവം ൨. ദ്രാവം. ൩. സന്ദ്രാവം. ൪. വിദ്രവം. ൫. ദ്രവം—ദ്രു (ഗമിക്ക)—ഭയപ്പെട്ടു ഓടുക. ൬. സന്ദാവം—ദു (ഗമിക്ക). ൭. അപക്രമം—ക്രമു (നടക്ക). ൮. അപയാനം—യാ (ഗമിക്ക).

[സ്യാദ്രണെ] ഭംഗഃ പരാജയഃ—തോല്വി Defeat.

൧. ഭംഗം—ഭഞ്ജ (ഭഞ്ജിക്ക); തിരമാല; ഭയ; ചതിവു. ൨. പരാജയം—പരന്മാരാൽ (ശത്രുക്കളാൽ) ജയിക്കപ്പെട്ടതു.

പ്രമാപണന്നികാരണന്നിബൎഹണന്നിശാരണം
പ്രവാസനം പരാസനം നിഷൂദനം നിഹിംസനം
നിൎവ്വാസനംസംജ്ഞപനം നിൎഗ്രന്ഥനമപാസനം
നിസ്തൃഹണന്നിഹനനം ക്ഷണനം പരിവൎജ്ജനം
നിൎവ്വാപണംവിശസനം മാരണം പ്രതിഘാതനം
ഉദ്വാസനപ്രമഥനക്രഥനോജ്ജാസനാനിച
ആലംഭപിഞ്ജവിശരഘാതൊന്മാഥവധാ അപി

പ്രമാപണം നികാരണം നിബൎഹണം നിശാരണം പ്രവാസനം പരാസനം നിഷൂദനം നിഹിംസനം നിൎവ്വാസനം സംജ്ഞപനം നിൎഗ്രന്ഥനം അപാസനം നിസ്തൃഹണം നിഹനനം ക്ഷണനം പരിവൎജ്ജനം നിൎവ്വാപണം വിശസനം മാരണം പ്രതിഘാതനം ഉദ്വാസനം പ്രമഥനം ക്രഥനം ഉജ്ജാസനം [ച] ആലംഭഃ പിഞ്ജഃ വിശരഃ ഘാതഃ ഉന്മാഥഃ വധഃ [അപി] കുല Slaughter.

൧. പ്രമാപണം—മീങ് (ഹിംസിക്ക). ൨. നികാരണം—കൃഞ് (ഹിംസിക്ക). ൩. നിബൎഹണം—ബൎഹ (ഹിംസിക്ക). ൪. നിശാരണം. ൨൭. വിശരണം—ശൄ (ഹിംസിക്ക). ൫. പ്രവാസനം. ൬. നിൎവ്വാസനം. ൨൧. ഉദ്വാസനം—വസ (ഛെദിക്ക). ൭. പരാസനം. ൧൨. അപാസനം.—അസു (ക്ഷെപിക്ക). ൯. നിഷൂദനം—ഷൂദ (ഹിംസിക്ക). ൮. നിഹിംസനം—ഹിംസി (ഹിംസിക്ക) ൧൦. സംജ്ഞപനം—ജ്ഞാ (അറിയുക)—ഉപസൎഗ്ഗവശാൽഹിംസാൎത്ഥം. ൧൧. നിൎഗ്രന്ഥനം—ഗ്രന്ഥ (ഹിംസിക്ക). ൧൩. നിസ്തൃഹണം—തൃഹ (ഹിംസിക്ക). ൧൪. നിഹ

നനം. ൧൨. പ്രതിഘാതനം. ൧൩. ഘാതം. ൧൪. വധ—ഹന (ഹിംസിക്ക). ൧൫. ക്ഷണനം—ക്ഷണ (ഹിംസിക്ക). ൧൬. പരിവർജ്ജനം—വൃജ (വർജ്ജിക്ക—ഉപസർഗ്ഗത്താൽഹിംസാർത്ഥം). ൧൭. നിർവ്വാപണം—വൈ (ശോഷിപ്പിക്ക). ൧൮. നിശംസനം—ശസു (ഹിംസിക്ക). ൧൯. മാരണം—മൃങ് (മരിക്ക). ൨൦. പ്രമഥനം. ൨൧. ഉന്മഥനം—മഥ (ഹിംസിക്ക). ൨൨. ക്രഥനം—ക്രഥ (ഹിംസിക്ക). ൨൩. ഉജ്ജാസനം—ജസു (ഹിംസിക്ക). ൨൪. ആലംഭം—അലഭി (മരിക്ക). ൨൫. പിഞ്ജം—പിജി (ഹിംസിക്ക).

സ്യാൽ പഞ്ചതാ കാലധർമ്മോ ദിഷ്ടാന്തഃ പ്രളയോ ത്യയഃ
അന്തോ നാശോ ദ്വയോ'ർമ്മൃത്യു'ർമ്മരണം നിധനോസ്ത്രിയാം

[സ്യാൽ] പഞ്ചതാ കാലധർമ്മഃ ദിഷ്ടാന്തഃ പ്രളയഃ അത്യയഃ അന്തഃ നാശഃ [ദ്വയോഃ] മൃത്യുഃ മരണം നിധനഃ [അസ്ത്രിയാം]—മരണം Death.

൧. പഞ്ചതാ—പഞ്ചഭൂതങ്ങൾവെർതിരിയുക. ൨. കാലധർമ്മം—കാലന്റെധർമ്മം. ൩. ദിഷ്ടാന്തം—ദിഷ്ടത്തിന്റെ (ജീവകാലത്തിന്റെ) അന്തം (അവസാനം). ൪. പ്രളയം—ലീങ് (ലയിക്ക)—പഞ്ചഭൂതങ്ങൾശരിരത്തിൽനിന്നും ലയിക്കുന്നതു; മൊഹാലസ്യം; ജലപ്രളയം. ൫. അത്യയം—ഇണ് (ഗമിക്ക)—ജീവകാലംകടന്നുപൊകുന്നതു. ൬. അന്തം—അതി (ബന്ധിക്ക)—ഇതിങ്കൽ യമപാശംകൊണ്ടു ബന്ധിക്കപ്പെടുന്നതുകൊണ്ടു. ൭. നാശം—നശ (നശിക്ക). ൮. മൃത്യു. ൯. മരണം—മൃങ് (മരിക്ക). ൧൦. നിധനം—അർത്ഥസംബന്ധങ്ങൾ ഇതിങ്കൽ വിട്ടുപൊകുന്നതുകൊണ്ടു.

ശ്മശാനം സ്യാൽ പിതൃവനം കുണപ'ശ്ശവ'മസ്ത്രിയാം

ശ്മശാനം [സ്യാൽ] പിതൃവനം—ചുടലക്കാട A cemetery.

൧. ശ്മശാനം—ശീങ് (ശയിക്ക)—ശവത്തിന്റെശയനസ്ഥാനം. ൨. പിതൃവനം—വന (കൂട്ടുക)—പ്രെതങ്ങൾകൂട്ടുന്നിടം.

കുണപം ശവം [അസ്ത്രിയാം] A dead body.

൧. കുണപം—പാ (രക്ഷിക്ക)—കുണനത്തെ (ശബ്ദത്തെ)—രക്ഷിക്കുന്നതു. ൨. ശവം—ശവ (ഗമിക്ക)—ജീവൻപൊയ്പ്പൊയതു.

പ്രഗ്രാഹൊ'പഗ്രഹൌ വന്ദ്യാം കാരാ സ്യാൽ ബന്ധനാലയെ

പ്രഗ്രാഹഃ ഉപഗ്രഹഃ വന്ദ്യാം—ബന്ധിക്കപ്പെട്ടവൻ A prisoner.

൧. പ്രഗ്രാഹൻ. ൨. ഉപഗ്രഹൻ—ഗ്രഹ (പിടിക്ക)—ബലംകൊണ്ടുപിടിക്കപ്പെട്ടവൻ. ൩. വന്ദ്യാം—ബധ (സ്ഥിരമാക്കുക)—ജെലിൽഇടപ്പെട്ടവൻ.

കാരാ [സ്യാൽ] ബന്ധനാലയഃ—കാരാഗൃഹം - A prison or jail.

൧. കാരാ—ധൃകൃഞ് (ചെയ്ക)—ബന്ധനംചെയ്യുന്നേടം. ൨. ബന്ധനാലയം—ബന്ധിക്കുന്നതിനുള്ളആലയം (ഭവനം).

വൈശ്യപ്രകരണം.

—o—

ഊരവ്യാ ഊരുജാ അൎയ്യാ വൈശ്യാ ഭൂമിസ്പൃശോ വിശഃ

ഊരവ്യാഃ ഊരുജാഃ അൎയ്യാഃ വൈശ്യാഃ ഭൂമിസ്പൃശഃ വിശഃ — വൈശ്യന്മാർ. Veisyas, men of the third tribe.

൧. ഊരവ്യൻ. ൨. ഊരുജൻ—ബ്രഹ്മാവിന്റെ ഊരുവിൽ (തുടയിൽ) നിന്നു ജനിച്ചവൻ. ൩. അൎയ്യൻ—ഋ (ഗമിക്ക)—എല്ലാവരാലും ആഗമിക്കപ്പെടുന്നവൻ; ശ്രേഷ്ഠൻ. ൪. വൈശ്യൻ—വിശ (പ്രവെശിക്ക)—വിക്രയസ്ഥാനത്തു പ്രവെശിക്കുന്നവൻ. ൫. ഭൂമിസ്പൃൿ—സ്പൃശ (സ്പൎശിക്ക)—കൃഷിക്കുവെണ്ടി ഭൂമിയെ സ്പൎശിക്കുന്നവൻ. ൬. വിട്ട—വിശ (പ്രവെശിക്ക)—പണ്യാദികളെ പ്രവെശിക്കുന്നവൻ.

ആജീവോ ജീവികാ വാൎത്താ വൃത്തിൎവ്വൎത്തനജീവനെ

ആജീവഃ ജീവികാ വാൎത്താ വൃത്തിഃ വൎത്തനം ജീവനം. Livelihood or profession.

൧. ആജീവം. ൨. ജീവക. ൩. ജീവനം—ജീവ (ജീവിക്ക)—ജീവനം കഴിക്കുന്നതിനുള്ള പ്രവൃത്തി. ൪. വാൎത്ത. ൫. വൃത്തി. ൬. വൎത്തനം—വൃതു (വൎത്തിക്ക).

സേവാ ശ്വവൃത്തിരനൃതം കൃഷിരുഞ്ഛശിലം ത്വൃതം

സേവാ ശ്വവൃത്തിഃ Service.

൧. സേവ—ഷെവൃ (സേവിക്ക). ൨. ശ്വവൃത്തി—ശ്വാവിനെ (നായെ) പൊലെ ആശ്രയിക്ക.

അനൃതം കൃഷിഃ Agriculture.

൧. അനൃതം—ഋജ (ഗമിക്ക)—നിശ്ചയമില്ലാത്ത പ്രവൃത്തി. ൨. കൃഷി—കൃഷ (ഉഴുക).

ഉഞ്ഛശിലം [ഉ] ഋതം—കാലാപെറുക്കുക Gleaning.

൧. ഉഞ്ഛശിലം—ഉഛി (കൂട്ടുക)—ഊരിയും പെറുക്കിയും വൃത്തികഴിയുന്നതു. ൨. ഋതം—ഋജ (ഗമിക്ക)—നിശ്ചയമുള്ള പ്രവൃത്തി; വെള്ളം; സത്യം.

സത്യാനൃതന്തു വാണിജ്യം സ്യാദൃണം പര്യുദഞ്ചനം

സത്യാനൃതം [തു] വാണിജ്യം—കച്ചവടം. Traffic commerce.

൧. സത്യാനൃതം—സത്യവും അസത്യവും കൂടിയ പ്രവൃത്തി. ൨. വാണിജ്യം—ഇതിങ്കൽ വാണി (വാക്കു) ഉപയോഗമാകകൊണ്ടു. പാഠ: വണിക്കിന്റെ പ്രവൃത്തി.

[സ്യാൽ]ഋണം പര്യുദഞ്ചനം—കടം. Debt.

൧. ഋണം—ഋ (ഗമിക്ക)—കാലാന്തരംകൊണ്ടു തിരികെ ഗമിക്കുന്നതു. ൨. പര്യുദഞ്ചനം—അഞ്ച (ഗമിക്ക)—ഒരുത്തന്റെ കയ്യിൽനിന്നു മറെറാരുത്തന്റെ കയ്യിൽ ചെല്ലുന്നതു.

കുസീദികോ വാർദ്ധുഷികോ വൃദ്ധ്യാജീവശ്ച വാർദ്ധുഷിഃ

കുസീദികഃ വാർദ്ധുഷികഃ വൃദ്ധ്യാജീവഃ [ച] വാർദ്ധുഷിഃ—പലിശയ്ക്കു കൊടുക്കുന്നവൻ. A usurer.

൧. കുസീദികൻ—കുസീദം (അല്പ പലിശയ്ക്കു വാങ്ങിച്ച ധനം) അധികം പലിശയ്ക്കു കൊടുത്തു ഉപജീവനം കഴിക്കുന്നവൻ. ൨. വാർദ്ധുഷികൻ. ൩. വൃദ്ധ്യാജീവൻ. ൪. വാർദ്ധുഷി—വൃധു (വർദ്ധിക്ക)—ധനം പലിശകൊണ്ടു വർദ്ധിപ്പിച്ചു ഉപജീവനം കഴിക്കുന്നവൻ.

ക്ഷേത്രാജീവഃ കർഷകശ്ച കൃഷികശ്ച കൃഷീവലഃ

ക്ഷേത്രാജീവഃ കർഷകഃ [ച] കൃഷികഃ [ച] കൃഷീവലഃ—കൃഷിക്കാരൻ. A husbandman.

൧. ക്ഷേത്രാജീവൻ—ക്ഷേത്രം (നിലം) കൃഷിചെയ്തു ജീവിക്കുന്നവൻ. ൨. കർഷകൻ. ൩. കൃഷികൻ. ൪. കൃഷീവലൻ—കൃഷ (ഉഴുക).

പുന്നപുംസകയോർവ്വപ്രഃ കേദാരഃ ക്ഷേത്രമസ്യതു

[പുന്നപുംസകയോഃ] വപ്രഃ കേദാരഃ ക്ഷേത്രം [അസ്യതു]

൧. വപ്രം—വപ (പാകുക)—നെല്ലുംമററുംപാകുന്നിടം. ൨. കേദാരം—ദ (പിളക്ക)—നനയുമ്പോൾ പിളക്കപ്പെടുന്നതു. ൩. ക്ഷേത്രം—ക്ഷിണ് (ഹിംസിക്ക)—ഫലംകൊണ്ടുഹിംസിക്കപ്പെടുന്നതു.

പ്രാജനം തോദനം തോത്രം ഖനിത്രമവദാരണം

പ്രാജനം തോദനം തോത്രം—അടിക്കുംകോൽ A goad.

൧. പ്രാജനം—അജ (നടത്തുക)—കാളയെകത്തിനടത്തുന്നതിനുള്ളകോൽ. ൨. തോദനം. ൩. തോത്രം—തുദ (ദുഃഖിപ്പിക്ക)—കാളയെവേദനപ്പെടുത്തിനടത്തുന്നതു.

ഖനിത്രം അവദാരണം—ഇരിമ്പപാര, തുമ്പാ A spade or noe.

൧. ഖനിത്രം—ഖന (കുഴിക്ക)—ഭൂമികുഴിക്കുന്നതിനുള്ളതു. ൨. അവദാരണം—ദൃ (പിളക്ക)

ദാത്രം ലവിത്ര മാബന്ധോ യോത്രം യോക്ത്ര മഥോ ഫലം
നിരീഷം കുടകം ഫാലഃ കൃഷകോ ലാംഗലം ഹലം

ദാത്രം ലവിത്രം—അരിവാൾ A sickle.

൧. ദാത്രം—ദൊ (അറിക്ക)പാഠഃ ദാന(അറുക്കുക). ൨. ലവിത്രം—ലൂഞ് (ഛേദിക്ക).

ആബന്ധം യോത്രം യോക്ത്രം—അമിക്കയറു The tie of the yoke.

൧. ആബന്ധം—ബന്ധ (ബന്ധിക്ക)—നുകം ബന്ധിക്കുന്ന കയർ. ൨. യോത്രം—യുജിര് (ബന്ധിക്ക). ൩. യോക്ത്രം—യു (ചേൎക്കുക).

[അഥ] ഫലം നിരീഷം കുടകം ഫാലഃ കൃഷകം—കൊഴുവു The ploughshare

൧. ഫലം—ഫല (പിളൎക്കുക)—ഭൂമി ഇതിനാൽ പിളൎക്കപ്പെടുന്നതുകൊണ്ടു. ൨. നിരീഷം—ഈഷകൊണ്ടില്ലാത്തത. ൩. കുടകം—കുട (വളയുക)—വക്രമായിരിക്കുന്നതു. ൪. ഫാലം—ഫല (പിളൎക്കുക); നെററി. ൫. കൃഷകം—കൃഷ (ഉഴുക).

ലാംഗലം ഹലം— A plough.

൧. ലാംഗലം—ലഗി (ഗമിക്ക)—ഭൂമിയുടെ അകത്തു ഗമിക്കുന്നതു. ൨. ഹലം—ഹല (ഉഴുക).

ക്ഷവഃ ക്ഷുധാഭിജനനോ രാജികാ കൃഷ്ണികാ'സുരീ

ക്ഷവഃ ക്ഷുധാഭിജനനഃ രാജികാ കൃഷ്ണികാ അസുരീ

൧. ക്ഷവം—ക്ഷു (ശബ്ദിക്ക)—തുമ്മിക്കുന്നതു. ൨. ക്ഷുധാഭിജനനം—ക്ഷുധ (കൊപിക്ക)-ക്ഷുത്തിനെ ഉണ്ടാക്കുന്നതു ൩. രാജിക—രാജൃ (ശോഭിക്ക)—പൂവുണ്ടാകുമ്പോൾ ശോഭിക്കുന്നതു. ൪. കൃഷ്ണികാ—കൃഷ്ണ (കറുത്ത)—നിറമുള്ളതു. ൫. അസുരി—അസുരസ്ത്രീകളെപ്പോലെ കൊപമുള്ളതു.

ധാന്യം വ്രീഹിഃ സ്തംബകരിഃ സ്തംബോ ഗുഛ'സ്തൃണാദിനഃ

ധാന്യം വ്രീഹിഃ സ്തംബകരി Grain.

൧. ധാന്യം—ധാഞ് (പൊഷിപ്പിക്ക)പാഠഃ ധന (വിളയുക). ൨. വ്രീഹി—വൃഹ (വൎദ്ധിക്ക) പാഠഃ വൃഞ (വരിക്ക)—ദേഹത്തെ പുഷ്ടിയാക്കുന്നതു. ൩. സ്തംബകരി—കൃഞ (ഉണ്ടാക്കുക)—സ്തംബത്തെ (തണ്ടിനെ) ഉണ്ടാക്കുന്നതു.

സ്തംബം ഗുഛഃ [തൃണാദിന]—തൃണാദികളുടെ തണ്ടു Clumb of grass &c.

൧. സ്തംബം—സ്ത (നില്ക്കുക); പുല്ക്കെട്ട; കാറ; പൎവ്വതം. ൨. ഗുല്മം—ഗുധ (ചുററുക)—ഭൂമിയിൽപടൎന്നുകിടക്കുന്നതു.

പൌരോഗവസ്സൂദാദ്ധ്യക്ഷസ്സൂപകാരാസ്തു വല്ലവാഃ
ആരാളികാ ആന്ധസികാ സൂദാ ഔദാനികാ ഗുണാഃ

പൌരോഗവഃ [തദ്ധ്യക്ഷഃ]—തലപ്പാചകൻ   Overseer of the ritcheu.

൧. പൌരോഗവൻ—പുരോഗുവിന്റെ (പചകസ്ഥാനത്തിന്റെ) അദ്ധ്യക്ഷൻ (മേലധികാരി).

സൂപകാരാഃ [ഇ] വല്ലവാഃ ആരാളികാഃ ആന്ധസികാഃ സൂദാഃ ഔദാനികാഃ ഗുണാഃ—വെപ്പുകാർ.   Cooks

൧. സൂപകാരൻ—സൂപം (കറി) ഉണ്ടാക്കുന്നവൻ. ൨. വല്ലവൻ—വല്ല (സന്തോഷിപ്പിക്ക)—പാകവിശേഷംകൊണ്ടു സന്തോഷിപ്പിക്കുന്നവൻ. ൩. ആരാളികൻ—ആരാളം (വക്രം) ആയി വിളമ്പുന്നതിനും മററും നടക്കുന്നവൻ. ൪. ആന്ധസികൻ—അന്ധസ്സു (ചോറ) ഉണ്ടാക്കുന്നവൻ. ൫. സൂദൻ—സൂദ (ഹിംസിക്ക)—പാകിന്മേലുള്ള പ്രാണിയെ ഹിംസിക്കുന്നവൻ. പാഠാ: ക്ഷുദ (ഹിംസിക്ക)—അരി മുതലായതു വെവിക്കുന്നവൻ. ൬. ഔദാനികൻ—ഓദനം (ചോറ) ഉണ്ടാക്കുന്നവൻ. ൭. ഗുണൻ—ഗുണ (അഭ്യസിക്ക)—ആവൎത്തിച്ചു പാകം ചെയ്യുന്നവൻ.

ആപൂപികഃ കാന്ദവികോ ഭക്ഷ്യകാര ഇമേ ത്രിഷു

ആപൂപികഃ കാന്ദവികഃ ഭക്ഷ്യകാരഃ [ഇമെ ത്രിഷു] അപ്പക്കാരൻ   A baker.

൧. ആപൂപികൻ—അപൂപം (അപ്പം) ഉണ്ടാക്കുന്നവൻ. ൨. കാന്ദവികൻ—കന്ദു എന്ന പാത്രത്തിൽ അപ്പം ഉണ്ടാക്കുന്നവൻ. ൩. ഭക്ഷ്യകാരൻ—ഭക്ഷ്യം (ഭക്ഷണം) ഉണ്ടാക്കുന്നവൻ.

അശ്മന്തമുദ്ധാനമതിശ്രയണീ ചുല്ലിരന്തികാ

അശ്മന്തം ഉദ്ധാനം അതിശ്രയണീ ചുല്ലിഃ അന്തികാ—അടുപ്പ   A furnace or fireplace.

൧. അശ്മന്തം—അശ്മത്തിനു (കല്ലിനു) കൂടെ നാശം വരുത്തുന്നതു ൨. ഉദ്ധാനം ധാഞ് (ധരിക്ക)—അഗ്നിയെ ധരിക്കുന്നതു. ൩. അതിശ്രയണി—ശ്രിഞ് (പാകംചെയ്ക)—പാകംചെയ്യുന്നതിനുള്ളതു. ൪. ചുല്ലി—ചുല്ല (പ്രേരിക്ക)—അഗ്നിപ്രേരിക്കപ്പെട്ടുന്നിടം. ൫. അന്തിക—ദഹിച്ചുഅന്തംവരുന്നതു.

പിഠരഃ സ്ഥാല്യുഖാ കുണ്ഡം കലശസ്തു ത്രിഷു ദ്വയോഃ
ഘടഃ കുടനിപാവസ്ത്രീ ശരാവോ വൎദ്ധമാനകഃ

പിഠരഃ സ്ഥാലീ ഉഖാ കുണ്ഡം—കലം   A pot.

൧. പിഠരം—പിഠ (യോജിപ്പിക്ക)—രണ്ടുകപാലത്തെഒന്നിച്ചുചെൎക്കുന്നതു. ൨. സ്ഥാലി—സ്ഥാ (സ്ഥിതിചെയ്ക)—അരിമുതലായതുവെക്കുന്നതു. ൩. ഉഖാ—ഉഖ (ഗമിക്ക)—ഭക്ഷിക്കുന്നസ്ഥലത്തെക്കു ചൊറുകൊണ്ടുപൊകുന്നപാത്രം. ൪. കുണ്ഡം—കുഡി (വെവിക്ക)—അരിമുതലായതുവെവിക്കുന്നതിനുള്ളതു.

കലശം [തു ത്രിഷു ദ്വയോഃ] ഘടഃ കുടഃ നിപഃ കുടം A water pot.

൧. കലശം—ലാ (കൊണ്ടുവരിക)—കം (വെള്ളം) കൊണ്ടുവരുന്നതിനുള്ളതു. ൨. ഘടം—ഘട (യോജിപ്പിക്ക)—മണ്ണുകൊണ്ടും മറ്റും ഉണ്ടാക്കപ്പെട്ടതു. ൩. കുടം—കുട (കുടിലമാക)—കുട്ടതായതു. ൪. നിപം—പാ (പാനംചെയ്ക)—ഇതിൽനിന്നു വെള്ളംപാനംചെയ്യപ്പെടുന്നതുകൊണ്ടു.

[അസ്ത്രീ] ശരാവഃ വൎദ്ധമാനകഃ—മൂടി A lid.

൧. ശരാവം—അവ (രക്ഷിക്ക)—വെള്ളത്തിൽ പൊടിയുംമറ്റുംവീഴാതാക്കുന്നതു. ൨. വൎദ്ധമാനകം—വൎദ്ധ (ഛെദിക്ക)—കുലാലചക്രത്തിങ്കൽനിന്നു ഛെദിച്ചെടുക്കുന്നതു.

സൎവ്വമാ’വപനം ഭാണ്ഡം പാത്രാ’മത്രെച ഭാജനം

[സൎവ്വം] ആവപനം ഭാണ്ഡം പാത്രം അമത്രം [ച] ഭാജനം Any vessel.

൧. ആവപനം—വപ (മുളപ്പിക്ക)—വിത്തുകൾപാകി മുളപ്പിക്കുന്നതിനുള്ളപാത്രം ആങ് പൂൎവ്വമായ വപ ധാതുവാകയാൽ ധാന്യങ്ങൾവെക്കുന്നതിനുള്ളതുഎന്നും അൎത്ഥം. ൨. ഭാണ്ഡം—ഭഡ (ശുഭമാക്കുക)—ഇതിൽവെക്കപ്പെട്ടതതിനെ ശുഭമായിരക്ഷിക്കുന്നതു. ൩. പാത്രം—പാ (പാലിക്ക)—അന്നാദികളെ രക്ഷിക്കുന്നതു; യോഗ്യത; ശരീരം; മന്ത്രി. ൪. അമത്രം—അമ (ഗമിക്ക)—അന്നാദികൾവെക്കപ്പെടുന്നതു. ൫. ഭാജനം—ഭജ (സെവിക്ക).

ദൎവ്വിഃ കംബിഃ ഖജാകാ ച സ്യാ‘ത്തൎദ്ദൂ‘ൎദ്ദാരു ഹസ്തകഃ

ദൎവ്വിഃ കംബിഃ ഖജാകാ [ച] [സ്യാൽ] തൎദ്ദൂഃ ദാരുഹസ്തക—കയിൽ A ladle or spoon.

൧. ദൎവ്വി—ദൃ (പിളൎക്ക)—വെവിക്കുമ്പൊൾ വിദാരണംചെയ്യുന്നതിനുള്ളതു. ൨. കംബി—കമ (കാമിക്ക)—ചൂടുഹെതുവായി പാകംചെയ്യുന്നതിനെ ഇളക്കുന്നതിനു ആവശ്യപ്പെടുന്നതു. ൩. ഖജാക—ഖജ (മഥനംചെയ്ക)—ശാകാദികളെമഥനംചെയ്യുന്നതു. ൪. തൎദ്ദു—തൎദ്ദ (വിസ്തരിക്ക)—ചൂടുള്ളപായസാദികൾ വിസ്തരിക്കുന്നതിനുള്ളമരച്ചട്ടുകം; പാഠ: തണ്ഡു—തൃ (കടക്കുക)—ഇതുകൊണ്ടു ഉഷ്ണഭയംകടക്കുന്നതിനാൽ. ൫. ദാരുഹസ്തകം—ദാരു (മരം)കൊണ്ടുഹസ്തം (കൈ) ഉള്ളതു.

മരിചം കൊലകം കൃഷ്ണ’മൂഷണം ധൎമ്മപത്തനം

മരിചം കൊലകം കൃഷ്ണം ഊഷണം ധൎമ്മപത്തനം—കുരുമുളക Pepper.

൧. മരിചം—മ്രിൿ (മരിക്ക)—മരണ വേദനപോലെ വേദനപ്പെടുത്തുന്നതു. ൨. കോലകം—കുഢ (പൂട്ടപിടിക്ക)—ഉഷ്ണവീൎയ്യമായുള്ളതു. പാഠ:—കല (ചേരുക)—കൂടിയിരിക്കുന്നതു. ൩. കൃഷ്ണം—കറുത്ത നിറമുള്ളതുകൊണ്ടു. ൪. ഊഷണം—ഉഷ (വേദനപ്പെടുത്തുക)—മനുഷ്യനെ വേദനപ്പെടുത്തുന്നതു. ൫. ധൎമ്മപത്തനം—ധൎമ്മപത്തനം എന്ന നാട്ടിൽ അധികം ഉണ്ടാകുന്നതുകൊണ്ടു.

ജീരകോ ജരണോഽജാജീ കണാഃ കൃഷ്ണേതു ജീരകേ

ജീരകഃ ജരണഃ അജാജി കണാഃ [കൃഷ്ണേതു ജീരകേ] Cumin.

൧. ജീരകം. ൨. ജരണം—ജൄ (ജീൎണ്ണം ചെയ്ക)—ദഹനമുണ്ടാക്കുന്നതു. ൩. അജാജി—അജ (ക്ഷേപിക്ക)—മന്ദാഗ്നിയെ കളയുന്നതു. ൪. കണം—കണ (ഗമിക്ക) പാറിപ്പോകുന്നതായ പൊടിയുള്ളതു.

സുഷവീ കാരവീ പൃഥ്വീ പൃഥുഃ കാലോപകുഞ്ചികാ

സുഷവീ കാരവീ പൃഥ്വീ പൃഥുഃ കാലാ'ഉപകുഞ്ചികാ—കരിഞ്ചീരകം Colonji.

൧. സുഷവീ—ഷൂ (പ്രേരിക്ക)—മന്ദാഗ്നിയെ ഏററവും ജ്വലിപ്പിക്കുന്നതു. ൨. കാരവീ—കാരുവിനെ (തട്ടാനെ) പോലെ അഗ്നിദീപന കൎമ്മത്തിങ്കൽ സമൎത്ഥമായതു. ൩. പൃഥ്വീ. ൪. പൃഥു—അഗ്നിദീപന കൎമ്മത്തിന്നു വളരെ ഉപകാരമുള്ളതു. ൫. കാലാ—കൃഷ്ണവൎണ്ണമുള്ളതു. ൬. ഉപകുഞ്ചിക—കുഞ്ച (കുറയ്ക)—വാതശ്ലേഷ്മത്തെ കുറയ്ക്കുന്നതു.

ആൎദ്രകം ശൃംഗിവേരം സ്യാദഥ ഛത്രാ വിതുന്നകം

ആൎദ്രകം ശൃംഗിവേരം [സ്യാൽ]—ഇഞ്ചി Ginger.

൧. ആൎദ്രകം—അൎദ്ദ (ഹിംസിക്ക)—കഫശൂലയെ നശിപ്പിക്കുന്നതു. പാഠ:—ആൎദ്രാ(തിരുവാതിര)നക്ഷത്രത്തിങ്കൽ ജനിച്ചതു. ൨. ശൃംഗിവേരം—കൊമ്പിനോടു തുല്യമായ ശരീരമുള്ളതു.

[അഥ] ഛത്രാ വിതുന്നകം—കൊത്തമ്പാലരി Coriander.

൧. ഛത്രാ—ഛദ (മറെക്ക)—പിത്താദിദോഷങ്ങളെ കളയുന്നതു. ൨. വിതുന്നകം—തുദ (വേദനപ്പെടുത്തുക)—പിത്താദിരോഗങ്ങളെ നശിപ്പിക്കുന്നതു.

സഹസ്രവേധി ജതുകം ബാല്ഹികം ഹിംഗു രാമഠം

സഹസ്രവേധീ ജതുകം ബാല്ഹികാ ഹിംഗു രാമഠം—പെരുങ്കായം Assafoetida.

൧. സഹസ്രവേധീ—വിധ (ഗന്ധിക്ക)—സഹസ്ര (വളരെ) പേരെയോടു കൂടിഗന്ധിപ്പിക്കുന്നതു. ൨. ജതുകം—ജനീ (ജനിക്ക)—ഒരുവിശേഷവൃക്ഷത്തിൽ നിന്നുണ്ടാകുന്നതു. ൩. ബാല്ഹികം—ബാല്ഹികം എന്ന നാട്ടിൽ ഉണ്ടാകുന്നതു; കുങ്കുമം.

൪. ഹിംഗു—ഹി (ഗമിക്ക)—ഗന്ധംപ്രാപ്പെടുവിക്കുന്നതു. ൫. രാമഠം—രാമഠം എന്നദിക്കിൽഉണ്ടാകുന്നതു.

നിശാഖ്യാ കാഞ്ചനീ പീതാ ഹരിദ്രാ വരവൎണ്ണിനീ

നിശാഖ്യാ കാഞ്ചനീ പീതാ ഹരിദ്രാ വരവൎണ്ണിനീ—മഞ്ഞൾ Turmeric.

൧. നിശാഖ്യാ—നിശയുടെ (രാത്രിയുടെ) ആഖ്യ (പെർ)ഉള്ളതു. ൨. കാഞ്ചനീ—കാഞ്ചന (സ്വൎണ്ണ) നിറമുള്ളതു. ൩. പീതാ—പീത (മഞ്ഞ) നിറമുള്ളതു; ചെങ്കുറുമൊഴി. ൪. ഹരിദ്രാ—ദ്രാ (ഗമിക്ക)—ഹരിതം (മഞ്ഞൾ)നിറമായിട്ടുള്ളതു. ൫. വരവൎണ്ണിനി—വര(ശ്രേഷ്ഠമായ) വൎണ്ണിനി(നിറമുള്ളതു).

സാമുദ്രം യ‘ത്തു ലവണം അക്ഷീബം വസിരം ചതൽ

[സാമുദ്രം യൽ തു ലവണം] അക്ഷീബം വസിരം [ച തൽ] കടലുപ്പു Sea-salt.

൧. അക്ഷീബം—അക്ഷ (വ്യാപിക്ക)—കറികളിൽ വ്യാപിക്കുന്നതു. ൨. വസിരം—വശ (കാമിക്ക)—രുചിയ്ക്കായിട്ടു ആവശ്യപ്പെടുന്നതു.

സൈന്ധവൊഽസ്ത്രീ ശീതശിവം മാണിമന്ഥം ച സിന്ധുജെ

സൈന്ധവം [അസ്ത്രീ] ശീതശിവം മാണിമന്ഥം [ച] സിന്ധുജം—ഇന്തുപ്പു.
Rock-salt.

൧. സൈന്ധവം. ൪. സിന്ധുജം—സിന്ധു എന്നദിക്കിൽ ഉണ്ടാവുന്നതു. ൨. ശീതശിവം—ശിഞ (കറയ്ക)—ഉഷ്ണവീൎയ്യംകൊണ്ടു ശീതം നശിപ്പിക്കുന്നതു;—സിതശിവം എന്നു പാഠാന്തരമുണ്ടു. ൩. മാണിമന്ഥം—മണിമന്ഥം എന്നമലയിൽ ഉണ്ടാകുന്നതു.

ഭിസ്സാ സ്ത്രീ ഭക്ത‘മന്ധോഽന്ന‘മോദനോഽസ്ത്രീസ ദീദിവിഃ

ഭിസ്സാ സ്ത്രീ ഭക്തം അന്ധഃ അന്നം ഓദനഃ [അസ്ത്രീ സ] ദീദിവിഃ—ചോർ
Boiled rice.

൧. ഭിസ്സ—ഭസ (ഭക്ഷിക്ക). ൨ ഭക്തം—ഭജ (സെവിക്ക)—മനുഷ്യരാൽ സെവിക്കപ്പെടുന്നതു. ൩. അന്ധസ്സ—അദ (ഭക്ഷിക്ക); ഇരുട്ടു. ൪. അന്നം—അന (ജീവിക്ക)— ഇതുകൊണ്ടു ജനങ്ങൾ ജീവിക്കുന്നതിനാൽ. ൫. ഓദനം—ഉന്ദീ (നനെക്കുക)—കറികൾകൊണ്ടു നനയ്ക്കപ്പെടുന്നതു. പാഠ:—അഴുകുമ്പൊൾ വെള്ളം ഒഴുകുന്നതു. ൬. ദീദിവി—ദിവു (ക്രീഡിക്ക)—ജനങ്ങളെ പ്രകാശിപ്പിക്കുന്നതു.

യവാഗൂ‘രുഷ്ണികാ ശ്രാണാ വിലെപീ തരളാ ചസാ

യവാഗൂഃ ഉഷ്ണികാ ശ്രാണാ വിലെപീ തരളാ [ച സാ] കഞ്ഞി Rice gruel.

൧. യവാഗു—യു (മിശ്രമാക്കുക)—അരിമുതലായതുകൊണ്ടു മിശ്രമാക്കപ്പെട്ടതു.

൨. ഉഷ്ണിക—ഉഷ (ദാഹെ)—ദാഹത്തിങ്കൽ കുടിക്കുന്നതു. ൩. വിലെപി—ലിപ (തെക്കുക)—കലത്തിലും തവിമെലും പറ്റുന്നത. ൪. തരളാ—ഇളക്കമുള്ളത.

തൎണ്ണു ശുഷ്കംകരീഷോസ്ത്രീ ദുഗ്ദ്ധം ക്ഷീരം പയസ്സമം

[തൎണ്ണു ശുഷ്കം] കരീഷഃ [അസ്ത്രീ] വരട്ടുചാണകം Dry cowdung.

൧. കരീഷം—കൃ (വിക്ഷെപിക്ക) അഗ്നിയിൽ ഇടപ്പെടുന്നതു.

ദുഗ്ദ്ധം ക്ഷീരം പയഃ [സമം] പാൽ Milk.

൧. ദുഗ്ദ്ധം—ദുഹ (കറക്കുക)—കറന്നു എടുക്കപ്പെടുന്നതു. ൨. ക്ഷീരം—ഗസ്ല (ആസ്വാദിക്ക)—ആസ്വാദിക്കപ്പെടുന്നതു; വെള്ളം. ൩. പയസ്സ—പാ (കുടിക്ക)—കുടിക്കപ്പെടുന്നതു; വെള്ളം.

ഘൃതമാജ്യം ഹവിസ്സൎപ്പിൎന്നവനീതം നവൊദ്ധൃതം

ഘൃതം ആജ്യം ഹവിഃ സൎപ്പിഃ—നെയ്യ Clarified butter.

൧. ഘൃതം—ഘൃ (ഉരുകുക)—ഉരുക്കിയതു. ൨. ആജ്യം—അഞ്ജ (നനയ്ക്കു ക)—ഭക്ഷണസാധനത്തെ നനയ്ക്കുന്നതു. ൩. ഹവിസ്സ—ഹു (കൊടുക്ക)—ദെവതമാൎക്കു കൊടുക്കപ്പെടുന്നതുകൊണ്ടു. ൪. സൎപ്പിസ്സ—സൃ (ഒഴുകുക)—ഉരുകി ഒഴുകുന്നതു.

നവനീതം നവൊദ്ധൃതം—വെണ്ണ Fresh butter.

൧. നവനീതം—നവം (പുതുതായി) നീതം (എടുക്കപ്പെട്ടതു). ൨. നവൊദ്ധൃതം—നവം (പുതുതായി) ഉദ്ധൃതം (എടുക്കപ്പെട്ടതു).

ദണ്ഡാഹതം കാലശെയ മരിഷ്ടമപി ഗൊരസഃ

ദണ്ഡാഹതം കാലശെയം അരിഷ്ടം [അപി] ഗൊരസഃ—മൊര Butter milk.

൧. ദണ്ഡാഹതം—ഹന (ഹനിക്ക)—ദണ്ഡം (കടകൊൽ) കൊണ്ടു കലക്കപ്പെട്ടത. ൨. കാലശെയം—കലശത്തിൽ (കുടത്തിൽ) ഭവിക്കുന്നത. ൩. അരിഷ്ടം—രിഷ (ഹിംസിക്ക)—അപഥ്യം കൊണ്ടു ഹിംസിക്കാത്തതു; ഭാഗ്യം; നിൎഭാഗ്യം; വെ ങ്കായം; കാകൻ; ഞാറപ്പക്ഷി; പുളിഞ്ചി; വെപ്പു; സൂതികാഗൃഹം. ൪. ഗൊരസം—ഗൊസംബന്ധമായരസം.

അശനായാ ബുഭുക്ഷാ ക്ഷുൽ ഗ്രാസം തു കബളാൎത്ഥകഃ

അശനായാ ബുഭുക്ഷാ ക്ഷുൽ—വിശപ്പു Hunger.

൧. അശനായാ—അശനത്തിനു (ഭക്ഷണത്തിനു) ഉള്ള ഇച്ശ. ൨. ബുഭുക്ഷാ—ഭുജ (ഭക്ഷിക്ക)—ഭക്ഷിക്കുന്നതിനുള്ള ആഗ്രഹം. ൩. ക്ഷുത്തു—ക്ഷുധ (വിശക്കുക) തുമ്മൽ.

ഗ്രാസം [തു] കബളം [അൎദ്ധകം]—ഉരുള A mouthful.

൧. ഗ്രാസം—ഗ്രസു (വിഴുങ്ങുക)—വിഴുങ്ങാനുള്ളത; ൨. കബളം—ബല (പൊക്കിപ്പിക്ക); പാഠ: വല (സംചലിക്ക)—ഭക്ഷിക്കുമ്പോൾ കെ(താലുവിങ്കൽ)ഇളകുന്നതു; വ്യാജം.

ഉദന്യാ തു പിപാസാ തൃട് തൎഷൊ ജഗ്ധിസ്തു ഭൊജനം
ജെമനം ലെപ ആഹാരൊ നിഘസൊ ന്യാദ ഇത്യപി

ഉദന്യാ [തു] പിപാസാ തൃൾ തൎഷഃ—ദാഹം Thurst.

൧. ഉദന്യാ—ഉദകത്തിങ്കലുള്ള ഇച്ശ. ൨. പിപാസാ—പാ (പാനം ചെയ്ക)—പാനം ചെയ്വാനുള്ള ഇച്ശ. ൩. തൃൾ. ൪. തൎഷം—തൃഷ (ദാഹിക്ക).

ജഗ്ധിഃ [തു] ഭൊജനം ജെമനം ലെപഃ ആഹാരഃ നിഘസഃ ന്യാദഃ [ഇതി അപി]—ഭക്ഷണം Food.

൧. ജഗ്ധി. ൬. നിഘസം. ൭. ന്യാദം—അദ (ഭക്ഷിക്ക). ൨. ഭൊജനം—ഭുജ (ഭക്ഷിക്ക). ൩. ജെമനം—ജെമു (ഭക്ഷിക്ക). ൪. ലെപം—ലിപ (വൎദ്ധിക്ക)—ഇതുകൊണ്ടു ദെഹം വൎദ്ധിക്കുന്നതിനാൽ.

സൌഹിത്യം തൎപ്പണം തൃപ്തിഃ ഫെലാ ഭുക്തസമുജ്ഝിതം

സൌഹിത്യം തൎപ്പണം തൃപ്തിഃ Satiety.

൧. സൌഹിത്യം. ൨. തൎപ്പണം. ൩. തൃപ്തി—തൃപ (തൃപ്തിയാക).

ഫെലാ ഭുക്തസമുജ്ഝിതം—ഉച്ഛിഷ്ടം Orts leaving.

൧. ഫെലാ—ഫെല്ല (ഗമിക്കുക)—ഭക്ഷണത്തിൽനിന്നു ത്യജിക്കപ്പെട്ടതു. ൨. ഭുക്തസമുജ്ഝിതം—ഭുക്തിയുടെ (ഭക്ഷണത്തിന്റെ)—സമുജ്ഝിതം (ഉഛിഷ്ടം).

കാമം പ്രകാമം പൎയ്യാപ്തം നികാമമിഷ്ടം യഥെപ്സിതം

കാമം പ്രകാമം പൎയ്യാപ്തം നികാമം ഇഷ്ടം യഥെപ്സിതം—യഥെഷ്ടം Will.

൧. കാമം. ൨. പ്രകാമം. ൪. നികാമം—കമു (കാമിക്ക). ൩. പൎയ്യാപ്തം—ആപ്ല (വ്യാപിക്ക)—ഇഛാന്തം വ്യാപിക്കപ്പെട്ടതു. ൫. ഇഷ്ടം—ഇഷു (ഇഛിക്ക). ൬. യഥെപ്സിതം—ഈപ്സിതത്തെ (ഇഛയെ)—അതിക്രമിക്കാത്തതു.

ഗൊപെ ഗൊപാല ഗൊസംഖ്യ ഗൊധുഗാഭീര വല്ലവാഃ

ഗൊപഃ ഗൊപാലഃ ഗൊസംഖ്യഃ ഗൊധുക ആഭീരഃ വല്ലവഃ—ഇടയൻ Herdsman.

൧. ഗൊപൻ. ൨. ഗൊപാലൻ—പാ (പാലിക്ക)—ഗൊവിനെ പാലിക്കുന്നവൻ.

൩. ഗൊസംഖ്യൻ—പശുക്കളെതിററി ഉടമസ്ഥന്റെ അടുക്കൽകൊണ്ടുചെന്നു എണ്ണം ബൊധപ്പെടുത്തുന്നവൻ. പാഠ: ചക്ഷിങ് (വ്യക്തമായിപറക)—ഗൊക്കൾ എത്രവന്നു എത്രവന്നില്ലാ എന്നു വിചാരിക്കുന്നവൻ. ൪. ഗൊദുക്—ദുഹ (കറക്കുക)—പശുക്കളെകറക്കുന്നവൻ. ൫. ആഭീരൻ—ഈര (പ്രെരിക്ക)—പശുക്കളെവഴിവിൽ ഇറക്കാതെ അടിച്ചുകൊണ്ടുപൊകുന്നവൻ. ൬. വല്ലവൻ—വല്ല (സന്തൊഷിപ്പിക്ക)—പശുക്കളെ ചൊറിഞ്ഞുസന്തൊഷിപ്പിക്കുന്നവൻ. പാഠ:—ബദ (ധൈൎയ്യപ്പെടുക); പാകംചെയ്യുന്നവൻ; ഭീമസെനൻ.

ഉക്ഷാ ഭദ്രൊ ബലീവൎദ്ദ ഋഷഭൊ വൃഷഭൊ വൃഷഃ
അനഡ്വാൻസൌരഭെയൊഗൌ'രുക്ഷ്ണാംസംഹതിരൌക്ഷകം

ഉക്ഷാ ഭദ്രഃ ബലീവൎദ്ദഃ ഋഷഭഃ വൃഷഭഃ വൃഷഃ അനഡ്വാൻ സൌരഭെയഃ ഗൌഃ കാള An ox.

൧. ഉക്ഷാ—ഉക്ഷ (നനെക്കുക)—പശുവിങ്കൽ രെതസ്സു വിടുന്നതു. ൨. ഭദ്രൻ—ഭദി (ഭദ്രമാക)—കല്യാണാംഗമുള്ളത. ൩. ബലീവൎദ്ദൻ—വൃങ് (വരിക്ക)—കഴുത്തിൽ വലികളുള്ളതു. ൪. ഋഷഭം—ഋഷ (ഗമിക്ക)—ഭംഗിയിൽ നടക്കുന്നതു; പാഠ:—പശുവിനെ കുറിച്ചു പൊകുന്നതു. ൫. വൃഷഭം. ൬. വൃഷം—വൃഷു (തളിക്ക)—രെതസ്സു ഭൂമിയിൽ തളിക്കുന്നതു; ഇടവംരാശി; ശ്രെഷ്ഠവാചകം. ൭. അനഡ്വാൻ—വഹ (വഹിക്ക)—അനസ്സിനെ (വണ്ടിയെ) വഹിക്കുന്നതു. ൮. സൌരഭെയൻ—സുരഭിയുടെ (പശുവിന്റെ) പുത്രൻ. ൯. ഗൊവ—ഗമ (ഗമിക്ക)—ഭംഗിയിൽ ഗമിക്കുന്നതു; പശു; സ്വൎഗ്ഗം; രശ്മി; അമ്പു; വാക്കു; കണ്ണു; ഭൂമി; വെള്ളം; ആദിത്യൻ; ചന്ദ്രൻ; അമ്മ.

[ഉക്ഷ്ണാം സംഹതിഃ] ഔക്ഷകം—കാളക്കൂട്ടം A herd of oxen.

ഔക്ഷകം—ഉക്ഷങ്ങളുടെ (കാളകളുടെ) കൂട്ടം.

മാഹെയീ സൌരഭെയീ ഗൌരുസ്രാ മാഹാ ച ശൃംഗിണീ
അൎജ്ജുന്യ'ഘ്ന്യാ രൊഹിണീ സ്യാ'ദുത്തമാഗൊഷു നൈചികീ

മാഹെയീ സൌരഭെയീ ഗൌഃ ഉസ്രാ മാഹാ [ച] ശൃംഗിണീ അൎജ്ജുനീ അഘ്ന്യാ രൊഹിണീ [സ്യാൽ] [ഉത്തമാഗൊഷു] നൈചികീ—പശു A cow.

൧. മാഹെയീ—മഹതിയുടെ (സുരഭിയുടെ) സന്തതി. ൨. സൌരഭെയീ—സുരഭിയുടെ (കാമധെനുവിന്റെ) സന്തതി. ൩. ഗൊവ—ഗമ (ഗമിക്ക)—സന്ധ്യയ്ക്കു സ്വസ്ഥാനത്തെക്കു പൊകുന്നതു. ൪. ഉസ്രാ—വസ (വസിക്ക)—ക്ഷീരത്തിന്റെ വാസം. ൫. മാഹാ—മഹ (പൂജിക്ക). ൬. ശൃംഗിണീ—ശൃംഗം (കൊമ്പ) ഉള്ളത. ൭. അൎജ്ജുനീ—അൎജ്ജുനം (വെള്ളനിറം)—മിക്കവാറും വെള്ളനിറമുള്ളതു. ൮. അഘ്ന്യാ—അഘി (ഗമിക്ക)—വെഗത്തിൽ ഗമിക്കുന്നത. പാഠ:—ഹന (ഹിംസിക്ക)—ഹിംസിക്കപ്പെടാത്തതു. ൯. രൊഹിണീ—രൊഹിണീ നക്ഷത്രംപൊലെ ഗുണം ചെയ്യുന്നതു.

വൈശാഖ മന്ഥ മന്ഥാന മന്ഥാനൊ മന്ഥദണ്ഡകെ

വൈശാഖഃ മന്ഥഃ മന്ഥാനഃ മന്ഥാഃ മന്ഥദണ്ഡകഃ—കടകൊൽ A churning stick.

൧. വൈശാഖം—മരത്തിന്റെ ശാഖ (കൊമ്പു)കൊണ്ടുണ്ടാക്കപ്പെട്ടതു. ൨. മന്ഥം. ൩. മന്ഥാനം. ൪. മന്ഥാവ—മന്ഥ (മഥനംചെയ്ക). ൫. മന്ഥദണ്ഡകം—മഥനം ചെയ്യുന്നതിനുള്ള ദണ്ഡ (കൊൽ).

ഉഷ്ട്രെ ക്രമെളക മയ മഹാംഗാഃ കരഭ’ശ്ശിശുഃ

ഉഷ്ട്രഃ ക്രമെളകഃ മയഃ മഹാംഗഃ—ഒട്ടകം A camel.

൧. ഉഷ്ട്രം—ഉഷ (ചുടുക)—മരുഭൂമിയിൽ വസിക്കുന്നതുകൊണ്ടു ഉഷ്ണം സഹിക്കുന്നതു. ൨. ക്രമെളകം—ഇള (ഗമിക്ക)—ക്രമെണ കാലുകൾ നീട്ടി നടക്കുന്നതു. ൩. മയം—മയ (ഗമിക്ക)—വളരെ യൊജന ഗമിക്കുന്നതു; മാട്ടുവം. ൪. മഹാംഗൻ—കഴുത്തുമുതലായ അംഗങ്ങൾ നീണ്ടവൻ.

കരഭഃ [ശിശുഃ]—ഒട്ടകക്കുട്ടി A young camel.

൧. കരഭം—രഭ (ഉയൎത്തുക)—കം (തലയെ) പൊക്കിപ്പിടിക്ക ശീലമുള്ളതു.

അജാ ഛാഗീസ്തുഭഃഛാഗ ബസ്തഃഛഗലകാ അജെ

അജാ ഛാഗീ—വെളുത്ത പെണ്ണാടു A white she goat.

൧. അജാ—അജ (ഗമിക്ക). ൨. ഛാഗീ—ഛൊ (ഛെദിക്ക)—രൊഗങ്ങളെ നശിപ്പിക്കുന്നതു.

സ്തുഭഃ ഛാഗഃ ബസ്തഃ ഛഗലകഃ അജഃ—വെളുത്താടു A white goat.

൧. സ്തുഭം—സ്തുഭ(ഹിംസിക്ക)—ഭക്ഷണത്തിനുവെണ്ടി ഇലകളെ ഹിംസിക്കുന്നതു. ൨. ഛാഗം. ൩. ഛഗലകം—ഛൊ (ഛെദിക്ക). ൪. ബസ്തകം—ബസ്ത (ഹിംസിക്ക). ൫. അജം—അജ (ഗമിക്ക).

മെഢ്രൊ’രഭ്രൊ’രണൊ’ൎണ്ണായു മെഷ വൃഷ്ണയ ഏഡകെ

മെഢ്രഃ ഉരഭ്രഃ ഉരണഃ ഊൎണ്ണായുഃ മെഷഃ വൃഷ്ണി ഏഡകഃ—ചുവന്ന ആടു A Ram.

൧. മെഢ്രം—മിഹ (സെചനം ചെയ്ക)—രെതസ്സിനെ സെചനം ചെയ്യുന്നതു; ലിംഗം. ൨. ഉരഭ്രം—ഭ്രമ (ഇളക്കുക)—ഉരസ്സിനെ ഇളക്കുന്നത. ൩. ഉരണം—രണ (ശബ്ദിക്ക) ഉച്ചത്തിൽ ശബ്ദിക്കുന്നതു. ൪. ഊൎണ്ണായു—ഊൎണ്ണം (ആട്ടുരൊമം) വളരെയുള്ളതു. ൫. മെഷം—മിഷ (സ്പൎദ്ധിക്ക)—എതിൎത്തുയുദ്ധത്തിനു ഇച്ഛിക്കുന്നതു. ൬. വൃഷ്ണി—വൃഷ (സെചനംചെയ്ക)—രെതസ്സു സെചനം ചെയ്യുന്നതു. ൭. ഏഡ

കം—ഈഡ (സ്തുതിക്ക)—മാംസം നല്ലതെന്നു സ്തുതിക്കപ്പെടുന്നതു. പാ०:—ഏല കം—ഇല (ഗമിക്ക).

ചക്രീവന്തസ്തു ബാലേയാ രാസഭാ ഗദ്ദഭാഃ ഖരാഃ

ചക്രീവന്തഃ [തു] ബാലേയാഃ രാസഭാഃ ഗദ്ദഭാഃ ഖരാഃ—കഴുതകൾ. Asses.

൧. ചക്രീവാൻ—വളരെയുള്ളതു. ൨. ബാലേയം—കുട്ടികളോടു അധികം ഇഷ്ടമുള്ളതു. ൩. രാസഭം—രാസൃ (ശബ്ദിക്ക)—ഉറക്കെ ശബ്ദിക്കുന്നതു. ൪. ഗദ്ദഭം—ഗദ്ദ (ശബ്ദിക്ക). ൫. ഖരം—വാ വളരെ തുറക്കുന്നതു.

വൈദേഹകസ്സാത്ഥവാഹോ നൈഗമോ വാണിജോ വണിൿ
പണ്യാജീവോ ƒപണ്യാപണികഃ ക്രയവിക്രയികശ്ചസഃ

വൈദേഹകഃ സാത്ഥവാഹഃ നൈഗമഃ വാണിജഃ വണിൿ പണ്യാജീവഃ [അപി] ആപണികഃ ക്രയവിക്രയഃ [ച-സഃ]—കച്ചോടക്കാരൻ. A trader.

൧. വൈദേഹകൻ—ദിഹ (സമ്പാദിക്ക)—പല വിധത്തിൽ ദ്രവ്യം സമ്പാദിക്കുന്നവൻ. പാ०:—വിദേഹരാജാവിൻെറ ശിഷ്യൻ. ൨. സാത്ഥവാഹൻ—വഹ (പ്രാപിക്ക)—ചരക്കുദേശാന്തരത്തെപ്രാപിപ്പിക്കുന്നവൻ. ൩. നൈഗമൻ—നിഗത്തിൽ(പട്ടണത്തിൽ)ഇരിക്കുന്നവൻ. ൪. വാണിജൻ. ൫. വണിൿ—മറ്റൊരുത്തൻെറ ദ്രവ്യം കരസ്ഥമാക്കുന്നതിന്നു പെരുന്നവൻ. ൬. പണ്യാജീവൻ—പണ്യം (കച്ചവടം) കൊണ്ടു ജീവനം കഴിക്കുന്നവൻ. ൭. ആപണികൻ—പണ (വ്യവഹരിക്ക)—വ്യവഹാരം തൊഴിലായിട്ടുള്ളവൻ. ൮. ക്രയവിക്രയികൻ—ക്രീ (വാങ്ങിക്ക)—വാങ്ങിക്കയും കൊടുക്കയും ചെയ്യുന്നവൻ.

വാണിജ്യന്തു വണിജ്യം സ്യാന്മൂല്യം വസ്നോƒപ്യവക്രയഃ

വാണിജ്യം [തു] വണിജ്യം [സ്യാൽ]—വാണിയം. Traffic.

൧. വാണിജ്യം. ൨. വണിജ്യം—വണിക്കിൻെറ തൊഴിൽ.

മൂല്യം വസ്നഃ [അപി] അവക്രയഃ—വില. Price.

൧. മൂല്യം—മൂലം (പൂൎവ്വധനം) ഉള്ളതു കാവു വരാത്തതു. പാ०:—മൂല (നില്ക്ക)—മുൻകൂറായി ചരക്കുകൾക്കു കൊടുക്കുന്ന വില—ഇതിനാൽ ചരക്കുകളിന്മെൽ അവകാശം നില്ക്കുന്നു. ൨. വസ്നം—വസ (വസിക്ക)—ചരക്കുകളിന്മെൽ അവകാശം ഉണ്ടാക്കുന്നതിനായി മുൻകൂറു കൊടുക്കുന്ന പണം; പാ०:—ഇതിനാൽ ചരക്കു സ്വാധീനത്തിൽ നില്ക്കുന്നതുകൊണ്ടു. ൩. അവക്രയം—ക്രീഞ് (മതിക്ക)—ഇതിനാൽ ചരക്കു വാങ്ങപ്പെടുന്നതുകൊണ്ടു.

നീവീ പരിപണോ മൂലധനം ലാഭോƒധികംഫലം

നീവീ പരിപണം മൂലധനം. Capital, Principal.

൧. നീവീ— വെഞ (സംവരിക്ക)—നല്ലവണ്ണം രക്ഷിക്കപ്പെടുന്നതു. ൨. പരിപണം—പണ (വ്യവഹരിക്ക)—ലാഭത്തിന്നായിട്ടു വ്യവഹരിക്കപ്പെടുന്നതു. ൩. മൂലധനം—മൂലം (കാരണം)—ലാഭത്തിന്നു കാരണമായ ധനം.

ലാഭഃ [അധികഫലം] Gain, profit.

൧. ലാഭം—ലഭഷ് (പ്രാപിക്ക)—അധികമായി കിട്ടിയതു.

പരിദാനം പരിവൎത്തോ നൈമേയ നിമയാ വപി

പരിദാനം പരിവൎത്തഃ നൈമേയഃ നിമയഃ [അപി]—മാറിവാങ്ങുക. Barter.

൧. പരിദാനം—ദാഞ (ദാനംചെയ്ക)—പരിവൎത്തമായി ദാനം ചെയ്യപ്പെടുന്നതു. ൨. പരിവൎത്തം—വൃതു (വൎത്തിക്ക)—ഒരു ചരക്കു കൊടുത്തു മറെറാരു ചരക്കു വാങ്ങിക്ക. ൩. നൈമേയം—മാ (അളക്കുക)—അളന്നു കൊടുക്ക വാങ്ങൽ. പാഠ:—മെ (പ്രതിദാനം). ൪. നിമയം—മീഞ (പ്രക്ഷേപിക്ക)—മാറികൊടുക്ക.

ദ്രവ്യം വിത്തം സ്വാപതേയ രിക്ഥമൃക്ഥം ധനം വസു

ദ്രവ്യം വിത്തം സ്വാപതേയം രിക്ഥം ഋക്ഥം ധനം വസു Substance, thing. or wealth.

൧. ദ്രവ്യം—ദ്രു (ഗമിക്ക)—മനുഷ്യരാൽ പ്രാപിക്കപ്പെടുന്നതു. ൨. വിത്തം—വിദ്ലൃ (ലഭിക്ക). ൩. സ്വാപതേയം—സ്വാപതിയെ (ഉടമസ്ഥനെ) സംബന്ധിച്ചതു. ൪. രിക്ഥം—രിച (വെർവിടുക)—പിതാവിങ്കൽനിന്നു മക്കൾക്കു കിട്ടുന്ന ധനം. പാഠ:—വിഭജിക്കപ്പെടുന്നതു. ൫. ഋക്ഥം—ഋച (സ്തുതിക്ക)—ധൎമ്മകാമഹേതുവാൽ സ്തുതിക്കപ്പെടുന്നതു. ൬. ധനം—ധിവി (സന്തോഷിക്ക)—സ്വാമി ഇതിനാൽ സന്തോഷിക്കുന്നതുകൊണ്ടു. ൭. വസു—വസ (നിവസിക്ക)—നീതിയുള്ളവരുടെ ഗൃഹത്തിൽ വസിക്കുന്നതു.

സ്വൎണ്ണം സുവൎണ്ണം കനകം ഹിരണ്യം ഹേമ ഹാടകം
തപനീയം ശാതകുംഭം ഗാംഗേയം ഭൎമ്മ കൎബ്ബുരം
ചാമീകരം ജാതരൂപം മഹാരജത കാഞ്ചനെ
രുക്മം കാൎത്തസ്വരം ജാംബൂനദമഷ്ടാപദൊസ്ത്രിയാം

സ്വൎണ്ണം സുവൎണ്ണം കനകം ഹിരണ്യം ഹേമ ഹാടകം തപനീയം ശാതകുംഭം ഗാംഗേയം ഭൎമ്മ കൎബ്ബുരം ചാമീകരം ജാതരൂപം മഹാരജതം കാഞ്ചനം രുക്മം കാൎത്തസ്വരം ജാംബൂനദം അഷ്ടാപദം [അസ്ത്രിയാം]—പൊന്നു Gold

൧. സ്വൎണ്ണം. ൨. സുവൎണ്ണം—ഋണ (ശോഭിക്ക)—സു (നല്ല) നിറമുള്ളതു. ൩. കനകം—കന (ശോഭിക്ക). ൪. ഹിരണ്യം—ഹൎയ്യ (ശോഭിക്ക). ൫. ഹേമം—ഹി (വൎദ്ധിക്ക)—ചെമ്പിൻതലായതിന്മേൽ തേക്കുമ്പോൾ പ്രാപിച്ചു വൎദ്ധിക്കുന്നതു. ൬. ഹാ

ടകം—ഹട (ദീപിക്ക). ൭. തപനീയം—തപ (തപിക്ക)—പരിക്ഷയ്ക്കായിക്കൊണ്ടു തീയിൽകാച്ചിനൊക്കുന്നതു. ൮. ശാതകുംഭം—ശതകുംഭംഎന്ന പൎവ്വതത്തിന്മെൽഉണ്ടാകുന്നതു. ൯. ഗാംഗെയം—ഗംഗയിൽഉണ്ടാകുന്നതു. ൧൦. ഭൎമ്മ—ഭൃഞ് (ഭരിക്ക)—വിരൽമുതലായതിന്മെൽ ധരിക്കുന്നതു. ൧൧. കൎബ്ബുരം—കൎവ്വ (ഗൎവ്വിക്ക)—മറ്റുള്ളലൊഹങ്ങളുടെഇടയിൽ ഇരിക്കുമ്പൊൾ ഗൎവ്വഭാവമായികാണുന്നതു. ൧൨. ചാമീകരം—ചാമീകരംഎന്ന ആകരത്തിൽ (വിളനിലത്തിൽ) ഉണ്ടാകുന്നതു. ൧൩. ജാതരൂപം—അനാഹാൎയ്യത ഹെതുവായി ജാതമായിരിക്കുന്നരൂപംഉള്ളത. ൧൪. മഹാരജതം—രഞ്ജ (രഞ്ജിക്ക)—താമ്രാദികലശത്തിനു നിറംകൊടുക്കുന്നതു. ൧൫. കാഞ്ചനം—കചി (ശൊഭിക്ക). ൧൬. രുക്മം—രുച (ശൊഭിക്ക). ൧൭. കാൎത്തസ്വരം—കൃതസ്വരം എന്ന ആകരത്തിൽഉണ്ടാകുന്നതു. ൧൮. ജാംബൂനദം—ജംബുഫലരസം കൊണ്ടുണ്ടായിരിക്കുന്ന നദിതീരത്തിൽഉണ്ടാകുന്നത. ൧൯. അഷ്ടാപദം—അഷ്ടലൊഹങ്ങളിലും ഇരിക്കുന്നതു.

ദുൎവ്വൎണ്ണം രജതം രൂപ്യം ഖൎജ്ജൂരം ശ്വെതമിത്യപി

ദുൎവ്വൎണ്ണം രജതം രൂപ്യം ഖൎജ്ജൂരം ശ്വെതം [ഇതി അപി]—വെള്ളി. Silver.

൧. ദുൎവ്വൎണ്ണം—കനകത്തിൽ താണ വൎണ്ണമുള്ളതു. ൨. രജതം—രഞ്ജ (ചെൎക്കുക)—സ്വൎണ്ണം മുതലായവയൊടു ചെൎക്കപ്പെടുന്നതു. ൩. രൂപ്യം—വെളുത്ത നിറമായി ശൊഭിക്കുന്നതു. ൪. ഖൎജ്ജൂരം—ഖൎജ്ജ (വ്യഥിക്ക)—കാച്ചി അടിക്കുമ്പൊൾ നിറം മാറുന്നതു. ൫. ശ്വെതം—ശ്വെത (വെളുത്ത) വൎണ്ണമുള്ളതു.

രീതിഃസ്ത്രിയാമാരകൂടൊ നസ്ത്രിയാമഥ താമ്രകം
ശുല്ബം മ്ലെച്ഛമുഖം ദ്വ്യഷ്ടവരിഷ്ഠൊദുംബരാണിച

രീതി [സ്ത്രിയാം] ആരകൂടം [നസ്ത്രിയാം]—പിച്ചള. Brass.

൧. രീതി—രീങ് (സ്രവിക്ക)—അഗ്നിയിൽ ഇടുമ്പൊൾ ഉരുകുന്നതു. ൨. ആരകൂടം—ആരം (സ്വൎണ്ണം)+കൂടം (വ്യാജം)—തീയിലിടുമ്പൊൾ സ്വൎണ്ണത്തിന്റെ മായാരൂപത്തെ കാണിക്കുന്നതു.

[അഥ] താമ്രകം ശുല്ബം മ്ലെച്ഛമുഖം ദ്വ്യഷ്ടം വരിഷ്ഠം ഉദുംബരം [ച]—ചെമ്പു. Copper.

൧. താമ്രകം—കമു (കാംക്ഷിക്ക)—നല്ല നിറം വരുവാനായി പുളിയെ കാംക്ഷിക്കുന്നതു. പാഠ:—തമു (തളരുക)—അഗ്നിസംയൊഗംകൊണ്ടു ഉരുകുന്നതു. ൨. ശുല്ബം—ശല (ആശുഗമിക്ക)—തീയിലിട്ടാൽവെഗം ഉരുകുന്നതു. ൩. മ്ലെച്ഛമുഖം—മ്ലെച്ഛരാജ്യത്തു മുഖ്യമായുള്ളതു. ൪. ദ്വ്യഷ്ടം—അശൂ (വ്യാപിക്ക)—സ്വൎണ്ണം വെള്ളി ഇവകളൊടു ചെരുന്നതു. ൫. വരിഷ്ഠം—വൃ (വരിക്ക)—സ്വൎണ്ണവും വെള്ളിയും ഒഴികെയുള്ള ലൊഹങ്ങളിൽവെച്ചു മുഖ്യമായതു. ൬. ഉദുംബരം—ഉദുംബരം (അത്തിപ്പഴം) പൊലെ നിറമുള്ളതു.

ലൊഹൊസ്ത്രീ ശസ്ത്രകം തീക്ഷ്ണം പിണ്ഡം കാളായസായസി

ലോഹ [സ്ത്രീ] ശസ്ത്രകം തീക്ഷ്ണം പിണ്ഡം കാളായസം അയഃ (അശ്മസാരം)—ഇരിമ്പ് Iron.

൧. ലോഹം—ലൂഞ് (ഛേദിക്ക)—ഖഡ്ഗാദിരൂപത്തെ പ്രാപിച്ചിട്ടു ഛേദിക്കുന്നതു. ൨. ശസ്ത്രകം—ശസു (ഹിംസിക്ക)—ഖഡ്ഗാദിരൂപത്തെ പ്രാപിച്ചിട്ടു ഹിംസിക്കുന്നതു. ൩. തീക്ഷ്ണം—തിജ (മൂൎച്ചയാക)—ചാണെക്കു വെക്കുമ്പോൾ മൂൎച്ചയുണ്ടാകുന്നതു. ൪. പിണ്ഡം—പിഡി (സാരൂപിക്ക)—തീയിലിടുമ്പോൾ ഒന്നിച്ചു കൂടുന്നതു. ൫. കാളായസം—കാള (കറുത്ത) നിറമായുള്ളതു. ൬. അയസ്സ്—ഇണ് (ഗമിക്ക)—ശല്യാദിരൂപംകൊണ്ടു പിളക്കുന്നതു. പാഠ:—കാൎയ്യാൎത്ഥികൾ ഇതിനെ പ്രാപിക്കുന്നതുകൊണ്ടു. ൭. അശ്മസാരം—അശ്മത്തിന്റെ (കല്ലിന്റെ) സാരം.

ക്ഷാരഃ കാചോഽഥ ചപലോ രസസ്സൂതശ്ച പാരതേ

ക്ഷാരഃ കാചഃ—കണ്ണാടി Glass.

൧. ക്ഷാരം—ക്ഷര (സഞ്ചലിക്ക)—തീയിലിടുമ്പോൾ ഭസ്മമാകുന്നതു. ൨. കാചം—കച (ബന്ധിക്ക)—മുത്തുപോലെ ചരടിന്മേൽ കോൎക്കപ്പെടുന്നതുകൊണ്ടു.

[അഥ] ചപലഃ രസഃ സൂതഃ [ച] പാരതം—രസം Quicksilver.

൧. ചപലം—അസ്ഥിരത്വം ഹേതുവായി എവിടെയും പാറുന്നതു. ൨. രസം—രസ (ആസ്വദിക്ക)—മരുന്നാക്കി തിന്നുന്നതുകൊണ്ടു. ൩. സൂതം—ഷൂങ് (പ്രസവിക്ക)—സ്വൎണ്ണം തുടങ്ങിയുള്ളതിനെ ഉണ്ടാക്കുന്നതു. ൪. പാരതം; പാഠാന്തരം—പാരദം—ദാഞ് (ദാനംചെയ്ക)—രോഗങ്ങളുടെ പാരത്തെ (നാശത്തെ) വരുത്തുന്നതു.

നാഗസീസകയോഗേഷ്ടവപ്രാണി ത്രപു പിച്ചടം

നാഗം സീസകം യോഗേഷ്ടം വപ്രം—കാരീയം Lead.

൧. നാഗം—ഗമൢ (ഗമിക്ക)—മൃദുവായതുകൊണ്ടു ഇളകുന്നതു. ൨. സീസകം—സിഞ് (ബന്ധിക്ക)—പാരദത്തെ (രസത്തെ) ബന്ധിക്കുന്നതു. ൩. യോഗേഷ്ടം—ഇഷ (ഇഛിക്ക)—സ്വൎണ്ണത്തിന്റെ വൎണ്ണോൽകൃഷ്ടത്തെ ചെയ്യാനായിട്ടു സമ്പാദിച്ചിരിക്കുന്ന ഔഷധയോഗത്തിൽ ഇഛിക്കപ്പെട്ടത (കൂടിയത). ൪. വപ്രം—വപ (ജനിപ്പിക്ക)—സ്വൎണ്ണത്തിന്റെ വൎണ്ണോൽകൃഷ്ടത്തെ ജനിപ്പിക്കുന്ന ബീജമുള്ളതു.

ത്രപു പിച്ചടം—വെള്ളീയം Tin.

൧. ത്രപു—ത്രപൂഷ (ലജ്ജിക്ക)—അഗ്നിയുടെ അടുക്കൽ ചെല്ലുമ്പോൾ ലജ്ജിക്കുംപോലെ ഉരുകുന്നതു. ൨. പിച്ചടം—പിച്ച (അടിക്ക)—അടിച്ചു പരത്തിയതു.

മധു ക്ഷൌദ്രം മാക്ഷികാദി മധൂച്ഛിഷ്ടം തു സിക്ഥകം

മധു ക്ഷൌദ്രം മാക്ഷികം (ആദി)—തേൻ Honey.

൧. മധു—മന (അറിക)—അറിയപ്പെടുന്നതു. ൨. ക്ഷൌദ്രം—ക്ഷുദ്രത്താൽ [ചെറിയ വണ്ടുകളാൽ] ഉണ്ടാക്കപ്പെട്ടതു. ൩. മാക്ഷികം—മക്ഷികത്താൽ (ചെറിയ വണ്ടുകളാൽ) ഉണ്ടാക്കപ്പെട്ടതു.

മാക്ഷികാദി എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു. "മാക്ഷികന്ദണ്ഡകം ക്ഷൌദ്രം സൌവീരം പൌത്തികം തഥാ. ഭ്രാമരഞ്ചാൎഘ്യകഞ്ചൈവ വിജ്ഞേയം സപ്തധാമധു." എന്നുള്ളതു എന്നു ഗ്രഹിച്ചു കൊള്ളണം.

മധൂച്ഛിഷ്ടം [തു] സിക്ഥകം—മെഴുക Wax.

൧. മധൂച്ഛിഷ്ടം—മധുവിൽ ശേഷിച്ചതു. ൨. സിക്ഥകം—ഷിച (ഉരുകുക)—തീക്കൽവെച്ചാൽ ഉരുകുന്നതു.

മനശ്ശിലാ മനോഗുപ്താ മനോഹ്വാ നാഗജിഹ്വികാ
നൈപാലീ കുനടീ ഗോളാ യവക്ഷാരോ യവാഗ്രജഃ

മനശ്ശിലാ മനോഗുപ്താ മനോഹ്വാ നാഗജിഹ്വികാ നൈപാലീ കുനടീ ഗോളാ—മനയോല Red arsenic.

൧. മനശ്ശിലാ—മനശ്ശബ്ദവാച്യയായിരിക്കുന്ന ശില (കല്ലു). ൨. മനോഗുപ്താ—മനശ്ശബ്ദം ഹേതുവായിട്ടു പ്രകാശ്യയമാകുന്നുവെങ്കിലും വിരുദ്ധ ലക്ഷണം ഹേതുവായിട്ടു മനോഗുപ്താ എന്നു പറയപ്പെടുന്നു. ൩. മനോഹ്വാ—ഹ്വേഞ് (ശബ്ദിക്ക)—മനശ്ശബ്ദവാച്യംകൊണ്ടു പറയപ്പെടുന്നതു. ൪. നാഗജിഹ്വിക—നാഗത്തിന്റെ (പാമ്പിന്റെ) ജിഹ്വിക (നാക്ക) പോലെയുള്ളതു. ൫. നൈപാലി—നേപ്പാൾ രാജ്യത്തുണ്ടായതു. ൬. കുനടീ—നട (നടിക്ക)—ഭൂമിയിൽ അതായതു നേപ്പാൾ ഭൂമിയിൽ നടിക്കുന്നതു. ൭. ഗോളാ—ലാ (സമ്പാദിക്ക)—നേപ്പാൾ ഭൂമി ജന്മസ്ഥാനമായിട്ടുള്ളതു.

യവക്ഷാരഃ യവാഗ്രജഃ Saltpetre, nitre.

൧. യവക്ഷാരം—യവത്തിന്റെ തണ്ടു ചുട്ടുപൊടിച്ചത. ൨. യവാഗ്രജം—യവത്തിന്റെ മുള ചുട്ടു പൊടിച്ചുണ്ടാക്കിയതു.

ശൂദ്രപ്രകരണം.

———o———

ശൂദ്രാശ്ചാവരവൎണ്ണാശ്ച വൃഷലാശ്ച ജഘന്യജാഃ

ശൂദ്രാഃ [ച] അവരവൎണ്ണാഃ [ച] വൃഷലാഃ [ച] ജഘന്യജാഃ—ശൂദ്രർ. Sudras.

൧. ശൂദ്രൻ—ശുച (ദുഃഖിക്ക)—ബ്രാഹ്മണരുടെ അധികാരത്തിൻ കീഴാകയാൽ മിക്കവാറും ദുഃഖിക്കുന്നവൻ. ൨. അവരവൎണ്ണൻ—അവരം (കീഴെയുള്ള) വൎണ്ണത്തി.

ൽ (ജാതിയിൽ) ഉള്ളവൻ. ൩. വൃഷലൻ—വൃഷത്തെ (ധൎമ്മത്തെ) നശിപ്പിക്കുന്നവൻ. പാഠ: വൃഷലിയുടെ പുത്രൻ; ചന്ദ്രഗുപ്തൻ. ൪. ജഘന്യജൻ—ബ്രഹ്മാവിന്റെ ജഘന്യാംഗത്തിൽ (പാദത്തിൽ) നിന്നു ജനിച്ചവൻ; അന്ത്യജൻ.

കുംഭകാരഃ കുലാലസ്സ്യാൽ പലഗണ്ഡസ്തു ലേപകഃ

കുംഭകാരഃ കുലാലഃ [സ്യാൽ]—കുശവൻ. A potter.

൧. കുംഭകാരൻ—കുംഭത്തെ (കുടത്തെ) ഉണ്ടാക്കുന്നവൻ. ൨. കുലാലൻ—ലട (മുട്ടിക്ക)—കുവിനെ (ഭൂമിയെ) മുട്ടിക്കുന്നവൻ; കാട്ടുകോഴി.

പലഗണ്ഡഃ [തു] ലേപകഃ—കുമ്മായം തേപ്പുകാരൻ. A bricklayer or plastcrer.

൧. പലഗണ്ഡൻ—ഗഡി (ലേപിക്ക)—പലത്തിന്റെ (മാംസത്തിന്റെ) നിറത്തിലുള്ള സുധാദികൊണ്ടു ലേപിക്കുന്നവൻ. ൨. ലേപകൻ—ലിപ (ലേപിക്ക).

തന്തുവായഃകുവിന്ദസ്സ്യാൽ തുന്നവായസ്തു സൌചികഃ

തന്തുവായഃ കുവിന്ദഃ [സ്യാൽ] ചാലിയൻ. A weaver.

൧. തന്തുവായൻ—വെഞ് (നെയ്യുക)—തന്തുകൾ (നൂലുകൾ) കൊണ്ടു നെയ്യുന്നവൻ; ചിലന്തി. ൨. കുവിന്ദൻ—വിദ്ലൃ (ലഭിക്ക)—പാവിടുന്നതിനു ഭൂമി വേണ്ടിയവൻ.

തുന്നവായഃ [തു] സൌചികഃ—തുന്നക്കാരൻ. A tailor.

൧. തുന്നവായൻ—വെഞ് (നെയ്യുക)—ഖണ്ഡിച്ച വസ്ത്രങ്ങളെ കൂട്ടിത്തുന്നുന്നവൻ. ൨. സൌചികൻ—സൂചികൊണ്ടു പണിയെടുത്തു ജീവനം കഴിക്കുന്നവൻ.

രംഗാജീവശ്ചിത്രകാരശ്ശസ്ത്രമാൎജ്ജോഽസിധാവകഃ

രംഗാജീവഃ ചിത്രകാരഃ—ചിത്രക്കാരൻ. A painter.

൧. രംഗാജീവൻ—രഞ്ജ (രഞ്ജിപ്പിക്ക)—ചായങ്ങളെ രഞ്ജിപ്പിച്ചു ചിത്രമെഴുതി ജീവനം കഴിക്കുന്നവൻ; വെക്കക്കാരൻ. ൨. ചിത്രകാരൻ—ഡുകൃഞ് (ചെയ്ക)—ചിത്രം എഴുതുന്നവൻ.

ശസ്ത്രമാൎജ്ജഃ അസിധാവകഃ—കടച്ചിൽ കൊല്ലൻ. An armourer.

൧. ശസ്ത്രമാൎജ്ജൻ—മൃജൂ (ശോധന ചെയ്ക)—ആയുധങ്ങൾ ചാണെക്കുവെച്ചു നന്നാക്കുന്നവൻ. ൨. അസിധാവകൻ—ധാവു (ശുദ്ധിചെയ്ക)—അസി (വാൾ) മുതലായതു വെടിപ്പാക്കുന്നവൻ.

പാദുകൃച്ചൎമ്മകാരസ്സ്യാൽ വ്യോകാരൊ ലോഹകാരകഃ

പാദുകൃൽ ചൎമ്മകാരഃ [സ്യാൽ]—ചെരിപ്പുകുത്തി. A shoe-maker.

൧. പാദുകൃത്തു—കൃഞ് (ചെയ്ക)—പാദു (ചെരിപ്പു) ഉണ്ടാക്കുന്നവൻ. ൨. ചൎമ്മകാരൻ—കൃഞ് (ചെയ്ക)—ചൎമ്മം (തൊൽ) കൊണ്ടു പണിചെയ്യുന്നവൻ.

വ്യോകാരഃ ലോഹകാരകഃ—കൊല്ലൻ. An iron-smith.

൧. വ്യോകാരൻ—വ്യോ (കട്ടയിരുമ്പു) ഉരുക്കിക്കൂട്ടി പണിചെയ്യുന്നവൻ. ൨. ലോഹകാരൻ—ലോഹം (ഇരുമ്പു) കൊണ്ടു പണി ചെയ്യുന്നവൻ.

നാഡിന്ധമഃ സ്വൎണ്ണകാരഃ കലാദോ രുക്മകാരകഃ

നാഡിന്ധമഃ സ്വൎണ്ണകാരഃ കലാദഃ രുക്മകാരകഃ—തട്ടാൻ. A goldsmith.

൧. നാഡിന്ധമൻ—ധ്മാ (ഊതുക)—നാഡി (കുഴൽ) കൊണ്ടു ഊതി പൊന്നുരുക്കി പ്പണിയുന്നവൻ. ൨. സ്വൎണ്ണകാരൻ—സ്വൎണ്ണംകൊണ്ടു പണിചെയ്യുന്നവൻ. ൩. കലാദൻ—ദൊ (ഖണ്ഡിക്ക)—കല (സ്വൎണ്ണം) ഖണ്ഡിച്ചു പണിചെയ്യുന്നവൻ. ൪. രുക്മകാരകൻ—രുക്മം (സ്വൎണ്ണം) കൊണ്ടു പണി ചെയ്യുന്നവൻ.

സ്യാച്ഛാംഖികഃ കാംബവികഃ ശൌല്ബികസ്താമ്രകുട്ടകഃ

[സ്യാൽ] ശാംഖികഃ കാംബവികഃ—ശംഖ കടയുന്നവൻ. A shell-cutter.

൧. ശാംഖികൻ—ശംഖംകൊണ്ടു വളയും മറ്റുമുണ്ടാക്കുന്നവൻ. ൨. കാംബവികൻ—കംബു (ശംഖ) കടയുന്നവൻ.

ശൌല്ബികഃ താമ്രകുട്ടകഃ—ചെമ്പൊട്ടി. A copper-smith.

൧. ശൌല്ബികൻ—ശുല്ബം (ചെമ്പു) കൊണ്ടു പണി ചെയ്യുന്നവൻ. ൨. താമ്രകുട്ടകൻ—കുട്ട (ഖണ്ഡിക്ക)—താമ്രം (ചെമ്പു) ഖണ്ഡിച്ചു പണി ചെയ്യുന്നവൻ.

തക്ഷാ തു വൎദ്ധകിസ്ത്വഷ്ടാ രഥകാരശ്ച കാഷ്ഠതൾ

തക്ഷാ [തു] വൎദ്ധകിഃ ത്വഷ്ടാ രഥകാരഃ [ച] കാഷ്ഠതൾ—തച്ചൻ. A carpenter.

൧. തക്ഷാവ—തക്ഷു (തനുകരിക്ക)—തടി ചെത്തി കുറെക്കുന്നവൻ; വിശ്വകൎമ്മാവു; ആദിത്യൻ; ബ്രാഹ്മാവു. ൨. വൎദ്ധകി—വൃധു (ഛേദിക്ക)—തടി അറക്കുന്നവൻ. ൩. ത്വഷ്ടാവ—ത്വക്ഷ (തനുകരിക്ക)—പണിചെയ്തു ചെറുതാക്കുന്നവൻ. ൪. രഥകാരൻ—രഥം (തെർ) ഉണ്ടാക്കുന്നവൻ. ൫. കാഷ്ഠതൾ—തക്ഷു (തനുകരിക്ക) കാഷ്ഠം (തടി).

ക്ഷുരീ മുണ്ഡീ ദിവാകീൎത്തി നാപിതാന്താവസായിനഃ

ക്ഷുരീ മുണ്ഡീ ദിവാകീൎത്തിഃ നാപിതഃ അന്താവസായീ—ക്ഷൌരക്കാരൻ. A barber.

ക്ഷുരീ—ക്ഷുര (ഛേദിക്ക)—ചെരെക്കുന്നവൻ. പാഠ:—ക്ഷുരം (കത്തി) ഉളെളവൻ. ൨. മുണ്ഡീ—മുഡി (ഖണ്ഡിക്ക); അടസ്ഥാമണിയൻ. ൩. ദിവാകീൎത്തി—ദിവാ (പകൽ) കീൎത്തി വിളിക്കപ്പെടുന്നവൻ; ചണ്ഡാലൻ. ൪. നാപിതൻ—ആപ്ലൃ (പ്രാപിക്ക)—വിരോധിക്കപ്പെട്ട ദിവസങ്ങളിൽ പ്രാപിക്കപ്പെടാത്തവൻ. ൫. അന്താവസായി—ഷൊ (നശിപ്പിക്ക)—നഖവും മറ്റും ഛേദിക്കുന്നവൻ. പാഠ:—ഗ്രഹത്തിന്റെ അന്ത്യഭാഗത്തു ഇരിക്കുന്നവൻ.

നിൎണ്ണേജകസ്സ്യാദ്രജകശ്ശൌണ്ഡികൊ മണ്ഡഹാരകഃ

നിൎണ്ണേജകഃ [സ്യാൽ] രജകഃ—വണ്ണാൻ. **A washerman.**

൧. നിൎണ്ണേജകൻ—ണിജിർ (ശുദ്ധി ചെയ്ക) വസ്ത്രം അലക്കുന്നവൻ. ൨. രജകൻ—രഞ്ജ (യോജിപ്പിക്ക)—വസ്ത്രം അലക്കി കഞ്ഞി പിഴിയുന്നവൻ.

ശൌണ്ഡികഃ മണ്ഡഹാരകഃ—റാക്ക വാററുന്നവൻ. **A distiller.**

൧. ശൌണ്ഡികൻ—ശുണ്ഡം (മദ്യം) വാററുന്നവൻ. ൨. മണ്ഡഹാരകൻ—ഹൃഞ് (ഹരിക്ക)—മണ്ഡം (പതഞ്ഞ കള്ളു) വാററി എടുക്കുന്നവൻ.

സ്യാന്മായാ ശാംബരീ മായാകാരസ്തു പ്രതിഹാരകഃ

[സ്യാൽ] മായാ ശാംബരീ—ഇന്ദ്രജാലം. **Magic.**

൧. മായാ—മാ (അളക്കുക)—ഗന്ധൎവ്വ നഗരാദികളെ വ്യാജമായി കാണിക്കുന്നതു; മൊക്ഷം; സൃഷ്ടിപ്പു. ൨. ശാംബരീ—ശംബരൻ എന്ന അസുരൻ വഴിപോലെ അഭ്യസിച്ചിട്ടുള്ളതു.

മായകാരഃ [തു] പ്രതിഹാരകഃ—കൺകെട്ടുകാരൻ. **A juggler.**

൧. മായാകാരൻ—കൃഞ് (ചെയ്ക)—മായ ചെയ്യുന്നവൻ. ൨. പ്രതിഹാരകൻ—ഹൃഞ് (ഹരിക്ക)—മായാപ്രയോജനമുള്ളവൻ.

ശൈലാലിനസ്തു ശൈലൂഷാ ജായാജീവാഃ കൃശാശ്വിനഃ
ഭാരതാ ഇത്യപി നടാശ്ചാരണാസ്തു കുശീലവാഃ

ശൈലാലിനഃ [തു] ശൈലൂഷാഃ ജായാജീവാഃ കൃശാശ്വിനഃ ഭാരതാഃ [ഇതി അപി] നടാഃ—ചാക്യാരന്മാർ. **Dancers.**

൧. ശൈലാലീ—ശിലാലി എന്ന ഋഷി ഉണ്ടാക്കിയ നടന സൂത്രം അഭ്യസിച്ചവൻ. ൨. ശൈലൂഷൻ—ശിലൂഷൻ എന്ന ഋഷിയുടെ സന്തതി; വഞ്ചകൻ. ൩. ജായാജീവൻ—ജായയെ (ഭാൎയ്യയെ) കൊണ്ടു ആടിച്ചു ഉപജീവനം കഴിക്കുന്നവൻ. ൪. കൃശാശ്വീ—കൃശാശ്വൻ എന്ന ആചാൎയ്യനാൽ ഉണ്ടാക്കപ്പെട്ട നടന സൂത്രം അഭ്യസിച്ചവൻ. ൫. ഭാരതൻ—ഭരതന്റെ വംശത്തിലുള്ളവൻ. ൬. നടൻ—നട (നടിക്ക)—നൃത്തം ചെയ്യുന്നവൻ.

ചാരണാഃ [തു] കുശീലവാഃ Mimics.

൧. ചാരണൻ—ചര (സഞ്ചരിക്ക)—സഞ്ചരിച്ചു കൂത്തു കാണിക്കുന്നവൻ. ൨. കുശീലവൻ—സജ്ജന നിന്ദിതമായ ശീലം കാണിക്കുന്നവൻ.

ഭൃതകോ ഭൃതിഭുക്കർമ്മകരോ വൈതനികശ്ച സഃ

ഭൃതകഃ ഭൃതിഭുക് കർമ്മകരഃ വൈതനികഃ [ച സ] കൂലിക്കാരൻ. A hireling

൧. ഭൃതകൻ—ഭൃഞ് (ഭരിക്ക)—സ്വാമിയാൽ ഭരിക്കപ്പെടുന്നവൻ. ൨. ഭൃതിഭുക—ഭുജ (ഭക്ഷിക്ക)—കൂലികൊണ്ടു ഉപജീവിക്കുന്നവൻ. ൩. കർമ്മകരൻ—കൃഞ (ചെയ്ക) പ്രവൃത്തി ചെയ്യുന്നവൻ. ൪. വൈതനികൻ—വേതനം (കൂലി) കൊണ്ടു ഉപജീവിക്കുന്നവൻ.

വിവർണ്ണഃ പാമരോ നീചഃ പ്രാകൃതശ്ച പൃഥഗ്ജനഃ
നിഹീനോഽപസദോ ജാല്മഃ ക്ഷുല്ലകശ്ചേതരശ്ച സഃ

വിവർണ്ണഃ പാമരഃ നീചഃ പ്രാകൃതഃ [ച] പൃഥഗ്ജനഃ നിഹീനഃ അപസദഃ ജാല്മഃ ക്ഷുല്ലകഃ [ച ഇതരഃ ച സ]. A low man.

൧. വിവർണ്ണൻ—സജ്ജന വിരുദ്ധമായവർണ്ണം (ആകാരം) ഉള്ളവൻ. ൨. പാമരൻ—രാ (സ്വീകരിക്ക)—മലിനത ഹേതുവായി പാമ (ചൊറി) ഉള്ളവൻ. ൩. നീചൻ—അഞ്ചു (ഗമിക്ക)—കുത്സിതമായ പ്രവൃത്തിക്കു ഗമിക്കുന്നവൻ. ൪. പ്രാകൃതൻ—പ്രകൃതി (സ്വഭാവം) പരിഷ്ക്കാരം ചെയ്യപ്പെട്ടിട്ടില്ലാത്തവൻ. ൫. പൃഥഗ്ജനം—പൃഥക് (മഴികെയുള്ള) ജനം—സജ്ജന മല്ലാത്തവർ. ൬. നിഹീനൻ—ഓഹാക (ത്യജിക്ക)—സജ്ജനങ്ങളാൽ ത്യജിക്കപ്പെട്ടവൻ. ൭. അപസദൻ—ഷദ്ല (ക്ഷയിക്ക)—നിർഗ്ഗുണത്വം ഹേതുവായി ക്ഷയിക്കുന്നവൻ. ൮. ജാല്മൻ—ജല (ശൂന്യമാക)—ദൂരത്തു മറയേണ്ടവൻ. ൯. ക്ഷുല്ലകൻ—ലാ (ആദാനം ചെയ്ക)—ക്ഷുത്തിനെ ആദാനം ചെയ്യുന്നവൻ. ൧൦. ഇതരൻ—ഇണ (ഗമിക്ക)—വഴിമാറി ഗമിക്കേണ്ടിയവൻ. പാഠ: രാ (ആദാനംചെയ്ക)—ഇതം (ക്ഷുദ്രപ്രവൃത്തി) ചെയ്യുന്നവൻ.

ഭൃത്യേ ദാസേര ദാസേയ ദാസ ഗോപ്യക ചേടകാഃ
നിയോജ്യ കിംകര പ്രൈഷ്യ ഭുജിഷ്യ പരിചാരകാഃ

ഭൃത്യഃ ദാസേരഃ ദാസേയഃ ദാസഃ ഗോപ്യകഃ ചേടകഃ നിയോജ്യഃ കിംകരഃ പ്രൈഷ്യഃ ഭുജിഷ്യഃ പരിചാരകഃ A servant or slave.

൧. ഭൃത്യൻ—ഭൃഞ് (ഭരിക്ക)—പോററപ്പെടുന്നവൻ. ൨. ദാസേരൻ. ൩. ദാസേയൻ—ദാസിയിൽനിന്നു ജനിച്ചവൻ. ൪. ദാസൻ—ദസു (ക്ഷയിക്ക)—പണിയെടുത്തു ക്ഷയിക്കുന്നവൻ. പാഠ: ദസി (നോക്കുക)—സ്വാമിയുടെ കാര്യം നോക്കുന്നവൻ. ൫. ഗോപ്യകൻ—ഗുപൂ (രക്ഷിക്ക)—രക്ഷിക്കപ്പെടുന്നവൻ. ൬. ചേടകൻ—ചിട (നിയോഗിക്ക)—യജമാനനാൽ നിയോഗിക്കപ്പെടുന്നവൻ. ൭. നി

നിയോജ്യൻ—യുജിർ (യോജിക്ക)—കാൎയ്യം ഭരമെല്പിക്കപ്പെടുന്നവൻ. ൮. കിംകരൻ—കൃഞ് (ചെയ്ക)—കിം (എന്തും) ചെയ്യുന്നവൻ. ൯. പ്രൈഷ്യൻ—ഇഷ (ഗമിക്ക)—പ്രവൃത്തിക്കായിട്ടു പ്രേരിക്കപ്പെടുന്നവൻ. ൧൦. ഭുജിഷ്യൻ—ഭുജ (ഭുജിക്ക)—യജമാനൻറെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നവൻ. ൧൧. പരിചാരകൻ—ചര (നടക്കുക)—ചുറവും നടന്നു ശുശ്രൂഷിക്കുന്നവൻ.

മന്ദസ്തുന്ദപരിമൃജ ആലസ്യശ്ശീതകോലസഃ അനുഷ്ണഃ

മന്ദഃ തുന്ദപരിമൃജഃ ആലസ്യഃ ശീതകഃ അലസഃ അനുഷ്ണഃ—മടിയൻ A lazy man.

൧. മന്ദൻ—മദി (ഉറങ്ങുക)—മടികൊണ്ടു ഉറക്കം തൂങ്ങുന്നവൻ. ൨. തുന്ദപരിമൃജൻ—മൃജ (തലോടുക)—തുന്ദം (വയർ) തലോടുന്നവൻ. ൩. ആലസ്യൻ. ൪. അലസൻ—ലസ (ശോഭിക്ക)—മടികൊണ്ടു കാൎയ്യങ്ങളിൽ ശോഭിക്കാത്തവൻ. ൫. ശീതകൻ—ശീതം (മടി) കൊണ്ടു കാൎയ്യാദികൾ ദീൎഘമാക്കുന്നവൻ. ൬. അനുഷ്ണൻ—ഉഷ്ണം (ഉത്സാഹം) ഇല്ലാത്തവൻ.

ദക്ഷേതു ചതുര പേശല പടവസ്സൂത്ഥാന ഉഷ്ണശ്ച

ദക്ഷഃ [തു] ചതുരഃ പേശലഃ പടുഃ സൂത്ഥാനഃ ഉഷ്ണഃ [ച] വിദഗ്ദ്ധൻ. A dexterous person.

൧. ദക്ഷൻ—ദക്ഷ (വൎദ്ധിക്ക)—വേഗത്തിൽ കാൎയ്യങ്ങൾ ചെയ്യുന്നവൻ. ൨. ചതുരൻ—ചത (യാചിക്ക)—എന്തു ചെയ്യേണം എന്നു യാചിക്കുന്നവൻ. ൩. പേശലൻ—പിശ (അവയവം)—കാൎയ്യസാദ്ധ്യത്തിന്നു ശരീര അവയവം പോലെ ഉപയോഗമാകുന്നവൻ. ൪. പടു—പട (ഗമിക്ക)—കാൎയ്യസാദ്ധ്യത്തിനായിട്ടു ഗമിക്കുന്നവൻ. ൫. സൂത്ഥാനൻ—സുഷ്ഠു (നല്ല) ഉത്ഥാനം (ഉദ്യോഗം) ഉള്ളവൻ. ൬. ഉഷ്ണൻ—ഉഷ (ദഹിക്ക)—അകാൎയ്യത്തെ നശിപ്പിക്കുന്നവൻ.

ചണ്ഡാല പ്ലവ മാതംഗ ദിവാകീൎത്തി ജനംഗമാഃ നിഷാദ ശ്വപച ാന്താവസായി ചാണ്ഡാല പുക്കസാഃ

ചണ്ഡാലഃ പ്ലവഃ മാതംഗഃ ദിവാകീൎത്തിഃ ജനംഗമഃ നിഷാദഃ ശ്വപചഃ അന്താവസായീ ചാണ്ഡാലഃ പുക്കസഃ—പറയൻ. A paraya.

൧. ചണ്ഡാലൻ. ൨. ചാണ്ഡാലൻ—ചഡി (കോപിക്ക)—കോപിക്കുന്നവൻ—ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനു ഉല്പാദിച്ചവൻ. ൩. പ്ലവൻ—പ്ലുങ് (ഗമിക്ക)—ക്രൂരകൎമ്മത്തിന്നു ഗമിക്കുന്നവൻ. പാഠം: തീണ്ടലുള്ളതിനാൽ അകന്നു ഗമിക്കുന്നവൻ. ൪. മാതംഗൻ—മാ (നിഷേധം)+തഗി (ഗമിക്ക)—ഗ്രാമമദ്ധ്യത്തിങ്കൽ പോകാത്തവൻ. ൫. ദിവാകീൎത്തി—കൃത (ശബ്ദിക്ക)—തീണ്ടലുള്ളതിനാൽ ശബ്ദിച്ചുകൊണ്ടു നടക്കുന്നവൻ. പാഠം: പകൽ കീൎത്തിക്കപ്പെടാത്തവൻ. ൬. ജനംഗമൻ—ഗമ (ഗമിക്ക)—ജനത്തെ കണ്ടു ദൂരെ മാറുന്നവൻ. ൭. നിഷാദൻ—ഷദ്ലൃ (ഇരിക്ക)

—ഇവൎക്കു പാപം ഉള്ളതുകൊണ്ടു. ൭. ശ്വപചൻ—പച (പാകംചെയ്ക)—ശ്വാവിനെ പാകംചെയ്തു തിന്നുന്നവൻ. ൮. അന്താവസായി—വസ (വസിക്ക)—ഗ്രാമാദികളുടെ പ്രാന്തത്തിൽ വസിക്കുന്നവൻ. ൧൦. പുല്കസൻ—പുല (മഹത്വം)+കസ (ഗമിക്ക)—സജ്ജനങ്ങളെ വഴങ്ങി ഗമിക്കുന്നവൻ.

ഭേദാഃ കിരാതശബരപുളിന്ദാ മ്ലേച്ഛജാതയഃ

[ഭേദാഃ] കിരാതാഃ ശബരാഃ പുളിന്ദാഃ [മ്ലേച്ഛജാതയഃ]—കാട്ടാളന്മാർ.

Barbarians.

൧. കിരാതൻ—കൃ (വിക്ഷേപിക്ക)—വരാഹാദികളെ എയ്യുന്നവൻ പാഠഃ രാ (സ്വീകരിക്ക)—കീ എന്നു ശബ്ദിക്കുന്നവൻ. ൨. ശബരൻ—ശൃ (ഗമിക്ക)—വലിയ കാട്ടിൽ ഗമിക്കുന്നവൻ. ൩. പുളിന്ദൻ—പുല (വലുതാക)—കാട്ടിൽ പ്രബലമായി വസിക്കുന്നവൻ. ൪. മ്ലേച്ഛൻ—മ്ലേച്ഛ (അവ്യക്തമായി സംസാരിക്ക).

വ്യാധോ മൃഗവധാജീവോ മൃഗയുൎല്ലുബ്ധകശ്ച സഃ

വ്യാധഃ മൃഗവധാജീവഃ മൃഗയുഃ ലുബ്ധകഃ [ച സഃ]—നായാടി A hunter.

൧. വ്യാധൻ—വ്യധ (താഡിക്ക)—ശരങ്ങൾകൊണ്ടു മൃഗങ്ങളെ താഡിക്കുന്നവൻ. ൨. മൃഗവധാജീവൻ—മൃഗത്തെ കൊന്നു ഉപജീവിക്കുന്നവൻ. ൩. മൃഗയു—യാ (ഗമിക്ക)—മൃഗങ്ങളുടെ പിന്നാലെ ഗമിക്കുന്നവൻ. ൪. ലുബ്ധകൻ—ലുബ്ധ (കാംക്ഷിക്ക)—മൃഗമാംസത്തെ കാംക്ഷിക്കുന്നവൻ.

കൌലേയകസ്സാരമേയഃ കുക്കുരോ മൃഗദംശകഃ
ശുനകോ ഭഷകശ്ശ്വാ സ്യാദളൎക്കസ്തു സ യോഗിതഃ

കൌലേയകഃ സാരമേയഃ കുക്കുരഃ മൃഗദംശകഃ ശുനകഃ ഭഷകഃ ശ്വാ [സ്യാൽ]—പട്ടി.

A dog.

൧. കൌലേയകം—കുലത്തിങ്കൽ (വീട്ടിൽ)—ഇരിക്കുന്നതു. ൨. സാരമേയം—സരമയുടെ (പെൺപട്ടിയുടെ) സന്തതി. ൩. കുക്കുരം—കുര (ശബ്ദിക്ക)—കുരെക്കുന്നതു പാഠഃ കുക (സ്വീകരിക്ക)—യജമാനനെ ആദരവുചെയ്യുന്നതു. ൪. ദംശകൻ—ദംശ (കടിക്ക)—മൃഗങ്ങളെ കടിക്കുന്നവൻ. ൫. ശുനകൻ—ശുന (ഗമിക്ക)—മൃഗാദികളുടെ പിന്നാലെ ഗമിക്കുന്നവൻ. ൬. ഭഷകൻ—ഭഷ (നിന്ദിതമാംവണ്ണം ശബ്ദിക്ക)—ദുൎന്നിമിത്തത്തെ സൂചിപ്പിപ്പാൻ നിന്ദിതമായി ശബ്ദിക്കുന്നതു. ൭. ശ്വാവു—ശ്വി (ഗമിക്ക)—ഹിതംപോലെ ഗമിക്കുന്നതു.

[സ്യാൽ] അളൎക്കഃ [തു സ യോഗിതഃ] പെപ്പട്ടി A mad dog.

൧. അളൎക്കൻ—അല (തടുക്ക)—എല്ലാവരാലും തടുക്കപ്പെടുന്നതു.

അച്ഛോദനം മൃഗവ്യം സ്യാദാഖേടോ മൃഗയാ സ്ത്രിയാം

അച്ഛോദനം മൃഗവ്യം [സ്യാൽ]ആഖേടഃ മൃഗയാ [സ്ത്രിയാം]—നായാട്ടു
Chase.

൧. ആച്ഛോദനം—ഛദ (മറെക്ക)—മൃഗാദികളെ പിടിക്കുന്നതിന്ന മാടിക്കു ന്നതു. ൨. മൃഗവ്യം—വെധ (മറെക്കുക)—മൃഗങ്ങൾവള്ളികൾക്കിടയിലും മററും മാടിക്കളി ക്കുന്നതിന്ന സംഗതിവരുത്തുന്നതു പാഠ: വ്യധ (ഹിംസിക്ക)—മൃഗങ്ങൾഇതിങ്കൽ ഹിംസിക്കപ്പെടുന്നതുകൊണ്ടു. ൩. ആഖേടം—ഖട(ഭയപ്പെടുത്തുക)—മൃഗാദികളെ ഭയപ്പെടുത്തുക. ൪. മൃഗയു—മൃഗ (അന്വെഷിക്ക)—മൃഗങ്ങളെ അന്വെഷിച്ചു നടക്കുക.

ചൌരൈക്കാഗാരിക സ്തെന ദസ്യു തസ്കര മൊഷകാഃ
പ്രതിരൊധി പരാസ്കന്ദി പാടച്ചര മലിമ്ലുചാഃ

ചോരഃ ഐകാഗാരികഃ സ്തെനഃ ദസ്യുഃ തസ്കരഃ മൊഷകഃ പ്രതിരൊധിഃ പരാ സ്കന്ദിഃ പാടച്ചരഃ മലിമ്ലുചഃ—കള്ളൻ A thief or robber.

൧. ചൊരൻ—ചുര (മൊഷ്ടിക്ക). ൨. ഐകാഗാരികൻ—ഏകനായ (സഹായമി ല്ലാത്ത) ആഗാരത്തിൽ (ഭവനത്തിൽ) കെറി മൊഷ്ടിക്കുന്നവൻ ൩. സ്തെനൻ— സ്തെന (മൊഷ്ടിക്ക). ൪. ദസ്യു—ദസു (ക്ഷയിക്ക)—വിലയെറിയമുതൽ അല്പവില ക്കു വില്ക്കുന്നവൻ. പാഠ:—ഒരുസമയം ക്ഷയിക്കുന്നവൻ. ൫. തസ്കരൻ—കൃഞ് (ചെയ്ക)—ചൊരകൎമ്മം ചെയ്യുന്നവൻ. ൬. മൊഷകൻ—മുഷ (മൊഷ്ടിക്ക). ൭. പ്ര തിരൊധി—രുധിർ (തടുക്ക)—ധനികനെ തടുത്തു നിൎത്തി പിടിച്ചു പറിക്കുന്ന വൻ. ൮. പരാസ്കന്ദി—സ്കന്ദി (ശൊഷിപ്പിക്ക)—പരന്മാരെ ശൊഷിപ്പിക്കുന്നവൻ. ൯. പാടച്ചരൻ—ചര (സഞ്ചരിക്ക)—ധനത്തിന്റെ കാവല്ക്കാരനെ പ്രഹരിച്ചു ധനം എടുത്തുംകൊണ്ടു പൊകുന്നവൻ. ൧൦. മലിമ്ലുചൻ—മ്ലുച (ഗമിക്ക)—മലിന മായി നടക്കുന്നവൻ.

ശുല്വം വടാകരൊƒസ്ത്രീതു രജ്ജുസ്ത്രിഷുവടി ഗുണഃ

ശുല്വം വടാകരഃ [നസ്ത്രീതു] രജ്ജുഃ [ത്രിഷു] വടീ ഗുണഃ—കയർ. A rope.

൧. ശുല്വം—ശുച (ശൊകെ) മൃഗാദികളെ ദുഃഖിപ്പിക്കുന്നതു. ൨. വടാകരം— വട (ചുററുക)—ചുററി കെട്ടുന്നതിന്നുള്ളതു. വരാടം, വരാടകം എന്നും പാഠഭെദ മുണ്ടു. ൩. രജ്ജു—സൃജ (സൃഷ്ടിക്ക)—മുഞ്ഞാതികൊണ്ടു ഉണ്ടാക്കപ്പെട്ടതു. ൪. വ ടീ—വട (ചുററുക) ചുമടു മററും കെട്ടുന്നതിന്നുള്ളതു. ൫. ഗുണം—ഗുണ (അഭ്യസി ക്ക).

പിടകഃ പെടകഃ പെടാ മഞ്ജൂഷാƒഥ വിഹംഗികാ

പിടകഃ പെടകഃ പെടാ മഞ്ജൂഷാ—പെട്ടി. A box or basket.

൧. പിടകം. ൨. പെടകം. ൩. പെടാ—പിട (കൂട്ടുക)—മരംകൊണ്ടും മററും ഉണ്ടാക്കുന്ന പെട്ടി. ൪. മഞ്ജൂഷാ—മഞ്ജു (മനൊഹരം) ആയ വസ്തുക്കൾ വെക്കു ന്നതു.

[അ.ഥ] വിഹംഗികാ—ഭാരയഷ്ടി A pole for carrying burdens.

൧. വിഹംഗികാ—വിഹംഗത്തിന്റെ (പക്ഷിയുടെ) ചിറകുകൾ പോലെ രണ്ടു റത്തും ചുമടുകൾകെട്ടി ചുമക്കുന്നതിനുള്ള കാവുകോൽ.

പ്രതിമാനം പ്രതിബിംബം പ്രതിമാ പ്രതിയാതനാ പ്രതിച്ഛായാ
പ്രതികൃതി‘രൎച്ചാ പുംസി പ്രതിനിധി‘രുപമോ’പമാനം സ്യാൽ

പ്രതിമാനം പ്രതിബിംബം പ്രതിമാ പ്രതിയാതനാ പ്രതിച്ഛായാ പ്രതികൃതിഃ അൎച്ചാ [പുംസി] പ്രതിനിധിഃ. An image.

൧. പ്രതിമാനം. ൨. പ്രതിമാ—മാങ് (അളക്കുക)—ഒന്നിന്റെ പ്രതിയായി ശാസ്ത്രപ്രകാരം അളന്നുണ്ടാക്കപ്പെടുന്നതു. ൩. പ്രതിബിംബം—മുഖ്യ ബിംബംപൊലെതന്നെ ഉണ്ടാക്കപ്പെടുന്നതു. ൪. പ്രതിയാതനാ—യതി (യത്നം ചെയ്ക)—പ്രതിയായി ഉണ്ടാക്കപ്പെടുന്നതു. ൫. പ്രതിച്ഛായാ—പ്രതിയായിട്ടുള്ള ഛായാ (സ്വരൂപം) ൬. പ്രതികൃതി—പ്രതിയായ (സാദൃശമായ) കൃതി (പ്രവൃത്തി). ൭. അൎച്ചാ—അൎച്ച (പൂജിക്ക)—പൂജിക്കപ്പെടുന്നതു. ൮. പ്രതിനിധി—ധാഞ് (ധരിക്ക)—പകരം പ്രതിഷ്ഠിക്കുന്നതു.

ഉപമാ ഉപമാനം [സ്യാൽ]—സാദൃശം. Resemblance.

൧. ഉപമാ. ൨. ഉപമാനം—മാങ് (അളക്കുക)—മറെറാന്നിനോടു ശരിയാക്കപ്പെട്ടതു.

വാച്യലിംഗാ‘സ്സമ‘സ്തുല്യ‘സ്സദൃക്ഷ‘സ്സദൃശ‘സ്സദൃക്
സാധാരണ‘സ്സമാന‘ശ്ച സ്യുരുത്തരപദെ ത്വമീ
നിഭ സംകാശ നീകാശ പ്രതികാശോ’പമാദയഃ

[വാച്യലിംഗാഃ] സമഃ തുല്യഃ സദൃക്ഷഃ സദൃശഃ സദൃക് സാധാരണഃ സമാനഃ [ച]. Like, Similar.

൧. സമം—ഷമ (തളരുക)—തുല്യ പ്രസംഗം ഹെതുവായിട്ടു മുഖ്യ സ്വരൂപത്തിനു തളൎച്ചവരുത്തിയവൻ; പാഠം: സമ (ശംസിക്ക)—സ്തുതിക്കപ്പെടുന്നതു. ൨. തുല്യം തുല (തൂക്കുക)—തുലാസ്സിൽഇട്ടുതൂക്കിയതുപൊലെഉള്ളതു. ൩. സദൃക്ഷം. ൪. സദൃശം. ൫. സദൃക—ദൃശ (കാണുക)—തുല്യമായി കാണപ്പെടുന്നതു. ൬. സാധാരണം—ധര (ധരിക്ക)—സമാനമായ സ്ഥിതി ധരിക്കപ്പെടുന്നതു; പാഠം: സമാനമാനമായ ആധാരണം (അളവു) ഉള്ളതു. ൭. സമാനം—മാങ്(അളക്കുക)—ദീൎഘത്വം; ഹ്രസ്വത്വം മുതലായതിൽ അളവു ശരിയായിട്ടുള്ളതു.

[സ്യുഃ ഉത്തരപദെ ത്വമീ] നിഭഃ സംകാശഃ നീകാശഃ പ്രതികാശഃ ഉപമാ [ആദയഃ]— (In composition) Like.

൧. നിഭം—ഭാ (ശോഭിക്ക); വ്യാജം. ൨. സംകൊശം. ൩. നീകാശം. ൪. പ്ര

തികാശം—കാശൃ (ശോഭിക്ക)—ഇവ സമാസത്തിൽ ഉത്തര പദങ്ങളായി നിന്നു പൂൎവ്വ പദങ്ങളോടു തുല്യം എന്നൎത്ഥം ജനിപ്പിക്കുന്നു. ൭. ഉപമ—മാങ് (അളക്കുക).

കൎമ്മണ്യാ' ന്നവിധാ ഭൃത്യാ ഭൃതി ഭൎമ്മ ച വെതനം
ഭരണ്യം ഭരണം മൂല്യം നിൎവ്വെശഃ പണ ഇത്യപി

കൎമ്മണ്യാ അന്നവിധാ ഭൃത്യാ ഭൃതിഃ ഭൎമ്മ [ച] വെതനം ഭരണ്യം ഭരണം മൂല്യം നിൎവ്വെശഃ പണഃ [ഇത്യപി]—ശമ്പളം Wages.

൧. കൎമ്മണ്യാ—കൃഞ് (ചെയ്ക)—കൎമ്മത്തിനു (വെലചെയ്യുന്നതിനു) കൊടുക്കപ്പെടുന്നകൂലി. ൨. അന്നവിധാ—ധാഞ് (ധരിക്ക)—യജമാനനാൽ വിധിക്കപ്പെടുന്നതു. ൩. ഭൃത്യാ. ൪. ഭൃതി. ൫. ഭൎമ്മ—ഭൃഞ (ഭരിക്ക)—കൎമ്മകരണത്തിങ്കൽ പൊഷിപ്പിക്കുന്നതിനുള്ളതു; പാഠ: ഭൃത്യനെഭരിക്കുന്നതിനുള്ളതു. ൬. വെതനം—വീ (ഭക്ഷിക്ക)—ഭൃത്യനാൽഭുജിക്കപ്പെടുന്നതു; വൃത്തി; വെള്ളി. ൭. ഭരണ്യം. ൮. ഭരണം—ഭൃഞ് (ഭരിക്ക). ൯. മൂല്യം—മൂല്യം (വില)—വിലപൊലെ കൊടുക്കപ്പെടുന്നതു; വില; പാഠ: മൂലധനത്തിൽനിന്നു കൊടുക്കപ്പെടുന്നതു. ൧൦. നിൎവ്വെശം—വിശ (പ്രവെശിക്ക)—വെലചെയ്തപ്പൊൾമാത്രം അനുഭവമാകുന്നതു; അനുഭവം. ൧൧. പണം—പണ (വ്യവഹരിക്ക)—ഇന്നതുകൊടുക്കാമെന്നു പറയുന്നതു; പന്തായം; കളി; സമ്പത്തു; വില.

സുരാ ഹലിപ്രിയാ ഹാലാ പരിസ്രുദ്വരുണാത്മജാ
ഗന്ധൊത്തമാ പ്രസന്നെരാ കാദംബൎയ്യഃ പരിസ്രുതാ
മദിരാ കശ്യ മദ്യെ ചാപ്യവദംശസ്തു ഭക്ഷണം

സുരാ ഹലിപ്രിയാ ഹാലാ പരിസ്രുൽ വരുണാത്മജാ ഗന്ധൊത്തമാ പ്രസന്നാ ഇരാ കാദംബരിഃ പരിസ്രുതാ മദിരാ കശ്യം മദ്യം [ചാപി] Spirituous liquor.

൧. സുര—ഷു (വാറുക)—ഉഴുന്നിന്റെ ക്രമ്പുവാററിഎടുക്കുന്നതു. പാഠ:—രാ (സ്വീകരിക്ക)—ജനങ്ങളാൽ സ്വീകരിക്കപ്പെടുന്നതു; കടമ്പു. ൨. ഹലിപ്രിയാ—ഹലിക്കു (ബലഭദ്രനു) പ്രിയമായിട്ടുള്ളതു. ൩. ഹാലാ—ഓഹാക (ത്യജിക്ക)—ലജ്ജയെ ത്യജിക്കുന്നതു. (ഇല്ലാതാക്കുന്നതു). ൪. പരിസ്രുൽ—സ്രു (സ്രവിക്ക)—ഒലിക്കുന്നവസ്തു; പാഠ:—ഇതു കുടിക്കുന്നതിനാൽ ജനങ്ങൾഓടിനടക്കുന്നതുകൊണ്ടു; തുള്ളിയായിട്ടുവീഴുക. ൫. വരുണാത്മജാ—വരുണന്റെപുത്രി, (സമുദ്രത്തിൽനിന്നുണ്ടായതു). ൬. ഗന്ധൊത്തമാ—ഉത്തമഗന്ധമുള്ളതു. ൭. പ്രസന്ന—ഷദ്ലൂ (തെളിയുക)—തെളിഞ്ഞതു. ൮. ഇര—ഇണ (ഗമിക്ക)—പാനംചെയ്യുന്നവൎത്തലചുററിഗമിക്കുന്നതു; വാക്കു; ഭൂമി; വെള്ളം. ൯. കാദംബരീ—കദംബവൃക്ഷത്തിൽനിന്നു എടുക്കുന്നതു. ൧൦. പരിസ്രുത—സ്രു (സ്രവിക്ക)—ഒലിക്കുന്നതു. ൧൧. മദിര—മദി(സന്തൊഷിക്ക)—പാനംചെയ്യുന്നവനുസന്തൊഷത്തെവരുത്തുന്നതു. ൧൨. കശ്യം—കശ (ഗമിക്ക); കുതിരയുടെനടപ്പു. ൧൩. മദ്യം—മദി (സന്തൊഷിക്ക.

ഉപദംശഃ [തു] ഭക്ഷണം Eating what excites thirst.

൧. ഉപദംശ—ദംശം (കടിക്ക)—കടിച്ചതിന്നുന്നസാധനം. ൨. ഭക്ഷണം—ഭക്ഷ (ഭക്ഷിക്ക)—പാനത്തിന്നു രുചിവരുത്തുന്നതിന്നായിട്ടു ഉള്ളതു.

ശുണ്ഡാ പാനം മദസ്ഥാനം മധുവാരാ മധുക്രമാ

ശുണ്ഡാ പാനം മദസ്ഥാനം—തവാരണ. **A tavern.**

൧. ശുണ്ഡാ—ശുനാ (ഗമിക്ക)—പാനം ചെയ്യുന്നതിന്നായിട്ടു ഗമിക്കപ്പെടുന്നിടം. ൨. പാനം—പാ (പാനംചെയ്ക)—പാനം ചെയ്യുന്നതിന്നുള്ള സ്ഥലം. ൩. മദസ്ഥാനം—മദ്യപാനത്തിന്നുള്ള സ്ഥാനം (സ്ഥലം)

മധുവാരാഃ മധുക്രമാഃ—പാനത്തിങ്കലെ ക്രമം. **Tippling.**

൧. മധുവാരം—മദ്യം കുടിക്കുന്നതിന്നു നിശ്ചയിക്കപ്പെട്ട വാരം (ക്രമം). ൨. മധുക്രമം—മദ്യപാനം ചെയ്യുന്നതിന്നുള്ള ക്രമം.

ചഷകൊഽസ്ത്രീ പാനപാത്രം സരകൊഽപ്യനുതൎഷണം

ചഷകഃ [അസ്ത്രീ] പാനപാത്രം സരകഃ [അപി] അനുതൎഷണം—കുടിപ്പാനുള്ളവട്ടക. **A drinking vessel.**

൧. ചഷകം—ചഷ (കുടിക്ക)—മദ്യം പാനം ചെയ്യുന്നതിന്നുള്ള പാത്രം. ൨. പാനപാത്രം—പാ (കുടിക്ക)—കുടിക്കുന്നതിന്നുള്ള പാത്രം. ൩. സരകം—സൃ (ഗമിക്ക)—വായിൽ സരിക്കുന്നതിന്നു (ഒഴിക്കുന്നതിന്നു) ഉള്ള പാത്രം. ൪. അനുതൎഷണം—ഞിതൃഷ് (ദാഹിക്ക)

ധൂൎത്തൊഽക്ഷദെവീ കിതവൊഽക്ഷധൂൎത്തൊ ദ്യൂതകൃത്സമാഃ

ധൂൎത്തഃ അക്ഷദെവീ കിതവഃ അക്ഷധൂൎത്തഃ ദ്യൂതകൃൽ [സമാഃ]—ചൂതാളി. **A gamester.**

൧. ധൂൎത്തൻ—ധുൎവ്വീ (ഹിംസിക്ക)—ചൂതിൽ മടങ്ങിയവനെ തല്ലുന്നവൻ. പാഠാ:—കുഡുംബാദികളെ നശിപ്പിക്കുന്നവൻ. ൨. അക്ഷദെവി—ദിവു (ക്രീഡിക്ക)—അക്ഷം (ചൂത) കൊണ്ടു ക്രീഡിക്കുന്നവൻ. ൩. കിതവൻ—കിം (എന്തു)+തവ (നിനക്കു)—ചൂതിൽ വിവാദിന്നു നിനക്കു എന്തു വകയുണ്ടു എന്നു ചൊദിക്കുന്നവൻ; ഉന്മത്തം. ൪. അക്ഷധൂൎത്തൻ—ധുൎവ്വീ (ഹിംസിക്ക)—മടങ്ങുമ്പൊൾ ദെക്ഷ്യം കൊണ്ടു ചൂതു എടുത്തു എറിയുന്നവൻ. പാഠ:—അക്ഷങ്ങളിൽ ധൂൎത്തൻ—(വഞ്ചകൻ). ൫. ദ്യൂതകൃത്തു—ദ്യൂതം (ചൂതു)+കൃത്തു (ചെയ്യുന്നവൻ—കളിക്കുന്നവൻ).

ദ്യൂതൊഽസ്ത്രീയാം അക്ഷവതീ കൈതവം പണ ഇത്യപി
പണൊഽക്ഷെഷു ഗ്ലഹൊഽക്ഷാസ്തു ദെവനാഃ പാശകാശ്ച തെ

ദ്യൂതഃ [അസ്ത്രീയാം] അക്ഷവതീ കൈതവം പണഃ [ഇത്യപി - പണം അക്ഷെഷു] ഗ്ലഹഃ—ചൂത. **Gaming.**

൧. ദ്യൂതം—ദ്യുത (ശോഭിക്ക). പാഠ:—ദിവു (ക്രീഡിക്ക). ൨. അക്ഷവതീ—അക്ഷം (ചൂതു) കൊണ്ടു പ്രവൃത്തിക്കെണ്ടതു. ൩. കൈതവം—കിതവന്റെ കൎമ്മം; വ്യാജം. ൪. പണം—പണ (വ്യവഹരിക്ക); ശമ്പളം; സമ്പത്തു; വില. ൫. ഗ്ലഹം—ഗ്ലഹ or ഗ്രഹ (എടുക്കുക)—സ്വീകരിക്കപ്പെട്ടതു.

അക്ഷാഃ [തു] ദേവനാഃ പാശകാഃ—ചൂക്കിണി. Dice.

൧. അക്ഷങ്ങൾ—അശൂ (വ്യാപിക്ക)—സംഘാതഭൂതങ്ങളെ രക്ഷിക്കുന്നതു; കണ്ണു; താന്നിമരം; വ്യവഹാരം; തുലാക്ഷം. ൨. ദേവനങ്ങൾ—ദിവു (ക്രീഡിക്ക)—കിതവന്റെ കളിക്കോപ്പു. ൩. പാശകാ—പാശ (ബന്ധിക്ക)—പാരമ്പൎയ്യമായി തന്നെ കെട്ടിവെക്കപ്പെട്ടുന്നതു.

ദ്വിതീയകാണ്ഡം സമാപ്തം

പ്രബോധിനീ

തൃതീയ കാണ്ഡം.

—o0o—

വിശേഷ്യനിഘ്നപ്രകരണം.

—o⁐o—

സ്ത്രീദാരാദ്യൈര്യദ്വിശേഷ്യം യാദൃശൈഃ പ്രസ്തുതം പദൈഃ
ഗുണദ്രവ്യക്രിയാശബ്ദാസ്താദൃശാസ്തസ്യ ഭേദകാഃ

യാദൃശൈഃ (ഏതെതുലിംഗങ്ങളായ) സ്ത്രീദാരാദ്യൈഃ പദൈഃ (കളത്രാദി പദങ്ങളെക്കൊണ്ടു) യദ്വിശേഷ്യം (യാതൊരുവിശേഷമായ അൎത്ഥം) പ്രസ്തുതം (പറവാൻഭാവിക്കുന്നുവൊ) തസ്യ (ആവിശേഷ്യത്തിന്റെ) ഭേദാഃ (വിശേഷണങ്ങളായ) ഗുണദ്രവ്യക്രിയാശബ്ദാഃ (ഗുണവാചക, ദ്രവ്യവാചക, ക്രിയാവാചകശബ്ദങ്ങൾ) താദൃശാഃ (ആവിശേഷ്യത്തിന്റെ ലിംഗങ്ങൾതന്നെആയിവരും).

—o—

ഗുണവാചകം ഉം- പ്രവീണാസ്ത്രീ—പ്രവീണം കളത്രം—പ്രവീണാഃ ദാരാഃ
ദ്രവ്യവാചകം—ഉം. ധനിനീസ്ത്രീ—ധനിനോദാരാഃ ധനികളത്രം.
ക്രിയാവാചകം. ക്ഷേമംകരാസ്ത്രീ—ക്ഷേമംകരാഃ ദാരാഃ ക്ഷേമംകരം കളത്രം.

—o—

പ്രവീണെ നിപുണാഭിജ്ഞവിജ്ഞനിഷ്ണാതശിക്ഷിതാഃ
വൈജ്ഞാനികഃ കൃതമുഖഃ കൃതീ കുശല ഇത്യപി

പ്രവീണഃ നിപുണഃ അഭിജ്ഞഃ വിജ്ഞഃ നിഷ്ണാതഃ ശിക്ഷിതഃ വൈജ്ഞാനികഃ കൃതമുഖഃ കൃതീ കുശലഃ [ഇതി അപി]—വിദഗ്ദ്ധൻ Skilful, conversant.

൧. പ്രവീണൻ—പ്ര (അധികം) വീണം (അറിവു) ഉള്ളവൻ. ൨. നിപുണൻ—പുണ (ശുഭകൎമ്മണി)—അധികംശുഭകൎമ്മംചെയ്യുന്നവൻ, ൩. അഭിജ്ഞൻ—ജ്ഞാ (അറിയുക)—എല്ലാകാൎയ്യത്തിലുംനല്ലഅറിവുള്ളവൻ. ൪. വിജ്ഞൻ—ജ്ഞാ (അറിയുക)—വിശേഷെണഅറിയുന്നവൻ. ൫. നിഷ്ണാതൻ—ഷ്ണാ (ശുദ്ധിയാ

ക്ഷകം)—എല്ലാകാൎയ്യത്തിലും താല്പൎയ്യത്തോടെ പ്രവേശിക്കുന്നവൻ; പടുത്വമുള്ളവൻ. ൬. ശിക്ഷിതൻ—ശിക്ഷ (അഭ്യാസം) ചെയ്യിട്ടുള്ളവൻ. ൭. വൈജ്ഞാനികൻ—വിജ്ഞാനം (ശില്പശാസ്ത്രം) അറിവുള്ളവൻ. പാഠം: വിജ്ഞാനം (അറിവ്) ഉള്ളവൻ. ൮. കൃതമുഖൻ—കൃതം (അഭ്യസിക്കപ്പെട്ട) മുഖം (ഉപായം) ഉള്ളവൻ. ൯. കൃതി—കൃഞ് (ചെയ്ക)—നല്ലകൃത്യമുള്ളവൻ. ൧൦. കുശലൻ—കുശലം (യുക്തി) ഗ്രഹിക്കുന്നവൻ.

ഹൃഷ്ടമാണോ വികുൎവ്വാണഃ പ്രമനാ ഹൃഷ്ടമാനസഃ

ഹൃഷ്ടമാണഃ വികുൎവ്വാണഃ പ്രമനാഃ ഹൃഷ്ടമാനസഃ—സന്തുഷ്ടൻ. Joyful, cheerful.

൧. ഹൃഷ്ടമാണൻ—ഹൃഷ (സന്തോഷിക്ക)—സന്തോഷശീലമുള്ളവൻ. ൨. വികുൎവ്വാണൻ—കൃഞ് (ചെയ്ക)—സന്തോഷംകൊണ്ടു മുഖവികാസാദി ശരീരവ്യാപാരങ്ങളെ ചെയ്യുന്നവൻ. ൩. പ്രമനസ്സ—പ്രശസ്തം (സുഖതരം) ആയ മനസ്സുള്ളവൻ. ൪. ഹൃഷ്ടമാനസൻ—ഹൎഷിക്കപ്പെട്ട (സന്തോഷിച്ച) മനസ്സുള്ളവൻ.

ദുൎമ്മനാ വിമനാ അന്തൎമ്മനാഃ സ്യാദുൽക്ക ഉന്മനാഃ

ദുൎമ്മനാഃ വിമനാഃ അന്തൎമ്മനാഃ—ദുഃഖിതൻ. Sad, perplexed.

൧. ദുൎമ്മനസ്സ—ദുർ (ദുഷ്ടമായ) മനസ്സുള്ളവൻ. ൨. വിമനസ്സ—വി (വിരുദ്ധമായ) മനസ്സോടു കൂടിയവൻ. ൩. അന്തൎമ്മനസ്സ—വിചാരംകൊണ്ടു അന്തൎഭാഗത്തിങ്കൽ ലയിച്ച മനസ്സുള്ളവൻ.

[സ്യാൽ] ഉൽകഃ ഉന്മനാഃ—ഉൽസുകൻ. Regretting.

൧. ഉല്ക്കൻ—പ്രിയദൎശനത്തിന്നുവേണ്ടി ഉൽഗതമായിരിക്കുന്ന മനസ്സോടുകൂടിയവൻ. ൨. ഉന്മനസ്സ—ഉൽഗതമായ മനസ്സോടു കൂടിയവൻ

ദക്ഷിണേ സരളോദാരൌ സുകലോ ദാതൃഭോക്തരി

തല്പരേ പ്രസിതാസക്തൌ ഇഷ്ടാൎത്ഥോദ്യുക്ത ഉത്സുകഃ

ദക്ഷിണഃ സരളഃ ഉദാരഃ—പരേച്ശാനുസാരി. Sincere, candid.

൧. ദക്ഷിണൻ—ദക്ഷ (ശീഘ്രമായി ചെയ്ക)—പരോപകാരത്തെ വേഗത്തിൽ ചെയ്യുന്നവൻ; സാമൎത്ഥ്യമുള്ളവൻ. ൨. സരളൻ—സൃ (ഗമിക്ക)—പരേച്ശയെ അനുഗമിക്കുന്നവൻ; ബഹുമാനമുള്ളവൻ; ഭംഗിയുള്ളവൻ. ൩. ഉദാരൻ—ഋ (ഗമിക്ക)—പരകാൎയ്യത്തെക്കുറിച്ചു നേരിട്ടു ഗമിക്കുന്നവൻ; ഔദാൎയ്യമുള്ളവൻ; ശ്രേഷ്ഠതയുള്ളവൻ.

സുകലഃ [ദാതൃഭോക്തരി]—കൊടുക്കയും അനുഭവിക്കയും ചെയ്യുന്നവൻ. Liberal in giving and using.

൧. സുകലൻ—ത്യാഗഭോഗാദികളിൽ നല്ല വിദ്യയുള്ളവൻ; ഔദാൎയ്യമുള്ളവൻ.

[തല്പരേ] പ്രസിതഃ ആസക്തഃ—താല്പൎയ്യമുള്ളവൻ. Diligent, attentive.

൧. പ്രസിതൻ—ഷിഞ് (ബന്ധിക്ക)—മനസ്സു ഏററവും അഭീഷ്ടത്തിങ്കൽ ബന്ധിക്കുന്നവൻ. ൨. ആസക്തൻ—സഞ്ജ (യോജിക്ക)—അഭിമതവിഷയത്തിൽ മനസ്സുയോജിക്കുന്നവൻ; ആഗ്രഹമുള്ളവൻ.

ഇഷ്ടാൎത്ഥോദ്യുക്തഃ ഉത്സുകഃ—തന്റെ സിദ്ധാന്തരത്തിനൊരിമ്പെട്ടവൻ.

Zealously, active.

൧. ഇഷ്ടാൎത്ഥോദ്യുക്തൻ—ഇഷ്ടമായിരിക്കുന്ന അൎത്ഥത്തിൽ (കാൎയ്യത്തിൽ) ഉദ്യുക്തൻ (ഉത്സാഹമുള്ളവൻ). ൨. ഉത്സുകൻ—ഉൽ (ഉദ്യോഗാൎത്ഥം)+സു (അതിശയാൎത്ഥം)+കം (സുഖം)—ഉദ്യോഗാതിശയവാൻ.

പ്രതീതെ പ്രഥിത ഖ്യാത വിത്ത വിജ്ഞാത വിശ്രുതാഃ

പ്രതീതഃ പ്രഥിതഃ ഖ്യാതഃ വിത്തഃ വിജ്ഞാതഃ വിശ്രുതഃ—പ്രസിദ്ധൻ.

Known, celebrated; famous.

൧. പ്രതീതൻ—ഇണ (ഗമിക്ക)—എല്ലാവരാലും അറിയപ്പെട്ടവൻ; വണക്കമുള്ളവൻ. ൨. പ്രഥിതൻ—പ്രഥ (പ്രസിദ്ധമാക). ൩. ഖ്യാതൻ—ഖ്യാ (പറക)—ജനങ്ങളാൽ സ്തുതിക്കപ്പെട്ടവൻ. ൪. വിത്തൻ—വിത്തം (സംപത്തു) കൊണ്ടു പ്രസിദ്ധൻ. പാഠ:—വിദ (അറിയുക)—എല്ലാവരാലും അറിയപ്പെട്ടവൻ; ശോധന കഴിക്കപ്പെട്ടവൻ. ൫. വിജ്ഞാതൻ—ജ്ഞാനംകൊണ്ടു പ്രസിദ്ധൻ. പാഠ:—ജ്ഞാ (അറിയുക)—വിശേഷമായി അറിയപ്പെട്ടവൻ. ൬. വിശ്രുതൻ—ശ്രു (ശ്രവിക്ക)—ഏററവും ശ്രുതിപ്പെട്ടവൻ; കേൾവിപ്പെട്ടവൻ.

ഇഭ്യ ആഢ്യോ ധനീ സ്വാമീ ത്വീശ്വരഃ പതിരീശിതാ
അധിഭൂൎന്നായകൊ നേതാ പ്രഭുഃ പരിവൃഢൊധിപഃ

ഇഭ്യഃ ആഢ്യഃ ധനീ—പുഷ്ടിയുള്ളവൻ. Opulent, wealthy.

൧. ഇഭ്യൻ—ഇഭത്തെ (ആനയെ) പോലെ നീരാജനാദി കൎമ്മത്തെ ചെയ്യപ്പെട്ടവാൻ യോഗ്യൻ. ൨. ആഢ്യൻ—ധ്യൈ (ചിന്തിക്ക)—ആശ്രിതന്മാരാൽ പൂജിക്കപ്പെടുന്നവൻ; പാഠ:—ഇവനെ എല്ലാവരും ധ്യാനിക്കുന്നതുകൊണ്ടു. ൩. ധനീ—ധനം (സംപത്തു) ഉള്ളവൻ.

സ്വാമീ [തു] ഈശ്വരഃ പതിഃ ഈശിതാ അധിഭൂഃ നായകഃ നേതാഃ പ്രഭുഃ പരിവൃഢഃ അധിപഃ—പ്രഭു. An owner or master.

൧. സ്വാമീ—സ്വം (ഐശ്വൎയ്യം) ഉള്ളവൻ; ഭൎത്താവു; ഗുരു; കാൎത്തികെയൻ; വിഷ്ണു; ശിവൻ; ഗരുഡൻ. ൨. ഈശ്വരൻ—ഈശ (ഐശ്വൎയ്യേ) സ്വഭാവൈശ്വൎയ്യമുള്ളവൻ. ൩. പതി—പാ (പാലിക്ക)—സെവിക്കുന്നവരെ പാലിക്കുന്നവൻ; നഗരം; കട്ടിയിരിപ്പു; ഒളിപ്പു. ൪. ഈശിതാവ—ഈശ (ഐശ്വൎയ്യേ)—ഐശ്വൎയ്യമുള്ളവൻ. ൫. അധിഭൂവ—ഭൂ (ഭവിക്ക)—സ്വസെവ വൎഗ്ഗത്തിന്റെ ഉപരിഭാഗത്തു ഭവിക്കുന്നവൻ; ഉടയക്കാരൻ. ൬. നായകൻ. ൭. നെതാവ—ണീഞ് (പ്രാപിക്ക)—സ്വപരിവാരഭൃതങ്ങളെ നിയോഗിക്കുന്നവൻ; ഭൎത്താവു. ൮. പ്രഭു—ഭൂ (ഭ

വിക്ക)—തൻനാട്ടിലുള്ളവരെ രക്ഷിക്കുന്നതിനും ശിക്ഷിക്കുന്നതിനും ശക്തിയുള്ളവൻ. ൯. പരിവൃഢൻ—ബൃഹ (വളൎക്ക). ൧൦. അധിപൻ—പാ (രക്ഷിക്ക)—മെലധികാരി.

ലക്ഷ്മീവാൻ ലക്ഷ്മണഃ ശ്രീലഃ ശ്രീമാൻ സ്നിഗ്ധസ്തു വത്സലഃ

ലക്ഷ്മീവാൻ ലക്ഷ്മണഃ ശ്രീലഃ ശ്രീമാൻ — Prosperous, happy

൧. ലക്ഷ്മീവാൻ—ലക്ഷ്മി (സമ്പത്തു)ഉള്ളവൻ. ൨. ലക്ഷ്മണൻ—ലക്ഷ്മി (സമ്പത്തു) ഉള്ളവൻ; ശ്രീരാമന്റെ അനുജൻ. ൩. ശ്രീലൻ—ലാ (സമ്പാദിക്ക) ശ്രീ (സമ്പത്തു) സമ്പാദിക്കുന്നവൻ. ൪. ശ്രീമാൻ—ശ്രീ (സമ്പത്തു) ഉള്ളവൻ.

സ്നിഗ്ധഃ [തു] വത്സലഃ—സ്നേഹമുള്ളവൻ — Affectionate.

൧. സ്നിഗ്ധൻ—സ്നിഹ (സ്നേഹിക്ക)—സ്നേഹമുള്ളവൻ. ൨. വത്സലൻ—വത്സ (സ്നേഹിക്ക).

സ്യാദ്ദയാലുഃ കാരുണികഃ കൃപാലുസ്സൂരതസ്സമാഃ

[സ്യാൽ] ദയാലുഃ കാരുണികഃ കൃപാലുഃ സൂരതഃ [സമാഃ] — Compassionate.

൧. ദയാലു—ദെങ് (രക്ഷിക്ക)—രക്ഷാശീലമുള്ളവൻ. ൨. കാരുണികൻ—കരുണയുള്ളവൻ. ൩. കൃപാലു—ലാ (സ്വീകരിക്ക)—കൃപയുള്ളവൻ. ൪. സൂരൻ—മറ്റൊരുത്തന്റെ സങ്കടത്തിങ്കൽ ദയഹെതുവായിസൂരനെ (ആദിത്യനെ) പൊലെ തപിക്കുന്നവൻ.

സ്വതന്ത്രോ ഽപാവൃതഃ സ്വൈരീ സ്വഛന്ദോ നിരവഗ്രഹഃ

സ്വതന്ത്രഃ അപാവൃതഃ സ്വൈരീ സ്വഛന്ദഃ നിരവഗ്രഹഃ—സ്വഛന്ദചാരി — Unrestrained.

൧.സ്വതന്ത്രൻ—സ്വഃ (ആത്മാവ)+തന്ത്രം (പ്രധാനം) = തനിക്കുപ്രധാനമായി അന്യൻഇല്ലാത്തവൻ. ൨. അപാവൃതൻ—വൃ (തടുക്ക)—തന്റെഇഷ്ടം തടുപ്പാൻ അന്യൻ ഇല്ലാത്തവൻ. ൩. സ്വൈരി—ഈര (ഗമിക്ക)—സ്വബുദ്ധികൊണ്ടുതന്നെ നടക്കുന്നവൻ. ൪. സ്വഛന്ദൻ—സ്വ (തന്റെ)+ഛന്ദം (അഭിലാഷം) പൊലെ നടക്കുന്നവൻ. ൫. നിരവഗ്രഹൻ—അവഗ്രഹത്തിങ്കൽനിന്നു (തടവിങ്കൽനിന്നു) വെർപ്പെട്ടവൻ.

പരതന്ത്രഃ പരാധീനഃ പരവാന്നാഥവാനപി
അധീനോ നിഘ്ന ആയത്തോഽസ്വഛന്ദോ ഗൃഹ്യകോഽപ്യസൌ

പരതന്ത്രഃ പരാധീനഃ പരവാൻ നാഥവാൻ [അപി] അധീനഃ നിഘ്നഃ ആയത്തഃ അസ്വഛന്ദഃ ഗൃഹ്യകഃ [അപി അസൌ]—പരവശൻ. Dependent, docile.

൧. പരതന്ത്രൻ—പരൻ (അന്യൻ)+തന്ത്രം (അധീനം) ആയിട്ടുള്ളവൻ. ൨. പരാധീനൻ—തന്നെക്കാൾ അധികം ഗുണവാനായവനിൽ ആശ്രയിക്കുന്നവൻ. ൩. പരവാൻ—അന്യൻ നിയന്താവായിട്ടുള്ളവൻ. ൪. നാഥവാൻ—നാഥ (പ്രധാനമായിരിക്ക)—അന്യൻ നാഥനായിട്ടുള്ളവൻ. ൫. അധീനൻ—അധി (തന്റെമെൽ)+ഇനൻ (സ്വാമി) ഉള്ളവൻ. ൬. നിഘ്നൻ—ഹന (ഹനിക്ക)—അനിഷ്ടം ചെയ്യുമ്പോൾ പ്രഭുവിനാൽ ഹനിക്കപ്പെടുന്നവൻ. ൭. ആയത്തൻ—യതി (പ്രയത്നം ചെയ്ക)—സ്വാമികാൎയ്യത്തിങ്കൽ പ്രയത്നം ചെയ്യുന്നവൻ. ൮. അസ്വച്ഛന്ദൻ—സ്വ (തന്റെ)+ഛന്ദം (അഭിലാഷം) പൊലെ നടപ്പാൻ പാടില്ലാത്തവൻ. ൯. ഗൃഹ്യകൻ—ഗ്രഹ (ഗ്രഹിക്ക)—തന്റെ വ്യക്ഷാൎത്ഥത്തെ വെടിഞ്ഞു വെല ചെയ്വാനായി സ്വാമിയാൽ ഗ്രഹിക്കപ്പെട്ടവൻ.

ബുഭുക്ഷിത‘സ്സ്യാൽ ക്ഷുധിതൊ ജിഘത്സു‘രശനായിതഃ
പരാന്നഃ പരപിണ്ഡാദൊ ഭക്ഷകൊ ഘസ്മരൊദ്മരഃ

ബുഭുക്ഷിതഃ [സ്യാൽ] ക്ഷുധിതഃ ജിഘത്സുഃ അശനായിതഃ—വിശപ്പുള്ളവൻ — Hungry.

൧. ബുഭുക്ഷിതൻ—ബുഭുക്ഷ (ഭോജനെഛ) ഉള്ളവൻ. ൨. ക്ഷുധിതൻ—ക്ഷുധ (വിശക്ക)—ഭക്ഷിപ്പാൻ ആഗ്രഹമുള്ളവൻ. ൩. ജിഘത്സു—അദ (ഭക്ഷിക്ക)—ഭക്ഷിപ്പാൻ അധികമായാഗ്രഹമുള്ളവൻ. ൪. അശനായിതൻ—അശ (ഭക്ഷിക്ക)—തന്റെ ഭക്ഷണത്തെ ഇഛിക്കുന്നവൻ.

പരാന്നഃ പരപിണ്ഡാദഃ—പരാന്നഭൊജിയായുള്ളവൻ. — Feeding at another's cost.

൧. പരാന്നൻ—പരന്റെ (അന്യന്റെ)+അന്നം (ചൊറു) മാത്രം എല്ലായ്പൊഴും ഭക്ഷിക്കുന്നവൻ. ൨. പരപിണ്ഡാദൻ—അദ (ഭക്ഷിക്ക)—അന്യന്റെ പിണ്ഡം (ചൊറുരുള) ഭക്ഷിക്കുന്നവൻ.

ഭക്ഷകഃ ഘസ്മരഃ അദ്മരഃ—ഭക്ഷണശീലൻ. — Gluttonous.

൧. ഭക്ഷകൻ—ഭക്ഷ (ഭക്ഷിക്ക). ൨. ഘസ്മരൻ—ഘസ്ല (ഭക്ഷിക്ക)—ഭക്ഷിക്കശീലമായുള്ളവൻ. അദ്മരൻ—അദ (ഭക്ഷിക്ക).

ലുബ്ധൊ‘ഭിലാഷുക‘സ്തൃഷ്ണക് സമൌ ലൊലുപ ലൊലുഭൌ

ലുബ്ധഃ അഭിലാഷുകഃ തൃഷ്ണക്. — Covetous, greedy.

൧. ലുബ്ധൻ—ലുഭ (ലൊഭിക്ക)—പരധനത്തെ അധികം ഇഛിക്കയും സ്വധനത്തെ ഒട്ടും വിടുകയും ചെയ്യാത്തവൻ. ൨. അഭിലാഷുകൻ—ലഷ (ആഗ്രഹിക്ക)—ധനത്തെ ആഗ്രഹിക്കുന്നവൻ. ൩. തൃഷ്ണക്—തൃഷ (ദാഹിക്ക)—ദാഹത്തിങ്കൽ വെള്ളത്തിന്ന ആഗ്രഹം ഉള്ളപൊലെ ധനത്തിങ്കൽ ആഗ്രഹമുള്ളവൻ.

[സമൌ] ലൊലുപഃ ലൊലുഭഃ—അത്യാഗ്രഹി. — Very covetous.

൧. ലോലുപൻ—ലുപ (വിമോഹിക്ക)—ധനത്തിങ്കൽ ഏറവും മോഹമുള്ളവൻ.
൨. ലോലുഭൻ—ലുഭ (വിമോഹിക്ക)—ധനത്തിങ്കൽ ഏറവും മോഹമുള്ളവൻ.

മത്തെ ശൌണ്ഡോൽക്കട ക്ഷീബാഃ കാമുകേ കമിതാനുകഃ
കമ്രഃ കാമയിതാഭീകഃ കമനഃ കാമനോഭികഃ

മത്തഃ ശൌണ്ഡഃ ഉൽക്കടഃ ക്ഷീബഃ—മത്തൻ. Drunk.

൧. മത്തൻ—മദ (മദിക്ക)—മദ്യപാനാദിയുക്തൻ. ൨. ശൌണ്ഡൻ—ശുണ്ഡയെ (മദ്യത്തെ) പാനംചെയ്യുന്നവൻ. ൩. ഉൽക്കടൻ—കടിസ്സ്രാദനം ഉൽക്രാന്തം (അഴിഞ്ഞു) ആയിട്ടുള്ളവൻ. പാഠ:—ഉൽക്കടം (അധികം മദം) ഉള്ളവൻ. ൪. ക്ഷീബൻ—ക്ഷീബൃ (മദിക്ക)—മദിക്ക ഹേതുവായി വസ്ത്രം കഴിഞ്ഞുപോകുന്നതറിയാത്തവൻ.

കാമുകഃ കമിതാ അനുകഃ കമ്രഃ കാമയിതാ അഭീകഃ കമനഃ കാമനഃ അഭികഃ Lustful.

൧. കാമുകൻ. ൨. കമിതാവു. ൩. അനുകൻ. ൪. കമ്രൻ. ൫. കാമയിതാവു. ൬. അഭീകൻ. ൭. കമനൻ. ൮. കാമനൻ. ൯. അഭികൻ—കമു (കാമിക്ക)—സ്ത്രീമുതലായുള്ള കാമ്യവസ്തുക്കളെ കാമിക്കുന്നവൻ.

വിധേയോ വിനയഗ്രാഹീ വചനേസ്ഥിത ആശ്രവഃ
വശ്യഃ പ്രണേയോ നിഭൃത വിനീതഃ പ്രശ്രിതാസ്സമാഃ

വിധേയഃ വിനയഗ്രാഹീ വചനെസ്ഥിതഃ ആശ്രവഃ വശ്യഃ പ്രണേയഃ—തന്റെ ആധീനത്തിൽ നില്ക്കുന്നവൻ. Compliant.

൧. വിധേയൻ—ധാഞ (രക്ഷിക്ക)—ധൎമ്മം ചെയ്യുമ്മുതലായിട്ടു ആചാൎയ്യൻ പറഞ്ഞിരിക്കുന്ന മൎയ്യാദകളെ രക്ഷിക്കുന്നവൻ. ൨. വിനയഗ്രാഹി—ഗ്രഹ (ഗ്രഹിക്ക)—വിനയത്തെ ഗ്രഹിക്കുന്നവൻ. ൩. വചനെസ്ഥിതൻ—സ്ഥാ (നില്ക്ക)—ഗുരുവചനത്തിൽ ഉറപ്പായി നില്ക്കുന്നവൻ. ൪. ആശ്രവൻ—ശ്രു (ശ്രവിക്ക)—മാന്യവാക്യത്തെ കേൾക്കുന്നവൻ. ൫. വശ്യൻ—വശ (ആഗ്രഹിക്ക)—മറെറാരുത്തന്റെ ഇഛ്ശയെ അനുസരിച്ച നടക്കുന്നവൻ. ൬. പ്രണേയൻ—ണീഞ (പ്രാപിക്ക)—സ്വകാൎയ്യലാഭത്തിന്നായി അന്യന്റെ ഇഛ്ശയെ അനുസരിക്കുന്നവൻ.

നിഭൃതഃ വിനീതഃ പ്രശ്രിതഃ [സമാഃ]—അടക്കമുള്ളവൻ Modest.

൧. നിഭൃതൻ—ഭൃഞ (ഭരിക്ക)—ഭരിക്കപ്പെട്ടവൻ. ൨. വിനീതൻ—ണീഞ (പ്രാപിക്ക)—ശിക്ഷിക്കപ്പെട്ടവൻ; കച്ചവടക്കാരൻ. ൩. പ്രശ്രിതൻ—ശ്രിഞ (സേവിക്ക)—അധികമായി സാധുക്കളെ സേവിച്ചവൻ.

ധൃഷ്ടേ ധൃഷ്ണുൎവ്വിയാതശ്ച പ്രഗത്ഭഃ പ്രതിഭാന്വിതേ

ധൃഷ്ടഃ ധൃഷ്ണുഃ വിയാതഃ [പു]—സഭാകമ്പമില്ലാത്തവൻ Impudent, shameless

൧. ധൃഷ്ണൻ. ൨. ധൃഷ്ണു—ധൃഷ (സാമൎത്ഥ്യമായിരിക്ക). ൩. വിയാതൻ—യാ (യാനംചെയ്ക)—സജ്ജനാഭിരുച്യമായി പൊകുന്നവൻ.

പ്രഗല്ഭഃ പ്രതിഭാന്വിതഃ—പ്രതിഭായുക്തൻ Bold, present.

൧. പ്രഗല്ഭൻ—ഗല്ഭ (ധാഷ്ട്യ)—മനസ്സിൽഗ്രഹിച്ചതിനെ വെണ്ടപ്പൊൾ ഉദിപ്പിക്കുന്നവൻ. ൨. പ്രതിഭാന്വിതൻ—പ്രതിഭയൊടു (കാന്തിയൊടു) അന്വിതൻ (കൂടിയവൻ)—ബുദ്ധിപ്രകാശമുള്ളവൻ.

അധീരെ കാതര ത്രസ്നു ഭീരു ഭീരുക ഭീലുകാഃ

അധീരഃ കാതരഃ ത്രസ്നുഃ ഭീരുഃ ഭീരുകഃ ഭീലുകഃ—ഭയമുള്ളവൻ Confused, timid.

൧. അധീരൻ—ധൃ (ഉറപ്പായിരിക്ക)—ഉറപ്പില്ലാത്തവൻ. ൨. കാതരൻ—തൃ (തരിക്ക)—ഭയംഹെതുവായിട്ടു സാവധാനമായിപ്പൊകുന്നവൻ. ൩. ത്രസ്നു—ത്രസി (ഭയപ്പെടുക—വിറെക്ക). ൪. ഭീരു. ൫. ഭീരുകൻ. ൬. ഭീലുകൻ—ഭീ (ഭയപ്പെടുക).

ശരാരുർഘാതുകൊ ഹിംസ്രഃസ്യാദ്വൎദ്ധിഷ്ണുസ്തു വൎദ്ധനഃ

ശരാരുഃ ഘാതുകഃ ഹിംസ്രഃ—ഹിംസാശീലൻ Mischievous.

൧. ശരാരു—ശൃ (ഹിംസിക്ക). ൨. ഘാതുകൻ—ഹന (ഹനിക്ക). ൩. ഹിംസ്രൻ—ഹിസി (ഹിംസിക്ക).

[സ്യാൽ] വൎദ്ധിഷ്ണുഃ [തു] വൎദ്ധനഃ—വൎദ്ധനശീലൻ Thriving; growing.

൧. വൎദ്ധിഷ്ണു. ൨. വൎദ്ധനൻ—വൃധു (വൎദ്ധിക്ക).

സഹിഷ്ണുഃ സഹനഃ ക്ഷന്താ തിതിക്ഷുഃ ക്ഷമിതാ ക്ഷമീ

സഹിഷ്ണുഃ സഹനഃ ക്ഷന്താ തിതിക്ഷുഃ ക്ഷമിതാ ക്ഷമീ. Patient, content.

൧. സഹിഷ്ണു. ൨. സഹനൻ—ഷഹ (സഹിക്ക)—പരാക്രമത്താവമാനത്തെ സഹിക്കുന്നവൻ. ൩. ക്ഷന്താവ. ൪. ക്ഷമിതാവ. ൫. ക്ഷമീ—ക്ഷമൂഷ് (സഹിക്ക). ൬. തിതിക്ഷു—തിജ (സഹിക്ക).

ക്രൊധനൊഽമൎഷണഃ കൊപീ ചണ്ഡസ്ത്വത്യന്തകൊപനഃ

ക്രൊധനഃ അമൎഷണഃ കൊപീ Passionate, wrathful.

൧. ക്രൊധനൻ—ക്രുധ (കൊപിക്ക). ൨. അമൎഷണൻ—മൃഷ (സഹിക്ക)—സഹിക്കാത്തവൻ. ൩. കൊപി—കുപ (കൊപിക്ക).

ചണ്ഡഃ [തു] അത്യന്തകൊപനഃ—അതികൊപശീലൻ Very passionate.

൧. ചണ്ഡൻ—ചഡി (കൊപിക്ക). ൨. അത്യന്തകൊപൻ—അത്യന്തം (അധികം) കൊപിച്ചവൻ.

വദോ വദാവദോ വക്താ വാഗീശോ വാക്പതിസ്സമൌ

വദഃ വദാവദഃ വക്താ—യുക്തമായിപറയുന്നവൻ Speaking sensibly.

൧. വദൻ. ൨. വദാവദൻ. ൩. വക്താവു—വദ (പറയുക)—സഭയിങ്കൽനിർഭയമായി പറയുന്നവൻ.

വാഗീശഃ വാക്പതിഃ [സമൌ] Eloquent.

൧. വാഗീശൻ. ൨. വാക്പതി—വച (പരിഭാഷണെ)—ശബ്ദപദ്യാദികളെ കൊണ്ടുള്ള ഗ്രന്ഥങ്ങളെ നിർദ്ദോഷമായിപറവാൻ അറിവുള്ളവൻ.

വാചോയുക്തിപടുർവ്വാഗ്മീ വാവദൂകശ്ച വക്തരി

വാചോയുക്തിപടുഃ വാഗ്മീ വാവദൂകഃ [ച] വക്താ—വാക്കിന്റെ സാമൎത്ഥ്യമുള്ളവൻ. Speaking much; one who speaks as is fit.

൧. വാചോയുക്തിപടു—വാക്കുകളുടെ യുക്തിയിങ്കൽ (പ്രയോഗത്തിങ്കൽ) പടു (സമൎത്ഥൻ). ൨. വാഗ്മീ—വച (പറക)—വാഗ്വൈഭവമുള്ളവൻ. ൩. വാവദൂകൻ—വദ (പറയുക)—നല്ലവണ്ണം പറയുന്നവൻ. ൪. വക്താവു—വച (വചിക്ക)—വാക്കുസാമൎത്ഥ്യമുള്ളവൻ.

സ്യാജ്ജല്പാകസ്തു വാചാലോ വാചാടോ ബഹുഗർഹ്യവാക്

[സ്യാൽ] ജല്പാകഃ [തു] വാചാലഃ വാചാടഃ ബഹുഗർഹ്യവാക്—ജല്പനശീലൻ. Talking nonsense, or simply, talkative.

൧. ജല്പാകൻ—ജല്പ (വ്യക്തമായിപറക)—കുത്സിതമായി വളരെ പറയുന്നവൻ. ൨. വാചാലൻ. ൩. വാചാടൻ—വച (വചിക്ക). ൪. ബഹുഗർഹ്യവാക്—ബഹു (ഏറവും) ഗർഹ്യ (നിന്ദിതമായ) വാക്കുകൾ പറയുന്നൻ.

പ്രത്യാദിഷ്ടോ നിരസ്തസ്സ്യാൽ പ്രത്യാഖ്യാതോ നിരാകൃതഃ

പ്രത്യാദിഷ്ടഃ നിരസ്തഃ [സ്യാൽ] പ്രത്യാഖ്യാതഃ നിരാകൃതഃ — നിഷേധിക്കപ്പെട്ടവൻ. Removed, set aside.

൧. പ്രത്യാദിഷ്ടൻ—ദിശ (ഉപേക്ഷിക്ക)—ന്യായംകൊണ്ടു നിഷേധിക്കപ്പെട്ടവൻ. ൨. നിരസ്തൻ—അസു (ക്ഷേപിക്ക)—നിരസിക്കപ്പെട്ടവൻ. ൩. പ്രത്യാഖ്യാതൻ—ഖ്യാ (ധിക്കരിക്ക)—ന്യായം അറിയിച്ചു ധിക്കരിക്കപ്പെട്ടവൻ. ൪. നിരാകൃതൻ—കൃഞ് (ചെയ്ക)—നിരാകരിക്കപ്പെട്ടവൻ.

മനോഹതഃ പ്രതിഹതഃ പ്രതിബദ്ധോ ഹതശ്ചസഃ

മനോഹതഃ പ്രതിഹതഃ പ്രതിബദ്ധഃ ഹതഃ [ച - സഃ] — അഭിപ്രായഭംഗം വന്നവൻ. Disappointed.

൧. മനോഹതൻ—ഹന (ഹനിക്ക)—മനസ്സിൽ അടികൊണ്ടതുപോലെ ക്ഷീണിക്കുന്നവൻ. ൨. പ്രതിഹതൻ—ഹന (ഹനിക്ക)—മനസ്സിൽ അടികൊണ്ടവൻ. ൩. പ്രതിബദ്ധൻ—ബധ (ബന്ധിക്ക)—മനസ്സ ബന്ധിക്കപ്പെട്ടവൻ, ൪. ഹതൻ—ഹന (ഹനിക്ക)—നിരാശകൊണ്ടു ചത്തപോലെ ഇരിക്കുന്നവൻ.

ദോഷൈകദൃൿ പുരോഭാഗീ നികൃതസ്ത്വനൃജുശ്ശഠഃ

ദോഷൈകദൃൿ പുരോഭാഗീ—ദോഷത്തെ മാത്രം കാണുന്നവൻ. Malevolent and censorious.

൧. ദോഷൈകദൃൿ—ദൃശിർ (കാണുക)—കേവലം ദോഷത്തെ മാത്രം നോക്കുന്നവൻ. ൨. പുരോഭാഗീ—ഭജ (സേവിക്ക)—ആദ്യം കാണുന്ന ദോഷത്തെ മാത്രം ഗ്രഹിക്കുന്നവൻ.

നികൃതഃ [തു] അനൃജുഃ ശഠഃ—ശാഠ്യക്കാരൻ. Wicked; perverse.

൧. നികൃതൻ—കൃഞ് (ഹിംസിക്ക)—ഹിംസിക്കപ്പെട്ടവൻ. ൨. അനൃജു—ഋജ (നേരെ ഗമിക്ക)—വക്രഗതിയുള്ളവൻ. ൩. ശഠൻ—ശഠ (ചതിക്ക)—ചതിയൻ.

കർണ്ണേജപസ്സൂചകസ്സ്യാൽ പിശുനോ ദുർജ്ജനഃ ഖലഃ

കർണ്ണേജപഃ സൂചകഃ [സ്യാൽ] പിശുനഃ—ഏഷണിക്കാരൻ. Informer.

൧. കർണ്ണേജപൻ—ജപ (മന്ത്രിക്ക)—കർണ്ണത്തിൽ (ചെവിയിൽ) മന്ത്രിക്കുന്നവൻ. ൨. സൂചകൻ—സൂച (അറിയിക്ക)—പരദോഷത്തെ അറിയിക്കുന്നവൻ. ൩. പിശുനൻ—പിശ (അവയവെ)—അസത്യത്തിൻ അവയവമുള്ളവൻ.

ദുർജ്ജനഃ ഖലഃ—ദുഷ്ടജനം. Mischief maker.

൧. ദുർജ്ജനം—ദുഷ്ടജനം—അന്യന്മാൎക്കു അധികമായി അനിഷ്ടത്തെ ഉണ്ടാക്കുന്നവൻ. ൨. ഖലൻ—ഖല (ചലിക്ക)—ധൎമ്മത്തിൽനിന്നു ഇളകിപ്പോയവൻ.

നൃശംസോ ഘാതുകഃ ക്രൂരഃ പാപോ ധൂൎത്തസ്തു വഞ്ചകഃ

നൃശംസഃ ഘാതുകഃ ക്രൂരഃ പാപഃ—ഹിംസാശീലൻ. Destructive, mischievous.

൧. നൃശംസൻ—ശംസു (ദുഃഖിക്ക)—നരന്മാരെ ദുഃഖിപ്പിക്കുന്നവൻ. ൨. ഘാതുകൻ—ഹന (ഹിംസിക്ക)—പ്രാണികളെ ഹിംസിക്കശീലമായുള്ളവൻ. ൩. ക്രൂരൻ—കൃതീ (ഖണ്ഡിക്ക)—പ്രാണികളെ കൊല്ലുന്നവൻ. ൪. പാപൻ—പാപമുള്ളവൻ.

ധൂൎത്തഃ [തു] വഞ്ചകഃ—ചതിയൻ. Fraudulent, crafty.

൧. ധൂൎത്തൻ—ധുൎവ്വീ (ഹിംസിക്ക)—പരന്റെ തേജസ്സിനെ അനിഷ്ടം പറഞ്ഞു

ഹിംസിക്കുന്നവൻ; പൃതാളി. ൭. വഞ്ചകൻ—വഞ്ച (വഞ്ചിക്ക)—മറ്റൊരുത്തന്റെ ശത്രുതയെ പ്രകാശിപ്പിക്കാതിരിക്കുന്നവൻ.

അജ്ഞേ മൂഢ യഥാജാത മൂൎഖ വൈധേയ ബാലിശാഃ

അജ്ഞഃ മൂഢഃ യഥാജാതഃ മൂൎഖഃ വൈധേയഃ ബാലിശഃ—ശാസ്ത്രാഭ്യാസമില്ലാത്തവൻ Idiot.

൧. അജ്ഞൻ—അ+ജ്ഞാ (അറിയുക)—അറിവില്ലാത്തവൻ. ൨. മൂഢൻ—മുഹ (ഭോഷനാക)—കാൎയ്യത്തിൽ തുമ്പില്ലാത്തവൻ. ൩. യഥാജാതൻ—ജനി (ജനിക്ക)—ജനിച്ചപോലെ തന്നെയിരിക്കുന്നവൻ. ൪. മൂൎഖൻ—മുഹ (മോഹിക്ക)—ബോധമില്ലാത്തവൻ. ൫. വൈധേയൻ—വിധിക്കപ്പെട്ടുവാൻ യോഗ്യൻ. ൬. ബാലിശൻ—ശോ (കുറയ്ക്ക)—ബലിയെ (ബഹുമാനത്തെ) നശിപ്പിക്കുന്നവൻ.

കദൎയ്യേ കൃപണ ക്ഷുദ്ര കിംപചാന മിതംപചാഃ

കദൎയ്യഃ കൃപണഃ ക്ഷുദ്രഃ കിംപചാനഃ മിതംപചഃ—ലുബ്ധൻ Miser; avaricious.

൧. കദൎയ്യൻ—കു (കുത്സിതനായ) അൎയ്യൻ (സ്വാമി)—ലോഭംകൊണ്ടു തന്നെയും ധൎമ്മത്തെയും താൻ രക്ഷിക്കേണ്ടവരെയും പീഡിപ്പിക്കുന്ന ധനവാൻ. ൨. കൃപണൻ—കൃപ (സമൎത്ഥനായിരിക്ക)—കുഡുംബപീഡനത്തിങ്കൽ സമൎത്ഥൻ. ൩. ക്ഷുദ്രൻ—ക്ഷുദിർ (പൊടിക്ക)—പൊടിഞ്ഞ അരി കുത്തിവെച്ചുകുടിക്കുന്നവൻ; പാഠ: കുഡുംബത്തെ ഹിംസിക്കുന്നവൻ. ൪. കിംപചാനൻ—പചിഷ് (പാകംചെയ്ക)—കിം (കിഞ്ചിൽ) പാകംചെയ്യുന്നവൻ. ൫. മിതംപചൻ—പചിഷ് (പാകംചെയ്ക) പോഷ്യവൎഗ്ഗത്തിനു മതിയാകാത്തവണ്ണം പാകംചെയ്യുന്നവൻ.

നിസ്വ'സ്തു ദുൎവ്വിധോ ദീനോ ദരിദ്രോ ദുൎഗ്ഗത'ശ്ചസഃ

നിസ്വഃ [തു] ദുൎവ്വിധഃ ദീനഃ ദരിദ്രഃ ദുൎഗ്ഗതഃ [ച സഃ]—ദരിദ്രൻ Poor, Indigent.

൧. നിസ്വൻ—സ്വം (സമ്പത്തു) ഇല്ലാത്തവൻ. ൨. ദുൎവ്വിധൻ—ദുർ (ചീത്ത) വിധം (സ്ഥിതി) ഉള്ളവൻ. ൩. ദീനൻ—ദീങ് (ക്ഷയിക്ക)—ക്ഷയിക്കുന്നവൻ ൪. ദരിദ്രൻ—ദരിദ്രാ (ദുൎഗ്ഗതൌ)—നരകത്തെപ്രാപിക്കുന്നവൻ. ൫. ദുൎഗ്ഗതൻ—ഗമ (ഗമിക്ക)—ദുരവസ്ഥാനത്തെ പ്രാപിച്ചവൻ.

വനീപകോ യാചനകോ മാൎഗ്ഗണോ യാചകാൎത്ഥിനൌ

വനീപകഃ യാചനകഃ മാൎഗ്ഗണഃ യാചകഃ അൎത്ഥി—ഇരക്കുന്നവൻ Beggar, mendicant.

൧. വനീപകൻ—വനു (യാചിക്ക). ൨. യാചനകൻ, യാചനികൻ. ൩. യാചകൻ—യാച (യാചിക്ക). ൪. മാൎഗ്ഗണൻ—മാൎഗ്ഗ (അന്വേഷിക്ക)—ധാതാവിനെ അന്വേഷിക്കുന്നവൻ. ൫. അൎത്ഥി—അൎത്ഥ (യാചിക്ക).

സുന്ദരം രുചിരം ചാരു സുഷമം സാധു ശോഭനം
കാന്തം മനോരമം രുച്യം മനോജ്ഞം മഞ്ജു മഞ്ജുലം

സുന്ദരം രുചിരം ചാരുഃ സുഷമം സാധു ശോഭനം കാന്തം മനോരമം രുച്യം മനോജ്ഞം മഞ്ജു മഞ്ജുലം—മനോഹരമായുള്ളത Beautiful, or pleasing.

൧. സുന്ദരം—സുന്ദ (സന്തോഷിക്ക)—നല്ലവണ്ണം സന്തോഷിപ്പിക്കുന്നതു. ൨. രുചിരം—രാ (ദാനം ചെയ്ക)—രുചിയെ (പ്രീതിയെ) ദാനം ചെയ്യുന്നതു. ൩. ചാരു—ചര (ഗമിക്ക)—മനസ്സു ഗമിക്കപ്പെടുന്നതു. ൪. സുഷമം—സു (നല്ല)+സമം (നിരപ്പു)—എല്ലാവൎക്കും ഒരുപോലെ നല്ല അഭിപ്രായം തോന്നിക്കുന്നതു. ൫. സാധു—സാധ (സാധിക്ക)—പ്രീതിയെ ലഭിക്കുന്നതു. ൬. ശോഭനം—ശുഭ (ശോഭിക്ക)—ശോഭിക്കുന്നതു. ൭. കാന്തം—കമു (കാമിക്ക)—കാമിപ്പിക്കുന്നതു. ൮. മനോരമം—രമ (രമിക്ക)—മനസ്സിനെ സന്തോഷിപ്പിക്കുന്നതു. മനോഹരം (എന്നു പാഠാന്തരം)—ഹൃഞ (ഹരിക്ക)—മനസ്സിനെ ഹരിക്കുന്നതു. ൯. രുച്യം—രുച (ഇഷ്ടപ്പെടുത്തുക). ൧൦. മനോജ്ഞം—ജ്ഞാ (അറിയുക)—ഗുണത്തെ മനസ്സിൽ അറിയിപ്പിക്കുന്നതു. ൧൧. മഞ്ജു. ൧൨. മഞ്ജുലം—മന (അറിയുക).

അഭീഷ്ടേഽഭീപ്സിതം ഹൃദ്യം ദയിതം വല്ലഭം പ്രിയം

അഭീഷ്ടം അഭീപ്സിതം ഹൃദ്യം ദയിതം വല്ലഭം പ്രിയം. Beloved, desired.

൧. അഭീഷ്ടം—ഇഷു (ഇച്ഛിക്ക)—ആഭിമുഖ്യേന ഇച്ഛിക്കപ്പെടുന്നതു. ൨. അഭീപ്സിതം—ആപൢ (പ്രാപിക്ക)—ലഭിപ്പാൻ ഇച്ഛിക്കപ്പെടുന്നതു. ൩. ഹൃദ്യം—ഹൃദയത്തിനു പ്രിയമുള്ളതു. ൪. ദയിതം—ദയ (രക്ഷിക്ക, സ്വീകരിക്ക)—രക്ഷിക്കപ്പെടുവാൻ പാത്രമായതു; മനസ്സിനെ ആകൎഷിക്കുന്നതു. ൫. വല്ലഭം—വല്ല (സ്നേഹിക്ക)—സ്നേഹത്തെ ഉണ്ടാക്കുന്നതു. ൬. പ്രിയം—പ്രീഞ (തൃപ്തിയാക)—തൃപ്തി ഉണ്ടാക്കുന്നതു.

നികൃഷ്ടപ്രതികൃഷ്ടാൎവ്വരേഫയാപ്യാവമാധമാഃ
കുപൂയകുത്സിതാവദ്യഖേടഗൎഹ്യാണകാഃ സമാഃ

നികൃഷ്ടഃ പ്രതികൃഷ്ടഃ അൎവ്വാ രേഫഃ യാപ്യഃ അവമഃ അധമഃ കുപൂയഃ കുത്സിതഃ അവദ്യഃ ഖേടഃ ഗൎഹ്യഃ അണകഃ [സമാഃ] Inferior, low.

൧. നികൃഷ്ടൻ. ൨. പ്രതികൃഷ്ടൻ—കൃഷ (വിലേഖനെ)—ഹീനത്വംകൊണ്ടു തള്ളിക്കപ്പെട്ടവൻ. ൩. അൎവ്വൻ—അൎവ്വ (ഗമിക്ക)—അപക്ഷത്തെ പ്രാപിച്ചവൻ. ൪. രേഫൻ—രിഫ (ഹിംസിക്ക)—സ്വസാമൎത്ഥ്യംകൊണ്ടു നല്ലവനെ വഷളാക്കുന്നവൻ. പാഠം:—ജീവനം കെട്ടുഴന്നവൻ. ൫. യാപ്യൻ—യാപ (സംബോധിക്ക)—ഹീനകുഡുംബത്തിൽ ജനിച്ചവൻ. ൬. അവമൻ—അവ (താഴ്ത്തുക)—താണവൻ. ൭. അധമൻ—അധ (താഴ്ത്തുക)—താണവൻ. ൮. കുപൂയൻ—പൂയീ (രക്ഷിക്ക)—രക്ഷിക്കുന്നതിനു ആരും ഇല്ലാത്തവൻ. ൯. കുത്സിതൻ—കുത്സ (നിന്ദിക്ക)—ശ്രേഷ്ഠന്മാരാൽ ആട്ടിക്കളയപ്പെട്ടവൻ. ൧൦. അവദ്യൻ—വദ (പറയുക)—

പ്രശംസിക്കപ്പെടാത്തവൻ. ൧൧. ഖെടൻ—ഖിട (ഭയപ്പെടുക)—സഭാവാസികളെ ഭയപ്പെട്ടെടങ്ങിയവൻ ൧൨. ഗർഹ്യൻ—ഗ്രഹ (നിന്ദിക്ക)—നിന്ദിക്കപ്പെട്ടവൻ. ൧൩. അണകൻ—അണ (ജല്പിക്ക)—ജല്പകനായുള്ളവൻ.

മലീമസ്‌ന്തു മലിനം കച്ചരം മലദൂഷിതം

മലീമസം [ന്തു] മലിനം കച്ചരം മലദൂഷിതം—മുഷിഞ്ഞതു. **Foul, dirty.**

൧. മലീമസം—മലം (അഴുക്ക) കൊണ്ടു ദൂഷിതമായതു. ൨. മലിനം—മലം (അഴുക്ക) ഉള്ളതു. ൩. കച്ചരം—ചര (ഗമിക്ക)—കുത്സിതമായതു. ൪. മലദൂഷിതം—അഴുക്കായതു.

പൂതം പവിത്ര്‌മ്മേധ്യ്‌ഞ്ച വീധ്രം‌ന്തു വിമലാത്മകം

പൂതം പവിത്രം മേധ്യം [ച്]—ശുദ്ധമായുള്ളതു. *Purified.*

൧. പൂതം. ൨. പവിത്രം—പൂഞ (ശുദ്ധമാക്കുക). ൩. മേധ്യം—മേധൃ (സംഗമിക്ക)—ശരീരാദികളോടു സംഗമിപ്പിക്കേണ്ടതു.

വീധ്രം [ന്തു] വിമലാത്മകം—നിൎമ്മലം. **Clean.**

൧. വീധ്രം—ഇന്ധീ (ശോഭിക്ക)—വിശേഷേണ ശോഭിക്കുന്നതു. ൨. വിമലാത്മകം—മലം (ദൂഷ്യ) ഇല്ലാത്ത അത്മകം (വസ്തു).

നിൎണ്ണിക്തം ശോധിത്‌ന്മൃഷ്ടം‌ന്നിശ്ശോധ്യ്‌മനവസ്കരം

നിൎണ്ണിക്തം ശോധിതം മൃഷ്ടം—വെടിപ്പാക്കിയതു **Cleaned.**

൧. നിൎണ്ണിക്തം—ണിജിർ (ശുദ്ധമാക്കുക). ൨. ശോധിതം—ശുധ (ശുദ്ധമാക്കുക). ൩. മൃഷ്ടം—മൃജ (വെടിപ്പാക്കുക).

നിശ്ശോധ്യം അനവസ്കരം—മലരഹിതം **Pure**

൧. നിശ്ശോധ്യം—ശുധ (ശുദ്ധമാക്കുക)—ശോധനചെയ്യപ്പെടാത്തതു. ൨. അനവസ്കരം—അവസ്കരം (ത്യാജ്യാംശം) ഇല്ലാത്തതു.

അസാരം ഫൽഗു ശൂന്യ്‌ന്തു വശിക്‌ന്തുച്ഛ രിക്തകെ

അസാരം ഫൽഗു—സൽഗുണരഹിതം **Pithless.**

൧. അസാരം—സാരം (കാതൽ) ഇല്ലാത്തതു. ൨. ഫൽഗു—ഫല (ചിതറുക)—വെഗത്തിൽ നശിക്കുന്നതു.

ശൂന്യം [ന്തു] വശികം തുച്ഛം രിക്തകം **Void, empty.**

൧. ശൂന്യം—ശൂനത്തിന (നായിക്ക) ഹിതമായതു. ൨. വശികം—വശ (കാമിക്ക)—അന്യവസ്തുക്കളുടെ തടവില്ലായ്കയാൽ ഭൂതാദികളാൽ കാമിക്കപ്പെടുന്നതു.

൩. ഇഷ്ടം—ഇഷ (വ്യസനിക്ക)—ശ്രമത്വംകൊണ്ടു കാമികളെ വ്യസനിപ്പിക്കുന്നതു. ൪. രക്തകം—രിചിര (വിരെചിക്ക)—വസ്തുക്കൾ ഇല്ലാതെ വെച്ചതു.

ക്ലീബെ പ്രധാനം പ്രമുഖ പ്രവെകാ'നുത്തമൊത്തമാഃ
മുഖ്യ വൎയ്യ വരെണ്യാശ്ച പ്രബൎഹൊ'നവരാൎദ്ധ്യവൽ
പരാൎദ്ധ്യാ'ഗ്ര പ്രാഗ്രഹര പ്രാഗ്ര്യാ'ഗ്ര്യാഗ്രീയ'മഗ്രിയം

[ക്ലീബെ] പ്രധാനം പ്രമുഖ പ്രവെകഃ അനുത്തമഃ ഉത്തമഃ മുഖ്യഃ വൎയ്യഃ വരെണ്യഃ പ്രബൎഹഃ അനവരാൎദ്ധ്യഃ പരാൎദ്ധ്യഃ അഗ്രഃ പ്രാഗ്രഹരഃ പ്രാഗ്ര്യഃ അഗ്ര്യഃ അഗ്രീയം അഗ്രിയം—മുഖ്യൻ. Chief, principal.

൧. പ്രധാനൻ—ധാഞ് (ധരിക്ക)—മഹത്വത്തെ ധരിക്കുന്നതു. ൨. പ്രമുഖ—മുഖംപൊലെ ആദ്യംകൊണ്ടു ശൊഭിക്കുന്നതു. ൩. പ്രവെകം—വിചിർ (വെറാക്കുക)—അപ്രധാനമായതിൽനിന്നു വെറാക്കപ്പെടുന്നതു. ൪. അനുത്തമം—തന്നെക്കാൾ ഉത്തമം ഇല്ലാത്തതു. ൫. ഉത്തമം—ഉൽ (ഉൽകൃഷ്ടം)+തമ (ഏറ്റവും)—ഏറ്റവും ശ്രെഷ്ഠമായതു. ൬. മുഖ്യം—മുഖംപൊലെ പ്രധാനമായുള്ളതു. ൭. വൎയ്യം. ൮. വരെണ്യൻ—വൃഞ് (വരിക്ക). ൯. പ്രബൎഹം—ബൎഹ (ഉദ്യൊഗിക്ക)—അധികമായി പ്രയത്നംചെയ്യപ്പെടുന്നതു. ൧൦. അനവരാൎദ്ധ്യം—അനവരാൎദ്ധ്യം (നീചത) ഇല്ലാത്തതു. ൧൧. പരാൎദ്ധ്യം—ശ്രെഷ്ഠതയുള്ളതു. ൧൨. അഗ്രം—അഗി (ഗമിക്ക)—മുഖ്യസ്ഥാനം പ്രാപിച്ചതു. ൧൩. പ്രാഗ്രഹരം—ഹൃഞ് (ഹരിക്ക)—പ്രാഗ്രമായി (പ്രശംസമായി) പലതിനെയും പ്രാപിച്ചതു. പാ: വിശെഷമായ രത്നങ്ങൾ ആദികളെ പ്രാപിക്കുന്നവൻ. ൧൪. പ്രാഗ്ര്യം. ൧൫. അഗ്ര്യം. ൧൬. അഗ്രീയം. ൧൭. അഗ്രിയം—അഗ്രത്തിങ്കൽ (മുഖ്യസ്ഥാനത്തു) ഭവിക്കുന്നതു.

ശ്രെയാൻ ശ്രെഷ്ഠഃ പുഷ്കലഃ സ്യാൽ സത്തമ'ശ്ചാതിശൊഭനെ

ശ്രെയാൻ ശ്രെഷ്ഠഃ പുഷ്കലഃ [സ്യാൽ] സത്തമഃ [ച] അതിശൊഭനഃ—ഏറ്റം ശ്രെഷ്ഠൻ. Excellent.

൧. ശ്രെയാൻ. ൨. ശ്രെഷ്ഠൻ—ശംസ (സ്തുതിക്ക)—ശ്രെയസ്സുള്ളവൻ. ൩. പുഷ്കലൻ—പുഷ (പൊഷിക്ക)—മഹിമകൊണ്ടു മുമ്പിലത്തെ അവസ്ഥയെക്കാൾ വളരുന്നവൻ. ൪. സത്തമൻ—സൽ (സാധു)+തമ (ഏറ്റവും)—ഏറ്റവും നല്ലവൻ. ൫. അതിശൊഭനൻ—അതി (ഏറ്റവും) ശൊഭിക്കുന്നവൻ.

സ്യു'രുത്തരപദെ വ്യാഘ്ര പുംഗവ'ൎഷഭ കുഞ്ജരാഃ
സിംഹ ശാൎദ്ദൂല നാഗാദ്യാഃ പുംസി ശ്രെഷ്ഠാൎത്ഥവാചകാഃ

[സ്യുഃ ഉത്തരപദെ] വ്യാഘ്രഃ പുംഗവഃ ഋഷഭഃ കുഞ്ജരഃ സിംഹഃ ശാൎദ്ദൂലഃ നാഗഃ [പുംസി ശ്രെഷ്ഠാൎത്ഥവാചകാഃ]—വ്യാഘ്രാദി ൭ം സമാസത്തിന്റെ ഒടുവിലെപദമായി വരുമ്പൊൾ ശ്രെഷ്ഠവാചികൾ പുല്ലിംഗങ്ങളാകുന്നു. സമാസപദത്തിൽ ഒടുവിലത്തെ അവയവമായിട്ടെ വരൂ. Pre-eminent (used as affix).

൧. വ്യാഘ്രഃ—ഉ-ം പുരുഷവ്യാഘ്രഃ. ൨. പുംഗവഃ—ഉ-ം മുനിപുംഗവഃ. ൩. ഋഷഭഃ—ഉ-ം രാജർഷഭഃ. ൪. കുഞ്ജരഃ—ഉ-ം നൃപകുഞ്ജരഃ. ൫. സിംഹഃ—ഉ-ം പുരുഷസിംഹഃ. ൬. ശാർദ്ദൂലഃ—ഉ-ം മുനിശാർദ്ദൂലഃ. ൭. നാഗഃ—ഉ-ം ഗോനാഗഃ.

ഇവിടെ ആദിശബ്ദം കൊണ്ടു മുഖചന്ദ്ര ഇത്യാദികളെയും ഗ്രഹിക്കേണ്ടതു.

വിശങ്കടം പൃഥു ബൃഹദ്വിശാലം പൃഥുലം മഹൽ
വഡ്രോരുവിപുലം പീനപീവ്നീ തു സ്ഥൂലപീവരേ

വിശങ്കടം പൃഥു ബൃഹൽ വിശാലം പൃഥുലം മഹൽ വഡ്രം ഉരു വിപുലം—വിസ്തൃതവാചികൾ. Great.

